

# എന്റെ കലഹവും സംവാദവും

രണ്ടാം ഭാഗം

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# എന്റെ
# കലഹവും സംവാദവും
## (രണ്ടാംഭാഗം)

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686651
ഫോൺ 04822 260434, 261102
Mob: 9447662076

www.malankaralibrary.com

(Malayalam)

# ENTE KALAHAVUM SAMVADAVUM (PART II)

By

**JOHN KACHIRAMATTAM**

First Edition
28.12.2014

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation
DTP setting
C-CAD Graphics, Erattupetta Ph: 272852
Cover design
Joseph Francies Pala Ph:9447137342
Printed at
Penta offset, Kottayam
Price Rs. 135/-
Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

www.malankaralibrary.com

## ജോൺ കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ

1. കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
2. കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
3. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം - ജീവചരിത്രം
4. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം
5. ഷെവ.കുഞ്ഞിത്തൊമ്മൻ - ജീവചരിത്രം
6. ബാരിസ്റ്റർ ജോർജ്ജ് ജോസഫ് - ജീവചരിത്രം
7. എം.എം. വർക്കി - ജീവചരിത്രം
8. എം.ഒ. ജോസഫ് നെടുങ്കുന്നം - ജീവചരിത്രം
9. ബി. വെല്ലിംഗ്ടൺ - ജീവചരിത്രം
10. നിധീരിക്കലച്ചനും ജാത്യൈക്യസംഘവും - ജീവചരിത്രം
11. എം.എം. ജേക്കബ്ബ് - ജീവചരിത്രം
12. തടവറയിലെ വടക്കനെച്ചൻ - ജീവചരിത്രം
13. വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും - ജീവചരിത്രം
14. വലിയകപ്പിത്താനും ദേവസഹായം പിള്ളയും - ജീവചരിത്രം
15. അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ ഒന്നാംഭാഗം - ജീവചരിത്രം
16. അവിസ്മരണീയ വ്യക്തികൾ- അപൂർവ്വ സംഭവങ്ങൾ രണ്ടാംഭാഗം - ജീവചരിത്രം
17. ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ - ജീവചരിത്രം
18. ഹെന്ദോ-ഇന്ത്യയിലെ സഭ - ജീവചരിത്രം
19. ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ - ജീവചരിത്രം
20. എം.ഒ. ജോസഫ് ലഘുചരിത്രം - ജീവചരിത്രം
21. തര്യത് കുഞ്ഞിത്തൊമ്മൻ വർഗ്ഗീയ വാദിയോ?- ജീവചരിത്രം
22. ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും - ചരിത്രം
23. കാത്തലിക് ഗ്രിവൻസസ് - ചരിത്രം
24. വിമോചനസമരം ഒരു ആമുഖം - ചരിത്രം
25. വിദ്യാഭ്യാസ സമരചരിത്രം - ചരിത്രം
26. സത്യത്തിന് നേരെ കണ്ണടയ്ക്കരുത് - ചരിത്രം
27. നായർ ഈഴവ ഐക്യം - ചരിത്രം

www.malankaralibrary.com

28. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ചരിത്രം
29. പനമ്പള്ളി പദ്ധതി - സത്യമെന്ത്? - ചരിത്രം
30. എ.കെ.സി.സി. ലഘുചരിത്രം - ചരിത്രം
31. സമുദായ സംഘടനകളുടെ നാൾവഴികൾ - ചരിത്രം
32. ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം - ജനറൽ
33. സാർവത്രിക സൂനഹദോസുകൾ - ജനറൽ
34. സമുദായ സ്നേഹികളെ ഉണരൂ - ജനറൽ
35. അണികളെ ആവശ്യമുണ്ട് - ജനറൽ
36. കേരളം ചുവന്നതെങ്ങനെ? - ജനറൽ
37. ഇടിമുഴക്കം കേട്ടതെപ്പോൾ - ജനറൽ
38. ഓശാന ഗവേഷണങ്ങളുടെ തനിനിറം - ജനറൽ
39. യേശുക്രിസ്തുമോസ്കോവിലോ? - ജനറൽ
40. പ്രസിഡന്റിന്റെ കത്തുകൾ - ജനറൽ
41. എന്റെ കലഹവും സംവാദവും (ഒന്നാംഭാഗം) - ജനറൽ
42. എന്റെ കലഹവും സംവാദവും (രണ്ടാംഭാഗം) - ജനറൽ
43. അൽമായരും കാലിക പ്രശ്നങ്ങളും - ജനറൽ
44. ജാതൈക്യസംഘം - ജനറൽ
45. ചവിട്ടുകൊട്ടയിൽനിന്നും
 സത്യം ഉയിർത്തെഴുന്നേൽക്കും - ജനറൽ
46. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം

**ഡോ. കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ**

1. Homilies and Reflections (Part I)
2. Homilies and Reflections (Part II)
3. Why American youth Turn to Budha
4. Evolution in the human concept of God
5. Re-discovery of India
6. Catholic Eastern Churches
7. Prepare the way of the Lord
8. വചനപ്രകാശം - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
9. കുരിശിന്റെ വഴി - ഡോ.കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ

www.malankaralibrary.com

# ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലുടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കുളിൽ നിന്നും റിട്ടയർ ചെയ്തു.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യുണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.*

*1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും ശ്രീലങ്ക യിലും, 2007-ലും 2009 ലും വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തി.*

*1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യുണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003 -ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്). 2006-ൽ ചങ്ങനാശ്ശേരി അതിരൂപതയുടെ കനക ജൂബിലി അവാർഡും, കെ.സി.വൈ.എം-ന്റെ അൽമായരത്നം അവാർഡും, തിരുവല്ല അതിരൂപതയുടെ പ്രത്യേക പുരസ്കാരവും 2007-ൽ അമേരിക്കയിലെ സീറോ മലബാർ കൂട്ടായ്മയുടെ പുരസ്കാരവും, 2008-ൽ മാർ കരിയാറ്റി അവാർഡും, മേരിവിജയം മാസികയുടെ ദർശനാ അവാർഡും, മേരി ബനീഞ്ഞാ ഫൗണ്ടേഷന്റെ ബനീഞ്ഞാ അവാർഡും, കേരള കാത്തലിക് ഫെഡറേഷന്റെ കേരളസഭാരത്നം അവാർഡും, കൊല്ലത്തെ ഫാ. വടക്കൻ വെല്ലിംഗ്ടൻ സാംസ്കാരിക സമിതിയുടെ എന്റെ ഗ്രാമം എന്റെ ജനത പുരസ്കാരവും ലഭിച്ചു. സീറോ-മലബാർ സഭ ഏർപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ ബഹുമതിയായ സഭാതാരം അവാർഡ് 2013-ലും കെ.സി.ബി.സി. മാധ്യമകമ്മീഷന്റെ ഗുരുപൂജാ അവാർഡും നവജീവ പരിഷത്തിന്റെ അത്‌ലേത്താ ദ ഹെന്ദോ എന്ന പുരസ്കാരവും ചെറുപുഷ്പമിഷൻ ലീഗിന്റെ കുഞ്ഞേട്ടൻ പുരസ്കാരവും എ.കെ.സി.സി.യുടെ സാഹിത്യ അവാർഡും സി.എം.ഐ. വൈദികരായ ഫാ. മൗറീഷ്യസ്, ഫാ. ആന്റണി കാക്കനാടൻ എന്നിവരുടെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന പുരസ്കാരവും 2014-ലും ലഭിച്ചു. ആകെ 25 അവാർഡുകൾ.*

*തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ.*

www.malankaralibrary.com

# ഉള്ളടക്കം

പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ

ആമുഖം

1. ക്രിസ്തീയ കൂട്ടായ്മ ........ 11
2. നിധീരിക്കൽ മാണിക്കത്തനാരും ജാത്യൈക്യ സംഘവും ....... 22
3. സീറോ-മലബാർ സഭയിലെ അല്മായ പങ്കാളിത്തം നൂറ്റാണ്ടുകളിലൂടെ ........ 39
4. ക്രൈസ്തവരും രാഷ്ട്രീയ പ്രവർത്തനങ്ങളും ........ 50
5. വിദ്യാഭ്യാസ സമരങ്ങൾ കേരളത്തിൽ ........ 68
6. രാഷ്ട്രപുനർ നിർമ്മാണ പ്രക്രിയയിൽ ക്രൈസ്തവസമൂഹം വഹിച്ച പങ്ക് നിസ്തുലം ........ 74
7. ബനഡിക്ട് പാപ്പയുടെ വീക്ഷണത്തിൽ രാഷ്ട്രീയ പ്രവർത്തനം . 79
8. നേതൃസമ്മേളനം എന്തിന് ........ 82
9. 2000- മാനവ സമഗ്രവിമോചന വർഷം ........ 87
10. 1999 ജൂലൈ 17-ാം തീയതി കോട്ടയത്തുചേർന്ന വിശാല കത്തോലിക്കാ നേതൃസമ്മേളനത്തിലെ അദ്ധ്യക്ഷ പ്രസംഗം ........ 91
11. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള നീക്കത്തെ പരാജയപ്പെടുത്തുക ........ 97
12. അടിച്ചമർത്തപ്പെട്ടവർക്ക് മോചനം- ക്രൈസ്തവലക്ഷ്യം ....... 105
13. തമിഴ്നാട് ഗവണ്മെന്റിന്റെ മതപരിവർത്തന നിരോധന നിയമം ..... 109

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈറ്റ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 57 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ജോൺ കച്ചിറമറ്റം രചിച്ച 46-ാമത്തെ ഗ്രന്ഥമാണ് എന്റെ കലഹവും സംവാദവും (രണ്ടാംഭാഗം). ഇതുകൂടാതെ നിരവധി ലഘുലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# സമർപ്പണം



ചരിത്രകാരനും

സഭാസ്നേഹിയും ആയ

എം.ഒ. ജോസഫ് നെടുങ്കുന്നത്തിന്

www.malankaralibrary.com

# ആമുഖം

കത്തോലിക്കാ കോൺഗ്രസ്സ്, കേരള കാത്തലിക് ഫെഡറേഷൻ തുടങ്ങിയ സംഘടനകളുടെ ഭാരവാഹിയായിരുന്നപ്പോൾ വിവിധ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ ഞാൻ നടത്തിയ പ്രസംഗങ്ങളും പ്രബന്ധങ്ങളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സമുദായാംഗങ്ങളെ നമ്മുടെ സഭയുടെ ചരിത്രം പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പ്രസംഗങ്ങളും പ്രബന്ധങ്ങളും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്.

ആളൂർ ബറ്റർലൈഫ് സെന്ററിൽ വർഷംതോറും നടന്നുവരുന്ന കേരള സഭാ സെമിനാർ യുവാക്കളിൽ ചരിത്രാവബോധം സൃഷ്ടിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. അതിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിച്ച ഫാ. ജോസ് അക്കരക്കാരനെ ഞാൻ സ്മരിക്കുന്നു. ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന പ്രഥമ പ്രബന്ധം ക്രിസ്തീയ കൂട്ടായ്മ എന്നത്. കേരള സഭാ സെമിനാറിൽ അവതരിപ്പിച്ചതാണ്.

മറ്റുപല പ്രബന്ധങ്ങളും കേരളാ ക്രിസ്ത്യൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്ന യോഗങ്ങളിൽ അവതരിപ്പിച്ചതാണ്. ഫൗണ്ടേഷന്റെ പ്രസിഡന്റ് ഫാ. ജോർജ് ശ്രാമ്പിക്കലും ജനറൽ സെക്രട്ടറി അഡ്വ. സി. ജോസ് ഫിലിപ്പുമാണ്.

ഇന്ന് കഴിഞ്ഞകാല പ്രവർത്തനങ്ങൾ സമുദായാംഗങ്ങളെ പറഞ്ഞ് പഠിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വളരെ കുറവാണ്. ഈ രംഗത്ത് ഏറെ പ്രവർത്തിക്കാൻ സാധിക്കുന്നത് കത്തോലിക്കാ കോൺഗ്രസിനാണ്. പക്ഷെ ഈ കാര്യത്തിൽ ഇന്ന് കത്തോലിക്കാകോൺഗ്രസിന് വലിയ താല്പര്യം ഉള്ളതായി തോന്നുന്നില്ല.

എന്റെ ഈ പ്രസംഗങ്ങളും പ്രബന്ധങ്ങളും ചരിത്രത്തെ ഊന്നിയുള്ളതാണ്. ഇന്നത്തെ തലമുറയ്ക്ക് ഇവയൊന്നും രസകരമാവുകയില്ലെന്നറിയാം. എങ്കിലും ഇവയെല്ലാം പ്രസിദ്ധീകരിക്കുന്നു.

രാമപുരം **ജോൺ കച്ചിറമറ്റം**
പിഴക്
28.12.2014

www.malankaralibrary.com

# 1. ക്രിസ്തീയ കൂട്ടായ്മ

മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതൽ മനുഷ്യൻ ഒന്നുചേർന്ന് ജീവിക്കണമെന്നായിരുന്നു ദൈവം ആഗ്രഹിച്ചിരുന്നത്. ദൈവം ആദ്യം ആദത്തെ സൃഷ്ടിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലെന്നുകരുതിയ ദൈവം ഹവ്വായെ സൃഷ്ടിച്ചു. ഏദൻതോട്ടത്തിൽ അവർ ഒന്നുചേർന്നുള്ള ഒരു ജീവിതമാണ് ആരംഭിച്ചത്. വളർന്നുവികസിക്കേണ്ട ഒരു സമൂഹത്തിന്റെ അടിസ്ഥാനശിലയായിരുന്നു ആദിമനുഷ്യൻ. മനുഷ്യവർഗ്ഗം ആരംഭിച്ചതുതന്നെ ഒരു സമൂഹമായിട്ടായിരുന്നു.

കൂട്ടായ്മയോടുകൂടിയുള്ള ജീവിതത്തിൽ ആദ്യമേതന്നെ പരാജയത്തിന്റെ ലക്ഷണങ്ങളും കണ്ടുതുടങ്ങി. "എന്റെ ജീവന്റെ ജീവൻ " എന്നാണ് ആദം ഹവ്വയെപ്പറ്റി ആദ്യം പറഞ്ഞത്. എന്നാൽ വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനുശേഷം ആദം ഹവ്വയെ കുറ്റപ്പെടുത്തിക്കൊണ്ടു പറഞ്ഞു. " എനിക്കു സഖിയായി അങ്ങുതന്ന ആ സ്ത്രീ ആ വൃക്ഷത്തിന്റെ ഫലം തന്നു. ഞാനതുഭക്ഷിക്കുകയും ചെയ്തു." ആദത്തിന്റെ ആ കുറ്റാരോപണത്തോടുകൂടി വളർന്നുവന്ന അവരുടെ കൂട്ടായ്മ ശിഥലീഭവിച്ചു തുടങ്ങി. മനുഷ്യസാഹോദര്യത്തെ ലക്ഷ്യമാക്കിയുള്ള ഒന്നു ചേർന്ന പരിശ്രമത്തിൽ വന്നുചേർന്ന പരാജയമായി ആദ്യപാപത്തെ കണക്കാക്കാവുന്നതാണ്. കൂട്ടായ്മയുടെ കാര്യത്തിൽ വരുത്തിയ ആ വീഴ്ച മനുഷ്യനിൽ സ്വാർത്ഥതയുടെ ബീജം വിതയ്ക്കുകയും തൻകാര്യം നോക്കി ജീവിക്കുവാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്തു. ഐക്യത്തെ-കൂട്ടായ്മയെ-തകർക്കുവാനും പരസ്പരം നിഷ്പ്രഭമാക്കുവാനും ആരംഭിച്ചത് ഈ ആദ്യപാപത്തിലൂടെയാണ്. ഒന്നിച്ച് ജീവിക്കണമെന്നതായിരുന്നു സൃഷ്ടിയിൽ ദൈവം മനുഷ്യനു നൽകിയ കല്പന. അതിനെ മനുഷ്യൻ ലംഘിച്ചു. ആ ലംഘനത്തിന്റെ ദുരിതങ്ങളാണ് ഇന്ന് ലോകം മുഴുവൻ കാണുന്നത്.

പരസ്പരം സഹകരിച്ചും സ്നേഹിച്ചും വളർന്നുവരേണ്ട മനുഷ്യനിൽ സ്വാർത്ഥത വർദ്ധിക്കുകയും ശത്രുത വളരുകയും ചെയ്തു. കായേൻ ആബേലിനെ വധിച്ചു. അതേ സ്വന്തം സഹോദരനെ വധിച്ച കായേനോട് ആബേൽ എവിടെയെന്ന് ചോദിച്ചപ്പോൾ "ഞാൻ ആബേലിന്റെ സൂക്ഷിപ്പുകാരനല്ല" എന്നാണ് കായേൻ പറഞ്ഞത്. കൂട്ടായ്മയിലുള്ള തകർച്ചയും സ്വാർത്ഥതയുമാണ് ഇവിടെ സ്പഷ്ടമായി കാണുന്നത്.

ഈ സ്വാർത്ഥതയിൽ നിന്നു ജനത്തെ രക്ഷിക്കുവാൻ ദൈവം നോഹിനെയാണ് തിരഞ്ഞെടുത്തത്. സമൂഹത്തിൽ അന്ന് നിലവിലിരുന്ന ദുഷ്ടത

www.malankaralibrary.com

അവസാനിപ്പിക്കുവാൻ നോഹിനെയും കുടുംബാംഗങ്ങളെയും മാത്രം അവിടുന്ന് ഭൂമുഖത്ത് അവശേഷിപ്പിക്കുന്നു. നോഹിന്റെ കുടുംബം പെരുകി വർദ്ധിച്ചു. പരസ്പരം ഐക്യത്തിൽ വളർന്നു; ഒരൊറ്റ ജനവിഭാഗമായിരുന്നു അവർ. എന്നാൽ അവർ ദൈവത്തിൽ നിന്ന് അകന്ന് തങ്ങളുടെ നാമം മാത്രം പ്രശസ്തമാക്കുവാൻ ശ്രമിച്ചു. അതോടെ ദൈവം അവരെ ചിതറിച്ചു.

ദൈവം രക്ഷ ലോകത്തിനു പ്രദാനം ചെയ്യുവാൻവേണ്ടി മറ്റൊരു സമൂഹത്തെ വളർത്തിയടുക്കുവാൻ വീണ്ടും മുന്നോട്ടുവന്നു. അതിനായി അവിടുന്ന് അബ്രാഹാമിനെ തിരഞ്ഞെടുത്തു. "ഞാൻ നിന്നിൽനിന്ന് വലിയൊരു ജനവിഭാഗത്തെ നിർമ്മിക്കും". (ഉല്പത്തി 12,1-3) നല്ലവനായ അബ്രാഹാം ദൈവത്തിൽ മാത്രം ആശ്രയിച്ച് വളർന്നു. അബ്രാഹത്തിന് നൽകിയ വാഗ്ദാനം ഇസ്രായേൽ ജനതയിൽ സാക്ഷാൽകൃതമായി, "ഇസ്രായേല്യർ വർദ്ധിച്ചു വലിയ ഒരു ജനതയായി തീർന്നു." എന്നാൽ അബ്രാഹത്തിന്റെ വിശ്വാസവും ദൈവാശ്രയവും ദൈവകല്പനകൾ അനുസരിക്കുവാനുള്ള സന്നദ്ധതയും അവർക്ക് കൈവരേണ്ടിയിരുന്നു. എന്നാൽ ഇസ്രായേൽ ജനത ദൈവത്തിന്റെ വിളിക്ക് തക്ക പ്രത്യുത്തരം നൽകിയില്ല. ദൈവകല്പനകളിൽ അധിഷ്ടിതവും പരസ്പര ഐക്യത്തിൽ സമ്പുഷ്ടവുമായ ജനത എന്ന ആദർശത്തിൽ നിന്നും അവർ വഴുതിപ്പോയി. ദൈവിക കല്പനകളെ മാനുഷിക സുരക്ഷിതത്വത്തിനുള്ള മാർഗ്ഗങ്ങളാക്കിതീർത്തു. ദൈവത്തിന്റെ സ്വരത്തെ സംബന്ധിച്ചിടത്തോളം അവർ ബധിരാകുകയും ദൈവിക ചൈതന്യത്തിൽ നിന്നകലുകയും ചെയ്തു. അവരുടെ കുടുംബജീവിതത്തിലും പരസ്പര ബന്ധങ്ങളിലും അധാർമ്മികത തളം കെട്ടുവാൻ തുടങ്ങി; സാമൂഹികജീവിതത്തിൽ അസത്യത്തിന്റെ ഇരുൾ പരന്നു; ധാരാളം രക്തചൊരിച്ചിലുകൾ ഉണ്ടായി; ആദ്ധ്യാത്മികനിയന്താക്കൾ ദ്രവ്യാഗ്രഹികളായി മാറി; രാജ്യം മുഴുവനും ദൈവത്തെ വിട്ടുപേക്ഷിച്ചു.

## യേശു

ദൈവത്തിന്റെ ആഹ്വാനമനുസരിച്ച് ഒരു ജനതയായി വളരുന്നതിൽ ഇസ്രായേൽ പരാജയപ്പെട്ടു. കൂട്ടായ്മയുടെ തകർച്ചയാണ് നാമവിടെയും കാണുന്നത്. നോഹിലും അബ്രാഹത്തിലുമാരംഭിച്ച ദൈവികപ്രവർത്തനം യേശുവിൽ കേന്ദ്രീകൃതമായി. പരിശുദ്ധാത്മാവിന്റെ പ്രചോദനമായിരുന്നു അവിടുത്തെ ജീവിതനിയമം. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമായിരുന്നു യേശുവിന്റെ ജീവന്റെ അടിസ്ഥാനം. ഇസ്രായേൽ ജനത ദൈവത്തിന്റെ വിളിക്കൊപ്പം ഉയർന്നില്ല. അബ്രാഹത്തിൽ നിന്നും ഇസ്രായേൽ ജനതയിൽ നിന്നും പ്രതീക്ഷിച്ചതെല്ലാം യേശുവിലാണ് നിറവേറുന്നത്.

"ഇസ്രായേൽ ജനതയുടെ തുടക്കമേ ആയിരുന്നുള്ളു അബ്രാഹം. യേശുവാകട്ടെ പുതിയ ഇസ്രായേൽ തന്നെയാണ്. പുതിയ സമൂഹത്തിന്റെ

www.malankaralibrary.com

ജനനത്തിലും വളർച്ചയിലും നിലനിൽപിലും യേശുവിന്റെ സ്ഥാനം മർമ്മ പ്രധാനമാണ്. പുതിയ ജനത യേശുവിൽ നിന്നു വളരുകയല്ല, യേശുവിന് ചുറ്റും ഒരുമിച്ച് കൂടുകയാണ് വേണ്ടത്. ആ പുതിയ സമൂഹത്തിന്റെ മാനിഫെസ്റ്റോ, യേശുവിന്റെ കല്പനകളാണ് ഈ സമൂഹത്തിന്റെ കോൺസ്റ്റിട്യൂഷൻ, യേശുവിന്റെ ജീവിതശൈലിയാണ് ഈ സമൂഹത്തിന്റെയും ജീവിതശൈലി. യേശുവിന്റെ ചൈതന്യമാണ് ഈ സമൂഹത്തിന്റെ ജീവൻ."

ഒരു ശിരസ്സിനു താഴെ ഒന്നിലധികം അവയവങ്ങളുണ്ട്. അവയെല്ലാം യോജിച്ച് പ്രവർത്തിപ്പിക്കുന്നത് ശിരസ്സാണ്. അതു പോലെ ക്രിസ്തീയ കൂട്ടായ്മയുടെ നിയന്ത്രണവും ചിന്താസ്രോതസ്സും തീരുമാനങ്ങളുടെ കലവറയും ബ്ലൂപ്രിന്റും എല്ലാം യേശുവാണ്. യേശുവിൽവേരൂന്നി വളരുന്നവർക്ക് മാത്രമേ യഥാർത്ഥ കൂട്ടായ്മ നയിക്കുവാൻ സാധിക്കുകയുള്ളു. ഒരു സമൂഹത്തിന്റെ കെട്ടുറപ്പ്, കൂട്ടായ്മ, ഹൃദയത്തിന്റെയും മനസ്സിന്റെയും ഐക്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. യേശുവിന്റെ പുതിയ സമൂഹത്തിലേക്ക് വിളിക്കപ്പെട്ട എല്ലാവരും ഒരേ കാര്യം തന്നെ സംസാരിക്കണമെന്നും അവരുടെയിടയിൽ അഭിപ്രായഭിന്നതകൾ ഉണ്ടാകരുതെന്നും ഏകാഭിപ്രായത്തോടും ഏകമനസ്സോടും കൂടി ജീവിച്ചിരിക്കണമെന്നും യേശുവിന് നിർബന്ധമുണ്ടായിരുന്നു.

ക്രൈസ്തവസമൂഹത്തിലെ ജീവൻ ഉത്ഥിതനായ യേശുവിന്റെ ജീവനാണ്. പരിശുദ്ധാത്മാവാണ് ക്രൈസ്വസമൂഹത്തെ ഒന്നിച്ച് നിർത്തുന്ന ചൈതന്യം. നമ്മുടെയിടയിൽ വന്ന് കൂടാരമടിച്ച ദൈവമാണ് യേശു. ആ യേശുവിലാണ് പുതിയ സമൂഹം ഉയർത്തപ്പെട്ടിരിക്കുന്നത്. അവിടുന്ന്തന്നെയാണ് ആ സമൂഹത്തിന്റെ ശിരസ്സും തായ്തണ്ടും. ക്രൈസ്തവ കൂട്ടായ്മയുടെ ആന്തരികചൈതന്യമാണ് യേശു. പരസ്പരസ്നേഹമാണ് ക്രൈസ്തവ സമൂഹത്തിന് ജീവൻ കൊടുക്കുന്നത്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവാനാണ്" യേശു പറഞ്ഞത്. അതല്ലാതെ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ എന്നെ സ്നേഹിക്കു"വാനല്ല.

പരസ്പരം അഭിമുഖമായി ജീവിക്കുകയും വ്യാപരിക്കുകയും ബന്ധപ്പെടുകയും ചെയ്യുമ്പോൾ ദൈവീക സാമീപ്യം സമൂഹമദ്ധ്യത്തിൽ അനുഭവിക്കുന്ന ജനതയായിട്ടുവേണം ക്രൈസ്തവസമൂഹത്തെ നിർവ്വചിക്കുവാൻ. ഈ സവിശേഷതകളൊക്കെ അടങ്ങിയ രീതിയിലായിരുന്നു ക്രൈസ്തവ സഭയുടെ ആരംഭകാലം. കൂട്ടായ്മയിൽ അവർ മുമ്പിലായിരുന്നു. "ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ അടിയുറച്ചുനിൽക്കുകയും അപ്പം മുറിക്കൽ ശുശ്രൂഷയിലും പൊതുപ്രാർത്ഥനയിലും പങ്കെടുത്ത് ഒരുമയോടെ ജീവിക്കുകയും ചെയ്തു. (നട: 2,42)" ഒരുമയോടെ ജീവിച്ച അവർക്ക് വേറെ സമ്പാദ്യങ്ങളില്ലായിരുന്നു.

www.malankaralibrary.com

ഉണ്ടായിരുന്നതെല്ലാം പൊതുവായി കരുതപ്പെട്ടുകയും ഒരോരുത്തരുടെയും ആവശ്യമനുസരിച്ച് വിഭജിച്ചുകൊടുക്കുകയുംചെയ്തിരുന്നു. പരസ്പര സ്നേഹത്തിലുള്ള പങ്കുവയ്ക്കൽ എത്ര പൂർണ്ണമാണെന്ന് നോക്കുക! ഏക മനസ്സോടെയാണവർ ജീവിച്ചിരുന്നത്. ഹൃദയപരമാർത്ഥതയോടും ആനന്ദ ത്തോടുംകൂടി അവർ ഒരുമിച്ച് ഭക്ഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. (നട.2:4247; 9:34-38).

ആദിമസഭയിലായിരുന്നു ക്രിസ്തീയ കൂട്ടായ്മ ശരിക്കും നിലനിന്നിരുന്നത്. അവർ പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്തിരുന്നു. ആ കൂട്ടായ്മയിൽ കാലഭേദമനുസരിച്ച് മാറ്റങ്ങൾ വരാം. എന്നാൽ എല്ലാം ക്രിസ്തുവിൽ കേന്ദ്രീകൃതമാവണം.

കൂട്ടായ്മയിലുള്ള ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് യേശുവിന്റെ പ്രബോധനങ്ങളാണ് പ്രധാനം. ഇന്നത്തെ മാർക്സീയൻ വീക്ഷണത്തിലുള്ള ആദ്യത്തെ പരീക്ഷണം സമൂഹത്തിൽ വരുത്തിയത് ക്രിസ്ത്യാനികളായിരുന്നു. "ദരിദ്രരോട് സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബന്ധിതർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിക്കുവാനും പീഢിതരെ വിടുവിച്ചയ്ക്കാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. (വി. ലൂക്കാ. 9-ാം അദ്ധ്യായം 18 വാ). എന്തായിരുന്നു പ്രസാദവർഷം? യഹൂദന്മാരുടെയിടയിൽ നിലനിന്നിരുന്ന ഒരു ആചാരമായിരുന്നു. അന്നുള്ളവർ തങ്ങൾക്കുള്ള സമ്പാദ്യങ്ങൾ ഒന്നും സ്വന്തമായി കരുതിയിരുന്നില്ല. എല്ലാ അമ്പതുവർഷം കൂടുമ്പോഴും തങ്ങൾക്കുള്ള സമ്പാദ്യങ്ങൾ ഒന്നിച്ച് ശേഖരിച്ച് എല്ലാവർക്കും തുല്യമായി വിതരണം ചെയ്തിരുന്നു.

ക്രിസ്തീയ കൂട്ടായ്മ നിലവിൽ ഉണ്ടാകണമെങ്കിൽ ഏതാദൃശ്യമായ ഐക്യം നമ്മുടെയിടയിൽ ഉണ്ടായിരിക്കണം. "വിശ്വസിച്ചവരുടെ കൂട്ടം ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളത് ഒന്നും സ്വന്തമെന്ന് ആരും കരുതിയിരുന്നില്ല. സകലവും അവർക്ക് പൊതുവായിരുന്നു. അപ്പസ്തോലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുദ്ധാരണത്തിന് സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു. മുട്ടുള്ളവർ ആരും അവരിൽ ഉണ്ടായിരുന്നില്ല. (അപ്പ: പ്രവർത്തികൾ 4-ാം അദ്ധ്യായം 32-34 വാക്യം) ഈയൊരു ചിന്താഗതിയിൽ അടിയുറച്ചുവേണം ക്രിസ്തീയകൂട്ടായ്മ വളരുവാൻ." ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ സ്നേഹത്തിന്റെ വല്ല ആശ്വാസമുണ്ടെങ്കിൽ, നിങ്ങൾ ഏക മനസ്സുള്ളവരായി ഏക സ്നേഹം പൂണ്ട്, ഐക്യമത്യപ്പെട്ട്, ഏക ഭാവമുള്ളവരായി, ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തർ മറ്റുള്ള

www.malankaralibrary.com

വനെ തന്നേക്കാൾ ശ്രേഷ്ഠനെന്ന് കരുതി കൊള്ളുവിൻ. ഓരോരുത്തൻ സ്വന്തം ഗുണമല്ല മറ്റുള്ളവരുടെ ഗുണം കൂടി നോക്കണം. ക്രിസ്തു യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകണം.-(പൗലോസ്ലീഹാ ഫിലിപ്പൈർക്ക് എഴുതിയ ലേഖനം 2-ാം അദ്ധ്യായം).

ക്രസ്തുവിലുള്ള കൂട്ടായ്മ നിലനിൽക്കണമെങ്കിൽ ആ കൂട്ടായ്മയിൽ വിശ്വസിക്കുന്നവർക്ക് ഏകഹൃദയവും ഏകമനസ്സും ഉണ്ടായിരിക്കണം. തങ്ങളുടെ സമ്പത്തുക്കൾ സമൂഹത്തിന്റെ സമ്പത്ത് ആണെന്ന് വിശ്വസിച്ച് പ്രവർത്തിക്കണം. ഓരോരുത്തരും തങ്ങളുടെ ഗുണം മാത്രം അന്വേഷിക്കാതെ മറ്റുള്ളവരുടെ നന്മയെപ്പറ്റിയും കൂടി ചിന്തിക്കണം. സമൂഹത്തിന്റെ പുറം ചേരികളിൽ വീർപ്പ്മുട്ടികഴിയുന്നവർക്കുവേണ്ടി സ്വരമുയർത്തണം. എന്നാൽ അങ്ങനെയൊരു ചിന്തയോ നിലപാടോ ഇന്ന് കുറവാണ്. തങ്ങളുടെ സ്വത്ത് തങ്ങളുടേതായി മാത്രം അവർ കാണുന്നു. ക്രൈസ്തവസഭകളും ആത്മീയനിയന്താക്കളും ആ നിലയിൽ തന്നെയാണ് ഇന്ന് കാണുന്നത്. ഇന്ത്യയിലെ ജനങ്ങളിൽ 70 ശതമാനവും ദാരിദ്ര്യരേഖയ്ക്ക് താഴെ മാത്രം വരുമാനമുള്ളവരാണ്. എന്നാൽ ഇന്ത്യയിലെ സ്വത്തിൽ 70 ശതമാനവും 150 സമ്പന്ന വ്യക്തികളുടെ കരങ്ങളിലാണ് കൂടിയിരിക്കുന്നത്. "നിങ്ങൾ രക്ഷിക്കപ്പെട്ടത് സ്വർണ്ണത്താലോ, വെള്ളിയാലോ, അല്ല മിശിഹായുടെ അമൂല്യരക്തത്താലത്രേ" (വി. പത്രോസ് 1: 19) ഈ വസ്തുത മനസ്സിലാക്കി ആദിമസഭയിൽ നിലവിലിരുന്ന കൂട്ടായ്മയിലേക്ക് നാം മടങ്ങിച്ചെല്ലുവാൻ തയ്യാറാകണം.

## കൂട്ടായ്മ ഇന്ന്

ആദിമസഭയിൽ നിലനിന്നിരുന്ന കൂട്ടായ്മ ഇന്ന് പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു. ഏക ഹൃദയവും ഏക മനസ്സും ഒരിടത്തും ദൃശ്യമാകുന്നില്ല. എവിടെയും അഭിപ്രായ ഭിന്നതകളും വ്യത്യസ്ത തട്ടുകളിൽനിന്നുള്ള മത്സരവും കാണുന്നു. എന്നാൽ കൂട്ടായ പ്രവർത്തനരംഗങ്ങൾ സൃഷ്ഠിച്ച് സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലും പ്രവർത്തിക്കണം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സമൃദ്ധിയിൽ പങ്കില്ലാത്തവർക്ക് കൂട്ടായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സാദ്ധ്യമല്ല.

ഭാരതത്തിൽ മതത്തിന്റെ പേരിൽ വിവേചനം നടക്കുന്നു. അവശ ക്രൈസ്തവർക്ക് നീതി നിഷേധിക്കപ്പെടുന്നു. പാടത്തും ഫാക്ടറിയിലും പണി എടുക്കുന്നവർക്ക് ന്യായമായ കൂലി ലഭിക്കുന്നില്ല. ക്രൈസ്തവ തൊഴിലുടമകളുടെ തന്നെ മനസ്സാക്ഷി മരവിച്ചു കഴിഞ്ഞിരിക്കുന്നു. 1947-ൽ 18 കോടി രൂപായുടെ സ്വത്തുണ്ടായിരുന്ന ബിർളായ്ക്ക് ഇന്ന് രണ്ടായിരം കോടിയിലധികം രൂപായുടെ സ്വത്തുണ്ട്. അതേസമയം ദാരിദ്ര്യരേഖയ്ക്കു താഴെമാത്രം വരുമാനമുള്ള 42 കോടി ജനത ഈ ഭാരതത്തിൽ ഇന്നുണ്ട്.

www.malankaralibrary.com

ഇവിടെ കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. നീതിക്കുവേണ്ടി ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. ആദിമക്രൈസ്തവർക്കുണ്ടായിരുന്നതുപോലുള്ള സാമൂഹ്യാവബോധം ഇന്നത്തെ ക്രൈസ്തവരിൽ വളർത്തിയെടുക്കുവാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

ദൈവജനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പലതരം സംഘടനകൾ സഭയ്ക്കുള്ളിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലത് സഭയുടെ പ്രേഷിതലക്ഷ്യം ഉന്നം വച്ച് പ്രവർത്തിക്കുന്നവയാണ്. മറ്റു ചിലത് സുവിശേഷപ്രചാരണവും മാനവവിശുദ്ധീകരണവും പ്രത്യേക ലക്ഷ്യമായെടുക്കുന്നു. മറ്റു ചില സംഘടനകളുണ്ട്. അവയുടെ ലക്ഷ്യം ഭൗതികമണ്ഡലത്തെ ക്രിസ്തീയചൈതന്യത്താൽ നിറയ്ക്കുക എന്നതാണ്. ഇനിയും ഒരു വിഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങളും പരസ്നേഹകൃത്യങ്ങളും വഴി ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതാണ്. ലോകത്തിൽ സഭയ്ക്കുള്ള ദൗത്യം നിർവ്വഹിക്കാൻ ഈ സംഘടനകൾ സഹായകരമാകണം.

സംഘാതമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ക്രൈസ്തവർക്ക് കടമയുണ്ട്. ജീവിതസാഹചര്യങ്ങളുടെ വൈവിദ്ധ്യമനുസരിച്ച് വിവിധതരത്തിൽ വ്യക്തികളെന്ന നിലയ്ക്ക് പ്രേഷിതപ്രവർത്തിയിലേർപ്പെടുവാൻ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ സാമൂഹ്യജീവിയാണെന്നും ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ദൈവത്തിന്റെ ജനമെന്ന നിലയിൽ ഒന്നിപ്പിക്കപ്പെടേണ്ടവരാണെന്നും അവരെ ഏക ശരീരമാക്കിത്തീർക്കുവാൻ ദൈവം തിരുമനസ്സായി എന്നും അവർ ഓർത്തിരിക്കേണ്ടതാണ്. അതുകൊണ്ട് സംഘാതമായ പ്രേഷിതപ്രവർത്തനം വിശ്വാസികളുടെ ക്രിസ്തീയവും മാനുഷികവുമായ സ്വഭാവത്തിന് അനുഗുണമാണെന്ന് സിദ്ധിക്കുന്നു. ക്രിസ്തുവിലുള്ള സഭയുടെ ഐക്യത്തെയും സമ്പർക്കത്തെയും അതു പ്രകാശിപ്പിക്കുന്നു. "എന്റെ നാമത്തിൽ എവിടെയെങ്കിലും രണ്ടോ മൂന്നോ പേർ സമ്മേളിച്ചാൽ അവരുടെ മദ്ധ്യേ ഞാനുണ്ടായിരിക്കും" എന്ന് ക്രിസ്തുനാഥൻ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് സംഘാതമായ പ്രവർത്തനത്തിൽ ഏർപ്പെടണം. ഇടവകകളും രൂപതകളും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. സാങ്കേതികജ്ഞാനം വഴി തങ്ങളെത്തന്നെ സംഘടനകളുടെ സേവനത്തിനായി സമർപ്പിക്കുന്നവരെ സഭാധികാരികൾ സന്തോഷത്തോടും കൃതജ്ഞതയോടുംകൂടി വേണം സ്വാഗതം ചെയ്യാൻ. അവർക്കും അവരുടെ കുടുംബത്തിനും മാന്യമായി ജീവിക്കണമല്ലോ. അതുകൊണ്ട് അവരുടെ സ്ഥിതിക്കൊത്ത ജീവിതത്തിൽ നീതിയും സ്നേഹവും ഔചിത്യവും ആവശ്യപ്പെട്ടതെല്ലാം ഏറ്റം തൃപ്തികരമായി ചെയ്തുകൊടുക്കുവാൻ സഭാധികാരികൾ നിഷ്കർഷതയുള്ളവരായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

www.malankaralibrary.com

## നേതൃത്വവും സംഘടനകളും

ക്രിസ്തീയകൂട്ടായ്മയിൽ പരമപ്രധാനമാണ് നേതൃത്വവും സംഘടനകളും. ഭാരതത്തിൽ വിശിഷ്യ കേരളത്തിൽ നവീകരണത്തിന്റെ പുത്തൻ മേഖലകൾ വെട്ടിത്തുറക്കണമെങ്കിൽ നല്ല നേതൃത്വവും കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള സംഘടനകളുമുണ്ടാവണം. സമൂഹത്തിൽ സ്വാധീനം ചെലുത്തി അതുവഴി ക്രിസ്തുവിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കുകയാണ് ക്രൈസ്തവനേതൃത്വത്തിന്റെ ചുമതല. ക്രൈസ്തവനേതൃത്വത്തിന്റെ മാതൃകയും പ്രചോദനവും ക്രിസ്തുവല്ലാതെ മറ്റാരുമല്ല. ഒരു അക്രൈസ്തവരാഷ്ട്രമായ ഇന്ത്യയിൽ സഭാകാര്യങ്ങൾ ശരിക്കും നിർവഹിക്കുന്നതിന് അൽമായർക്ക് അർഹമായ പ്രാതിനിദ്ധ്യം നൽകപ്പെടണം.

കേരളത്തിലെ സഭക്ക് 1900 വർഷത്തെ പഴക്കമുണ്ട്. കേരളത്തിലെ ക്രൈസ്തവരും ക്രൈസ്തവമതവും, സമൂഹത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ഇന്ത്യയിൽ ആകെയുള്ള ക്രിസ്ത്യാനികളിൽ പകുതിയും കേരളത്തിലാണ്. കേരളസഭ സുശക്തമാണ്. സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസരംഗങ്ങളിൽ ഇവിടെ ക്രൈസ്തവർ മുൻപന്തിയിൽ നില്ക്കുന്നു. ചുമതലകൾ നിറവേറ്റുന്നകാര്യത്തിൽ കേരളസഭ പരാജയപ്പെട്ടിരിക്കുന്നു. അതിനുള്ള കാര്യങ്ങളെപ്പറ്റി 1968-ൽ ആലുവായിൽ ചേർന്ന റീജിയണൽ സെമിനാർ ചർച്ചചെയ്ത് അംഗീകരിച്ച കാര്യങ്ങൾ താഴെ ചേർക്കുന്നു. "(1) ക്രൈസ്തവസന്ദേശം ഹിന്ദുക്കളിൽ പ്രചരിപ്പിക്കുന്ന കാര്യത്തിൽ നാം പരാജയപ്പെട്ടു. (2) പ്രവർത്തികളിലൂടെ ക്രൈസ്തവാദർശത്തിന്റെ മഹത്വം മറ്റുള്ളവരെ അറിയിക്കുന്നതിലും നാം പരാജയപ്പെട്ടു. (3) ഇന്ത്യയുടെ ആത്മീയപാരമ്പര്യത്തിന് നാം കാര്യമായൊന്നും സംഭാവന ചെയ്തിട്ടില്ല. നേരെമറിച്ച് കേരളത്തെ ഒരു കമ്മ്യൂണിസ്റ്റ് ശക്തികേന്ദ്രമാക്കി മാറ്റിയതിന് നാം പരോക്ഷമായിട്ടെങ്കിലും ഉത്തരവാദികളാണ്. കർഷകതൊഴിലാളികൾ, തോട്ടം തൊഴിലാളികൾ തുടങ്ങി ഭൂരിപക്ഷം കമ്മ്യൂണിസ്റ്റനുയായികളും, ക്രിസ്ത്യൻ തൊഴിലുടമകളുടെ ജീവനക്കാരാണ്. നാം അവരെ കമ്മ്യൂണിസ്റ്റാക്കി. സാധുജനസേവനത്തിലൂടെയും കമ്മ്യൂണിസത്തെ നേരിടാൻ നാം തയ്യാറായില്ല. (4) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, ചതിവ്, കൊലപാതകം തുടങ്ങിയവയിൽ നാം ഒട്ടും പിന്നിലല്ല. (5) നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മിഷ്യൻ ആശുപത്രികളും അവയുടെ മഹനീയാദർശങ്ങൾക്കനുസരണമായി ഉയർന്നിട്ടുണ്ടോ?"

സഭയ്ക്കകത്തെ അനൈക്യം നമ്മുടെ നേതൃത്വം വളരുന്നതിന് വിഘാതമാണ്. വിവിധ റീത്തുകൾ, വർണ്ണവിവേചനം, ജാതി എന്നിവയാണ് ഇതിന് പ്രധാന കാരണങ്ങൾ. ഇവ പരിഹരിക്കാൻ സത്വരമായ നടപടികൾ സ്വീകരിക്കുകതന്നെ വേണം.

വിദ്യാർത്ഥികളിൽ നിന്ന് കാര്യക്ഷമമായ നേതാക്കൾ ഉയർന്നുവരേ

www.malankaralibrary.com

ണ്ടതുകൊണ്ട് സ്കൂളുകളിൽ കെ.സി. എസ്സ്. എല്ലും - കോളേജുകളിൽ ഐക്കഫും, വേണ്ടധനവും ആളുകളും നല്കി പ്രത്സാഹിപ്പിക്കണം. എല്ലാ ജീവിതതുറകളിലുമുള്ള അൽമായർക്ക് ഒരു നേതൃത്വപരിശീലനം നല്കുന്നതിന് ഒരു അഖിലകേരള ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. വിദ്യാർത്ഥികളിൽ മതപരമായ വിജ്ഞാനവും ബോധവും കുറവാണ്. അതിനാൽ കുട്ടികൾക്ക് അവ ലഭ്യമാക്കുന്നതിന് കോളേജുകളോടും വിദ്യാലയങ്ങളോടും അനുബന്ധിച്ച് ദൈവശാസ്ത്ര ഡിപ്പാർട്ടുമെന്റ് സ്ഥാപിക്കണം. സഭയിലെ എല്ലാ തീരുമാനസമിതികളിലും അർഹമായ പങ്കാളിത്തമുള്ള പ്രാതിനിദ്ധ്യം നല്കിയും എല്ലാ രൂപതകളിലും ഇടവകകളിലും ശാഖകൾ സ്ഥാപിച്ചും കത്തോലിക്കാ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തണം."

## കത്തോലിക്കാകോൺഗ്രസ്സ്

നീതിക്കുവേണ്ടി പോരാടുകയും അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സമരരംഗത്തിറങ്ങുകയും ചെയ്തിട്ടുള്ള ഒരു സംഘടനയാണ് കത്തോലിക്കാകോൺഗ്രസ്സ്. മനുഷ്യാവകാശം ഉറക്കെ പ്രഖ്യാപിക്കുകയും മതത്തിന്റെ പേരിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനുവേണ്ടി, മുൻനിന്നു പ്രവർത്തിച്ച ഒരു സംഘടനയാണിത്. കോൺഗ്രസ്സ് മുൻനിന്നു നടത്തിയ പൗരസമത്വവാദപ്രക്ഷോഭണം, നിവർത്തനപ്രക്ഷോഭണം, കത്തോലിക്കാമെമ്മോറിയലുകൾ, വിദ്യാഭ്യാസപ്രക്ഷോഭണം മുതലായവ ക്രിസ്തീയകൂട്ടായ്മയുടെ ചരിത്രത്തിലെ സുപ്രധാനനാഴികക്കല്ലുകളാണ്. സമൂഹത്തിന്റെ പുറം ചേരികളിൽ വീർപ്പുമുട്ടി കഴിയുന്നവരെ സംരക്ഷിക്കുവാനും മതത്തിന്റെ പേരിലുള്ള വിവേചനത്തിനെതിരെ ധീരമായ നടപടികൾ സ്വീകരിക്കുവാനും കോൺഗ്രസ്സിനെ നയിച്ചത് ഈ കൂട്ടായ്മയായിരുന്നു.

ആദിമസഭയിൽ നിലവിലിരുന്ന കൂട്ടായ്മ ഇന്ന് നമ്മുടെ സമൂഹത്തിലില്ല. അതുകൊണ്ടാണ് കേരളത്തിൽ കിഴക്കൻ മലയോരങ്ങളിൽ കുടിയിറക്കിന് വിധേയമായും ഉരുൾപൊട്ടലിനും പേമാരിക്കും വിധേയമായും ആയിരങ്ങൾ കഷ്ടപ്പെട്ടപ്പോൾ അവരുടെയിടയിൽ സ്നേഹത്തിന്റെ സന്ദേശവുമായി ക്രൈസ്തവസമൂഹം ഓടിയെത്താതിരുന്നത്. വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരിക്കുന്നതിനും തനിക്കുള്ള സമ്പത്ത് സ്വന്തമെന്ന് കരുതാതിരിക്കുന്നതിനും ഓരോരുത്തൻ സ്വന്തം ഗുണം പോലെ മറ്റുള്ളവരുടെ ഗുണവും കൂടി നോക്കുന്നതിനും പ്രസാദവർഷത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും ആദിമസഭയിലെ ക്രിസ്തീയകൂട്ടായ്മ നമുക്ക് പ്രചോദനം നൽകണം.

1905-ലെ മാന്നാനം സമ്മേളനം എല്ലാ റീത്തുകളിലും പ്രദേശങ്ങളിലും ഉൾപ്പെട്ട ക്രൈസ്തവർ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഒന്നാകെ നിന്ന് പോരാടണമെന്ന് നിശ്ചയിച്ചു. പങ്കുചേർന്ന് വളരുകയെന്ന

www.malankaralibrary.com

ലക്ഷ്യം വച്ചുകൊണ്ട് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന ഏറ്റവും വലിയ സംഭവമായിരുന്നു ഇത്. 1905- മുതൽ നടന്ന കത്തോലിക്കാ ക്രിസ്തീയ മഹാസഭയുടെ സമ്മേളനങ്ങളും 1907 മുതൽ നടന്ന സാമൂഹ്യ സമ്മേളനങ്ങളും 1918 മുതൽ നടന്ന കേരള കത്തോലിക്കാമഹാജന സഭയുടെ സമ്മേളനങ്ങളും 1930 മുതൽ നടന്ന കത്തോലിക്കാകോൺഗ്രസ്സ് സമ്മേളനങ്ങളും പങ്കുചേർന്നുള്ള പ്രവർത്തനത്തിന് ഉദാഹരണങ്ങളാണ്. ഈ സമ്മേളനത്തിൽ റീത്തുകൾക്കും ജാതികൾക്കും അതീതമായ സഹകരണം ഉണ്ടായിരുന്നു. കേരള ക്രൈസ്തവർ അവകാശങ്ങൾക്കുവേണ്ടി പൊരുതി.

1947-നു ശേഷം കത്തോലിക്ക കോൺഗ്രസ്സിന്റെ ചിത്രമാകെ മാറുകയുണ്ടായി. ക്രൈസ്തവ നേതാക്കന്മാർ രാഷ്ട്രീയ സംഘടനകളിലേക്കുമാറുകയും സമുദായ സംഘടനയെ പുഛിക്കുകയും ചെയ്തു. സമുദായ സംഘടനയുടെ ആവശ്യമില്ലെന്നുവരെ അവർ അഭിപ്രായപ്പെട്ടു. അതേ സമയം വേണ്ടത്ര പരിഗണന ഹൈരാർക്കിയിൽ നിന്നും ലഭിച്ചുമില്ല. ലത്തീൻ സിറിയൻ സഹകരണത്തിലും അയവുണ്ടായി. വിഘടിച്ചു നിന്ന് ഓരോരുത്തരും അവരവരുടെ അവകാശങ്ങൾ എങ്ങനെയെങ്കിലും തട്ടിയെടുക്കുവാനുള്ള.കുറുക്കുവഴികളാണ് സ്വീകരിച്ചത്. സഭയുടെ പൊതുപ്രശ്നങ്ങളിൽ പോലും സഹകരണാത്മകമായ നിലപാട് നാം സ്വീകരിച്ചിട്ടില്ല.

അഖില കേരളാടിസ്ഥാനത്തിൽ ഒരു നേതൃത്വം വളർന്നുവരാനോ നേതൃത്വത്തിലേക്ക് വന്നവരെ അംഗീകരിക്കുവാനോ നാം തയ്യാറായിട്ടില്ല. സമുദായത്തെ ബാധിക്കുന്ന പൊതുപ്രശ്നങ്ങൾ വരുമ്പോൾ പോലും ഹൈരാർക്കിയും അൽമേയരും കൂടി സംയുക്തമായി ആലോചിച്ച് ഒരു തീരുമാനമെടുക്കുവാനോ പ്രസ്താവന പുറപ്പെടുവിക്കാനോ ഉള്ള സംവിധാനം കേരളസഭയ്ക്ക് ഇന്ന് വരെ ഉണ്ടായിട്ടില്ലെന്നതും ഖേദകരമാണ്.

## റീത്ത്

നമ്മുടെ പങ്കുചേർന്നുള്ള വളർച്ചക്ക് വിഘാതമായി നിൽക്കുന്ന ഒരു ഘടകം വിവിധ റീത്തുകളാണ്. റീത്തുകളുടെയും രൂപതകളുടെയും അടിസ്ഥാനത്തിൽ നടക്കുന്ന മത്സരങ്ങൾ. സ്ഥാപനങ്ങളുടെ നിർമ്മാണകാര്യത്തിൽ പങ്കുചേർന്ന് പ്രവർത്തിക്കാനുള്ള അവസരം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഈ നാട്ടിലെ ജനങ്ങളുടെ സമഗ്രപുരോഗതി കൈവരുത്തുവാൻ ശ്രമിക്കേണ്ടതിനു പകരം ഒരേ പട്ടണത്തിൽതന്നെ വിവിധ റീത്തുകാർ പള്ളികളും ആശുപത്രികളും വിദ്യാലയങ്ങളും സ്ഥാപിച്ചു മത്സരിക്കുകയാണ്. അവികസിത പ്രദേശങ്ങളിൽ ആശുപത്രികൾ സ്ഥാപിച്ച് ചികിത്സാസൗകര്യം വർദ്ധിപ്പിക്കുന്നതിനും വിദ്യാലയങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശ്രമിക്കേണ്ടതിനുപകരം ഒരേ പട്ടണത്തിൽ തന്നെ ഒരേ സ്ഥാപനങ്ങൾ വിവിധ റീത്തുകാർ സ്ഥാപിച്ചു നടത്തുന്നതു കൊണ്ട് എന്തു പ്രയോജനം?.

www.malankaralibrary.com

## രാഷ്ട്രീയം

ക്രൈസ്തവർക്ക് പങ്കു ചേർന്ന് വളരുവാനുള്ള ഏറ്റവും പറ്റിയ മേഖല രാഷ്ട്രീയമാണ്. പക്ഷേ ഏറ്റവും പരാജയപ്പെട്ടിരിക്കുന്നത് ആ രംഗത്താണ്. രാഷ്ട്രീയം പ്രധാനമായും അൽമായരുടെ പ്രവർത്തനമണ്ഡലമാണ്. രാഷ്ട്രീയമേഖലയിൽ പ്രശ്നങ്ങൾ രൂപം കൊള്ളുമ്പോൾ വിദഗ്ദ്ധരായ അൽമേയരുമായി ആലോചിച്ചുവേണം ഹൈരാക്കി പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുവാൻ. പക്ഷേ ഇന്നത്തെ നിലയെന്താണ്? വിവിധ രാഷ്ട്രീയപാർട്ടികളിൽ പ്രവർത്തിക്കുന്ന ക്രൈസ്തവർക്ക് പങ്കുചേർന്ന് പ്രവർത്തിക്കാനുള്ള നിരവധി മേഖലകളുണ്ട്. അവിടെ പോലും അതിന് ശ്രമിക്കുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. എന്നുതന്നെയുമല്ല പങ്കുചേർന്ന് പ്രവർത്തിക്കാനുള്ളതിനു പകരം രാഷ്ട്രീയത്തിൽ വളർന്നുവന്നിട്ടുള്ള സകല ക്രൈസ്തവ നേതാക്കന്മാരേയും തേജോവധം ചെയ്യുന്നതിനു മാത്രമാണ് ക്രൈസ്തവരാഷ്ട്രീയ പ്രവർത്തകർ ശ്രമിച്ചിട്ടുള്ളത്. ആരെ തേജോവധം ചെയ്തിട്ടാണെങ്കിലും രാഷ്ട്രീയമുതലെടുപ്പ് നടത്തുവാനാണ് പല രാഷ്ട്രീയ പ്രവർത്തകരും ശ്രമിക്കുന്നത്. അതുകൊണ്ട് രാഷ്ട്രീയ പ്രവർത്തകരായ കത്തോലിക്കർ പരസ്പരം ഭിന്നിച്ച് നശിക്കുകയാണ് ചെയ്യുക. ഈ സ്ഥിതിക്ക് ഒരു മാറ്റം വേണം. രാഷ്ട്രീയ പ്രവർത്തനം ഒരു പ്രേഷിതപ്രവർത്തനമായി കണക്കിലെടുക്കണം. സംഘടിത പ്രവർത്തനത്തിനുള്ള അവസരം ഉണ്ടാക്കുകയും വേണം. അതിനുള്ള സാഹചര്യം കത്തോലിക്ക കോൺഗ്രസ്സു പോലുള്ള സംഘടനകൾ സൃഷ്ടിക്കണം.

## അവശക്രൈസ്തവർ

ഇന്ത്യയിൽ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് ഹരിജനങ്ങൾ എന്നറിയപ്പെടുന്ന പട്ടികജാതിക്കാർ. നൂറ്റാണ്ടുകളായി ദാരിദ്ര്യം, അടിമത്തം, അയിത്തം തുടങ്ങിയ എല്ലാവിധ സാമൂഹ്യാവശതകൾക്കും പീഢനങ്ങൾക്കും വിധേയരായി കഴിഞ്ഞുകൂടുന്ന ഒരു ജനവിഭാഗമാണ് ഇവർ. പട്ടികജാതിവിഭാഗത്തിൽ നിന്നും ഏതാണ്ട് 15 ലക്ഷത്തോളം ആളുകൾ ഇന്ന് ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ളവരാണ്. പട്ടികജാതിക്കാർക്ക് പല ആനുകൂല്യങ്ങളും ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതിക്കാരെപ്പോലെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഹരിജൻ ക്രൈസ്തവർക്ക് അവർ മതം മാറിയെന്നതിന്റെ പേരിൽ പല ആനുകൂല്യങ്ങളും നിഷേധിച്ചിരിക്കുകയാണ്. മതത്തിന്റെ പേരിലുള്ള ഈ വിവേചനത്തെയും അനീതിയെയും എതിർക്കുവാൻ ക്രൈസ്തവർ തയ്യാറാകണം.

www.malankaralibrary.com

## ദരിദ്രവിഭാഗങ്ങൾ

ഇന്ത്യയിലെ നല്ല ഒരു വിഭാഗം ജനങ്ങൾ ദാരിദ്ര്യരേഖക്കു താഴെ കഴിയുന്നവരാണ്. ചികിത്സാസൗകര്യങ്ങൾ ലഭിക്കാത്തവരും വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിക്കാത്തവരും ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാത്തവരും അന്തിയുറങ്ങുവാൻ പാർപ്പിടമില്ലാത്തവരും നഗ്നത മറയ്ക്കുവാൻ വസ്ത്രമില്ലാത്തവരും ഇന്ന് നിരവധിയാണ്. അവരുടെയെല്ലാം സമഗ്ര പുരോഗതിയായിരിക്കണം നമ്മുടെ ലക്ഷ്യം. ജീവിതപങ്കുചേരലിലൂടെ അവരെയെല്ലാം സമുദ്ധരിക്കുവാൻ നാം ശ്രമിക്കണം. അവരുടെയിടയിൽ പ്രസാദവർഷം ആചരിക്കുക തന്നെവേണം.

കേരളത്തിൽ ഇന്ന് കമ്മ്യൂണിസ്റ്റ് ഭരണമാണ് നിലവിലിരിക്കുന്നത്. സാധുജനസേവനത്തിലൂടെയും സാമൂഹ്യസേവനത്തിലൂടെയും കമ്മ്യൂണിസത്തെ നേരിടുവാൻ നാം തയ്യാറാകാത്തതിന്റെ പരിണിതഫലങ്ങളാണ് ഇവ. തൊഴിലുടമകളായ ക്രൈസ്തവർ അവരുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളോട് നീതിപൂർവ്വമായി പെരുമാറുവാൻ തയ്യാറാകണം. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കള്ളക്കടത്ത് മുതലായവ ക്രൈസ്തവനീതിക്ക് നിരക്കുന്നതല്ല. അങ്ങനെയുള്ള നടപടികളിൽനിന്നും പൂർണ്ണമായി പിന്മാറണം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മിഷ്യൻ ആശുപത്രികളും അവയുടെ മഹനീയാദർശങ്ങൾക്കനുസരണമായി ഉയർത്തപ്പെടണം.

"വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു. തനിക്കുള്ളതൊന്നും സ്വന്തമെന്ന് ആരും കരുതിയിരുന്നില്ല. സകലവും അവർക്ക് പൊതുവായിരുന്നു. അപ്പസ്തോലന്മാർ മഹാശക്തിയോടെ കർത്താവായ യേശുവിന്റെ പുനരുദ്ധാനത്തിന് സാക്ഷ്യം പറഞ്ഞുവന്നു. എല്ലാവർക്കും ധാരാളം കൃപ ലഭിച്ചിരുന്നു. മുട്ടുള്ളവർ അവരിൽ ഉണ്ടായിരുന്നില്ല. (അപ്പ: പ്രവർത്തികൾ 4-ാം അദ്ധ്യായം 32,34, വാക്യം).

ഈ സ്ഥിതിയിലേക്ക് നാം മടങ്ങിപോകണം. തനിക്കുള്ള യാതൊന്നും സ്വന്തമെന്ന് ആരും കരുതേണ്ട. സകലവും പൊതുവാണ്. ഈ വസ്തുത കണക്കിലെടുത്ത് പ്രവർത്തിച്ചാൽ മാത്രമേ കേരള കത്തോലിക്കരുടെ ജീവിതപങ്കുചേരൽ പൂർണ്ണമാവുകയുള്ളൂ. ആ ജീവിതപങ്കുചേരലിലൂടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും.

(ആളൂർ ബറ്റർ ലൈഫ് സെന്ററിൽ 1980-ൽ നടന്ന കേരളസഭാ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം)

www.malankaralibrary.com

# 2. നിധീരിക്കൽ മാണിക്കത്തനാരും ജാത്യൈക്യ സംഘവും

തെക്കേ ഇന്ത്യയിൽ നിധീരിക്കൽ മാണിക്കത്തനാരേപ്പോലെ ഒരു മഹാൻ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിയോഗം തെക്കേ ഇന്ത്യക്ക് അപരിഹാര്യമായ നഷ്ടമായിരിക്കും. "നായർ സമുദായ നേതാവും തിരുവിതാംകൂർ ചീഫ് സെക്രട്ടറിയുമായിരുന്ന പി. നാണുപിള്ളയുടെ വാക്കുകളാണിത്."

കേരളസഭയിൽ ഫാ. നിധീരിയേക്കാൾ മഹാനായ ഒരാൾ ജനിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. ചരിത്രകാരനായ എം.ഒ.ജോസഫ് എഴുതിയിരിക്കുന്നതുപോലെ നിധീരി അവരുടെ കിരീടം വയ്ക്കാത്ത രാജാവായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരളത്തിന് രൂപവും ഭാവവും നൽകിയ അപൂർവ്വം ചില പ്രതിഭാശാലികളിൽ അഗ്രഗണ്യനാണ് നിധീരിക്കൽ മാണിക്കത്തനാർ. 18 ഭാഷകളിലെ പ്രാവീണ്യം, അടങ്ങാത്ത സ്വാതന്ത്ര്യദാഹം, അചഞ്ചലമായ നിശ്ചയദാർഢ്യം ആരെയും വശീകരിക്കുന്ന വാക്ധോരണിയും ആശയഗാംഭീര്യവും, അപാരമായ പാണ്ഡിത്യം, നൂറ്റാണ്ടുകളെ പിന്നിലാക്കുന്ന ദൂരവീക്ഷണവും ഭാവനാവൈശിഷ്ട്യവും, സർഗ്ഗാത്മകമായ സാഹിത്യ വാസനയും തുടങ്ങി പറഞ്ഞാൽ തീരാത്ത കഴിവുകളുടെ പട്ടിക മാണിക്കത്തനാരുടെ വ്യക്തിത്വത്തെ മിഴിവുള്ളതാക്കി തീർത്തു. ചരിത്രകാരനായ എൻ.കെ. ജോസ് എഴുതിയിരിക്കുന്നതുപോലെ "കേരള ക്രൈസ്തവർക്ക് കേരളത്തെ എങ്ങനെയെല്ലാം രൂപപ്പെടുത്തുവാൻ കഴിയുമെന്നതിന്റെ വ്യക്തമായ ദർശനം അന്ന് മാണിക്കത്തനാർക്ക് മാത്രമാണുണ്ടായിരുന്നത്. അന്ന് അദ്ദേഹം അവിടെ നിന്നുകൊണ്ട് കൈ ചൂണ്ടിയതിനപ്പുറത്തേക്ക് കടത്തി ചൂണ്ടുവാൻ ഇന്നും കേരളക്രൈസ്തവരിലാർക്കും കഴിഞ്ഞിട്ടില്ല അതാണ് അദ്ദേഹത്തിന്റെ സിദ്ധി."

1920-ൽ ഭാഷാപോഷണിസഭ കേരളവ്യാപകമായി നടത്തിയ യോഗ്യതാ നിർണ്ണയ പ്രക്രിയയിൽ ശങ്കരാചാര്യൻ, എഴുത്തച്ഛൻ, രാജാകേശവദാസൻ, ശക്തൻതമ്പുരാൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയ പതിനഞ്ചു കേരളീയമഹാന്മാരുടെ ഗണത്തിൽ ഫാ. നിധീരിയേയും ഉൾപ്പെടുത്തി ബഹുമാനിക്കുവാൻ അന്നത്തെ സാംസ്കാരികകേരളം തയ്യാറായി എങ്കിലും സി.എം.ഐ, വൈദികനായ ഫാ. ഹെർമീസ് പെരുമാലി ചോദിച്ചതുപോലെ സ്വന്തം സമുദായം ആ മഹാത്മാവിന്റെ സ്മരണയോട് നീതി കാട്ടിയിട്ടുണ്ടോയെന്ന് സംശയമാണ്.

www.malankaralibrary.com

സുറിയാനിക്കാർക്കായി വികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടപ്പോൾ കോട്ടയം വികാരിയാത്തിലെ വികാരി ജനറാളായി വാഴിക്കപ്പെട്ടത് സമുദായനേതാവായ നിധീരിക്കൽ മാണിക്കത്തനാരായിരുന്നു. ആ സ്ഥാനം യഥാർത്ഥത്തിൽ മാണിക്കത്തനാരുടെ ശരശയ്യയായിരുന്നു. വിദേശ മെത്രാന്റെ ആജ്ഞാനുസരണം സ്വന്തം സമുദായത്തെ മറക്കാൻ പോന്ന തറവാടിത്തമായിരുന്നില്ല മാണിക്കത്തനാരുടേത്. സഭാ പൈതൃകത്തേക്കാൾ വലുതല്ല സഭാധികാരി എന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ലവിഞ്ഞിനെ വേദനയോടെ അനുസരിക്കുകയും എതിർക്കേണ്ടത് എതിർക്കുകയും ചെയ്തു. 1896-ൽ സ്വദേശി മെത്രാന്മാർ ഉണ്ടായപ്പോൾ സമുദായത്തിന്റെ മുടിചൂടാമന്നനായിരുന്ന നിധീരിക്കലച്ചൻ പുറംതള്ളപ്പെട്ടു. സഭാ ചരിത്രകാരനായ റവ. ഡോ. സേവ്യർ കൂടപ്പുഴ എഴുതിയിരിക്കുന്നതുപോലെ "ക്ഷുഭിതരായ ജനങ്ങളെ അനുരഞ്ജിപ്പിക്കുകയാണ് അദ്ദേഹം ആദ്യം ചെയ്തത്. ആദ്യം അനുസരിക്കുവാനും അതിനുശേഷം ന്യായമാർഗ്ഗങ്ങളിലൂടെ പ്രതിഷേധിക്കുവാനുമാണ് അദ്ദേഹം അവരോട് ആവശ്യപ്പെട്ടത്. സമുദായത്തിനുവേണ്ടി സഹിക്കാവുന്നതത്രയും അദ്ദേഹം സഹിച്ചു."

സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ സംഘടനാത്മകമായ ഒരു കാലഘട്ടത്തിന്റെ രത്നചുരുക്കം നിധീരിക്കൽ മാണിക്കത്തനായിരുന്നു. അതാണ് അദ്ദേഹം ജനഹൃദയങ്ങളിൽ ശാശ്വത പ്രതിഷ്ഠ നേടിയതിന്റെ അടിസ്ഥാനം. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി എഴുതിയിരിക്കുന്നതുപോലെ "സർവ്വജ്ഞപീഠം അവകാശപ്പെടത്തക്കവിധം ബഹുവിദ്യാവല്ലഭനും ബഹുഭാഷാപണ്ഡിതനുമായിരുന്നു അദ്ദേഹം. അക്കാലത്ത് അറിഞ്ഞിരിക്കേണ്ട എല്ലാവിഷയങ്ങളും പ്രസ്ഥിതമാക്കിയിരുന്നു. അങ്ങനെ സംഭരിച്ച അറിവിൽ നിന്നും ഊട്ടിവളർത്തിയ നിരുപമമായ തന്ത്ര കൗശലവുമായിട്ടാണ് അദ്ദേഹം സുറിയാനിക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പടക്കളത്തിലിറങ്ങിയത്. ഐതിഹാസികമായ ആ സമരത്തെ ആയുഷ്ക്കാലം മുഴുവൻ നയിച്ചു വിജയാശ്ലിഷ്ടമാക്കിതീർത്ത മഹാനാണ് മാണിക്കത്തനാർ. നയിക്കാൻ അദ്ദേഹം ഒറ്റയാളെ ഉണ്ടായിരുന്നുള്ളു. മറ്റെല്ലാവരും അനുയായികൾ മാത്രമായിരുന്നു."

നിധീരിക്കൽ മാണിക്കത്തനാരുടെ വ്യക്തി വൈശിഷ്ട്യം എന്താണെന്ന് നിർവ്വചിക്കുക സാദ്ധ്യമല്ല. അദ്ദേഹം ഒരുവലിയ പ്രഭാഷകനായിരുന്നു. സുറിയാനിക്കാർക്ക് പ്രത്യേകമായുള്ള പ്രശ്നങ്ങൾ മാത്രമല്ല മാണിയച്ചൻ കൈകാര്യം ചെയ്തിരുന്നത്. പല സഭകളിൽപെട്ട മാർത്തോമ്മാ ക്രിസ്ത്യാനികൾ യോജിച്ച് സമുദായോദ്ധാരണത്തിനായി പ്രവർത്തിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. സർവ്വപ്രധാനമായി നിധീരിക്കലച്ചൻ ഒരുവലിയ മനുഷ്യസ്നേഹിയായിരുന്നു. വിഷമസന്ധിയിൽ അകപ്പെട്ടിരുന്ന ആരെയും സഹായിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഡോ. പി.

www.malankaralibrary.com

ജെ. തോമസ് 1954 ജൂൺ 20-ന് ദീപിക പത്രത്തിൽ എഴുതിയിരിക്കുന്നു. "ബഹു. മാണിയച്ചൻ ചരിത്രകാരനെന്ന് പറയുന്നതിനേക്കാൾ അദ്ദേഹം തന്റെ കാലത്തെ ചരിത്രം രൂപീകരിച്ചെന്ന് പറയുന്നതായിരിക്കും ശരി."

ശെമ്മാശനായിരിക്കുമ്പോൾ പാദ്രുവാദോ ഗോവർണ്ണദോറുടെ സെക്രട്ടറിയായി പ്രവർത്തനം ആരംഭിച്ചു. അന്ന് വെറും 19 വയസ്സുമാത്രമാണുണ്ടായിരുന്നത്. തുടർന്ന് 12 വർഷക്കാലം ആ ജോലി തുടർന്നു. സെക്രട്ടറിയായിരിക്കുമ്പോൾ അദ്ദേഹം ചെയ്ത സേവനങ്ങൾ നമ്മെ അത്ഭുതപരതന്ത്രരാക്കും. ഗോവർണ്ണദോറുടെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തുക, പള്ളികളിൽ വികാരിമാരെ നിയമിക്കുക അവരെ നീക്കുക, പള്ളികളിലെ കണക്കും തിരട്ടും പരിശോധിക്കുക, പള്ളിക്കേസ്സുകൾ നടത്തുക, തിരുനാളുകൾ അനുവദിക്കുക ഇതെല്ലാം മാണിശെമ്മാശന്റെ ചുതലയായിരുന്നു. സെമിനാരിയിൽ ഇതേകാലയളവിൽ മലയാളവും ഇംഗ്ലീഷും പഠിപ്പിക്കുന്നതിനും സമയം കണ്ടെത്തി. പന്ത്രണ്ടുവർഷം കൊണ്ട് കേരളക്കരയിൽ വ്യാപകമായ അംഗീകാരവും ആദരവും നേടിയെടുക്കുവാൻ മാണി ശെമ്മാശനുകഴിഞ്ഞു. കേരളസഭ ഒന്ന് എന്ന ആശയം അദ്ദേഹത്തിന്റെ മനസ്സിൽ വേരോടി. വ്യത്യസ്ത പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതരീതികളുമായി പരിചയിച്ചു. രാജാക്കന്മാർ ഉൾപ്പെടെയുള്ള അധികാരികളുമായി സൗഹൃദം സ്ഥാപിച്ചു. റീത്തുഭേദമില്ലാതെ വൈദികനേതാക്കന്മാരുമായി നിരന്തരം ബന്ധപ്പെട്ടു. അങ്ങനെ എല്ലാവരുടെയും പ്രിയങ്കരനായി. 12 വർഷത്തെ സെക്രട്ടറി ഉദ്യോഗത്തിനു ശേഷം മാണിക്കത്തനാർ വൈദിക പഠനത്തിലേർപ്പെട്ടു.

പൗരോഹിത്യ സ്വീകരണത്തിനുശേഷം കുറവിലങ്ങാട് പള്ളി വികാരിയായി ഭരണഭാരം ഏറ്റെടുത്തു. കുറവിലങ്ങാട് താമസമാക്കിയിരുന്ന ഏലിയാസ് മേലൂസ് ശീശ്മ മെത്രാന്റെ പ്രവർത്തനങ്ങൾ നിർവീര്യമാക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ആദ്യം ശ്രമിച്ചത്. മേലൂശിനെ നിരായുധനാക്കി നാടുകടത്താൻ മാണിക്കത്തനാർക്ക് കഴിഞ്ഞു. പിന്നീട് സുറിയാനി ക്രിസ്ത്യാനികൾക്ക് സ്വദേശിമെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടിയാണ് ശ്രമിച്ചത്. വലിയ ഒരു സ്വാതന്ത്ര്യ ബോധത്തിന്റെ ഉടമയായിരുന്നു മാണിക്കത്തനാർ. സഭയിലെ വിദേശമേധാവിത്വം കേരളസഭയുടെ വികാസത്തിന് തടസ്സമാണെന്ന് അദ്ദേഹം കണ്ടറിഞ്ഞു. സ്വാതന്ത്ര്യവും വ്യക്തിത്വവും അത്യന്തം വിലപ്പെട്ടതാണെന്ന സന്ദേശം സ്വന്തം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ മാണിക്കത്തനാർ ശ്രമിച്ചു. കേരള സഭയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ലോംഗ് മാർച്ചിന് അദ്ദേഹം തുടക്കം കുറിച്ചു. മാണിക്കത്തനാരുടെ ഈ നീക്കങ്ങളിൽ ബിഷപ്പ് ലവീഞ്ഞിന് അത്രതാല്പര്യമില്ലായിരുന്നു. എങ്കിലും 1989 സെപ്റ്റംബർ 8-ാം തീയതി രൂപതയുടെ വികാരി ജനറാളായി മാണിക്കത്തനാരെ ബിഷപ്പ് ലവീഞ്ഞ് നിയമിച്ചു. റോസ് നിറത്തിലുള്ള പട്ടുളോഹ ധരിക്കാനും, മെത്രാന്മാർ ധരിക്കുന്ന മുതലവായൻ തൊപ്പിയും കുരി

www.malankaralibrary.com

ശുമാലയും അംശവടിയും ഉപയോഗിക്കാനും പൊന്തിഫിക്കൽ കുർബ്ബാന ചെല്ലുവാനും ചെറിയപട്ടങ്ങൾ നൽകുവാനുമുള്ള അധികാരങ്ങളും വികാരി ജനറാളിന് ബിഷപ്പ് ലവീഞ്ഞ് നൽകി.

മാണിക്കത്തനാരെ വികാരി ജനറാളായി നിയമിച്ചതിൽ രൂപതയിലെ ജനങ്ങൾ പൊതുവേ ആഹ്ലാദഭരിതരായി. 1889 നവംബർ 14-ന് പാലായിൽ വച്ച് നടത്തപ്പെട്ട പൊന്തിഫിക്കൽ കുർബ്ബാനയിൽ പങ്കെടുക്കുവാൻ പതിനായിരങ്ങൾ വന്നുചേർന്നു. കോട്ടയം വികാരിയാത്തിന്റെ വികാരി ജനറാളായ മാണിക്കത്തനാരെ പാലായിൽ പൊന്തിഫിക്കൽ കുർബ്ബാന അർപ്പിക്കുവാൻ പ്രേരിപ്പിച്ചത് മറ്റൊരു സംഗതിയായിരുന്നു. തൊണ്ടനാട് അന്തോനി മെത്രാന്റെ ഷിദ്മത്തിന്റെ നാശം ലക്ഷ്യമാക്കിയായിരുന്നു പാലാ പൊന്തിഫിക്കൽ കുർബ്ബാനക്ക് തിരഞ്ഞെടുത്തത്. മെത്രാനല്ലെങ്കിലും തങ്ങളുടെ ജാതിയിൽ നിന്നും ഒരു വൈദികൻ ആദ്യമായി മെത്രാന്റെ വേഷഭൂഷാദികളോടുകൂടി പൊന്തിഫിക്കൽ കുർബ്ബാന അർപ്പിക്കുന്നത് കാണുവാൻ സംഘം സംഘമായി ആളുകൾ പാലായിൽ എത്തിച്ചേർന്നു. അനതിവിദൂരമായ ഭാവിയിൽ സ്വജാതി മെത്രാനെ ലഭിക്കാൻ പോകുന്നതിന്റെ സൂചനയായി ഈ സംഭവത്തെപരിഗണിച്ചു. ജനങ്ങളുടെ ഈ ആവേശം ബിഷപ്പിൽ പല സംശയങ്ങളും ഉളവാക്കി. പൊന്തിഫിക്കൽ കുർബ്ബാനയർപ്പിച്ച മാണിക്കത്തനാർക്ക് വികാരിയാത്തിന്റെ പല ഭാഗങ്ങളിലും ഗംഭീര സ്വീകരണങ്ങൾ നൽകി. ഇതൊന്നും ലവീഞ്ഞ് മെത്രാന് സഹിക്കത്തക്കതായിരുന്നില്ല. ഒരു മേലധികാരിയും തന്നേക്കാൾ വലിയ സഹായിയെ ഇഷ്ടപ്പെടുകയില്ലല്ലോ. മെത്രാനുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ രൂക്ഷമായപ്പോൾ തന്നെ വികാരി ജനറാൾ സ്ഥാനത്തുനിന്നും ഒഴിവാക്കണമെന്ന് മെത്രാനോടഭ്യർത്ഥിച്ചു. മെത്രാൻ അത് സ്വീകരിക്കുകയും മാണിക്കത്തനാർക്ക് നൽകിയ മുതലവായൻ തൊപ്പിയും കുരിശും മാലയും അംശവടിയും തിരികെ വാങ്ങുകയും ചെയ്തു.

മേലൂശ് ശീശ്മയേയും റോക്കീസ് ശീശ്മയെയും കെട്ടുകെട്ടിച്ച മാണിക്കത്തനാർ നസ്രാണിക്രൈസ്തവരുടെ ഐക്യത്തിനുവേണ്ടി 1882 മുതൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. മാർ ദിവന്ന്യാസിയോസിന്റെ സഹകരണം പുനരൈക്യ പ്രവർത്തനങ്ങൾക്കുണ്ടാകുമെന്ന് മാണിക്കത്തനാർ പ്രതീക്ഷിച്ചു. അതു നടന്നില്ല. വ്യക്തിപരമായ സമ്പർക്കത്തിലൂടെ കഴിയുന്നത്ര വൈദികരേയും അവരോടൊപ്പം അൽമായരെയും പുനരൈക്യത്തിലേയ്ക്ക് ആനയിച്ച് പുനരൈക്യപ്രസ്ഥാനം ശക്തിപ്പെടുത്തുവാൻ ശ്രമിക്കുകയും അതിനായി നിരവധി ക്ലേശങ്ങൾ സഹിക്കുകയും ചെയ്തു.

നസ്രാണി ക്രിസ്ത്യാനികളുടെ ഐക്യത്തിനായി ഒരു വേദികെട്ടിപ്പെടുക്കണമെന്ന ആശയം 1882-ൽ തന്നെ മാണിക്കത്തനാർ പുറപ്പെടുവിച്ചു. അതിനുവേണ്ടി കഠിനമായി അദ്ധ്വാനിച്ചു. ജാത്യൈക്യസംഘം എന്ന പേരിൽ

www.malankaralibrary.com

ഒരു പ്രസ്ഥാനം കെട്ടിപ്പെടുക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. പുത്തൻ കൂറ്റുകാരെയും പഴയകൂറ്റുകാരെയും തമ്മിൽ യോജിപ്പിക്കുക, അവരുടെ സമഗ്ര പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക എന്നതായിരുന്നു ജാത്യൈക്യസംഘത്തിന്റെ ലക്ഷ്യം. മാണിയച്ചന്റെ ഭാവനയ്ക്കൊത്ത് ജാത്യൈക്യസംഘം വളർന്നില്ല. ആത്മാക്കളെ ക്രിസ്തുവിനായി നേടുകയെന്ന തീവ്രമായ അഭിലാഷത്തിൽ നിന്നാണ് ഏകതൊഴുത്തും ഏക ഇടയനുമെന്ന ക്രിസ്തുവിന്റെ ആഗ്രഹം നിറവേറ്റുവാൻ മാണിയച്ചനെ പ്രേരിപ്പിച്ചത്. സമുദായ ഐക്യത്തിനായുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ പ്രകടനങ്ങൾക്കോ പ്രശസ്തിക്കോ വേണ്ടിയുള്ളതായിരുന്നില്ല. ദൈവസന്നിധിയിൽ പ്രാർത്ഥനാധൂപമായി സദാ ഉയർന്നിരുന്ന ഹൃദയാഭിലാഷമായിരുന്നു. മാണിക്കത്തനാരെന്ന വലിയ മനുഷ്യന്റെ ശിശുസഹജമായ ദൈവാശ്രയബോധമാണ് എല്ലാ പ്രയത്നങ്ങൾക്കും അടിത്തറപാകിയത്.

## ആലോചനാ യോഗം

കേരളീയ യാക്കോബായ സഭ അക്കാലത്ത് കർമ്മകുശലനും കുശാഗ്രബുദ്ധിയുമായ പുലിക്കോട്ട് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിലായിരുന്നു. മാണിക്കത്തനാരുടെ ആപ്തമിത്രമായിരുന്നു മെത്രാപ്പോലീത്താ. പുത്തൻ കൂറ്റുകാരെന്നും പഴയകുറ്റുകാരെന്നും രണ്ടായ കേരള സുറിയാനി ക്രൈസ്തവർക്ക് ഒരു പൊതുസംഘടന ഉണ്ടാക്കുന്നതിലായിരുന്നു ഇവരുടെ ആലോചന. എന്നാൽ യാക്കോബായ - മാർത്തോമ്മാ സഭകൾ തമ്മിലുള്ള വ്യവഹാരം ഇതിന് തടസ്സമായിരുന്നു. ഒടുവിൽ സുറിയാനിക്കാരും യാക്കോബാക്കാരും ചേർന്ന് ജാത്യൈക്യസംഘത്തിന് രൂപം നൽകി.

കൊച്ചിയിൽ 1882-ൽ സമ്മേളിച്ച ആലോചനാ യോഗത്തിൽ ഇന്ത്യാ വൈസ്രോയി, മദ്രാസ്സ് ഗവർണ്ണർ, തിരുവിതാംകൂർ കൊച്ചിമഹാരാജാക്കന്മാർ എന്നിവർ രക്ഷാധികാരികളായി നസ്രാണിജാത്യൈക്യ സംഘം ഉടലെടുത്തു. കൊച്ചി സന്ദർശിച്ച മദ്രാസ് ഗവർണ്ണർ പുതിയസംഘടനക്ക് ഭാവുകങ്ങൾ നേർന്നു. സുറിയാനിസമുദായത്തിന്റെ സമഗ്രപുരോഗതിക്ക് ഉപകരിക്കത്തക്ക പദ്ധതികളായിരുന്നു സംഘത്തിന്റേത്. കോട്ടയത്ത് ഒരു കോളേജ്, പള്ളികൾതോറും മലയാളം ഇംഗ്ലീഷ് സ്കൂളുകൾ (വനിതാ വിദ്യാലയങ്ങൾ ഉൾപ്പെടെ) ഗ്രന്ഥശാലകൾ, വ്യാപാരശാലകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ധാന്യപ്പുരകൾ, സഹകരണ ബാങ്കുകൾ ഇവ തുടങ്ങുന്നതിനും സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും വായ്പകളും നൽകുന്നതിനുമുള്ള വ്യവസ്ഥകളും സംഘത്തിന്റെ പ്രവർത്തനപരിപാടികളിൽ ഉൾപ്പെട്ടിരുന്നു. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ പണം ശേഖരിക്കുവാൻ ഭാഗ്യക്കുറി പ്രസ്ഥാനമാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്.

www.malankaralibrary.com

ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ മാണിയച്ചനും ആലപ്പുഴവന്ന് സമ്പന്നനായ ഡാറാസായ്പും ആയുള്ള സൗഹൃദം സഹായിച്ചു. മാർ ദിവന്ന്യാസോസും മാണിയച്ചനും ചേർന്ന് സംഘത്തിനുവേണ്ടി 22 ഏക്കർ വരുന്ന വുഡ്ലാന്റ് എസ്റ്റേറ്റ് (കോട്ടയത്ത് എം.ഡി. സെമിനാരിയും, മലയാളമനോരമയും, ബസേലിയോസ് കോളേജും മറ്റുമിരിക്കുന്ന സ്ഥലം) ക്രോഫോർട്ട് സായ്പ്പിന്റെ മുക്ത്യാർ നാമാവായ ഡാറാ വഴികുറഞ്ഞവിലയ്ക്ക് വാങ്ങി. ഡാറപ്രസ്തുത സ്ഥലം 3500 രൂപയ്ക്ക് നൽകുകയും കോളേജ് സ്ഥാപിക്കുന്നതിനായി 20,000 രൂപാ സംഭാവന ചെയ്യുന്നതിന് സമ്മതിക്കുകയും ചെയ്തു. 1886 മാർച്ച് 24-ാം തീയതിയാണ് മാർ ദിവന്ന്യാസോസും മാണിക്കത്തനാരും കൂടി എഴുതി വാങ്ങിച്ചത്. ഈ സ്ഥലത്തിന്റെ വില 3544 ബ്രി. രൂപാ 14 പൈസാ എന്നാണ് ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ ഇന്ന് എന്ന ചരിത്രഗ്രന്ഥത്തിൽ (പേജ് 126) രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ 128, 129 പേജുകളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "ജാത്യൈക്യസംഘത്തിനുവേണ്ടി കോട്ടയം വികാരിയാത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും പിരിവ് എടുത്തിരുന്നു. ചങ്ങനാശ്ശേരിയിൽ നിന്നും മൊത്തം പിരിഞ്ഞുകിട്ടിയത് 1875 രൂപാ മൂന്നു ചക്രമാണെന്ന് വി.സി.ജോർജ്ജ് നിധീരിക്കൽ മാണിക്കത്തനാർ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിരിവിൽ അധികഭാഗവും കത്തോലിക്കാ പക്ഷത്തുനിന്നുമാണ് ലഭിച്ചത്. ഈ സ്ഥലത്ത് മാണിയച്ചൻ ഒരു ബംഗ്ലാവ് പണിയിച്ചു. അതാണ് മനോരമ ആഫീസ് ഇപ്പോൾ ഇരിക്കുന്ന കെട്ടിടം. കോട്ടയത്ത് പല കാര്യങ്ങൾക്കായി വരുന്ന വൈദികർക്ക് അന്ന് താമസിക്കാൻ ഒരു സ്ഥലമില്ലായിരുന്നു. ഇങ്ങനെവരുന്നവർക്ക് താമസിക്കുവാൻവേണ്ടികൂടിയാണ് ഈ ബംഗ്ലാവ് നിർമ്മിച്ചത്."

ജാത്യൈക്യ സംഘത്തോട് ഡാറാ സായിപ്പിനുണ്ടായിരുന്ന താൽപര്യം നിമിത്തം അതിന്റെ പ്രവർത്തനത്തിനായി 20000 രൂപാ സംഭാവന ചെയ്യാമെന്ന് അദ്ദേഹം സമ്മതിച്ചിരുന്നു. ആ സംഖ്യയിൽ ഒരു ഭാഗം മാർ ദിവന്ന്യാസിയോസ്, സായ്പിൽ നിന്ന് വാങ്ങി പഴയസെമിനാരിക്കേസ്സിനു വേണ്ടി ചിലവഴിച്ചു.

കോട്ടയം വികാരിയാത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ അതിന്റെ ആസ്ഥാനം കോട്ടയത്തേക്ക് മാറ്റുവാൻ ബിഷപ്പ് ലവീഞ്ഞ് തീരുമാനിച്ചു. കോട്ടയം കളക്ടറേറ്റിന് പടിഞ്ഞാറുവശത്തുള്ള മാണി തോമസിന്റെ ബംഗ്ലാവ് വാടകക്കെടുത്ത് അതിൽ പിതാവ് താമസമാരംഭിച്ചു. ഫാ. നിധീരി, ഫാ. ജോസഫ്, ഫാ. ലൂയിസ് പഴേപ്പറമ്പിൽ എന്നിവർ ജാത്യൈക്യസംഘം ഓഫീസിലും സന്യാസവൈദികനായിരുന്നതിനാൽ ഫാ. അലക്സാണ്ടർ മാന്നാനം കൊവേന്തയിലും താമസിച്ചിരുന്നു.

ഇതിനിടെ ജാത്യൈക്യസംഘം സംബന്ധിച്ച നിയമാവലിയുടെ

www.malankaralibrary.com

നക്കൽ മാണിയച്ചൻ തയ്യാറാക്കി. 1887 ജൂൺ 23-ാം തീയതി അംഗീകാരത്തിനായി റോമിലേക്കയച്ചു. ഡെലഗേറ്റ് അപ്പസ്തോലിക്കാമാരായിരുന്ന അല്ലിയാർദ്ദിയും അബ്ദത്തിയും ഈ നക്കൽ അംഗീകരിച്ചു. 1888 നവംബറിൽ പ്രൊപ്പഗാന്താ തിരുസംഘം അത് ലവീഞ്ഞ് മെത്രാന്റെ അഭിപ്രായത്തിനായി അയച്ചുകൊടുത്തു. ബിഷപ്പ് അത് അംഗീകരിച്ചില്ല. മാണിയച്ചനും മറ്റ് കത്തോലിക്കാ വൈദികരും വുഡ്ലാന്റ് ബംഗ്ലാവിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ അസുഖകരമായ ഒരു സംഭവമുണ്ടായി. ഒരു യാക്കോബായ വൈദികൻ ഭാര്യസമേതം അവിടെ താമസിക്കുവാനെത്തി. ഈ സ്ഥാപനത്തിൽ യാക്കോബായപക്ഷത്തിനുള്ള അവകാശം ഉറപ്പിക്കുന്നതിനുവേണ്ടിയായിരുന്നു ആ വൈദികന്റെ ശ്രമം. ഈ ശ്രമം അറിഞ്ഞയുടനെ കത്തോലിക്കാ വൈദികരെല്ലാവരും അവിടം വിട്ടുപോകണമെന്ന് ലവീഞ്ഞ് ബിഷപ്പ് കൽപ്പിച്ചു. അതനുസരിച്ച് ആലോചനാസംഘങ്ങൾ എല്ലാവരും എടക്കാട്ട് പള്ളിയിൽ പോയിതാമസിച്ചു. അവർക്കെല്ലാവർക്കും താമസിക്കുവാനുള്ള സൗകര്യം അവിടെയുണ്ടായിരുന്നില്ല.

1888 ഡിസംബർ 18 മുതൽ 20 വരെ ലവീഞ്ഞ് മെത്രാൻ ചങ്ങനാശ്ശേരി പള്ളിയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. 100-ൽ പരം പള്ളികളിലെ വികാരിമാരും കൊവേന്തകളുടെ തലവന്മാരും സെമിനാരികളിലെ റെക്ടർമാരും പങ്കെടുത്ത ഈ സുനഹദോസ് ചങ്ങനാശ്ശേരി സൂനഹദോസ് എന്നാണ് അറിയപ്പെട്ടത്. വികാരിയാത്തിലെ ദൈവജനത്തിന്റെ ആദ്ധ്യാത്മിക നവോത്ഥാനം ലക്ഷ്യമാക്കി വീണ്ടും മെത്രാൻ വിളിച്ചുചേർത്ത ഈ സുനഹദോസിൽ പലകാര്യങ്ങളെപ്പറ്റിയും തീരുമാനമെടുത്തു.

ഈ സുനഹദോസിനെപ്പറ്റി ചങ്ങനാശ്ശേരി അതിരൂപതാ ചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "ഈ സൂനഹദോസിൽ തീർത്തും സന്തോഷകരമല്ലാത്ത ഒരു സംഭവം കൂടിയുണ്ടായി. പുത്തൻകൂറ്റുകാരുമായി മാണിയച്ചൻ ഉണ്ടാക്കിയ കൂട്ടുകെട്ടിനെയും തന്മൂലം ഉണ്ടായ തിക്താനുഭവങ്ങളെയും മനസ്സിൽ വെച്ചുകൊണ്ട് ബിഷപ്പ് മാണിയച്ചനെ കഠിനമായി വിമർശിച്ചു പ്രസംഗിച്ചു. ഈ സംഭവം മാണിയച്ചനെ മാത്രമല്ല സുനഹദോസിൽ സംബന്ധിച്ചിരുന്ന പലരെയും വളരെ ദുഃഖിപ്പിച്ചു. മാണിയച്ചൻ ബിഷപ്പുമായി അകലുവാൻ ഇതുകാരണമാവുകയും ചെയ്തു. ജാത്യൈക്യസംഘം സംബന്ധിച്ചുണ്ടായ സാമ്പത്തിക നഷ്ടങ്ങൾക്കും പരാജയങ്ങൾക്കും കാരണക്കാരൻ മാണിയച്ചൻ ആണെന്ന് ധരിച്ചിട്ടായിരിക്കും ബിഷപ്പു മാണിയച്ചനെ ഇപ്രകാരം വിമർശിച്ചത്."

ഈ സംഭവം മാണിയച്ചനെ രോഷാകുലനാക്കി. എങ്കിലും ബിഷപ്പിനോട് മാണിയച്ചൻ ബഹുമാനപൂർവ്വം തന്നെ പ്രവർത്തിച്ചു. യാക്കോബായ മെത്രാനുമായി മാണിയച്ചൻ ഉണ്ടാക്കിയ കൂട്ടുകെട്ട് അനുഭവങ്ങളുടെ വെളിച്ചത്തിൽ ബിഷപ്പിന് ഒരു നഷ്ടകരമായി തോന്നിയെങ്കിലും യാക്കോബായ

www.malankaralibrary.com

ക്കാരുടെയിടയിൽ മാണിയച്ചൻ നടത്തുന്ന പുനരൈക്യശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചിരുന്നു. പുനരൈക്യപ്പെട്ട് സഭയിൽ ഉറച്ചുനിന്നവരെ ബിഷപ്പ് സഹായിക്കുകയും ചെയ്തു.

ആറു വൈദികരും ഒരു ശെമ്മാശ്ശനുമാണ് ആദ്യം കത്തോലിക്കാസഭയിലേയ്ക്ക് തിരിച്ചുവന്നത്. ശെമ്മാശ്ശൻ മാർ ദിവന്ന്യാസോസിന്റെ സഹോദര പുത്രനായിരുന്നുവെന്ന വസ്തുത പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. പുലിക്കോട്ടിൽ മാർ ദിവന്ന്യാസിയോസ് കത്തോലിക്കാ സഭയിലേയ്ക്ക് തിരിച്ചുവരുമെന്നുതന്നെയാണ് നിധീരിക്കലച്ചൻ വിശ്വസിച്ചിരുന്നത്. മാർ ദിവന്ന്യാസിയോസിനെയും അദ്ദേഹത്തോടൊപ്പം നിലകൊണ്ട യാക്കോബായക്കാരെയും കത്തോലിക്കാ സഭയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള മാർഗ്ഗമായിട്ടാണല്ലോ ജാത്യൈക്യസംഘത്തിന് രൂപംകൊടുത്തത്. മാർ ദിവന്ന്യാസോസ് കത്തോലിക്കാസഭയിലേക്ക് തിരിച്ചുവരുവാൻ ആദ്യകാലത്ത് ആഗ്രഹിച്ചിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ വിവരം കത്തു മൂലവും നേരിട്ടും അദ്ദേഹം ദലഗാദ് അപ്പസ്തോലിക്കായെ അറിയിക്കുകയും ചെയ്തിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാ ചരിത്രഗ്രന്ഥം ഒന്നാം ഭാഗത്ത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. (പേജ് 131) "ഈ പ്രത്യാഗമന താല്പര്യത്തിന് ഒരു പ്രധാന കാരണം പഴയ സെമിനാരി കേസ്സായിരുന്നു. കേസ്സ് തോറ്റാൽ തന്റെ പക്ഷത്തിന് സകലതും നഷ്ടപ്പെടുമെന്നും അപ്പോൾ കത്തോലിക്കാ സഭ ഒരു സാങ്കേതമായിരിക്കട്ടെയെന്നും അദ്ദേഹം കരുതിയിരുന്നു. ഭാഗ്യവശാൽ കേസ്സ് മാർ ദിവന്ന്യാസോസിന് അനുകൂലമായി പരിണമിച്ചു. അതോടുകൂടി പുനരൈക്യത്തിനുള്ള താല്പര്യവും കുറഞ്ഞു. കത്തോലിക്കർക്കുകൂടി അവകാശപ്പെട്ട വുഡ്ലാന്റ് എസ്റ്റേറ്റിന്റെ ഒരു ഭാഗമെങ്കിലും കിട്ടുവാൻ മാണിയച്ചൻ ചെയ്ത പരിശ്രമങ്ങൾ പരാജയപ്പെടുകയാണുണ്ടായത്."

## ജാത്യൈക്യസംഘത്തിന്റെ നിയമാവലി

സമ്പൂർണ്ണ ജനാധിപത്യശൈലിയിൽ രൂപംകൊടുത്ത ഒരു സമഗ്രവികസനപദ്ധതിയാണ് ജാത്യൈക്യസംഘം നിയമാവലിയിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുക. പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് നിധീരിക്കലച്ചനും ജാത്യൈക്യസംഘവും എന്ന കൃതിക്ക് എഴുതിയ അവതാരികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇന്ന് എക്യുമിനിസത്തിന്റെ കാലമാണെന്നു പറയാം. ആഗോളതലത്തിൽ തന്നെ എക്യുമെനിസം അവ്യക്തമായ ഒരു വിദൂരസ്വപ്നം മാത്രമായിരുന്ന കാലത്ത് കേരളത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരേവേദിയിൽ അണിനിരത്തുവാൻ വേണ്ടി യത്നിച്ച മാണികത്തനാരുടെ പരിശ്രമങ്ങൾ അത്ഭുതകരമായിരുന്നുവെന്ന് നമ്മുക്ക് മനസ്സിലാക്കാം. അദ്ദേഹം രൂപീകരിച്ച ജാത്യൈക്യസംഘത്തിന്റെ പ്രവർ

www.malankaralibrary.com

ത്തനങ്ങൾ മുന്നോട്ടു നീങ്ങിയിരുന്നുവെങ്കിൽ നസ്രാണി ക്രൈസ്തവരുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. ഭാരതം ബ്രിട്ടീഷ് സർവ്വാധിപത്യത്തിൻ കീഴിലും നാട്ടുരാജ്യങ്ങൾ രാജാക്കന്മാരുടെ ഏതാധിപത്യഭരണക്രമത്തിലും കഴിഞ്ഞിരുന്ന പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സമ്പൂർണ്ണമായ ഒരു ജനാധിപത്യക്രമം സ്വപ്നം കാണുകയും അതിന് വിശദാംശങ്ങളോടുകൂടിയ ഒരു നിയമാവലി എഴുതിയുണ്ടാക്കുകയും ചെയ്ത പ്രതിഭാശാലി എന്ന നിലയിൽ നിധീരിക്കൽ മാണക്കത്തനാർ മറ്റേന്തിനേക്കാളധികം പ്രശംസയർഹിക്കുന്നുവെന്ന് ജാത്യൈക്യസംഘത്തിന് അദ്ദേഹം എഴുതിയുണ്ടാക്കിയ നടപടി ക്രമങ്ങൾ വായിച്ചാൽ ആരും സമ്മതിക്കും. കേവലമൊരു ഭരണക്രമം മാത്രമല്ല ദരിദ്രരും അനാഥരും തൊഴിലില്ലാത്തവരുമുൾപ്പെടുന്ന ജനസഞ്ചയത്തിന് ആവശ്യമായ സംരക്ഷണം, തൊഴിൽദാനം, കൃഷിവികസനം, ന്യായവിലക്കടകൾ, വായ്പാസമ്പ്രദായങ്ങൾ, വിദ്യാഭ്യാസസൗകര്യങ്ങൾ, ബാങ്കിംഗ് എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളെയും സ്പർശിക്കുന്ന ഒരു സമഗ്രവികസനപദ്ധതിയും പ്രസ്തുത നിയമാവലിയിൽ എഴുതിച്ചേർത്തിരുന്നുവെന്നുള്ളത് അത്ഭുതകരമാണ്. ആധുനിക കാലഘട്ടത്തിലെ ഭരണകർത്താക്കൾക്കും പ്ലാനിംഗ് വിദഗ്ദ്ധർക്കും മാതൃകയാക്കാവുന്ന വിലപ്പെട്ട ഒരു രേഖയാണ് ജാത്യൈക്യസംഘം നിയമാവലിയെന്ന് ചുരുക്കിപ്പറയാം."

പേരു സൂചിപ്പിക്കുന്നതുപോലെ പഴയകൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും മറ്റുമുള്ള പേരുകളിൽ പലതായി പിരിഞ്ഞുപോയിരുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടിയുള്ള ഒരു സംഘടന എന്ന നിലയിലാണ് മാണക്കത്തനാർ ജാത്യൈക്യസംഘത്തെ വിഭാവനം ചെയ്തിരുന്നത്. നിയമാവലിയുടെ മുഖവുരയിൽ പറയുന്നതുപോലെ "മാർത്തോമ്മാ നസ്രാണികൾ എന്നു പ്രസിദ്ധരായിരിക്കുന്ന മലയാളത്തിലെ സുറിയാനിക്കാർ പഴയകൂറ്റുകാരെന്നും പുതിയകൂറ്റുകാരെന്നും പറയപ്പെടുന്ന മതസംബന്ധമായ ഒരു ഭാഗക്കാരായി പിരിഞ്ഞിട്ട് സന്ധിഭേദം എന്ന ഒരു ദേഹം പോലെ ബലം കുറഞ്ഞ രണ്ടു ഗണക്കാരായി തീർന്നിരിക്കുന്നു. എന്നു മാത്രമല്ല ജാത്യൈക്യതമൂലം വരേണ്ടുന്ന വിദ്യാഭ്യാസം, നാഗരികം, ഉദ്യോഗം മുതലായ സാമൂഹ്യസ്ഥിതിയിലെ ഉയർച്ചകളിൽ എത്രയും കുറവുള്ളവരായിരിക്കുകയും ചെയ്യുന്നു." ഈ ഭിന്നതകളും കുറവുകളും പരിഹരിക്കുന്നതിനുള്ള ഒരു സംവിധാനമാണ് ക്രാന്തദർശിയും സൂക്ഷ്മവിശകലന നിപുണനുമായ ആ സുദായസ്നേഹി രേഖപ്പെടുത്തിവച്ചിരിക്കുന്നത്. 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലെ കേരളക്രൈസ്തവ സമൂഹത്തിന്റെ സ്ഥിതി എന്തായിരുന്നു എന്നുകൂടി അറിഞ്ഞിരുന്നാലേ മാണിക്കത്തനാരുടെ പദ്ധതിയുടെ പ്രാധാന്യവും പ്രായോഗികതയും നമുക്ക് ഗ്രഹിക്കാനാവൂ.

കൂനൻ കുരിശുസത്യത്തെത്തുടർന്ന് രണ്ടായിപ്പിരിഞ്ഞ സുറിയാനി

www.malankaralibrary.com

ക്രിസ്ത്യാനികൾ അന്ത്യോഖ്യാ സുറിയാനിക്കാരെന്നറിയപ്പെടുന്ന യാക്കോബായ വിഭാഗവും കൽദായ സുറിയാനിക്കാരെന്നറിയപ്പെടുന്ന കത്തോലിക്കാ വിഭാഗവുമായി വേർപിരിഞ്ഞു. യാക്കോബായ വിഭാഗത്തിൽനിന്ന് മാർ ത്തോമ്മാ നവീകരണസഭയുണ്ടായി. കത്തോലിക്കാ വിഭാഗത്തിൽ മേലുശ് ശീശ്മയുളവാക്കിയ ഭിന്നത വളർന്നുവന്നു. ഇതിനിടയിൽ പ്രോട്ടസ്റ്റന്റ് സഭ കൾക്ക് തഴച്ചുവളരാൻ അവസരം ലഭിച്ചു. ഈ ഭിന്നതകൾക്ക് ഒരു പരി ഹാരം കണ്ടെത്തുകയായിരുന്നു നിധീരിക്കൽ മാണിക്കത്തനാരുടെ ലക്ഷ്യം. അന്ന് കേരളീയ യാക്കോബായ സഭയെ ഭരിച്ചിരുന്നത് കർമ്മകുശലനും കുശാഗ്രബുദ്ധിയുമായ പുലിക്കോട്ട് മാർ ദിവന്ന്യാസോസ് മെത്രാപ്പോലീത്താ യായിരുന്നു. മാണിക്കത്തനാരുടെ ആപ്തമിത്രവുമായിരുന്നു അദ്ദേഹം. അവ രിരുവരും ചേർന്ന് ആലോചിച്ചാണ് ജാത്യൈക്യസംഘം എന്ന ആശയത്തിന് രൂപം നൽകിയത്. ദൗർഭാഗ്യവശാൽ ഫലിക്കാതെപോയ ആ സുവർണ്ണസ്വ പ്നത്തിന്റെ ചിന്തോദ്ദീപകമായ ബാക്കിപത്രമാണ് മാണിക്കത്തനാർ എഴു തിയുണ്ടാക്കിയ ജാത്യൈക്യസംഘം നിയമാവലി. പ്രസ്തുത രേഖയുടെ ഉള്ളടക്കത്തിലേക്ക് ഒന്ന് കണ്ണോടിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഇന്ന് നമ്മുടെ രാഷ്ട്രീയ പാർട്ടികൾ വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും താലൂക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കമ്മിറ്റികളുണ്ടാക്കി പ്രവർത്തിക്കുന്നതുപോലുള്ള ഒരു സംവിധാനത്തിന് ജാത്യൈക്യസംഘം നിയമാവലിയിൽ രൂപം കല്പിച്ചിരിക്കുന്നു. ഓരോ കര കളിലുമുള്ള നസ്രാണികൾ എല്ലാവരും അംഗത്വമെടുത്ത് ഗ്രാമസാമാജിക സഭകളുണ്ടാക്കണം. ഓരോ ഗ്രാമസഭയ്ക്കും ഒരു രജിസ്റ്റർ പുസ്തകം വേണം. അതിൽ അവർ പേരെഴുതിക്കണം. ഒരു വിഭാഗം നസ്രാണികൾ മാത്രമുള്ളിടത്ത് ഇടവകാടിസ്ഥാനത്തിലാകാം ഗ്രാമസഭ. അവർ യോഗം ചേർന്ന് നാലോ, ആറോ, എട്ടോ, പത്തോ, പന്ത്രണ്ടോ കാര്യലോചനക്കാ രെയും ഒരു സെക്രട്ടറിയേയും ഒന്നിലധികം ഖജാൻജിമാരെയും ഉപസെക്ര ട്ടറിമാരെയും തിരഞ്ഞെടുക്കണം. ഇടയ്ക്കിടെ കൂടുന്ന യോഗങ്ങളുടെ തീരു മാനങ്ങൾ സെക്രട്ടറിമാർ ഒരു മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തണം. പ്രസ്തുത നിശ്ചയങ്ങൾ മേൽഘടകമായ പൊതുകമ്മിറ്റിയെ അറിയിക്കണം. ഖജാൻജിമാർ ആലോചനാസംഘത്തിന്റെ തീരുമാനങ്ങൾക്കനുസരിച്ച് സെക്ര ട്ടറിമാരുടെ അനുമതിയോടെ പണം സൂക്ഷിക്കുകയും ചെലവ് ചെയ്യുകയും കണക്കു സൂക്ഷിക്കുകയും വേണം.

ഇടവക-ഗ്രാമസമിതിക്കാർ മൂന്നോ നാലോ പ്രതിനിധികളെ അംഗ സംഖ്യക്കാനുപാതികമായി പൊതു കമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുത്തയയ്ക്ക ണം. പൊതു കമ്മിറ്റിയിൽ ഇരുവിഭാഗം നസ്രാണികൾക്കും തുല്യപ്രാതി നിധ്യം നൽകണം. ഇരുവിഭാഗത്തിൽനിന്നും സെക്രട്ടറിമാരും ഖജാൻജി മാരും ഉണ്ടായിരിക്കണം. കീഴ്ഘടകങ്ങളിൽനിന്നും എഴുതി സമർപ്പിക്കുന്ന

www.malankaralibrary.com

ആവശ്യങ്ങൾ ആലോചിച്ച് നടപ്പിൽ വരുത്തണം. എല്ലാ കമ്മറ്റികൾക്കും നിശ്ചിതകാലാവധിയുണ്ട്. ഒരു സാമാജികന് മൂന്നുവർഷത്തിലധികം ഒരു കമ്മറ്റിയിലോ ഒരു പദവിയിലോ ഇരുന്നുകൂടാ. ഒരു യോഗത്തിന് ഒരു സാമാജികന് സംബന്ധിക്കാൻ കഴിയാതെ വന്നാൽ അധികാരപത്രം നൽകി പകരക്കാരനെ അയയ്ക്കാം. ഒരാൾ മരിച്ചുപോകുകയോ അവശതയിലെത്തുകയോ ചെയ്താൽ പകരം ഒരാളെ തിരഞ്ഞെടുത്തു പൊതു കമ്മറ്റിയിലേയ്ക്കയക്കാൻ ഗ്രാമസഭക്കവകാശമുണ്ട്. അംഗങ്ങൾക്ക് വാർഷിക വരിസംഖ്യയും നിർണ്ണയിച്ചിട്ടുണ്ട്. അത് ഒരുമിച്ചോ തവണകളായിട്ടോ ആണ്ടുവർഷത്തിനുള്ളിൽ കൊടുത്തിരിക്കണം.

കോട്ടയത്താണ് സംസ്ഥാനകേന്ദ്രകമ്മിറ്റിയുടെ ആസ്ഥാനം, കോട്ടയത്ത് കേന്ദ്രകമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഒരു കോളേജ് സ്ഥാപിക്കണം. അതിൽ എല്ലാ ജാതിക്കാരെയും പഠിപ്പിക്കാം. പ്രിൻസിപ്പൽ നസ്രാണിയായിരിക്കണം. അദ്ധ്യാപകരിൽ ഭൂരിഭാഗം നസ്രാണികളായിരിക്കണം. മതവിരുദ്ധചിന്താഗതികൾ കടന്നുകൂടാതിരിക്കുന്നതിനുള്ള മുൻകരുതലാണിത്. ഇപ്രകാരം തന്നെ ഗ്രാമസഭകൾ സ്കൂളുകൾ സ്ഥാപിച്ചു നടത്തണം. അദ്ധ്യാപകരുടെ മേൽ കടുത്ത ശിക്ഷാനടപടികൾ എടുക്കേണ്ടിവന്നാൽ അത് കേന്ദ്ര സമിതിയെ അറിയിക്കണം. അദ്ധ്യാപകർക്ക് കേന്ദ്രകമ്മിറ്റിയിൽ അപ്പീൽ പോകാം. ഇരുഭാഗവും കേട്ട് കേന്ദ്രകമ്മിറ്റി തീരുമാനമെടുക്കും. കുട്ടികളിൽനിന്ന് കുറഞ്ഞഫീസേ ഈടാക്കാവൂ. തീരെ ദരിദ്രരായവർക്ക് സ്കോളർഷിപ്പ് നൽകണം. അതിന് ഒരു വിദ്യാഭ്യാസനിധി രൂപീകരിക്കണം. പ്രശസ്തവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ദരിദ്രാവസ്ഥയാണ് ഉള്ളതെങ്കിൽ ഇത്രകൊല്ലം കൊണ്ട് തിരിച്ചടക്കാമെന്ന വ്യവസ്ഥയിൽ വായ്പ നൽകാൻ സംവിധാനം വേണം. വിദേശത്തുനിന്നും സ്വദേശത്തുനിന്നും ലഭിക്കുന്ന വിദ്യാഭ്യാസ സഹായനിധിയും മറ്റു തുകകളും കൈകാര്യം ചെയ്യുന്നതിന് പൊതുകമ്മറ്റിയുടെ മേൽനോട്ടത്തിൽ ഒരു ബാങ്ക് ആരംഭിക്കണം. സ്കൂളുകളിൽ മലയാളത്തിനു പുറമേ ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, സുറിയാനി എന്നീ ഭാഷകൾ ഐച്ഛികമായി പഠിപ്പിക്കണം. ഗ്രാമക്കമ്മറ്റിക്കാർ നസ്രാണിക്കുട്ടികളുടെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഗ്രാമതലത്തിൽ ആൺ പള്ളിക്കൂടങ്ങളും പ്രത്യേകം സ്ഥാപിക്കാൻ ശ്രമിക്കണം. കോട്ടയത്ത് ഒരു കേന്ദ്ര വായനശാലയും സ്കൂളുകളോടു ചേർന്ന് ചെറുവായനശാലകളും ഉണ്ടാക്കണം.

ഇങ്ങനെ വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവ ദൗത്യവും സാംസ്കാരികാഭ്യുന്നതിയും ഒപ്പം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനുള്ള എല്ലാ പ്രായോഗിക നിർദ്ദേശങ്ങളും ജാത്യൈക്യസംഘം നിയമാവലിയിലുണ്ട്. ഇന്ത്യൻ ഭരണഘടന എഴുതപ്പെടുന്നതിന് എത്രയോ മുമ്പ് ന്യൂനപക്ഷവിദ്യാലയങ്ങളുടെ ആവശ്യകതയും ധർമ്മവും അതിൽ വെളിപ്പെടുത്തിയിരിക്കുന്നു. ലാഭേ

www.malankaralibrary.com

ച്ഛയല്ല പ്രേഷിത തീഷ്ണതയും സേവനതൃഷ്ണയുമാണ് അതിൽ പ്രതിബിംബിക്കുന്നത്. ക്രൈസ്തവദൗത്യം വിദ്യാഭ്യാസത്തിലൊതുങ്ങി നിൽക്കുന്നതല്ലെന്നും ജീവിതത്തിന്റെ സമസ്തമേഖലകളെയും ആശ്ലേഷിക്കുന്നതാണെന്നും തുടർന്ന് നിർദ്ദേശിക്കുന്ന വികസനപദ്ധതികളിൽ വ്യക്തമായിക്കാണാം.

ജാത്യൈക്യസംഘം പ്രാർത്ഥനാകേന്ദ്രീകൃതമായിരിക്കണമെന്ന ഉൾക്കാഴ്ചയോടുകൂടി കോളേജിനടുത്ത് വിവിധ ക്രൈസ്തവസഭാ വിഭാഗങ്ങൾ അവരവരുടേതായ ആരാധനാലയങ്ങൾ സ്ഥാപിക്കുവാൻ സ്ഥലവും സൗകര്യവും നൽകണമെന്നൊരു നിർദ്ദേശമാണ് തുടർന്ന് കാണുന്നത്. അനന്തരം ദൈവജനസേവനത്തിലാണ് ദൈവാരാധന പൂർത്തിയാകുന്നതെന്ന് ധ്വനിപ്പിക്കുന്ന പദ്ധതികൾ നിർദ്ദേശിക്കപ്പെടുന്നു. ആവശ്യമായി തോന്നുന്ന സ്ഥലങ്ങളിലെല്ലാം തന്നെ അനാഥശാലകൾ സ്ഥാപിച്ച് മാതാപിതാക്കളോ രക്ഷിതാക്കളോ ഇല്ലാത്ത കുട്ടികൾക്ക് അഭയവും സംരക്ഷണവും നൽകണമെന്ന് ഉൽബോധിപ്പിക്കുന്നു. അത് സംഘത്തിന്റെ ചെലവിൽ വേണമെന്ന് മാത്രമല്ല സർക്കാരിൽ നിന്ന് ഗ്രാന്റോ, സഹായങ്ങളോ ലഭിക്കാൻ ശ്രമിക്കണമെന്നും പറയുന്നു. എന്നുതന്നെയുമല്ല അനാഥക്കുട്ടികളെ വിദ്യയോ കൈത്തൊഴിലുകളോ അഭ്യസിപ്പിച്ച് സ്വയം പര്യാപ്തരാക്കിവിടണമെന്നും നിർദ്ദേശിക്കുന്നുണ്ട്.

ഇതിനോട് ചേർത്തു വായിക്കാവുന്ന മറ്റൊരു നിർദ്ദേശം മാണിക്കത്തനാരുടെ വാക്കുകളിൽത്തന്നെ ഇവിടെ പകർത്താം. "തങ്ങളുടെ ഉപജീവനത്തിന് വേല ചെയ്യുവാൻ അറിയാതെയും വേല കിട്ടാതെയും അനേകം നസ്രാണികൾ ദരിദ്രരായിട്ടു വലയുകയും അന്യജാതികൾക്ക് കീഴ്പ്പെടുകയും ചെയ്തുവരുന്നത് എത്രയും വ്യസനകരമായിരിക്കയാൽ സംഘച്ചിലവിന്മേൽ തക്ക സ്ഥലങ്ങളിൽ പലവിധമായ തൊഴിൽശാലകളെ ഉണ്ടാക്കി അതുകളിൽ കൈത്തൊഴിൽ വാദ്ധ്യാന്മാരെ അയയ്ക്കുകയും അതുകൾക്ക് വേണ്ടുന്ന അനുസാരികളെ ശേഖരിച്ച് കൊടുക്കുകയും മേല്പറഞ്ഞ പ്രകാരം തൊഴിലില്ലാതെ വലയുന്ന ജനങ്ങളെ അറിയിച്ചുവരുത്തി അവരുടെ ഉപജീവനത്തിന് വകയെടുത്തുകൊണ്ട് അതുകളിൽ വേല ചെയ്യിക്കുകയും അവരുടെ കൈത്തൊഴിലുകളാൽ ഉണ്ടാക്കുന്ന വകകളെ വിറ്റ് സംഘത്തിലേയ്ക്ക് മുതൽക്കൂട്ടുകയും ആവക തൊഴിൽശാലകളുടെ മേൽവിചാരം സ്കൂളുകളെക്കുറിച്ച് പറഞ്ഞപ്രകാരം കമ്മിറ്റിക്കാർ നടത്തുകയും ചെയ്യേണ്ടതുമാകുന്നു" ആധുനിക സർക്കാരുകൾക്കുപോലും കണ്ടെത്താനും ഭാവിക്കാനും കഴിയാത്ത ഒരു സ്വാശ്രയതൊഴിൽദാന പദ്ധതി.

അനന്തരം "ചെലവിന് വശമില്ലാതെയും കൈത്തൊഴിൽ ചെയ്യുന്നതിന് ദേഹശക്തിയില്ലാതെയും വരുന്ന നസ്രാണി അഗതികൾക്കായിട്ട് ധർമ്മശാലകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് പറയുന്നത്.

www.malankaralibrary.com

അത്തരം ധർമ്മശാലികൾ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വേണം. അവിടെ ജോലിക്ക് നിയമിക്കുന്നതും അതതു വർഗ്ഗക്കാരെത്തന്നെ യായിരിക്കുകയും വേണം. ഒരു പക്ഷെ ചിലർ ചോദിച്ചേക്കാം നസ്രാണി അഗതികളെ മാത്രം സംരക്ഷിച്ചാൽ മതിയോ എന്ന്. സകലമാന അഗതി കളെയും സംരക്ഷിക്കേണ്ട ചുമതല ഏറ്റെടുക്കാൻ ജാതൈക്യസംഘത്തിന് സാധിക്കുമോ? കുടുംബത്തെ രക്ഷിച്ചിട്ട് നാടിനെ രക്ഷിക്കാം. ജീവകാരുണ്യം കുടുംബത്തിലാരംഭിക്കുന്നു എന്നൊരു ചൊല്ലുണ്ടല്ലോ (Charity Begins At home). അതായിരിക്കണം നിധീരിക്കൽ അച്ചൻ ഉദ്ദേശിച്ചത്. നസ്രാണികൾ ചെയ്യുന്നതുകണ്ട് ഇതരജാതിക്കാരും സർക്കാരും മുന്നോട്ടു വന്നാൽ അഗതി കളില്ലാത്ത നാടായി കേരളം മാറും എന്നദ്ദേഹം മനസ്സിൽ കണ്ടിരിക്കാം.

ജാതൈക്യസംഘത്തിന്റെ വികസനപദ്ധതികൾ ഇവിടെ അവസാനി ക്കുന്നില്ല. "സമൂഹം വകക്കായി തക്കസ്ഥലങ്ങളിൽ ആ ഇടവക അല്ലെങ്കിൽ ഗ്രാമക്കമ്മറ്റികളുടെ ആലോചനയോടും ആജ്ഞയിൻകീഴും ഉത്തമമായി തോന്നുന്ന കൃഷികൾ ചെയ്യേണ്ടതാകുന്നു" എന്നതാണ് അടുത്ത നിർദ്ദേശം (മാണിക്കത്തനാരുടെ ആ നിർദ്ദേശം മറ്റൊരു വിധത്തിൽ കോട്ടയം രൂപത മലബാറിൽ സ്ഥാപിച്ച കോളനികളിലൂടെ പ്രാവർത്തികമാക്കാൻ ശ്രമിച്ചു) അതുമാത്രം മതിയോ? ജനകീയ സർക്കാർ അടുത്ത കാലത്തായി കണ്ടു പിടിച്ച ന്യായവില ഷാപ്പുകളും ആ ക്രാന്തദർശിയുടെ നിർദ്ദേശങ്ങളിലുണ്ട്. "തക്ക സ്ഥലങ്ങളിൽ സംഘംവക കച്ചവടപ്പീടികകളും നല്ല വിശ്വസ്തരായ കച്ചവടക്കാരും" ഉണ്ടാകണം. മാത്രമല്ല കൊച്ചി ആലപ്പുഴ ഈ തുറമുഖ ങ്ങളിൽ പാണ്ടിക ശാലകളും അതുകളിൽ വിശ്വസ്തരായ വ്യാപാരികളും ബോംബെ മുതലായ പ്രധാന തുറമുഖങ്ങളിൽ ഓരോ ഷോപ്പുകളും അവിടെ നമ്മുടെ ഏജന്റന്മാരും ഉണ്ടായിരിക്കണമെന്നും നിയമാവലിയിൽ നിർദ്ദേ ശിക്കുന്നു. നസ്രാണികളെ ഇടനിലക്കാരായ കൊള്ളലാഭക്കാരിൽ നിന്ന് രക്ഷിക്കുന്നതിനുള്ള വഴികളാണ് അദ്ദേഹം കണ്ടെത്തിയിരിക്കുന്നത്. കൃഷി, കച്ചവടം, വിദേശവ്യാപാരം തൊഴിൽദാനം ഇങ്ങനെ ബഹുമുഖമായ ഒരു വികസനപദ്ധതി അദ്ദേഹം വിഭാവനം ചെയ്തു.

ബ്ലേഡുകാരോടു കടം വാങ്ങി പലിശയും മുതലും അടയ്ക്കാൻ മാർഗ്ഗ മില്ലാതെ ആത്മഹത്യ ചെയ്യുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്ന ഇന്നത്തെ അവസ്ഥ മുൻകൂട്ടിക്കണ്ടുകൊണ്ട് നിയമാവലിയിൽ ചുരുങ്ങിയ പലിശയ്ക്കു വായ്പ നല്കാൻ കഴിയുന്ന ഒരു ബാങ്കിംഗ് പദ്ധതിയും ജാതൈ ക്യസംഘം ആരംഭിക്കണമെന്നു മാണിക്കത്തനാർ എഴുതിവച്ചിരിക്കുന്നു. അതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. മാണിക്കത്തനാർ ഒരു സമുദായ പരിഷ്കർത്താവോ മതാചാര്യനോ മാത്രമല്ല സാമ്പത്തിക വിദഗ്ദ്ധനും സമഗ്രവികസനത്തിന്റെ മർമ്മം ഗ്രഹിച്ച പ്രതിഭാശാലിയായ ഒരു ആസൂത്രണ വിദഗ്ദ്ധൻ കൂടിയായിരുന്നുവെന്ന് ജാതൈക്യസംഘം നിയമാ

www.malankaralibrary.com

വലിയിലെ ഓരോ വരിയും നമുക്ക് വെളിപ്പെടുത്തി തരുന്നു. ജനായത്ത ഭരണസങ്കല്പത്തിന്റെ ഉദയസൂര്യനായി നിലകൊള്ളുന്ന സംഘത്തിന്റെ നിയമാവലി രണ്ടുവിഭാഗത്തിലും പെട്ട പുരോഹിത ശ്രേഷ്ഠരെ കാണിച്ച് ആലോചന ചോദിക്കുകയും അവരെ പേട്രൺമാരായി സ്വീകരിക്കുകയും ചെയ്യുന്നതോടൊപ്പം രാഷ്ട്രഭരണാധികാരികളായ രാജാക്കന്മാർ, ഗവർണ്ണർ ജനറൽ മുതലായവരുടെ രക്ഷാധികാരിത്വം ആർജ്ജിക്കാൻ ശ്രമിക്കുകയും വേണമെന്നുകൂടി പറയുന്നുണ്ട്.

ഓരോ തലങ്ങളിലുമുള്ള കമ്മറ്റിക്കാരുടെയും ഭാരവാഹികളുടെയും അധികാര കാലാവധി തീരാറാകുമ്പോൾ ആ വിവരം പരസ്യ എഴുത്തുകളാലും സംഘംവക പത്രികയിൽ പ്രസിദ്ധംചെയ്യണമെന്നും പുതിയ ഭാരവാഹികളെ നിശ്ചയിക്കണമെന്നും നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വരവുചിലവ് കണക്കുകൾ ബോദ്ധ്യപ്പെടുത്താനും ഉള്ള വ്യവസ്ഥകളും മേൽക്കമ്മിറ്റികളെ വിവരം ധരിപ്പിക്കേണ്ട വിവരങ്ങളും ഖജാൻജി താക്കോൽ സൂക്ഷിക്കേണ്ട വിധവും എല്ലാം നിയമാവലിയിൽ വിശദീകരിച്ചിട്ടുണ്ട്.

സംഘത്തിന്റെ പ്രവർത്തനപരിപാടികൾ ജനങ്ങളെ അറിയിക്കുന്നതിനായിട്ടാണ് നസ്രാണിദീപികപത്രം ആരംഭിച്ചത്. മർസലീനോസ് മെത്രാന്റെ അനുമതിയോടുകൂടി സംഘം പ്രവർത്തനം ആരംഭിച്ചു. പത്രം തുടങ്ങി. പ്രധാന ചുതലക്കാരനായി നിധീരിക്കൽ മാണിക്കത്തനാരെ തന്നെ മെത്രാൻ നിയമിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് സ്ഥാനമേറ്റ ഈശോസഭക്കാരനായ ലവീഞ്ഞ് മെത്രാന് യാക്കോബായക്കാരുമായി ചേർന്നുള്ള ഒരു കോളേജ് നടത്തിപ്പ് സങ്കല്പിക്കാൻ തന്നെ പ്രയാസമായിരുന്നു. മറുഭാഗത്തുനിന്നും അത്തരം ചില നീക്കങ്ങളുണ്ടായി. ജാതൈക്യസംഘത്തിന്റെ പ്രവർത്തനം മുളയിലെ കരിഞ്ഞു. സംഘംവക സ്ഥലം യാക്കോബായക്കാരുടെ കൈയിലുമായി. അവിടെ ഇന്ന് മലയാളമനോരമയും ഇതരസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നു. നസ്രാണിദീപിക ഇന്നും നിലനിൽക്കുന്നു. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും നിധീരിക്കൽ മാണിക്കത്തനാരും ഒരുമിച്ചു കണ്ട സ്വപ്നം തകർന്നു. അതിന്റെ അവശിഷ്ടങ്ങൾ രണ്ടുവഴിക്ക് വളർന്നു. കത്തോലിക്കരും അകത്തോലിക്കരുമായുള്ള ഐക്യം എന്ന മഹാസങ്കല്പം മാത്രം ഇന്നും കെട്ടുപോയിട്ടില്ല. കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് ബീജാവാപം ചെയ്ത നിധീരിക്കൽ മാണിക്കത്തനാർ നമ്മുടെ സ്മരണയിൽ ഒരു നക്ഷത്രമായി ഇന്നും വെളിച്ചം വീശുന്നുണ്ട്.

## നസ്രാണിഗുണദായനിസഭ

മാണിക്കത്തനാരെ വികാരി ജനറാൾ സ്ഥാനത്തുനിന്ന് മാറ്റുകയും ലവീഞ്ഞ് മെത്രാൻ സുറിയാനിക്കാരോട് അത്ര താല്പര്യമില്ലാതെ പ്രവർത്തിക്കുകയും ചെയ്തതിൽ പല കത്തോലിക്കാ കേന്ദ്രങ്ങളിലും പ്രതിഷേ

www.malankaralibrary.com

ധയോഗങ്ങൾ നടന്നു. മാണിക്കത്തനാരുടെ സമുദായോൽക്കർഷത്തിനുള്ള യത്നങ്ങൾക്ക് ശക്തിപകരുവാൻ പാലായിൽ കൂടിയ സമുദായ നേതാക്കൾ "നസ്രാണി ഗുണദായനീസഭ എന്ന പേരിൽ ഒരുപൊതുസഭ 1892-ൽ രൂപീകരിച്ചു. ആ സംഘടനയുടെ ഭാരവാഹികൾ താഴെ പറയുന്നവരായിരുന്നു. പ്രസിഡന്റ് വെള്ളൂക്കുന്നേൽ കുഞ്ഞുവർക്കി മാപ്പിള, വൈസ് പ്രസിഡന്റ് പേരേക്കാട് ദേവസ്യാ മാപ്പിള, സെക്രട്ടറി വാഴയിൽ ദുമ്മിനിമാപ്പിള മുതൽപീടി (ട്രഷറർ) തെരുവിൽ മത്തായി മാപ്പിള.

ഇവരെ കൂടാതെ ആലോചനാസഭാംഗങ്ങളായി കുഴിവേലിൽ മത്തായി മാപ്പിള, ഓലിക്കൽ മത്തായി മാപ്പിള, കിഴക്കേക്കര തൊമ്മൻ മാപ്പിള, കടുപ്പിൽ ദേവസ്യാ മാപ്പിള, കട്ടക്കയത്തിൽ ചെറിയാൻമാപ്പിള എന്നിവരെയും തിരഞ്ഞെടുത്തു.

## ജാതൈക്യസംഘത്തിനുശേഷം

നസ്രാണികളുടെ ഐക്യം ലക്ഷ്യമാക്കി ആരംഭിച്ച ജാതൈക്യ സംഘം തകരുന്നതിനിടയായി. വികാരി ജനറാൾ സ്ഥാനത്തുനിന്നും മാണിക്കത്തനാർ നീക്കം ചെയ്യപ്പെടുകയും ചെയ്തു. ഇതുരണ്ടും മാണിക്കത്തനാരെ നിരാശനാക്കിയില്ല. തന്റെ പ്രവർത്തനം തുടർന്നുകൊണ്ടേയിരുന്നു. പുത്തൻകൂറ്റുകാരുടെ പുനരൈക്യം ലക്ഷ്യമാക്കി ഒറ്റയ്ക്കും കൂട്ടായും മാണിയച്ചൻ ശ്രമിച്ചു. ജാതൈക്യത്തിന്റെ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സ്കൂളുകൾ സ്ഥാപിക്കുന്നതിനും സമുദായത്തിന് ഒരു സംഘടന കെട്ടിപ്പടുക്കുന്നതിനും അദ്ദേഹം ശ്രമിച്ചു.

വികാരി ജനറാൾ സ്ഥാനത്തുനിന്നും നീക്കംചെയ്യപ്പെട്ട ഫാ. നിധീരിയെ കുറവിലങ്ങാട് ഫൊ.പള്ളി വികാരിയായിട്ടാണ് നിയമിച്ചത്. അദ്ദേഹത്തോട് വീണ്ടും വൈരാഗ്യത്തോടെയാണ് ലവീഞ്ഞുമെത്രാനും കൂട്ടരും പെരുമാറിയത്. അദ്ദേഹത്തെ വീണ്ടും തരം താഴ്ത്തുന്നതിനായിട്ട് കുറവിലങ്ങാടു പള്ളിയുടെ ഫൊറോനാ പദവി എടുത്തുകളഞ്ഞു. അങ്ങനെ ഒരു ഇടവകവികാരിയായി അദ്ദേഹം പ്രവർത്തിച്ചു. സ്ഥാനവും പദവിയുമൊന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. മാണിയച്ചനെപ്പറ്റി ഡോ. പി.ജെ. തോമസ് ഇപ്രകാരം എഴുതിയിരിക്കുന്നു.

"സ്വയംഭരണത്തിന്റെ അഭാവത്തിൽ പല ക്ലിദ്മങ്ങൾ അന്നുണ്ടായി. അവയോട് സുധീരം പോരാടുകയും, അതോടുകൂടി സ്വയംഭരണത്തിന് ന്യായമായ വഴിക്ക് പരിശ്രമിക്കുകയുമാണ് അന്ന് ആവശ്യമായിരുന്നത്. തന്റെ അനിതരസാധാരണമായ ധിഷണാശക്തിയും പ്രവർത്തനപാടവവുംമൂലം ഈ ശ്രമങ്ങളുടെ നേതൃത്വം മാണിയച്ചനിൽ വന്നുചേർന്നു. ഇങ്ങനെ അദ്ദേഹത്തിന്റെ തലയിൽ വന്നുകയറിയ ഭാരങ്ങളെ ധീരോദാത്തതയോടെ വഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതാണ് നാം അദ്ദേഹത്തെ ബഹുമാനി

www.malankaralibrary.com

ക്കാൻ കാരണം.

ഇങ്ങനെ വൈദേശികഭരണത്തിൽ നിന്ന് വിമുക്തമാകുവാനുള്ള ശ്രമം മുമ്പ് അധികാരത്തിലിരുന്ന പലരിലും അതൃപ്തിയുണ്ടാക്കി. എന്നാൽ ഇത് ജനസന്നിധിയിൽ അദ്ദേഹത്തിന് കൂടുതൽ പ്രാമാണ്യം വരുത്തിയതേയുള്ളു.

സുറിയാനികത്തോലിക്കർക്ക് പ്രത്യേകമായുള്ള പ്രശ്നങ്ങൾ മാത്രമല്ല മാണിയച്ചൻ കൈകാര്യം ചെയ്തത്. പല സഭകളിൽപ്പെട്ട മാർത്തോമ്മാ ക്രിസ്ത്യാനികൾ യോജിച്ച് സമുദായോദ്ധരണാർത്ഥം പ്രവർത്തിക്കുന്നതിന് അക്കാലത്ത് പരക്കെ ഒരുത്സാഹമുണ്ടായിരുന്നു. അങ്ങനെ ഒരു സിറിയൻ ജാത്യൈക്യസംഘം കോട്ടയത്ത് രൂപമെടുത്തു. ഇക്കാര്യത്തിലും നേതൃത്വം മാണിയച്ചനാണ് വഹിച്ചത്. ഫലം വളരെയുണ്ടായില്ല. എങ്കിലും നസ്രാണി ക്രൈസ്തവരുടെ ഐക്യവും സംഘടിത ശക്തിയും വർദ്ധിപ്പിക്കുന്നതിനാണല്ലോ ജാത്യൈക്യസംഘം രൂപീകരിച്ചത്. അതിന്റെ നേതൃത്വത്തിൽ ദീപികപത്രം ആരംഭിച്ചതും മാണിക്കത്തനാർ തന്നെയാണ്. വികാരി ജനറാൾ സ്ഥാനത്തുനിന്നും നീങ്ങിയതിനുശേഷം കുറവിലങ്ങാട് പള്ളി വികാരിയായിരിക്കുമ്പോൾ അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും ശ്രദ്ധ ചെലുത്തി. താൻ ആരംഭിച്ച സ്വാതന്ത്ര്യസമരം വിജയിച്ചുകഴിയുമ്പോൾ അതിന്റെ സൽഫലങ്ങൾ അനുഭവിക്കുന്നതിനും കേരളസഭാംഗങ്ങൾ വൈജ്ഞാനികവും സാംസ്കാരികവുമായ പ്രബുദ്ധത ആർജ്ജിക്കേണ്ടതാണെന്നു കരുതിയാണ് വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് അദ്ദേഹം മുന്നിട്ടു നിന്നത്. കുറവിലങ്ങാട് പടിപ്പുരമാളികയിലാരംഭിച്ച സ്കൂൾ ആ ലക്ഷ്യത്തോടെ സ്ഥാപിതമായതാണ്. പാലാ സെന്റ് തോമസ് ഹൈസ്കൂൾ ഉൾപ്പെടെ പല സ്ഥാപനങ്ങളുടെയും സ്ഥാപനത്തിലും മാണിക്കത്തനാരായിരുന്നു ചൈതന്യസ്രോതസ്സ്. ആലുവാ മംഗലപ്പുഴ സെമിനാരിയുടെ വികസനത്തിലും മാണിക്കത്തനാർ ശ്രദ്ധ ചെലുത്തിയത് സഭയ്ക്കൊത്ത നേതൃത്വം നല്കാൻ സാധിക്കുന്ന വൈദിക്രെ പരിശീലിപ്പിക്കണമെന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു.

ജാതൈക്യസംഘം പരാജയപ്പെട്ടു. അതിനുശേഷം പാലാ കേന്ദ്രമാക്കി രൂപീകരിച്ച നസ്രാണി ഗുണദായനി സഭയും പ്രവർത്തനരഹിതമായി. കത്തോലിക്കർക്ക് എങ്കിലും ഒരു പൊതു സമുദായസംഘടന ഉണ്ടാകണമെന്ന ചിന്ത വളർന്നുവന്നു. അതിന്റെ പിന്നിലും പ്രവർത്തിച്ചത് മാണിക്കത്തനാരായിരുന്നു. കേരള കത്തോലിക്കരുടെ വത്തിക്കാനെന്നറിയപ്പെടുന്ന മാന്നാനത്തുവച്ച് ഒരു സംഘടനാസ്ഥാപന ആലോചനായോഗം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് നിധീരിക്കൽ മാണിക്കത്തനാർ വിചാരിച്ചു. കേരളത്തിലെ ഏറ്റം വലിയ ഒരു മതകർമ്മമായിരുന്നു മാന്നാനത്തെ നാല്പതു മണിയാരാധന. കേരളത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ആളുകൾ നാല്പതുമണിയാരാധനയിൽ പങ്കെടുക്കുവാൻ മാന്നാനത്തെത്തിയിരുന്നു.

www.malankaralibrary.com

മാന്നാനമായിരുന്നു അന്നത്തെ ഏറ്റവും വലിയ തീർത്ഥസ്ഥലം.

സംഘടനാസ്ഥാപനത്തിന്റെ ആവശ്യകതയെപ്പറ്റി മറ്റാരെക്കാളും ബോധവാനായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ 1904-ലെ നാല്പതു മണിയാരാധനയുടെ സമാപനദിവസം നടത്തിയ പ്രസംഗത്തിൽ സംഘടനാ സ്ഥാപനത്തിന്റെ ആവശ്യകത ഊന്നിപ്പറയുകയും 1905-ൽ മാന്നാനത്തുവച്ച് ഇതുസംബന്ധിച്ചുള്ള ആലോചനകൾ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. 1904-ൽ മാണികത്തനാർ നിര്യാതനായി. അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് 1905-ൽ മാന്നാനത്തുചേർന്ന സമ്മേളനത്തിൽ വച്ച് കേരള കത്തോലിക്കാ ക്രിസ്തീയ മഹാജനസഭ രൂപീകരിച്ചു. രണ്ടുവർഷത്തിനുശേഷം ആ സംഘടനയും തകർന്നു. അതുമായി സഹകരിക്കരുതെന്ന് കാണിച്ച് പിതാക്കന്മാർ സർക്കുലർ ഇറക്കി. രണ്ടുവർഷത്തിനകം ആ സംഘടന നിലംപതിച്ചു. പിന്നീട് സാമൂഹ്യസമ്മേളനങ്ങൾ എന്നപേരിൽ കേരളത്തിലെ കത്തോലിക്കർ സംഘടിച്ചിരുന്നു. ആ സാമൂഹ്യസമ്മേളനങ്ങളോടും ഹൈരാർക്കി താല്പര്യം കാണിച്ചില്ല. 1918-ലെ ചങ്ങനാശ്ശേരിയിൽ നടന്ന സാമൂഹ്യസമ്മേളനത്തിൽവച്ച് കേരളകത്തോലിക്കാ മഹാജനസഭ രൂപീകരിച്ചു. 1930-ൽ പ്രസ്തുതസംഘടന അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്ന പേരു സ്വീകരിച്ചു. വത്തിക്കാൻ കൗൺസിലിനുശേഷം 1968-ൽ നടന്ന റീജയണൽ സെമിനാറിൽ (ഇന്നത്തെ ഇന്ത്യയിലെ സഭ) കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് ശാഖകൾ സ്ഥാപിക്കണമെന്നും കത്തോലിക്കാ സ്ഥാപനങ്ങളുടെ പ്രവർത്തക സമിതിയിൽ കത്തോലിക്കാ കോൺഗ്രസ് പ്രാതിനിദ്ധ്യം നല്കണമെന്നും തീരുമാനിച്ചു.

ആ തീരുമാനവും അട്ടിമറിച്ചു. സമുദായസംഘടനയെ റീത്തുകളുടെയടിസ്ഥാനത്തിൽ വിഭജിച്ചു. പിന്നീട് കാത്തലിക് ഫെഡറേഷൻ രൂപീകരിച്ചു. എ.കെ.സി.സി.യെ സീറോ-മലബാർ സഭയുടേതാക്കി മാറ്റി. ഇന്ന് കാത്തലിക് ഫെഡറേഷന്റെയും കേരള കത്തോലിക്കാ കോൺഗ്രസിന്റെയും പ്രവർത്തനങ്ങൾ ശരിയായ ഒരു പഠനത്തിന് വിധേയമാക്കണം.

(ജാതൈക്യസംഘത്തിന്റെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് 2012 ജൂണിൽ കോട്ടയത്ത് കേരള ക്രിസ്ത്യൻ ഫൗണ്ടേഷൻ സംഘടിപ്പിച്ച യോഗത്തിൽ അവതരിപ്പിച്ച പ്രബന്ധം.)

www.malankaralibrary.com

# 3. സീറോ-മലബാർ സഭയിലെ അല്മായ പങ്കാളിത്തം നൂറ്റാണ്ടുകളിലൂടെ

നാമെല്ലാം ഭാരതീയരാണ്. ലോകസംസ്കാരങ്ങളിൽ ഏറ്റവും പഴക്കമുള്ളതാണ് ഭാരതീയസംസ്കാരം. ആധ്യാത്മികതയുടെയും മതസൗഹാർദ്ദത്തിന്റെയും പാരമ്പര്യമുള്ള ഭാരതം വിശ്വമതങ്ങളുടെ സംഗമവേദിയെന്ന നിലയിൽ ലോകത്തിന്റെ മുൻപിൽ അഭിമാനപൂർവ്വം തലയുയർത്തി നിൽക്കുകയാണ്. ലോകമതങ്ങളുടെയിടയിൽ പഴക്കംകൊണ്ടും തിളക്കം കൊണ്ടും ഏറ്റം പ്രശസ്തിയാർജിച്ച ഹൈന്ദവമതവും ജൈനമതവും ഭാരതത്തിന്റെ സ്വന്തമാണ്. ലോകമതങ്ങളുടെ കൂട്ടത്തിൽ തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന ഈ മതങ്ങളുടെ മടിത്തട്ടിലേക്കാണ് ക്രിസ്തുവിന്റെ ആദർശങ്ങളുമായി തോമ്മാശ്ലീഹാ കടന്നുവന്നത്. ക്രിസ്തുവിന്റെ സുവിശേഷം ഗലീലീയാ കടലോരത്തും യൂദയാ മലഞ്ചെരുവിലുമൊക്കെ ആദ്യമായി മുഴങ്ങുകയും, സുവിശേഷത്തിന്റെ സന്ദേശം പതിതരിലും പാവപ്പെട്ടവരിലും പ്രത്യാശയുടെ നെയ്ത്തിരി കൊളുത്തുകയും ചെയ്ത ആ കാലഘട്ടത്തിൽ തന്നെ കേരളത്തിലും എത്തിച്ചേർന്നു.

സെന്റ് തോമസ്സിനാൽ സ്ഥാപിതമായ ക്രൈസ്തവസമൂഹം തനതായ ഒരു ജീവിതശൈലി സ്വായത്തമാക്കിയിരുന്നു. ആഴമായ വിശ്വാസവും തീവ്രമായ സഭാ സ്നേഹവും ഇവിടുത്തെ സഭയെ ചൈതന്യവത്താക്കിയിരിക്കുന്നു. വി. തോമ്മാസ്ലീഹാ വളർത്തിയെടുത്ത സഭാജീവിതശൈലിയെ തോമ്മായുടെ മാർഗ്ഗമെന്നാണ് വിശേഷിപ്പിച്ചിരുന്നത്. പ്രമുഖ അൽമായ ദൈവശാസ്ത്രജ്ഞനായ പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ പള്ളിയോഗത്തെപ്പറ്റി 1995 ആഗസ്റ്റ് ലക്കം അസ്സീസ്സി മാസികയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സഭാഭരണത്തെ സംബന്ധിച്ചിടത്തോളം സീറോ-മലബാർ സഭയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമാണുള്ളത്. പള്ളിയോഗം അല്ലെങ്കിൽ യോഗമെന്നത് ഈ ഭരണ സമ്പ്രദായത്തിന്റെ പൊതുവിലുള്ള പേരാണ്. കുടുംബത്തലവന്മാരും തദ്ദേശ്ശീയ വൈദ്ദീകരും ഉൾപ്പെട്ട ഒരു യോഗമാണ് ഒരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായം ചെന്നയാൾ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചിരുന്നു. പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല ഇടവകയിലെ ക്രിസ്തീയകൂട്ടായ്മയുടെ മുഴുവന്റെയും മേലന്വേഷണം നടത്തിയിരുന്നത് പള്ളിയോഗമായിരുന്നു. ഇടവകതലത്തിലുള്ള പള്ളിയോഗം ഇടവകയോഗമെന്നറിയപ്പെട്ടിരുന്നു.

www.malankaralibrary.com

മുൻകാലങ്ങളിൽ മറ്റു രണ്ടു തലങ്ങളിലുള്ള പള്ളിയോഗങ്ങൾ കൂടിയുണ്ടായിരുന്നു. മലങ്കരസഭയെ പൊതുവെ ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്ത് തീരുമാനിച്ചിരുന്നത് മഹായോഗം എന്നറിയപ്പെട്ടിരുന്ന മലങ്കരസഭായോഗത്തിലായിരുന്നു. ഇവയ്ക്കുപുറമെ പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ ചർച്ചചെയ്യുവാനായി ഒരു പ്രദേശത്തെ ഇടവകകളുടെ പ്രതിനിധികൾ ഒരുമിച്ചു കൂടുന്ന പതിവുണ്ടായിരുന്നു. ഇങ്ങനെയുള്ള യോഗങ്ങൾ പ്രതിനിധി യോഗം അഥവാ, ദേശീയയോഗം എന്ന പേരിലറിയപ്പെട്ടിരുന്നു. പ്രത്യേക കാര്യങ്ങൾക്കുവേണ്ടി വിളിച്ചുകൂട്ടപ്പെടുന്ന യോഗങ്ങളായിരുന്നു ഇവ. ഇടവക യോഗവും മഹായോഗവുമായിരുന്നു പള്ളിയോഗത്തിന്റെ ഔദ്യോഗിക തലങ്ങൾ" പൊതുതാൽപര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളിലേയും പ്രതിനിധികൾ ഒരുമിച്ച് കൂടിയാണ് തീരുമാനിച്ചിരുന്നത്.

പള്ളിയോഗത്തിന് ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റയും മേലന്വേഷണം വഹിക്കുവാൻ ബാധ്യതയുണ്ടായിരുന്നു. പരസ്യപാപം സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുക, സഭാസമൂഹത്തിൽ നിന്നും തൽക്കാലത്തേയ്ക്ക് പുറന്തള്ളുവാനുള്ള തീരുമാനമെടുക്കുക തുടങ്ങിയ ചുമതലകളും പള്ളിയോഗത്തിനുണ്ടായിരുന്നു. വൈദികവിദ്യാർത്ഥിയെ തിരഞ്ഞെടുത്ത് ദേശക്കുറി നൽകി പഠനത്തിനായി മല്പാന്റെയടുത്തേയക്ക്യച്ചിരുന്നതും വൈദികവിദ്യാർത്ഥിയുടെ പഠനച്ചിലവ് വഹിച്ചിരുന്നതും പള്ളിയോഗമായിരുന്നു.

പള്ളിയോഗത്തിൽ വൈദികർക്കും അൽമായർക്കും തുല്യമായ അവകാശം അനുവദിച്ചിരുന്നു. ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ മുഴുവൻ മേലന്വേഷണം നടത്താനുള്ള അധികാരവും യോഗത്തിനുണ്ടായിരുന്നു. യോഗാംഗങ്ങൾ തമ്മിൽ പൂർണ്ണമായ തുല്യത നിന്നിരുന്നത് സഭയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും കാരണമായി.

നമ്മുടെ പൂർവ്വപിതാക്കന്മാർ സഭയെ കണ്ടിരുന്നത് വിശ്വാസികളുടെ കൂട്ടായ്മ എന്ന നിലയിലും ദൈവജനം എന്ന രീതിയിലുമാണ്. വിദേശികളായ മിഷനറിമാരുടെ വിവരങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടത് ഇവിടെ നിലനിന്നിരുന്നത് അപ്പസ്തോലിക കാലങ്ങളിലെ സഭയുടെ മാതൃകയിലുള്ള ഒരു കൂട്ടായ്മയായിരുന്നുവെന്നാണ്. സഭയുടെ ആദ്യത്തെ രണ്ടുമൂന്നു നൂറ്റാണ്ടുകളിൽ സഭയിലെല്ലായിടത്തും നിലനിന്നിരുന്നത് ആദിമസഭയുടെ ചൈതന്യത്തിലുള്ള ഒരു ഭരണക്രമമായിരുന്നു. അപ്പസ്തോലിക നടപടികളിലെ വാക്യങ്ങൾ പരിശോധിച്ചാൽ സഭയിലെ സുപ്രധാനകാര്യങ്ങളിൽ തീരുമാനമെടുത്തിരിക്കുന്നത് ശ്ലീഹന്മാരും, മല്പാൻമാരും, അവരോടൊപ്പം സഭ മുഴുവനുമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും. പാശ്ചാത്യ സഭയിലും പഴയ റോമൻ സാമ്രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും പിൽക്കാലത്ത് ഉടലെടുത്ത അൽമായരോടുള്ള അവഗണനയും വിവേചനവും ഈ സഭയിൽ ഇല്ലായിരുന്നുവെന്നാണ്. സഭയിൽ അൽമേയരും വൈദികരും

www.malankaralibrary.com

മെത്രാന്മാരും ഏറെ ആദരിക്കപ്പെട്ടിരുന്നു. അവരുടെ ആത്മീയ നേതൃത്വം ആരും ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. അതേസമയം പുരോഹിത മേധാവിത്വം ഈ സഭയിൽ അന്യമായിരുന്നു. ഇവിടുത്തെ സഭാസമൂഹത്തിന് സഭ അവരുടേതാണെന്നും അവർ തന്നെയാണ് സഭയെന്നുമുള്ള ബോധ്യ മുണ്ടായിരുന്നു.

ഇങ്ങനെ ഒന്നായിരുന്ന പുരോഹിതജനം മൂന്നാം നൂറ്റാണ്ടായപ്പോൾ വൈദികരും അൽമായരും എന്ന വ്യത്യസ്ത ഗണങ്ങളായി മാറി. പിന്നീട് വൈദികഗണം സഭയിലെ അധികാരികളായിത്തീർന്നു. നാലാം നൂറ്റാണ്ടിൽ സഭ റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറിയതോടുകൂടി റോമൻ സാമ്രാജ്യത്തിലെ തരം തിരിവുകളെല്ലാം സഭയിലുണ്ടായി. മെത്രാന്മാർക്ക് റോമൻസാമ്രാജ്യത്തിൽ നിലനിന്നിരുന്ന സ്ഥാനമാനങ്ങളും സ്വത്തുക്കളും ലഭിച്ചു. അവൈദികരായ അൽമായർ അധികാരശ്രേണിയുടെ ഏറ്റവും താഴത്തെ തട്ടിലുമായി. മൂന്നാം നൂറ്റാണ്ടിനുശേഷം സഭയിലുണ്ടായ ഈ മാറ്റം തിരുത്തി ആദിമസഭയുടെ ചൈതന്യത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിൽ നടന്നത്.

കാലക്രമത്തിൽ പാശ്ചാത്യവും പൗരസ്ത്യവുമായ പ്രാചീനസഭാസമൂഹങ്ങളെല്ലാം തന്നെ റോമൻ സാമ്രാജ്യത്തിന്റെ ഭരണശൈലി സ്വീകരിച്ചു. കേരളത്തിലെ മാർത്തോമ്മാ ക്രൈസ്തവസമൂഹത്തിനുമാത്രം അപ്പോസ്തോലിക കാലത്തെ കൂട്ടായ്മയുടെയും കൂട്ടുത്തരവാദത്തിന്റെതുമായ പ്രവർത്തനശൈലി പിന്തുടരാൻ സാധിച്ചു. പാശ്ചാത്യസഭയിൽ അധികാര വികേന്ദ്രീകരണം കൊടികുത്തി വാഴുകയും അൽമായർക്ക് സഭയിൽ യാതൊരു സ്ഥാനവും ദൗത്യവും ഇല്ലാതാകുകയും ചെയ്തപ്പോഴും കേരള സഭയിലെ ജനകീയ അടിത്തറ ഭദ്രമായിരുന്നു. ഇവിടുത്തെ സഭാസമൂഹങ്ങളുടെ സ്വയംഭരണശൈലി കണ്ടുകൊണ്ടാണല്ലോ ഈ സമൂഹങ്ങളെ ക്രിസ്ത്യൻ റിപ്പബ്ലിക്കുകൾ എന്ന് വിദേശികൾ വിളിച്ചിരുന്നത്.

കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ജനകീയ അടിത്തറ അൽമായർക്ക് തുല്യത എല്ലാ കാര്യങ്ങളിലും നല്കിക്കൊണ്ടിരുന്നുവെന്നതിന് ധാരാളം രേഖകളുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് 9-10 നൂറ്റാണ്ടിലെ തൃശ്ശിനാപ്പള്ളി ചെപ്പേടുകൾ. ഈ ചെപ്പേടുകളിൽ പള്ളി എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് രണ്ടർത്ഥത്തിലാണ്. ഒന്ന് ദൈവാലയം രണ്ട് സഭയുടെ കൂട്ടായ്മ, ചെപ്പേടുകൾ നല്കുന്നത് പള്ളിക്കൂട്ടായ്മയ്ക്കാണ്. ആ പള്ളിക്കൂട്ടായ്മയിൽ വൈദികരോടൊപ്പം തുല്യത അൽമായർക്ക് നല്കിയിരുന്നു.

കേരളത്തിലെ നസ്രാണികളുടെ സഭാവിജ്ഞാനീയത്തിന്റെ മഹത്തായ ഒരു ദൃശ്യം കാണുവാൻ ശിലാലിഖിതങ്ങൾ പരിശോധിച്ചാൽ മതിയാകും. പറവൂർ യാക്കോബായ പള്ളിയുടെ പടിഞ്ഞാറെ ഭിത്തിയിൽ പതിച്ചിട്ടുള്ള ശിലാലിഖിതം (1566) കേരളത്തിലെ സുറിയാനി ക്രൈസ്ത

www.malankaralibrary.com

വരുടെ സഭാദർശനത്തിന് നല്ലൊരുദാഹരണമാണ്. പ്രസ്തുത ലിഖിതം ഇങ്ങനെയാണ്– 'മാറൻ ഈശോമിശിഹാ പിറന്നിട്ട് 1566–ാം കാലം വൃശ്ചികം ഞായർ 16–ാം തീയതി പട്ടമന പറവൂർ മാർത്തോമ്മാപള്ളി വപ്പാൻ മാർ യൗസേപ്പ് മെത്രാനും മറ്റു പലദേശത്തു പട്ടക്കാരും ഇണങ്ങരുംകൂടി കുരിശു നാട്ടി സമ്മതിച്ച് കുർബ്ബാനയും ചെയ്തു. 'കൊല്ലം 742–ാമത് വൃശ്ചിക ഞായർ 16' (Quoted by Antony Vallavanathara in "Searching for an Indian Ecclesiology" P. I 53) ലിഖിതത്തിൽ കാണുന്ന ഒന്നുരണ്ടു കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. കുരിശുനാട്ടുകയും കുർബാന ചൊല്ലുകയും ചെയ്യുന്നത് യൗസേപ്പ് മെത്രാനും ദേശത്തുപട്ടക്കാരും ഇണങ്ങരും ചേർന്നാണ്.
2. ഈ ഉദ്ദേശത്തോടുകൂടി അവർ ഒരുമിച്ചുകൂടുകയും സമ്മതം പറയുകയും ചെയ്യുന്നു.
3. തീരുമാനം എടുക്കുന്നത് സഭാസമൂഹം ഒന്നിച്ചു ചേർന്നാണ്.

പറവൂർ ശിലാലിഖിതവും ഇന്നത്തെ ശിലാലിഖിതങ്ങളും തമ്മിൽ തട്ടിച്ചുനോക്കിയാൽ ഒരു കാര്യം ദൃശ്യമാകും. ഇന്നത്തെ ശിലാഫലകങ്ങളിൽ മെത്രാന്റെ മാത്രം പേരാണു കാണുക. അൽമായരും ദേശത്തുപട്ടക്കാരരും ആദേശം ചെയ്യപ്പെട്ടുപോയിരിക്കുന്നു. ഇതുദൈവശാസ്ത്രപരമായി വളരെ പ്രധാനപ്പെട്ടതാണ്. 1556–നും 1996–നും മദ്ധ്യേ കേരള നസ്രാണി സമൂഹം അൽമായ പങ്കാളിത്തത്തിൽ കുറഞ്ഞുപോയി എന്നു വേണം പറയുവാൻ. ഈ ഒരു വ്യതിയാനത്തിലേയ്ക്കു വഴി തെളിച്ചത് സാമൂഹിക വ്യവസ്ഥിതികളിലെ വ്യതിയാനങ്ങൾപോലെ തന്നെ ദൈവശാസ്ത്ര ആഭിമുഖ്യങ്ങളിലെ വ്യത്യാസങ്ങളുമാണ്. മൂന്നു നൂറ്റാണ്ടുകാലത്തെ പാശ്ചാത്യസഭാവിജ്ഞാനീയത്തിന്റെ വലിയ സ്വാധീനം അൽമായരെയും ദേശത്തുപട്ടക്കാരെയും ശിലാഫലകങ്ങളിൽ നിന്നും ആദേശം ചെയ്യാൻ കാരണമായിട്ടുണ്ട്. സംശയമില്ല.

കേരള നസ്രാണി സമൂഹത്തിന്റെ സഭാവിജ്ഞാനീയത്തിന്റെ ആധാരശിലയായി പറവൂർ ശിലാലിഖിതത്തെ കാണുന്നതിൽ യാതൊരു അപാകതയുമില്ല. എന്നാൽ ഈ ശിലാഫലകത്തെ മാത്രം എടുത്തുവച്ചു വാദപ്രതിവാദങ്ങൾക്കുപോകുവാൻ തുനിയുന്നവർ അതേ കാലഘട്ടത്തിലെ വ്യത്യസ്തമായ ചില ശിലാലിഖിതങ്ങൾ ഉണ്ടെന്നുകൂടെ അറിഞ്ഞിരിക്കുന്നതു നല്ലതാണ്.

16–ാം നൂറ്റാണ്ടിലെ രണ്ടുപ്രധാന ശിലാലിഖിതങ്ങൾ കൂടെ ഇവിടെ അപഗ്രഥിക്കേണ്ടിയിരിക്കുന്നു. യാഥാർത്ഥ്യ ബോധം നമുക്കു നഷ്ടപ്പെടാതിരിക്കാൻ ഒന്നാമത്തേതു മുട്ടുചിറ ശിലാലിഖിതം രണ്ടാമത്തേതു കടുത്തുരുത്തി ശിലാലിഖിതം. പറവൂർ ശിലാലിഖിതത്തിൽ നിന്നും വ്യത്യസ്തമാണ് മുട്ടുചിറയിലെയും കടുത്തുരുത്തിയിലെയും ശിലാഫലകങ്ങൾ. ഈ രണ്ടുശിലാഫലകങ്ങളിലും വിശ്വാസികളുടെ കാര്യം പരാമർശിക്കുന്നില്ല.

www.malankaralibrary.com

അവിടെയെല്ലാം ഇണങ്ങർ തിരോധാനം ചെയ്തുകഴിഞ്ഞു.

പറവൂർ ശിലാലിഖിതം കേരളനസ്രാണി സഭാവിജ്ഞാനീയത്തിന്റെ അനർഘനിധിയാണ്. മെത്രാനും ദേശത്തുപട്ടക്കാരരും ഇണങ്ങരുംചേർന്ന സഭാ കൂട്ടായ്മയുടെ രഹസ്യം വെളിവാക്കുന്നു. മുട്ടുചിറ ലിഖിതവും കടുത്തുരുത്തി ലിഖിതവും ഇണങ്ങർ സഭയിൽ ആദേശം ചെയ്യപ്പെടുന്നതിന്റെ തെളിവുകളാണ്. സമകാലീന ശിലകളിൽ ഈ ആദേശം പൂർത്തിയാകുന്നു.

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. മുട്ടുചിറശിലാലിഖിതവും കടുത്തുരുത്തി ലിഖിതവും പറവൂർ ശിലാലിഖിതത്തിനു ശേഷമുള്ളതാണ്. മുട്ടുചിറ ലിഖിതത്തിൽ 1529-ലെ കാര്യം പറയുന്നുണ്ടെങ്കിലും അതു എഴുതുന്നകാലം 1591-നു ശേഷമാണ്. അതുപോലെ കടുത്തുരുത്തി ലിഖിതം 1650-ലേതാണ്. ഇവിടെ പറവൂർ ശിലാലിഖിതത്തിനും ഈ രണ്ടു ലിഖിതങ്ങൾക്കുമിടയിൽ ഒരു തലമുറയുടെ വിടവുണ്ട്. ഇവ രണ്ടിലും ഇണങ്ങരെക്കുറിച്ചു പ്രസ്താവന ഇല്ലാത്തതുകൊണ്ടു പറവൂർ ശിലാലിഖിതത്തിൽ കാണുന്ന ഇണങ്ങരുടെ സ്ഥാനം കുറഞ്ഞുപോകുന്നില്ല. കാരണം മുട്ടുചിറ ലിഖിതത്തിലുള്ള പാദ്രിയെക്കുറിച്ചുള്ള പരാമർശം പാശ്ചാത്യസ്വാധീനത്തിന്റെ ഭാഗമായിക്കണ്ടാൽ 1566-നും 1581-നും ഇടയ്ക്കുള്ള ഇണങ്ങറുടെ തിരോധാനം പാശ്ചാത്യവത്ക്കരണത്തിന്റെ ഭാഗമായി കാണുന്നതിൽ അപാകതയില്ല. അൽമായരെ കൂടാതെയും സഭാകാര്യങ്ങൾ ചെയ്യാം എന്നു വാദിക്കുന്നതിനു ഈ ശിലാലിഖിതങ്ങൾ ഉപയോഗിക്കുന്നതു ശരിയല്ല. കാരണം ഇന്നുനാം കാണുന്ന ശിലാലിഖിതങ്ങളിൽ മെത്രാന്റെ മാത്രം പേരു വരുന്ന ദൈവശാസ്ത്രാഭിമുഖ്യങ്ങളിലേക്കും കാഴ്ചപ്പാടുകളിലേയ്ക്കുമുള്ള പാച്ചിൽ മുട്ടുചിറ, കടുത്തുരുത്തി ലിഖിതങ്ങളിൽ വളരെ വ്യക്തമായി കാണാം. 16-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ദൈവശാസ്ത്രത്തിലെ പാശ്ചാത്യവത്ക്കരണം വളരെ ശക്തമായി തുടങ്ങിയിരുന്നു. അതിന്റെ തെളിവുകളാണ് മുട്ടുചിറ ലിഖിതവും കടുത്തുരുത്തി ലിഖിതവും പറവൂർ ശിലാലിഖിതം അതിനൊരപവാദമായി പൂർവ്വകാല സഭാത്മ ചിന്താരീതി കാത്തുസൂക്ഷിച്ചു എന്നുവേണം പറയുവാൻ.

മുട്ടുചിറ ലിഖിതവും കടുത്തുരുത്തി ശിലാലിഖിതവും പറവൂർ ശിലാലിഖിതത്തിന്റെ വില ഒട്ടും കുറയ്ക്കുന്നില്ല. നസ്രാണി പാരമ്പര്യത്തിന്റെ തനിമയാർന്ന രൂപമാണു പറവൂർ ശിലാലിഖിതത്തിലേത് എന്നു നിസംശയം പറയാം.

നസ്രാണികളുടെ ഭരണസംവിധാനം കണ്ട് വിദേശികൾ അത്ഭുതപ്പെട്ടുപോയി. ഇവിടുത്തെ ഭരണസമ്പ്രദായത്തെ സ്വതന്ത്ര റിപ്പബ്ലിക്കായി അവർ പ്രഖ്യാപിച്ചതുതന്നെ അതിന് ഒരു തെളിവാണ്.

ഉദയംപേരൂർ സൂനഹദോസ് നടന്നിട്ട് 400 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. വിദേശിയായ പോർട്ടുഗീസുകാരനായ ആർച്ച് ബിഷപ്പ് വിളിച്ചുകൂട്ടിയതാണ് ഈ സൂനഹദോസ്. കേരളസഭയിൽ അന്നു നിലവിലിരുന്ന

www.malankaralibrary.com

അൽമായ പങ്കാളിത്തത്തെ അവഗണിക്കുവാൻ ആർച്ച് ബിഷപ്പ് ഡോ. മെനസിസിനുപോലും സാധിച്ചില്ല. അദ്ദേഹം വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസിൽ 66 പള്ളികളേയും 168 ഗ്രാമങ്ങളെയും പ്രതിനിധീകരിച്ച് 153 വൈദികരും 671 ഇണങ്ങരുമുണ്ടായിരുന്നു. പോർച്ചുഗീസുകാരനായ മെനസിസ് മെത്രാപ്പോലീത്തയ്ക്ക് പോലും ഇവിടെ നിലനിന്നിരുന്ന അൽമായ പങ്കാളിത്തത്തെ ആദരിക്കേണ്ടി വന്നതിന്റെ തെളിവാണ് ഉദയംപേരൂർ സൂനഹദോസിലെ അൽമായ പങ്കാളിത്തം.

പാശ്ചാത്യസ്വാധീനം കേരള നസ്രാണി സഭയുടെ മേൽ ശക്തിയാർജ്ജിച്ചുവെങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകം സംരക്ഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനും വേണ്ടി നാലു നൂറ്റാണ്ടുകളായി നടന്ന പോരാട്ടത്തിന് ഇവിടുത്തെ അൽമായർ വഹിച്ച പങ്ക് വലുതായിരുന്നുവെന്ന് ചരിത്രത്തിൽ കാണാം. ആ അൽമായ സഹകരണവും നേതൃത്വവുമാണ് ഇന്ന് സീറോ-മലബാർ സഭയിൽ ദർശിക്കുക.

പോർച്ചുഗീസ് മേധാവിത്വത്തിനെതിരെ സമുദായബോധമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ സംഘടിതമായി നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു കൂനൻകുരിശു സത്യം. സഭയോടുള്ള വിധേയത്വവും അതോടൊപ്പം ദൈവദത്തമായ സ്വാതന്ത്ര്യബോധവും ആണ് ഇതിൽ തെളിഞ്ഞു കാണുന്നത്. കൂനൻകുരിശു സത്യത്തിൽ ആയിരക്കണക്കിന് അൽമായർ പങ്കെടുത്തു. സഭാകാര്യങ്ങളിൽ എത്ര താല്പര്യപൂർവ്വമാണ് അൽമായർ പങ്കെടുത്തതെന്ന് കൂനൻകുരിശു സത്യത്തിലെ അൽമായ പങ്കാളിത്തം വ്യക്തമാക്കുന്നുണ്ട്.

റവ. ഡോ. സേവ്യർ കുടപ്പുഴ ഭാരത സഭാചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "അമ്പത് നൊയ്മ്പിനുശേഷം ഇടപ്പള്ളിൽ സമ്മേളിക്കാം എന്ന തീരുമാനത്തോടെയാണ് ഇടപ്പള്ളി സമ്മേളനം പിരിഞ്ഞത്. ആലങ്ങാട്ടു ചേർന്ന എണ്ണായിരത്തോളം പേരുടെ യോഗം തോമ്മാ ആർച്ച് ഡീക്കനെ താത്ക്കാലിക മെത്രാനാക്കണമെന്ന നിഗമനത്തോടെ പിരിഞ്ഞു. 1653-ൽ നടന്ന ആലങ്ങാട്ടുയോഗത്തിൽ എണ്ണായിരത്തോളം പേർ പങ്കെടുത്തതിൽ 95 ശതമാനവും അൽമായരായിരിക്കും. ഇന്നത്തെപോലെ ജനസംഖ്യയും യാത്രാ സൗകര്യവും ഇല്ലാതിരുന്ന അക്കാലത്ത് 8000 പേർ ഒത്തുകൂടിയെങ്കിൽ ജനങ്ങൾ സഭാകൂട്ടായ്മയിൽ എത്ര താല്പര്യപൂർവ്വം, ആവേശപൂർവ്വം പങ്കെടുത്തുവെന്ന് മനസ്സിലാക്കാവുന്നതാണ്.

കൂനൻകുരിശു സത്യത്തിനുശേഷം പോർച്ചുഗീസ് ക്യാപ്റ്റന് കൂനൻകുരിശ് സത്യത്തെപ്പറ്റി വിശദീകരിച്ചുകൊണ്ട് എഴുതിയ കത്ത് 13 വൈദികരും 31 അൽമായരും ചേർന്ന് തയ്യാറാക്കി സമർപ്പിച്ചതാണ്. ഇവിടെയും സജീവമായ അൽമായ പങ്കാളിത്തമാണ് നമുക്ക് കാണുവാൻ സാധിക്കുക. കൂനൻകുരിശു സത്യത്തെ തുടർന്ന് മലങ്കര സഭയിൽ ഉണ്ടായ ഭിന്നത നിമിത്തം

www.malankaralibrary.com

യാക്കോബായ കൂട്ടുകെട്ടിൽ പെട്ടുപോയ ആറാം മാർത്തോമ്മായെയും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായിരുന്ന 80000-ൽപരം ആളുകളെയും വീണ്ടും കത്തോലിക്ക സഭയിലേക്ക് ആനയിക്കുക. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് നാട്ടുമെത്രാന്മാരെ ലഭ്യമാക്കുക എന്നീ ഉദ്ദേശങ്ങളോടെ പോർട്ടുഗലിലേക്കും റോമിലേക്കും ഒരു പ്രതിനിധി സംഘത്തെ അയക്കുവാൻ തീരുമാനിച്ചത് അങ്കമാലിയിൽ ചേർന്ന യോഗമാണ്. അതിരംപുഴ, മലയാറ്റൂർ എന്നിവിടങ്ങളിലും ചേർന്ന സുറിയാനിക്കാരുടെ യോഗം റോമായാത്രയ്ക്കാവശ്യമായ പണം ശേഖരിക്കുന്നതിനും തീരുമാനിച്ചു. ഈ യോഗങ്ങളിലെല്ലാം അൽമായർ സജീവമായി പങ്കെടുക്കുകയും പണം നല്കുകയും ചെയ്തു. പൂതത്തിൽ ഇട്ടിക്കുരുവിള തരകനും തച്ചിൽ മാത്യു തരകനും ഈ പരിശ്രമത്തിന്റെ മുൻപന്തിയിൽ നിലകൊണ്ടു ഇട്ടികുരുവിള തരകന്റെ നീണ്ടൂരുള്ള ഭവനത്തിൽ സമ്മേളിച്ച് അവിടെ നിന്ന് തരകന്റെ വള്ളത്തിലാണ് യാത്രാസംഘം കപ്പൽ കയറുന്നതിനായി ദക്ഷിണാഭിമുഖമായി യാത്ര തിരിച്ചത്. കേരളത്തിൽ നിന്നും തരംഗപാടിവരെയെത്തിയപ്പോൾ ഉദ്ദേശിച്ചതിലധികം പണം ചിലവായി. പണച്ചുരുക്കംകൊണ്ടും റോമാ യാത്രയുടെ ദുർഘടം ഭയന്നും റോമാ യാത്രയ്ക്കുള്ള ആളുകളുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശമുണ്ടായി. യാത്ര തുടരാതെ കേരളത്തിലേക്ക് മടങ്ങാമെന്ന് ആദ്യം സമ്മതിച്ചത് ഇട്ടിക്കുരുവിള തരകനാണ്. സമുദായ നന്മ മാത്രമായിരുന്നു തരകന്റെ ലക്ഷ്യം. മാർ കരിയാറ്റിയുടെയും തോമ്മാകത്തനാരുടെയും റോമ്മായാത്ര അത്യന്തം ക്ലേശകരമായിരുന്നു. മാർ കരിയാറ്റിയെ പോർട്ടുഗലിൽ വച്ച് കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാനായി വാഴിച്ചു. എന്നാൽ കേരളത്തിലേക്ക് ഉടൻ മടങ്ങാൻ അവർക്ക് സാധിച്ചില്ല. അതേപ്പറ്റി പാറേമ്മാക്കൽ തോമ്മാക്കത്തനാർ മലങ്കരപള്ളിക്കാർക്കയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഞങ്ങൾ പുറപ്പെട്ട കാര്യം ദൈവാനുഗ്രഹത്താൽ ഇത്രയൊക്കെ സാധിച്ചതുകൊണ്ട് ഇവിടെ താമസിക്കുന്ന പാതിരിമാർക്ക് വളരെ മനസ്താപമുണ്ടെന്നും ഞങ്ങൾ അവിടെ വന്നെത്താതിരിക്കാൻ വേണ്ടതൊക്കെ അവർ ചെയ്യുമെന്നും ഞങ്ങൾ എഴുതി അറിയിക്കാതെ തന്നെ നിങ്ങൾക്കറിയാവുന്നതാണ്. പാറമ്മാക്കലച്ചന്റെ ഈ കത്തു ലഭിച്ചയുടൻ മാർത്തോമ്മ ക്രിസ്ത്യാനികൾ ഒത്തുകൂടി ആലോചിച്ചു. വൈദികരും ശെമ്മാശന്മാരും അൽമായരും പങ്കെടുത്ത യോഗം മാർപാപ്പായ്ക്കും പോർട്ടുഗൽ രാജ്ഞിയ്ക്കും ഹർജ്ജി സമർപ്പിച്ചു. തൽഫലമായി പോർട്ടുഗലിൽ നിന്ന് നാട്ടിലേക്ക് അവർ തിരിച്ചു. യാത്രയിൽ മാർ കരിയാറ്റി ഗോവയിൽ വച്ച് അപ്രതീക്ഷിതമാംവിധം ദിവംഗതനായി. നാട്ടിൽ തിരിച്ചെത്തിയ തോമ്മാക്കത്തനാർ അഡ്മിനിസ്ട്രേറ്ററായി കൊടുങ്ങല്ലൂർ രൂപതയുടെ ഭരണഭാരം ഏറ്റെടുത്തു.

പാറമ്മാക്കൽ ഗോവർണ്ണദോരായിരിക്കുമ്പോൾ നടന്ന ഏറ്റവും വലിയ

www.malankaralibrary.com

സംഭവമാണ് 1787 ഫെബ്രുവരി ഒന്നാംതീയതി 84 പള്ളിക്കാർ അങ്കമാലിയിൽ കൂടി എഴുതിവെച്ച പടിയോല. ആ പടിയോല എഴുതിവച്ച യോഗത്തിൽ പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷവും അൽമായരായിരുന്നു.

തങ്ങളുടെ അപ്പസ്തോലിക സഭയുടെ വ്യക്തിത്വം വീണ്ടെടുക്കാൻ സുറിയാനിക്കാർ നടത്തിയ പരിശ്രമമാണ് അങ്കമാലി പടിയോല യോഗത്തിൽ വ്യക്തമായി കാണുന്നത്. ഇതിനുവേണ്ടിയാണ് തോമ്മക്കത്തനാരെ മെത്രാനാക്കി വാഴിക്കണമെന്ന് അൽമായർ ഒന്നടങ്കം പോർട്ടുഗൽ രാജ്ഞിയോടപേക്ഷിച്ചത്. ഇതിനെതിരായി പൗളിനോസ് പാതിരി തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാവിന്റെ പക്കൽ പരാതി സമർപ്പിച്ചു. തിരുവിതാംകൂർ മഹാരാജാവ് തച്ചിൽ മാത്യുതരകനെയും സുറിയാനി നേതാക്കന്മാരെയും വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചു. മാത്യുതരകന്റെ സ്വാധീനഫലമായി പോർട്ടുഗൽക്കാർക്ക് കീഴ്‌വഴങ്ങേണ്ട കാര്യമില്ലെന്നും സ്വന്തം ജാതിക്രമത്തിലുള്ള മെത്രാന്മാരെയും കൊണ്ടുനടന്നാൽ മതിയെന്നും മഹാരാജാവ് വിധിച്ചു.

ടിപ്പുവിന്റെ അക്രമണകാലത്ത് 24 സുറിയാനി പള്ളികൾ അക്രമിച്ച് നശിപ്പിക്കപ്പെട്ടു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് അങ്കമാലിയിലുള്ള താമസം സുരക്ഷിതമല്ലാതിരുന്നതിനാൽ തച്ചിൽ മാത്യുതരകൻ ഗോവർണ്ണദോറച്ചന് താമസിക്കുന്നതിനായി വടയാറ് പണിയിച്ചു കൊടുത്ത പള്ളിയിലേക്ക് താമസം മാറ്റി. തരകന്റെ സമുദായ സേവനത്തെപ്പറ്റി റവ. സേവ്യർ കൂടപ്പുഴ ഭാരതസഭാ ചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കരിയാറ്റിയെയും സംഘത്തേയും റോമിലേക്കയക്കുന്നതിന് പലവിധ സഹായസഹകരണങ്ങൾ തരകൻ ചെയ്തുകൊടുത്തു. പാറേമ്മാക്കൽ ഗോവർണ്ണദോരായി നിയമിതനായപ്പോൾ അദ്ദേഹത്തെ ഗോവായിൽ നിന്നും നാട്ടിൽ വരുത്തുന്നതിനും നാട്ടിൽ വന്നയുടനെ നാട്ടിൽ മെത്രാനാക്കുന്നതിനും നേതൃത്വം നല്കിയത് തരകനാണ്. അങ്കമാലി യോഗതീരുമാനത്തിനെതിരെ മിഷനറിമാർ രാജാവിനെ സമീപിച്ചപ്പോൾ സുറിയാനിക്കാർക്ക് അനുകൂലമായ തീരുമാനമുണ്ടാക്കുവാൻ മാത്യു തരകൻ സഹായിച്ചു. ഗോവർണ്ണദോർക്കും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും രാജാവ് സ്ഥാനമാനങ്ങൾ നല്കി അംഗീകരിക്കുന്നതിനും തരകൻ കാരണമായി. അങ്ങനെ ഗോവർണ്ണദോറച്ചന്റെ ഭരണകാലത്ത് തരകൻ അദ്ദേഹത്തിന്റെ വലംകൈയായി പ്രവർത്തിച്ചു. ആറാം മാർത്തോമ്മയുടെ പുനരൈക്യത്തിനുവേണ്ടിയുള്ള തരകന്റെ പ്രവർത്തനവും സ്തുത്യർഹമാണ്. കരിയാറ്റി മെത്രാപ്പോലീത്തയുടെ മരണശേഷം ഇതിനുവേണ്ടി കൊച്ചിരാജാവിന്റെയടുത്ത് ആലോചനകൾ നടത്തുന്നതിനും 1799 ജൂലൈ 21-ാം തീയതി തത്തംപള്ളിയിൽ നടന്ന പുനരൈക്യത്തിന്റെ കാര്യത്തിലും നെടുനായകത്വം വഹിച്ചത് തരകനാണ്.

പോർച്ചുഗീസ് ആധിപത്യം കേരള സുറിയാനി സഭയിൽ അടിച്ചേൽപിച്ചപ്പോൾ ആ ആധിപത്യത്തെ ചെറുക്കാൻ അൽമായർ വഹിച്ച പങ്ക്

www.malankaralibrary.com

സ്തുത്യർഹമാണ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അതിവിശിഷ്ടമായ പൈതൃകമായിരുന്നല്ലോ പള്ളിയോഗം. ആ വ്യവസ്ഥയെ പോർട്ടുഗീസ് പാതിരിമാർ തകർത്തപ്പോഴും സുറിയാനി ക്രിസ്ത്യാനികൾ ആ പള്ളിയോഗ വ്യവസ്ഥയുടെ ചൈതന്യം ഉൾക്കൊണ്ട് പ്രവർത്തിച്ചിരുന്നു.

സഭാ ഭരണത്തിനുള്ള ഒരു നൈയാമികഘടന എന്ന നിലയിൽ പള്ളിയോഗങ്ങൾ മാർത്തോമ്മായുടെ നിയമത്തിന്റെ ഭാഗമായിതീർന്നു. മാർത്തോമ്മായുടെ നിയമമെന്നത് ക്രോഡീകരിക്കപ്പെട്ട നിയമങ്ങളുടെ ഒരു സംഹിതയോ സമാഹാരമോ അല്ല. പ്രത്യുത മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച സുവിശേഷ സന്ദേശത്തിന്റെ അടിത്തറയിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ കാലാനുഗതം വളർത്തിക്കൊണ്ടുവന്ന സമ്പൂർണ്ണമായ ഒരു വ്യവസ്ഥയും സഭാത്മക ജീവിതരീതിയുമാണ്. പോർട്ടുഗീസുകാരുടെ ആഗമനംവരെ പള്ളിയോഗങ്ങൾ, അവയുടെ പൂർണ്ണ രൂപപ്രഭാവങ്ങളിൽ, പരമ്പരാഗതമായ എല്ലാ അധികാരാവകാശങ്ങളോടും കൂടെ കേരളത്തിലെ മാർത്തോമ്മാ ക്രൈസ്തവ സമൂഹങ്ങളിൽ പ്രവർത്തിച്ചിരുന്നു. വൈദികരോടൊപ്പം അൽമായരും ഉത്തരവാദിത്വത്തോടും സമർപ്പണബോധത്തോടും കൂടെ സഭാഭരണത്തിൽ പങ്കെടുത്തിരുന്നു.

പോർട്ടുഗീസുകാരുടെ ആധിപത്യത്തിനുശേഷം ആ പൈതൃകം നഷ്ടപ്പെട്ടു. ആ പൈതൃകം സംരക്ഷിക്കുന്നതിനുവേണ്ടിയാണ്, വീണ്ടെടുക്കുന്നതിനുവേണ്ടിയാണ് മുൻകാലങ്ങളിൽ വൈദികരും അൽമായരും ഒന്നിച്ചു നീങ്ങിയത്. 1887 മെയ് 20-ാം തീയതി കേരളത്തിലെ സുറിയാനിക്കാരെ ലത്തീൻകാരിൽ നിന്നും വേർതിരിച്ച് അവർക്ക് പ്രത്യേകമായ രണ്ട് വികാരിയത്തുകൾ സ്ഥാപിതമായി. നമ്മുടെ പൈതൃകം വീണ്ടെടുക്കുന്നതിനു വേണ്ടിയുള്ള സമരം വിജയമകുടം ചൂടിയെങ്കിലും അത് പൂർണ്ണമായി വിജയിച്ചില്ല.

1923-ൽ എറണാകുളം കേന്ദ്രമായി ഈ സഭയ്ക്ക് സ്വന്തമായി ഒരു ഹെരാർക്കിയുണ്ടായെങ്കിലും നമ്മുടെ പൈതൃകമായ തോമ്മായുടെ മാർഗ്ഗം വീണ്ടെടുക്കുവാൻ നമുക്ക് സാധിച്ചില്ല. മാർത്തോമ്മാ സഭയുടെ തനിമയും വ്യക്തിത്വവും അംഗീകരിച്ചു കിട്ടുവാൻ രണ്ടാംവത്തിക്കാൻ സൂനഹദോസ് വരെ നാം കാത്തിരിക്കേണ്ടി വന്നു. 1993-ൽ നമ്മുടെ സഭയെ ഒരു മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തി. സഭയുടെ തനതായ പാരമ്പര്യങ്ങളെയും വ്യക്തിത്വത്തെയും പുനഃസ്ഥാപിക്കുവാനും അതിന്റെ സർഗ്ഗാത്മക വളർച്ചയെ ത്വരിതപ്പെടുത്തുവാനുമാണ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സ്ഥാനവും സിനഡൽ സംവിധാനവും ഏർപ്പെടുത്തിയത്.

നമ്മുടെ സഭയുടെ പാരമ്പര്യത്തിൽ നിന്നുരുത്തിരിയുന്ന സഭാവിജ്ഞാനീയം വിലപ്പെട്ടതാണ്. വത്തിക്കാൻ സൂനഹദോസിന്റെ സഭാദർശനത്തെക്കാളും ഇത് ഏറെ മുന്നിലാണ്. സൂനഹദോസ് നിർദ്ദേശിക്കുന്ന പാസ്റ്ററൽ കൗൺസിൽ പോലുള്ള സഭാസംവിധാനങ്ങളേക്കാൾ ഈടുറ്റ

www.malankaralibrary.com

താണ് നമ്മുടെ പള്ളിയോഗങ്ങൾ. നമ്മുടെ സഭാപാരമ്പര്യത്തെ കാലാനുസൃതമായി പുനരുജ്ജീവിപ്പിച്ച് സാറോ-മലബാർ സഭയിലെ അൽമായ പങ്കാളിത്തം കൂടുതൽ സുദൃഢമാക്കുവാൻ നമുക്ക് ശ്രമിക്കാം.

പ്രമുഖ ദൈവശാസ്ത്രജ്ഞനും പണ്ഡിതനും പക്വമതിയുമായ പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ സീറോ മലബാർ സഭയുടെ പള്ളിയോഗത്തെപ്പറ്റി അപഗ്രഥിച്ച് ഒരു വ്യാഴവട്ടത്തിനുമുമ്പ് എഴുതിയ ലേഖനം ഒട്ടേറെ ചർച്ചാവിഷയമായിരുന്നു. അതിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കട്ടെ.

"നേരത്തെ സൂചിപ്പിച്ചതുപോലെ പ്രത്യേക നിയമങ്ങൾക്ക് (Particular Laws) ഒരൊറ്റ ഉദ്ദേശ്യമേയുള്ളു. അതായത് ഓരോ വ്യക്തിസഭയുടെയും തനിമ സംരക്ഷിക്കുക. നഷ്ടപ്പെട്ടുപോയ തനിമ വീണ്ടെടുക്കുക. മാർത്തോമ്മാ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം അവരുടെ തനിമയുടെ ആകെത്തുകയാണ് തോമ്മായുടെ നിയമം അല്ലെങ്കിൽ മാർഗം. ആദിമസഭയുടെ ചൈതന്യം തുടിച്ചു നിൽക്കുന്ന ഒരു പൈതൃകമാണിത്. ആരാധനാക്രമം, ഭരണക്രമം, ദൈവശാസ്ത്രവീക്ഷണം എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് തോമ്മായുടെ മാർഗം. ശരിക്കു പറഞ്ഞാൽ ഇതൊരു ജീവിതരീതിയാണ്. സംസ്കൃതിയാണ്, ഇതിനെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുകയെന്നതായിരിക്കണം പ്രത്യേകനിയമങ്ങളുടെ ഉദ്ദേശ്യവും ലക്ഷ്യവും. മറിച്ച് നിയമങ്ങൾ ഈ പൈതൃകത്തെ ദുർബലമാക്കുന്ന രീതിയിലാണ് എഴുതപ്പെടുന്നതെങ്കിൽ അത് സഭാസമൂഹത്തോടു ചെയ്യുന്ന വലിയൊരു ദ്രോഹമായിരിക്കും.

ഈപറഞ്ഞതിനർത്ഥം നൂറ്റാണ്ടുകൾക്കു മുമ്പ് ഇവിടെ നിലവിലിരുന്ന ഒരു ജീവിതരീതിയും ഭരണക്രമവും വള്ളിപുള്ളി വ്യത്യാസം കൂടാതെ പുനരുദ്ധരിക്കണമെന്നില്ല. ഇപ്പോഴത്തെ പള്ളിയോഗത്തിന്റെ "നക്കൽ നിയമാവലിയെ' വിമർശിക്കുന്നവർപോലും ആഗ്രഹിക്കുന്നത് കണ്ണുമടച്ചുള്ള ഒരു തിരിച്ചുപോക്കാണെന്ന് എനിക്കഭിപ്രായമില്ല. എല്ലാവരും ഊന്നൽ നല്കുന്നത് പള്ളിയോഗത്തിന്റെ 'ചൈതന്യത്തിനാണ്' പള്ളിയോഗത്തിന്റെ ഘടനയിലും നടപടിക്രമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുക തന്നെ വേണം. പക്ഷെ, അവ ഇതിന്റെ ചൈതന്യവുമായി ചേർന്നുപോകത്തക്ക രീതിയിലായിരിക്കണം."

മാർത്തോമ്മാ കത്തോലിക്കാസഭയുടെ തനിമയും വ്യക്തിത്വവും അംഗീകരിച്ചു കിട്ടുവാൻ രണ്ടാംവത്തിക്കാൻ സൂനഹദോസ് വരെ നമുക്കു കാത്തിരിക്കേണ്ടിവന്നു. കൗൺസിലിനുശേഷം ഇതേക്കുറിച്ച് ശരിയായ അവബോധം വളർന്നുവരുന്നതിന് പിന്നെയും വൈകി. കൗൺസിലിന്റെ പ്രബോധനവും മാർപാപ്പായുടെ വ്യക്തമായ നിർദ്ദേശവും ഉണ്ടായിരുന്നിട്ടുപോലും ഈ സഭയുടെ വ്യക്തിത്വവും പ്രവർത്തനസ്വാതന്ത്ര്യവും അംഗീകരിച്ചുകിട്ടുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകളും പിന്നീട് സഹിക്കേണ്ടിവന്നു

www.malankaralibrary.com

എന്ന യാഥാർത്ഥ്യവും വിസ്മരിച്ചുകൂടാ. അങ്ങനെ ഏറെക്കാലത്തെ കാത്തിരിപ്പിന് ശേഷം 1993-ൽ ഇതൊരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി അവരോധിക്കപ്പെട്ടു. സഭയുടെ തനതായ പാരമ്പര്യങ്ങളെയും വ്യക്തിത്വത്തെയും പുനഃസ്ഥാപിക്കാനും അതിന്റെ സർഗാത്മക വളർച്ചയെ ത്വരിതപ്പെടുത്താനും വേണ്ടിയാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനവും സിനഡൽ സംവിധാനവും ഏർപ്പെടുത്തിയിരിക്കുന്നത്.

മറ്റൊരുകാര്യംകൂടി നാം ഓർത്തിരിക്കേണ്ടതുണ്ട്. ഇരുപത്തിയൊന്ന് അംഗങ്ങളുള്ള പൗരസ്ത്യസഭാകുടുംബത്തിലെ ഏറ്റവും ചൈതന്യവത്തായ സഭയാണ് നമ്മുടേത്. സംഖ്യാബലത്തിൽ മാത്രമാണ് യുക്രെൻ സഭക്കൊന്നാം സ്ഥാനം. സുവിശേഷചൈതന്യത്തിലും ദൈവവിളിയിലും മുൻപന്തിയിൽ നിൽക്കുന്നത് സീറോ-മലബാർ സഭതന്നെയാണെന്ന് ആധികാരികമായി തന്നെ പറയാൻ സാധിക്കും. (See Eastern Catholic Law Commentary, Pages 23) ഇങ്ങനെ നോക്കുമ്പോൾ പൗരസ്ത്യ സഭകൾക്കു മുഴുവൻ പ്രചോദനവും പിന്തുണയും നല്കാനുള്ള ഒരു വലിയ ഉത്തരവാദിത്വംകൂടി ഈ സഭയ്ക്കുണ്ട്. ഈ സഭയുടെ പ്രത്യേക നിയമങ്ങൾക്ക് രൂപം നല്കുമ്പോൾ ഇങ്ങനെയൊരു കാര്യംകൂടി ഓർത്തിരിക്കേണ്ടതാണ്.

എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന (Synodal News No. 4) "നിയമസംഹിതകളുടെ നക്കൽ ഈ സഭയുടെ പൈതൃകത്തെയും ചൈതന്യത്തെയും ഒട്ടുംതന്നെ പ്രതിഫലിപ്പിക്കുന്നില്ല. മറിച്ച് പള്ളിയോഗത്തെ സംബന്ധിച്ചുള്ള കരടു നിയമാവലി ഇന്ന് പലരൂപതകളിലും നിലവിലിരിക്കുന്ന ഇടവക യോഗങ്ങളുടെ നടപടി ക്രമങ്ങളെക്കാളും പ്രതിലോമകരമാണ്." പക്വമതിയായ പ്രൊഫ. സെബാസ്റ്റ്യന്റെ വാക്കുകളാണിവ. നമ്മുടെ പഴയ പാരമ്പര്യത്തെപ്പറ്റി പഠിച്ചിട്ടുള്ളവർക്ക് ഇന്നത്തെ മാറ്റങ്ങൾ തൃപ്തികരമല്ലെന്ന് പറയേണ്ടിയിരിക്കുന്നു. സഭയുടെ ഭരണനിർവ്വഹണപ്രക്രിയയിൽ ജനാധിപത്യത്തിന്റെ ശൈലി ഉൾക്കൊള്ളണം. നമ്മുടെ അൽമായർ പൊതുവെ പ്രബുദ്ധരും വിവേകമതികളുമാണ്. അതിനാൽ, പഴയ ഉറവിടങ്ങളിലേക്കുള്ള യാത്രയിൽ അവരെ സംശയിക്കേണ്ട കാര്യമില്ല. നമ്മുടെ മഹത്തായ പാരമ്പര്യം സംരക്ഷിക്കാൻ നമുക്ക് ശ്രമിക്കാം. അമേരിക്കയിൽ അധിവസിക്കുന്ന സീറോ-മലബാർ സഭാംഗങ്ങൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ സാധിക്കുമെന്ന് ഓർമ്മിപ്പിക്കട്ടെ....ജയ് ക്രൈസ്റ്റ്

(അമേരിക്കയിലെ ഫിലാഡൽഫിയായിൽ 1999-ൽ ചേർന്ന സീറോ-മലബാർ നാഷണൽ കൺവൻഷനിൽ അവതരിപ്പിച്ച പ്രബന്ധം.)

www.malankaralibrary.com

# 4. ക്രൈസ്തവരും രാഷ്ട്രീയ പ്രവർത്തനങ്ങളും

ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ നിർണ്ണായകമായ പങ്കു വഹിച്ച ഒരു വിഭാഗമാണ് ക്രൈസ്തവസമൂഹം. ഒരു സമൂഹത്തിലെ അവയവംപോലെ ഭാരതക്രിസ്ത്യാനികൾ ഇതരസമൂഹാംഗങ്ങളോടൊപ്പം ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുകയുണ്ടായി. രാജ്യത്തെ ഭൂരിപക്ഷ മതങ്ങളുടേതിനേക്കാൾ ഊർജ്ജസ്വലതയോടും വീറോടും ത്യാഗത്തോടുംകൂടി തങ്ങളുടെ ആനുപാതികമായ പങ്കാളിത്തം അവർ വഹിക്കുകയും ചെയ്തു. ഭാരതസ്വാതന്ത്ര്യസമരത്തിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ട അദ്ധ്യായങ്ങളാണ് ആ ഐതിഹാസിക പ്രാതിനിധ്യം. ഭാരത സ്വാതന്ത്ര്യസമരത്തെപ്പറ്റി ചിന്തിക്കുമ്പോൾ പ്രധാനമായും രണ്ടുമേഖലകളായി തിരിച്ചുവേണം ചർച്ച ചെയ്യുവാൻ. ഒന്ന് ദേശീയാടിസ്ഥാനത്തിൽ നടന്ന സ്വാതന്ത്ര്യസമരം. രണ്ടു നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന ഉത്തരവാദഭരണപ്രക്ഷോഭം.

## ക്രൈസ്തവരും ദേശീയപ്രസ്ഥാനവും

നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പ്രകടനപത്രിക ആദ്യമായി എഴുതിയത് സ്വാതന്ത്ര്യപ്രാപ്തിക്ക് 200 വർഷം മുമ്പാണ്. ആ പ്രകടനപത്രിക തയ്യാറാക്കിയത് ചാൾസ് ഗ്രാന്റ് എന്ന ക്രൈസ്തവനാണ്. ലോകപ്രസിദ്ധ സാമൂഹ്യ പരിഷ്കർത്താവും പ്രമുഖ പാർലമെന്റേറിയനുമായ വില്യം ബിൽഫോർഡിന്റെ സഹപ്രവർത്തകനായിരുന്നു ചാൾസ് ഗ്രാന്റ്. ഭാരതത്തിലെ ഏറ്റവും ചെറിയ ന്യൂനപക്ഷമായ ക്രൈസ്തവർക്ക് അഭിമാനിക്കാവുന്ന ഒരു കാര്യമാണിത്.

മാർത്തോമാശ്ലീഹായാണ് ഭാരതത്തിൽ ക്രൈസ്തവമതം ആരംഭിച്ചത്. നൂറ്റാണ്ടുകൾക്കുശേഷം യൂറോപ്യന്മാർ ഇവിടെ കച്ചവടത്തിനായി എത്തിച്ചേർന്നു. അവരുടെ പിന്നാലെ ഭാരതത്തിലേക്കുവന്ന ക്രൈസ്തവ മിഷനറിമാർ വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധപതിപ്പിക്കുകയും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ അവകാശസംരക്ഷണത്തിനായി പ്രവർത്തിക്കുകയും ചെയ്തു. അധഃകൃതജനവിഭാഗത്തിന്റെ വഴികാട്ടികളാണ് ക്രൈസ്തവമിഷനറിമാർ എന്ന് സാധാരണ ജനങ്ങൾ വിശ്വസിച്ചു. അവർ അത് അനുഭവിച്ചറിയുകയും ചെയ്തു. അന്നത്തെ സാമൂഹ്യാവസ്ഥയിൽ നിന്നും സാമൂഹ്യനീതി ലഭ്യമാക്കുവാൻ ക്രിസ്തുമത ചിന്തകളുടെ

www.malankaralibrary.com

പ്രവാങ്ങൾക്കുമാത്രമേ കഴിയൂ എന്ന് അന്നത്തെ രാഷ്ട്രീയ ദേശീയ നേതാക്കൾക്കു ബോദ്ധ്യമായി.

അതുകൊണ്ട് 19-ാം നൂറ്റാണ്ടിലെയും 20-ാം നൂറ്റാണ്ടിലെയും പ്രമുഖരായ ദേശീയനേതാക്കൾ ക്രൈസ്തവമതം സ്വീകരിക്കുവാൻ തയ്യാറായി മുന്നോട്ടുവന്നു. കൃഷ്ണമോഹൻ ബാനർജി, ബ്രഹ്മബാന്ധവ ഉപാദ്ധ്യായ, നാരായണവാമനതിലക്, കാളിചരൺബാനർജി, ലാൽബിഹാരിഡേയ് തുടങ്ങിയ ദേശീയവാദികൾ ക്രിസ്തുമതം സ്വീകരിക്കുകയും അതിനുശേഷം ദേശീയസ്വാതന്ത്ര്യ സമരത്തിൽ സജീവമായി നിലകൊള്ളുകയും ചെയ്തു. ദേശീയ പ്രബുദ്ധതയും സ്വാതന്ത്ര്യസമരവും രാഷ്ട്രസമരവും രാഷ്ട്രനിർമ്മാണശ്രമങ്ങളും ക്രൈസ്തവ ദൗത്യത്തിന്റെ ഭാഗമായി മേൽപറഞ്ഞ നേതാക്കൾ കരുതുകയും അതനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ക്രൈസ്തവ സുവിശേഷത്തിന്റെ സ്വാധീനംകൊണ്ടു മാത്രമേ ഭാരതം എല്ലാവിധ പുരോഗതിയും കൈവരിക്കുകയുള്ളുവെന്നും അവർ വിശ്വസിച്ചിരുന്നു. ക്രിസ്തുമതം ഒരു നവോത്ഥാനശക്തിയാണെന്നും അത് ഭാരതത്തിന്റെ ധാർമ്മികവും മതപരവും ആയ നവീകരണത്തിന് സഹായിക്കുമെന്നും വിശ്വസിച്ച നേതാക്കന്മാർ, ക്രിസ്തുമതത്തെ ഭാരതത്തിന്റെ നവീകരണത്തിനുള്ള-നവോത്ഥാനത്തിനുള്ള ഉപകരണമാക്കണമെന്നാഗ്രഹിച്ചു.

ബ്രാഹ്മണകുടുംബത്തിൽ ജനിച്ച രമാഭായി സരസ്വതി യേശുക്രിസ്തുവിനെപ്പറ്റി കേൾക്കുകയും ക്രിസ്തുമതം സ്വീകരിക്കുകയും സ്ത്രീവിമോചനത്തിന്റെ വഴികാട്ടിയായി തീരുകയും ചെയ്തു. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭത്തിൽ അവർ ഒരു മുന്നണിപോരാളിയായി തീർന്നു. നാഷണൽ മിഷനറി സമൂഹത്തിന്റെ സാരഥിയായിരുന്നു കെ.ടി.പോൾ, ഗാന്ധിജിയുടെ ഉറ്റ മിത്രമായിരുന്ന എസ്. കെ. രുദ്ര തുടങ്ങിയ ക്രൈസ്തവ നേതാക്കന്മാരും ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചു. വിദേശ ക്രൈസ്തവ മിഷനറിമാരാൽ സ്ഥാപിക്കപ്പെട്ട ഭാരതത്തിലെ ക്രൈസ്തവ സഭകളുടെ ഘടനയും രൂപവും നേതൃത്വവും വിദേശീയമായിരുന്നു. ആ വിദേശ നേതൃത്വത്തിനെതിരെ പ്രോട്ടസ്റ്റന്റ് സഭകളിലുണ്ടായ മുന്നേറ്റവും ഇന്ത്യയിലെ മാർത്തോമാ ക്രിസ്ത്യാനികൾ വിദേശമേധാവിത്വത്തിനെതിരായി നടത്തിയ ശ്രമങ്ങളും ലത്തീൻ കത്തോലിക്കർ നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളും ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിൽ സുപ്രധാനമായ പങ്കുവഹിച്ചു.

## നസ്രാണികളുടെ സ്വാതന്ത്ര്യ സമരങ്ങൾ

മാർത്തോമ്മാശ്ലീഹായിൽ സ്ഥാപിതമായ കേരളത്തിലെ ക്രൈസ്തവമതം പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി പല പ്രതിസന്ധികളെ

www.malankaralibrary.com

യും നേരിടേണ്ടിവന്നു. പോർട്ടുഗീസുകാർക്ക് പിന്നാലെ വന്ന ക്രൈസ്തവ മിഷനറിമാർ നസ്രാണികളുടെ പൂർവ്വാചാരങ്ങൾ മുഴുവൻ നിർത്തലാക്കാൻ ശ്രമിച്ചു. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് ആ ലക്ഷ്യത്തോടുകൂടി വിളിച്ചുകൂട്ടിയതായിരുന്നു. ഈ നീക്കം നസ്രാണികളെ വേദനിപ്പിക്കുക യുണ്ടായി. കേരളസഭയെ കൽദായമെത്രാന്മാർ ഭരിക്കണമെന്ന് ഉദയംപേരൂർ സൂനഹദോസിൽ നസ്രാണികൾ അപേക്ഷിച്ചു. അത് അംഗീകരിക്കാൻ മിഷ നറിമാർ തയ്യാറായില്ല.

പിന്നെയും സുറിയാനിക്കാർ തങ്ങളുടെ പള്ളിക്രമങ്ങളുടെ സംരക്ഷണ ത്തിനും സുറിയാനിമെത്രാനെ കിട്ടേണ്ട സംഗതിയേയും സംബന്ധിച്ച് പല നിവേദനങ്ങളും നടത്തി. അതൊന്നും അംഗീകരിക്കുവാൻ മിഷനറിമാർ തയ്യാറായില്ല. 1652 ആഗസ്റ്റിൽ മൈലാപ്പൂരിലെത്തിയ കൽദായ മെത്രാനായ മാർ അഹത്തുള്ളായെ കടലിൽ മുക്കി കൊന്നുവെന്നും അദ്ദേഹത്തെ തിരികെ കിട്ടുകയില്ലെന്നും വിശ്വസിച്ച നസ്രാണി കത്തോലിക്കർ 1653 ജനുവരി 3-ാം തീയതി മട്ടാഞ്ചേരിയിൽ കൂനൻകുരിശ് എന്ന നാമത്തിൽ ഇന്ന് പൂജ്യതയോടെ സൂക്ഷിക്കപ്പെടുന്ന കുരിശിൽ കയർകെട്ടി അതിൽ എല്ലാവരും പിടിച്ചുകൊണ്ട് മേലാൽ വിദേശികളെ വണക്കം ചെയ്യുകയി ല്ലെന്നും അവരിൽ ആരെയും മതാദ്ധ്യക്ഷന്മാരായി സ്വീകരിക്കുകയില്ലെന്നും ശപഥം ചെയ്തു.

വിദേശികൾക്കെതിരായി ആദ്യമായി ഇന്ത്യയിൽ പൊട്ടിപ്പുറപ്പെട്ട വിപ്ലവമായിരുന്നു കൂനൻ കുരിശുസത്യം. ഇന്ത്യൻ ദേശീയനവോത്ഥാന ത്തിന്റെ വളർച്ചയിൽ കൂനൻകുരിശു സത്യം വഹിച്ച പങ്ക് വിലപ്പെട്ടതാണ്. കൂനൻകുരിശു സത്യത്തെ തുടർന്ന് മലങ്കരസഭയിൽ ഉണ്ടായ ഭിന്നിപ്പ് അവസാനിപ്പിക്കുന്നതിനും യാക്കോബായ കൂട്ടുകെട്ടിൽ പെട്ടുപോയ പുത്തൻ ക്കൂറുകാരെ വീണ്ടും കത്തോലിക്കാസഭയിലേക്ക് ആനയിക്കുന്നതിനും വേണ്ടി പ്രവർത്തിച്ച രണ്ടു മഹാത്മാക്കളായിരുന്നു മാർ കരിയാറ്റി യൗസേഫ് മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും. അവർ ഇരുവരുംകൂടി പോർ ട്ടുഗൽ, റോം എന്നിവിടങ്ങളിൽ സഞ്ചരിച്ചു തങ്ങളുടെ ലക്ഷ്യസാക്ഷാത്കാര ത്തിനായി ശ്രമിച്ചു.

റോമായാത്രയെ അധികരിച്ച് തോമാ കത്തനാർ എഴുതിയ ഗ്രന്ഥമാണ ല്ലോ വർത്തമാനപുസ്തകം. ഈ ഗ്രന്ഥത്തിലാണ് ഇന്ന് നാം അത്യന്തം അഭിമാനാവഹമായി കരുതുന്ന ദേശീയബോധം-ഇന്ത്യയെന്നും ഇന്ത്യാ ക്കാരെന്നുമുള്ള ഉജ്ജ്വലഭിമാനം-ആദ്യമായി പ്രകാശിപ്പിക്കപ്പെട്ടു കാണുന്നത്. വിദേശാധിപത്യത്തിൽ നിന്നും മോചനം നേടണമെന്നും ഇന്ത്യക്കാരെ ഇന്ത്യാക്കാർതന്നെ ഭരിക്കുന്ന സ്ഥിതിവിശേഷം സംജാതമാകണമെന്നും ആദ്യം അഭിപ്രായപ്പെട്ടവരിൽ ഒരാളാണ് തോമ്മാ കത്തനാർ. ആ അഭിപ്രായം പുറപ്പെടുവിക്കുക മാത്രമല്ല ആ അഭിപ്രായത്തിന്റെ സാക്ഷാത്കാരത്തിനു

www.malankaralibrary.com

വേണ്ടി സ്വജീവിതം ബലിയർപ്പിക്കാൻ തോമ്മാ കത്തനാർ തയ്യാറായി.

പ്രൊഫ. മീനാക്ഷിയമ്മ വർത്തമാനപുസ്തകത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ കൃതിയിൽ ഏതു ഭാഗത്തും മുന്നിട്ടു നൽക്കുന്നത് മല്പാന്റെയും കത്തനാരുടെയും രാജ്യാഭിമാനവും ദേശസ്നേഹവും വർഗ്ഗാഭിമാനവും ഭാഷാസ്നേഹവുമാണ്. സൂക്ഷ്മചിന്തകനും നീതിജ്ഞനുമായ കത്തനാർ ഓരോ സന്ദർഭത്തിലും തന്റെ അനുഭവങ്ങൾ പകർത്തിയിട്ട് വിചാരപരമായ ഒരു നിരൂപണം നടത്തിയിട്ടുള്ളത് വായിക്കുമ്പോഴാണ് ഈ മനോഭാവങ്ങളുടെ മാഹാത്മ്യം മനസ്സിലാകുന്നത്. ഗർവ്വിഷ്ഠന്മാരായ വിദേശികൾ മല്പാനോടും മറ്റും വീരപാണ്ടിദേശത്തുവച്ച് ബഹുമാനം കാണിക്കാത്തതിൽ അവിടെയുള്ള നാടൻ ക്രിസ്ത്യാനികൾക്ക് വിഷമമുണ്ടായതിനെപ്പറ്റി കത്തനാർ വർത്തമാനപുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു "ഇത് എന്തുകൊണ്ട്? പക്ഷെ മുൻപിൽ ഞങ്ങളുമായിട്ട് അവർക്കുള്ള കണ്ടറിവുകൊണ്ടോ, ഞങ്ങൾ ഏതാനും മനോഗുണം അവർക്കു ചെയ്തതുകൊണ്ടോ, ആയതു ഒന്നുകൊണ്ടുമല്ല പിന്നെയോ നാമെല്ലാവരും ഒരു ജാതി അതായത് ഇന്ത്യാക്കാർ ആയതുകൊണ്ട് വർഗ്ഗത്തിനടുത്ത ഈ സ്നേഹം അവരുടെ ഹൃദയങ്ങളെ ഇളക്കിയതുകൊണ്ടത്രെ" ഇന്നത്തെ ഭാരതീയർക്കുപോലും ഭാവിക്കാൻ കഴിയാത്ത ഒരു സ്വരാജ്യാഭിമാനമല്ലേ ഗ്രന്ഥകർത്താവിന്റെ ശക്തിയേറിയ വാക്കുകളിൽ നാം കാണുന്നത്. ഇന്ത്യൻ ജനത അറുന്നൂറിൽപരം നാട്ടുരാജ്യങ്ങളായി വിഭജിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് നാം പഞ്ചാബിയെന്നും മലയാളിയെന്നും ബംഗാളിയെന്നും പറയുകയും അങ്ങനെ ഹ്രസ്വമായി ചിന്തിക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിലാണ് തോമ്മാക്കത്തനാർ നാം ഭാരതീയരാണെന്ന് ഉറക്കെ പ്രഖ്യാപിച്ചത്.

മലങ്കര നസ്രാണികൾക്ക് ജാതീയമായ സഭാഭരണം സമ്പാദിക്കണമെന്നുള്ളതായിരുന്നു റോമായാത്രയുടെ ലക്ഷ്യം. ആ വസ്തുത പ്രതിപാദിക്കുന്ന ശ്രദ്ധേയമായ ഒരു ഭാഗം വർത്തമാന പുസ്തകത്തിൽ നിന്നും ഉദ്ധരിക്കാം. "എന്നാൽ ജാതിക്കു തലവൻ ആ ജാതിയിൽ തന്നെ ഉണ്ടായിരിക്കുന്നതിനാൽ ആ ജാതിക്ക് ബലവും കരുത്തും ഏറ്റം ഉണ്ടാകുമത്രേ എന്നുള്ള പട്ടാങ്ങ നമുക്ക് തന്നെയല്ല പിന്നെയോ എല്ലാ ജാതിക്കും പ്രസിദ്ധമായിരിക്കുന്ന കാര്യവും വർഗ്ഗന്യായത്താൽതന്നെ കൽപിക്കപ്പെട്ടിരിക്കുന്ന വസ്തുതയും അത്രേ ആകുന്നു എന്നതുകൊണ്ട് എറോപ്പിയായിലുള്ള ജാതികൾ അതായത് ഇത്താലിയാക്കാരും ഇൻഗ്ലേശന്മാരും തങ്ങൾക്ക് നാടുവാഴികളെയും വേദവഴികളെയും തങ്ങൾ തങ്ങളുടെ ജാതിയിൽതന്നെ തിരഞ്ഞെടുക്കുമാറാകുന്നു. എന്നുതന്നെയുമല്ല, പിന്നയോ തുറുക്കിന്റെ അടിമയിൽ പാടുപെട്ടുകിടക്കുന്ന നസ്രാണികൾ പലപല ജാതികൾ അതായത് യൗനായാക്കാരും, അർമ്മാന്യാക്കാരും സുറിയാനിക്കാരും ശേഷ

www.malankaralibrary.com

മുള്ളവരും തങ്ങൾ തങ്ങളുടെ ജാതിയജമാനന്മാരെയും വേദവാഴികളെയും തങ്ങളുടെ ജാതിയിൽനിന്നുതന്നെ കല്പ്പിക്കയും ചെയ്യുന്നു. ഇതൊക്കെയും നമ്മുടെ ഈ നാട്ടിൽ സൂക്ഷിച്ചുകണ്ടാൽ പഴയകൂറ്റുകാര് ഒഴികെ ശേഷമുള്ള ജാതികളൊക്കെയും ബ്രാഹ്മണജാതിതൊട്ട് പുലയജാതിയോളം ഓരോരോ ജാതികളെ തലവരും വേദവാഴികളും തങ്ങൾക്ക് തങ്ങളുടെ ജാതിയിൽ നിന്നായിരിക്കുകയും അതുകൊണ്ട് തങ്ങളുടെ ജാതി ഒക്കെയ്ക്ക് ബന്ധിക്കുന്ന കാര്യം ഉണ്ടായാൽ ജാതിയുടെ തലവരും സഹായിക്കുന്നവരും എന്നപോലെ എല്ലാവരേക്കാരിലും മുമ്പിൽ തങ്ങൾ പുറപ്പെടുമാറായിരിക്കുകയും ചെയ്യുന്നു."

സ്വയംഭരണമെന്ന ആശയം എത്രയും യുക്തിയുക്തമായി സ്ഥാപിക്കുകയും അതിനുവേണ്ടി സ്വജനങ്ങളെ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന ഗ്രന്ഥമാണിതെന്ന് മേലുദ്ധരിച്ച വാക്കുകളിൽ നിന്നും വ്യക്തമാകുന്നതാണ്. ഇങ്ങനെ നസ്രാണിജനതയെ ആത്മബോധമുള്ളവരാക്കുകയും അവർ ചുമന്നുകൊണ്ടുനടക്കുന്ന അടിമത്തനുകത്തിന്റെ വലിപ്പവും അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തുകൊണ്ട് ഒരു വലിയ വിമോചനസമരത്തിന് നേതൃത്വം കൊടുക്കുകയാണ് തോമ്മാകത്തനാർ ചെയ്തത്.

ഭാരതത്തിൽ വിദേശമേധാവിത്വത്തിനെതിരായി എഴുതപ്പെട്ട ആദ്യത്തെ ഗ്രന്ഥമാണ് വർത്തമാനപുസ്തകം. ഈ ഗ്രന്ഥത്തിലൂടെ തോമ്മാകത്തനാർ വിതച്ച ജാത്യാഭിമാനത്തിന്റെ വിത്ത് പിൽക്കാലത്ത് രാഷ്ട്രീയ സ്വാതന്ത്ര്യ സമരത്തിൽ നമുക്ക് പ്രചോദനമായി തീർന്നു.

## ക്രൈസ്തവ നേതൃത്വം ദേശീയതലത്തിൽ

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് മുഖ്യ നേതൃത്വം നല്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ആ സംഘടന സ്ഥാപിച്ചത് എ.ഒ.ഹ്യൂം എന്ന ക്രൈസ്തവനായിരുന്നു. കോൺഗ്രസ്സിന്റെ ആദ്യകാലത്തെ പ്രവർത്തനശൈലിയോട് പൊരുത്തപ്പെടുവാൻ (പ്രമേയങ്ങൾ പാസാക്കലും നിവേദനം സമർപ്പിക്കലും) തീവ്രവാദികൾക്ക് സാധിച്ചില്ല. ആ തീവ്രവാദികളുടെ മുന്നണിയിൽ പ്രവർത്തിച്ചവരിൽ പലരും ക്രൈസ്തവരായിരുന്നു. കോൺഗ്രസ്സിന്റെ ആദ്യകാല നേതാക്കന്മാരിൽ എല്ലാവരുംതന്നെ ക്രൈസ്തവരായിരുന്നു. എ.ഒ.ഹ്യൂം ദീർഘനാൾ സെക്രട്ടറി പദം അലങ്കരിച്ചു. കോൺഗ്രസ്സിന്റെ ആദ്യത്തെ പ്രസിഡന്റ് ഡബ്ലു.സി. ബാനർജി എന്ന ക്രൈസ്തവനായിരുന്നു. ക്രൈസ്തവ നേതാക്കാളായ ജോർജ്ജ് കൂർ (1886–89), ആൽഫ്രഡ് വെബ്ബ് (1894–1895), ഹെൻട്രി കോട്ടൺ (1904–1905), വില്യം ബേഡർബേൺ (രണ്ടാംപ്രാവശ്യം 1910–11), പി. ആനന്ദ് വാർലു (1911–1912) ഡോ. ആനി ബസന്റ് (1917–18) എന്നിവർ കോൺഗ്രസ്സ് പ്രസിഡന്റുമാരായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വം

www.malankaralibrary.com

മഹാത്മാഗാന്ധി ഏറ്റെടുക്കുന്നതുവരെ ക്രൈസ്തവരായിരുന്നു സംഘടനയെ നയിച്ചിരുന്നത്. 1920-നു ശേഷം ഇന്ത്യൻ ദേശീയരംഗത്ത് മഹാത്മജിക്കുണ്ടായിരുന്ന ആധിനായകത്വം അതിനുമുമ്പുള്ള നാലു ദശാബ്ദക്കാലം ഒരു ക്രൈസ്തവ വനിതയായ ആനിബസന്റിനാണുണ്ടായിരുന്നത്.

ഒന്നാംലോക മഹായുദ്ധകാലത്ത് സ്വയം ഭരണത്തിനുവേണ്ടി ശക്തിയേറിയ ഒരു നീക്കം നടത്തിയത് റോമൻ കത്തോലിക്കനായ ജോസഫ് ബാപ്റ്റിസ്റ്റായുടെ നേതൃത്വത്തിലായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ തീവ്രവാദികളുടെ ഒരു സമ്മേളനം ജോസഫ് ബാപ്റ്റിസ്റ്റായുടെ അദ്ധ്യക്ഷതയിൽ 1915 മെയ് 18-ന് ചേർന്ന് സ്വാതന്ത്ര്യത്തിനായി പോരാടുവാൻ തീരുമാനിച്ചു. 1916 ഏപ്രിൽ 8-ന് ബൽഗാമിൽ ചേർന്ന തീവ്രവാദികളുടെ സമ്മേളനം ഹോം റൂൾ പ്രസ്ഥാനത്തിന് രൂപം നല്കി. അതിന്റെ പ്രഥമ പ്രസിഡന്റ് ജോസഫ് ബാപ്റ്റിസ്റ്റ് തന്നെയായിരുന്നു. പിൽക്കാലത്ത് ആനിബസന്റ് അതിന്റെ പ്രസിഡന്റ് സ്ഥാനം ഏറ്റു. ആനി ബസന്റിന്റെ ഭാവോജ്ജ്വലമായ പ്രസംഗങ്ങളും ലേഖനങ്ങളും ജനതയെ ആവേശം കൊള്ളിച്ചു. ആനിബസന്റിന്റെ കൂട്ടത്തിൽ രാജ്യമാസകലം ചുറ്റിനടന്ന് ഹോം റൂൾ ലീഗിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയത് ബാരിസ്റ്റർ ജോർജ് ജോസഫ് ആയിരുന്നു. കേരളത്തിൽ വിശിഷ്യാ മലബാറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം ആരംഭിച്ചതും അദ്ദേഹമായിരുന്നു. ഗാന്ധിജിയുടെ 'യംഗ് ഇന്ത്യയും' മോട്ടിലാൽ നെഹ്റുവിന്റെ 'ഇൻഡിപെൻഡന്റും' എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിരുന്ന ബാരിസ്റ്റർ ജോർജ്ജ് ജോസഫ് അഖിലേന്ത്യാ തലത്തിൽ അറിയപ്പെട്ട ഒരു കേരളീയനായിരുന്നു.

മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണപ്രസ്ഥാനത്തിലും ദണ്ഡിയാത്രയിലും ഉപ്പുസത്യാഗ്രഹത്തിലും പങ്കെടുത്ത ക്രൈസ്തവർ നിരവധിയാണ്. റൗളറ്റ് ആക്ടിനെതിരെയുള്ള പ്രക്ഷോഭണത്തെ അടിച്ചമർത്താൻ സർക്കാർ ശ്രമിച്ചു. അതോടനുബന്ധിച്ചാണ് ജാലിയാൻ വാലബാഗിലെ കൂട്ടക്കൊല നടന്നത്. ആ കൂട്ടക്കൊലയിൽ രക്തസാക്ഷിത്വം വരിച്ചവരിൽ ക്രൈസ്തവരും ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ ഇന്ത്യൻ ജനതയുടെ ദേശീയമണ്ഡലം വളർത്തുന്നതിനും സ്വാതന്ത്ര്യ സമരത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിനും പരിശ്രമിച്ചു. ക്രൈസ്തവമിഷനറിമാരുടെ പ്രസിദ്ധീകരണമായ 'ഹാർവെസ്റ്റ്' ഫീൽഡുമാസികയാണ് ഇക്കാര്യത്തിൽ മുൻപിൽ നിന്നത്. പ്രസ്തുത മാസികയുടെ മുഖപ്രസംഗങ്ങൾ ക്രൈസ്തവ ജനതയെ സ്വാതന്ത്ര്യ സമരത്തിലേക്ക് ആഹ്വാനം ചെയ്തുകൊണ്ടുള്ളതായിരുന്നു. ജെ.ഇ.നൈൽ ആണ് ഈ സംരംഭത്തിന് നേതൃത്വം നല്കിയത്.

തേവർ തുണ്ടിയിൽ ടൈറ്റസ് ആയിരുന്നു ഗാന്ധിജിയുടെ സബർമതി ആശ്രമത്തിന്റെ മുഖ്യ ചുമതലക്കാരൻ. ജോർജ് ശ്രാമ്പിക്കൽ എന്ന മലയാ

www.malankaralibrary.com

ളിയും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രമുഖനായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത കെ.ടി. പോൾ, റാവു ബഹദൂർ, പന്നീർശെൽവം, എസ്.കെ. ദത്ത തുടങ്ങിയവരും വിദേശമേധാവിത്വത്തിനെതിരെ പോരാടിയ ബിഷപ്പ് വി.എസ്. അസറിയ, വയലറ്റ് ആൽവാ തുടങ്ങിയവരും ദേശീയ സ്വാതന്ത്ര്യസമരത്തിലെ മുഖ്യപോരാളികളായിരുന്നു.

ഇന്ത്യൻ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ ലണ്ടനിൽ ഒരു വട്ടമേശ സമ്മേളനം നടന്നു. ക്രൈസ്തവ പ്രതിനിധികളായി കെ.ടി. പോളും പനീർശെൽവവും പങ്കെടുത്തു. ക്രൈസ്തവവിഭാഗത്തിനായി യാതൊരു പ്രത്യേകാനുകൂല്യവും ആവശ്യപ്പെട്ടില്ലെന്നു മാത്രമല്ല പരിപൂർണ്ണ ജനാധിപത്യത്തിനും പൊതുനിയോജകമണ്ഡലത്തിനുമായി ക്രൈസ്തവർ നിലകൊള്ളുമെന്ന് കെ.ടി.പോൾ പ്രസ്തുത സമ്മേളനത്തിൽ അഭിപ്രായപ്പെടുകയും ചെയ്തു. രണ്ടാംവട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത എസ്.കെ. ദത്തും ഈ അഭിപ്രായമാണ് പ്രകടിപ്പിച്ചത്. എന്നാൽ പനീർശെൽവം ആ അഭിപ്രായക്കാരനായിരുന്നില്ല.

1935-ലെ ഇന്ത്യാ ആക്ടിൽ വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുത്തിയിരുന്നു. അതിനെതിരായി മഹാത്മജി 21 ദിവസം നിരാഹാര സത്യാഗ്രഹം നടത്തി. ഗാന്ധിജിയുടെ നിലപാടിനെ ക്രൈസ്തവ സമൂഹം ഒന്നാകെ പിന്താങ്ങി. വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ ഇല്ലാതാക്കാനായി ക്രൈസ്തവ ഭാരതീയ നേതാക്കളുടെ ഒരു സമ്മേളനം ഫാ. ജെറോം ഡിസൂസാ എ.സ്.ജെ.യുടെ അദ്ധ്യക്ഷതയിൽ പൂനായിൽകൂടി. അലോഷ്യാസ് സോറൻ, ആരോഗ്യസാമി മുതലിയാർ, എൻ.കെ. ദൂത് തുടങ്ങിയവർ പ്രസംഗിച്ചു. കമ്മ്യൂണൽ അവാർഡിനെ അവർ ഏകകണ്ഠമായി എതിർത്തു. പ്രത്യേക വർഗ്ഗീയ നിയോജകമണ്ഡലങ്ങളെപ്പറ്റിയല്ല സ്വതന്ത്രമാകുന്ന ഭാരതത്തിൽ ക്രൈസ്തവർ ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങളെപ്പറ്റിയാണ് അവർ ചർച്ച ചെയ്തത്. ക്രൈസ്തവരുടെ ഈ ചർച്ചകളും തുടർന്നുണ്ടായ തീരുമാനങ്ങളും ഗാന്ധിജിയുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് വിധേയമായി.

ക്രിസ്ത്യാനികളുടെമേൽ അടിച്ചേൽപ്പിച്ച വർഗീയ നിയോജകമണ്ഡലങ്ങളെ അധിക്ഷേപിച്ചുകൊണ്ട് വി.എസ്. അസ്സറിയ (ബിഷപ്പ്) പുറപ്പെടുവിച്ച പ്രസ്താവനയിൽ ക്രിസ്ത്യാനികളായ നമ്മൾക്ക് പൊതുവായ നിയോജകമണ്ഡലങ്ങളിൽ വോട്ടു ചെയ്യുവാൻ അവകാശമില്ലാതായി എന്നത് ഖേദകരമാണെന്നും നിയോജകമണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ ജനപ്രതിനിധികളും എല്ലാ ജനങ്ങളുടെയും താല്പര്യം സംരക്ഷിക്കുന്നവരായിരിക്കുമെന്ന് ഞങ്ങൾക്ക് ഉത്തമബോദ്ധ്യമുണ്ടെന്നും അതാണ് നമ്മുടെ രാജ്യത്തിന്റെ മഹത്തായ പൈതൃകമെന്നും അതിൽ അവർക്ക് പൂർണ്ണ വിശ്വാസമുണ്ടെന്നും അസന്നിഗ്ധമായി പ്രഖ്യാപിച്ചു.

www.malankaralibrary.com

1945-ലെ അഖിലേന്ത്യാ ക്രൈസ്തവസമ്മേളനം വർഗീയ നിയോജ കമണ്ഡലങ്ങളെ ശക്തമായി എതിർത്തു. കാബിനറ്റ് മിഷനുമായി ക്രൈസ്തവ പ്രതിനിധികൾ ചർച്ച നടത്തിയപ്പോഴും ഇതേ നിലപാടാണ് സ്വീകരിച്ചത്. ക്രൈസ്തവരുടെ നൂറ്റാണ്ടുകളായുള്ള ദേശസ്നേഹപരമായ പ്രവർത്തനങ്ങളെ പലരും പ്രശംസിക്കുകയുണ്ടായി. ഭാരതത്തിന്റെ ഗവർണ്ണർ ജനറലായിരുന്ന സി. രാജഗോപാലാചാരി ഭാരതത്തിലെ ക്രൈസ്തവർ എല്ലാ സമ്മേളനങ്ങളിലും പരിപൂർണ്ണ പിന്തുണ ദേശീയപ്രസ്ഥാനങ്ങൾക്ക് നല്കിയിരുന്നുവെന്ന് അഭിപ്രായപ്പെട്ടു.

ഹിന്ദുമഹാസഭയുടെ അദ്ധ്യക്ഷൻ ബി.എസ്. മോൻജെ ക്രൈസ്തവരുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദേശീയചിന്താഗതിയേയും അവരുടെ ദേശസ്നേഹത്തെയും ഭാരതത്തിന്റെ അഖണ്ഡതയ്ക്കായുള്ള അവരുടെ നിശ്ചയദാർഢ്യത്തെയും പ്രശംസിച്ചു ക്രിസ്ത്യാനികൾ മറ്റു ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാതൃകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കൽക്കട്ടയിൽ നിന്നും പുറപ്പെട്ടിരുന്ന അമൃതബസാർ പത്രികയിൽ ഭാരതക്രൈസ്തവർ ഭാരതത്തിലെ ചെറുതായ ഒരു സമൂഹമാണെന്നും അവരുടെ മതം അപകടത്തിലാണെന്നോ ഭൂരിപക്ഷസമുദായപീഡനത്തിന് എന്നെങ്കിലും വിധേയരാകുമെന്നോ ഒരു ചിന്ത അവർക്കില്ലെന്നും ഔദ്യോഗികമായ പ്രത്യേക പദവികൾ അവർ ആഗ്രഹിക്കുന്നുമില്ല" എന്നും അദ്ദേഹം തന്റെ ലേഖനത്തിൽ എഴുതി.

## ജനകീയ പ്രക്ഷോഭങ്ങൾ

തിരുവിതാംകൂറിൽ 1850 വരെ വ്യാപകമായ തോതിൽ അടിമക്കച്ചവടം നിലവിലിരുന്നു. അവർണ്ണർക്ക് പൊതുവഴിയെ നടക്കുന്നതിനും അവർണ്ണ സ്ത്രീകൾക്ക് മാറു മറക്കുന്നതിനും അവകാശമുണ്ടായിരുന്നില്ല. അവർണ്ണർക്ക് പ്രത്യേക നികുതികൾ ഏർപ്പെടുത്തിയിരുന്നു. ക്രൈസ്തവമിഷനറിമാർ വിദ്യാഭ്യാസരംഗത്ത് നടത്തിയ സേവനങ്ങളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ തെറ്റായ നടപടികളെ ചെറുക്കുന്നതിന് അവർണ്ണവിഭാഗം തയ്യാറായി അടിമക്കച്ചവടം നിർത്തൽ ചെയ്യുന്നതിന് അവർ ശ്രമിച്ചു. ക്രൈസ്തവർ പ്രചരിപ്പിച്ച വിദ്യാഭ്യാസത്തിന്റെ ഫലമായി അധഃകൃതസമുദായങ്ങളിൽ സ്വാതന്ത്ര്യബോധവും ആത്മധൈര്യവും വളർന്നു. ക്രിസ്തുമതം സ്വീകരിച്ച തീണ്ടൽ ജാതിക്കാരുടെ തീണ്ടൽ ഇല്ലാതായി. അതുകൊണ്ട് പറയസമുദായംഗമായിരുന്ന ഡോ. പീറ്ററിനെ മഹാരാജാവ് തന്റെ സ്വന്തം ഭിഷഗ്വരനായും ഡർബാർ ഫിസിഷ്യനായും നിയമിച്ചു.

ഈ കാലഘട്ടത്തിലാണ് ജാത്യൈക്യസംഘം രൂപീകരിക്കുന്നത്. നിധീരിക്കൽ മാണിക്കത്തനാരാണ് അതിന്റെ സ്ഥാപകൻ. ആധുനികകാലഘട്ടത്തിലെ ഭരണകർത്താക്കൾക്കും പ്ലാനിംഗ് വിദഗ്ദ്ധർക്കും മാതൃകയാക്കാ

www.malankaralibrary.com

വുന്ന ഒരു വിലപ്പെട്ട രേഖയാണ് ജാതൈക്യസംഘം നിയമാവലി. കേരളീയരിൽ സംഘടനാബോധം വളർത്തുന്നതിൽ ഈ സംഘടന വലുതായ പങ്കുവഹിച്ചിരുന്നു.

## മലയാളി മെമ്മോറിയൽ

തിരുവിതാംകൂറിൽ 1888-ലും കൊച്ചിയിൽ 1925-ലും നിയമസഭകൾ സ്ഥാപിതമായി. ഇന്ത്യയിൽ ആദ്യമായി നിയമസഭ ഏർപ്പെടുത്തിയത് തിരുവിതാംകൂറിലായിരുന്നു. എന്നാൽ ഇന്നത്തെ ജനകീയസ്വഭാവം അന്നത്തെ നിയമസഭകൾക്കില്ലായിരുന്നു. തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭങ്ങളിൽ ആദ്യത്തേത് 1891-ൽ നടന്ന മലയാളി മെമ്മോറിയൽ സമർപ്പണമാണ്. ആധുനിക തിരുവിതാംകൂറിനെ കെട്ടിപ്പെടുക്കുന്നത് മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്നല്ലോ. അതിനദ്ദേഹത്തെ സഹായിച്ചത് രാമയ്യൻ എന്ന തമിഴ് ബ്രാഹ്മണനും ഡിലനായി എന്ന യൂറോപ്യൻ കത്തോലിക്കനുമായിരുന്നു. എന്നാൽ അതിൽ നിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്തിയത് രാമയ്യൻ ആയിരുന്നു. അദ്ദേഹത്തിന്റെ ബന്ധുക്കളും ആശ്രിതരുമായ അനേകം തമിഴ് ബ്രാഹ്മണർ തിരുവിതാംകൂറിൽ എത്തിച്ചേരുകയും രാജ്യഭരണത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്തു.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേക്കും തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങളെല്ലാം തമിഴ് ബ്രാഹ്മണരുടെ കുത്തകയായി തീർന്നു. ഈ ബ്രാഹ്മണമേധാവിത്വം തച്ചുടക്കാനും തിരുവിതാംകൂറുകാർക്ക് സർക്കാർ സർവ്വീസിൽ ജോലി നേടിയെടുക്കുന്നതിനുമായി ഒരു മെമ്മോറിയൽ സമർപ്പിച്ചു. 10038 പേർ ഒപ്പിട്ട് സമർപ്പിച്ച ഈ മെമ്മോറാണ്ടത്തിന്റെ പിന്നിൽ നിന്ന് പ്രവർത്തിച്ചത് നിധീരിക്കൽ മാണി കത്തനാരായിരുന്നു. തിരുവനന്തപുരത്തെ മലയാളിസഭ അതിന് നേതൃത്വം നല്കി. സിറിയക്ക് നിധീരിയായിരുന്നു ആ നിവേദന സമർപ്പണത്തിലെ കത്തോലിക്കാ പ്രതിനിധി. ആ നിവേദനത്തിന്റെ ശ്രമഫലമായി നേട്ടമുണ്ടായത് തിരുവിതാംകൂറിലെ നായർ സമുദായത്തിന് മാത്രമാണ്. ഈഴവരെയും മുസ്ലിംങ്ങളെയും ക്രൈസ്തവരെയും അവർണ്ണ വിഭാഗക്കാരെയും ഉദ്യോഗത്തിൽ നിന്നും ഒഴിവാക്കി. നായരുടെ കാര്യം സുരക്ഷിതമായപ്പോൾ എല്ലാവർക്കും സർക്കാർ ജോലി എന്ന പ്രാർത്ഥിതം നായന്മാർ വിസ്മരിച്ചു.

നായന്മാർ തങ്ങളെ വഞ്ചിച്ചുവെന്നു മനസ്സിലാക്കിയ ഈഴവർ മറ്റൊരു മെമ്മോറിയൽ-ഈഴവമെമ്മോറിയൽ-സമർപ്പിച്ചു. അതേസമയം ക്രൈസ്തവർക്കും മറ്റും സർക്കാർ സർവ്വീസിൽ ഉദ്യോഗം കൊടുക്കാതിരിക്കുന്നതിന് സർക്കാർ പറഞ്ഞ കാരണം ദേവസ്വത്തിന്റെ ഭരണം സർക്കാരിന്റെ കീഴിലായതിനാൽ ക്രൈസ്തവർക്കും മറ്റിതര സമുദായങ്ങൾക്കും ജോലി കൊടുക്കാൻ സാധിക്കുകയില്ലെന്നായിരുന്നു. ഈ സമയത്ത് ദീപികയും

www.malankaralibrary.com

മനോരമയും സർക്കാർ സർവ്വീസിലെ പ്രാതിനിധ്യത്തിനുവേണ്ടി വാദിച്ചു കൊണ്ടിരുന്നു. 1918 മാർച്ച് 19-ന് ദീപിക മുഖലേഖനത്തിൽ ഇപ്രകാരം എഴുതി "ദേവസ്വംവക ചിലവുകൾ അതിൽ നിന്നുള്ള വരവുകൊണ്ടുമാത്രം നടത്തപ്പെടുന്നതെങ്കിൽ തൽസംബന്ധമായ ഉദ്യോഗങ്ങൾ അന്യജാതിക്കാർക്ക് ആഗ്രഹിക്കാനോ ആവശ്യപ്പെടാനോ പാടില്ലെന്നുള്ളത് ന്യായം തന്നെ. എന്നാൽ നാനാജാതി മതസ്ഥരുടെ പണംകൂടി ചിലവ് ചെയ്ത് ഈ സ്ഥാപനങ്ങൾ നടത്തപ്പെടുന്ന കാലത്തോളം അവർക്കും ഇതിൽ മേൽ പറഞ്ഞ ഉദ്യോഗങ്ങൾ ആവശ്യപ്പെടാവുന്നതും അങ്ങനെ ഇതരരാജ്യങ്ങളിൽ നടന്നുവരുന്നതുമാണ്. ഇപ്പോഴത്തെ നിലയിൽ ക്രിസ്ത്യാനി പ്രഭൃതികൾക്ക് റവന്യൂ വകുപ്പിൽ പ്രവേശനം അനുവദിക്കാൻ പാടില്ലെന്ന് തന്നെയാണ് ശാഠ്യമെങ്കിൽ അതിന് ഹേതുവായ ദേവസ്വത്തെ റവന്യൂ വകുപ്പിൽ നിന്ന് വേർതിരിക്കുകയല്ലയോ വേണ്ടത്."

തുടർന്ന് ദീപിക എഴുതിയ മുഖപ്രസംഗങ്ങൾ ക്രിസ്ത്യാനികളിലും അവർണ്ണഹിന്ദുക്കളിലും സമരാവേശം പകർന്നു. ഈ സാഹചര്യത്തിൽ ആണ് റവന്യൂ ദേവസ്വം വിഭജനപ്രക്ഷോഭണം നടന്നത്. ഈ പ്രക്ഷോഭണത്തിന്റെ സകല സാമ്പത്തിക ഭാരവും വഹിച്ചത് ഷെവ. തര്യത് കുഞ്ഞിത്തൊമ്മനായിരുന്നു. ജോൺ നിധീരിയായിരുന്നു പ്രക്ഷോഭണത്തിന്റെ സെക്രട്ടറി. ജേക്കബ്ബ് കുര്യൻ, ദീപിക പത്രാധിപർ തെങ്ങുംമൂട്ടിൽ വർഗ്ഗീസ് മാപ്പിള, ഫാ. സിറിയക് വെട്ടിക്കാപ്പള്ളി, അഡ്വ. ഇ.ജെ. ജോൺ, ഈഴവ സമുദായ പ്രതിനിധി ടി.കെ. മാധവൻ എന്നിവരായിരുന്നു സമരത്തിന് നേതൃത്വം നല്കിയത്. 1918-ൽ ആരംഭിച്ച പൗരസമത്വവാദപ്രക്ഷോഭണം 1922 ആഗസ്റ്റ് 17-ന് വിജയം വരിച്ചു.

## കാത്തലിക് ക്ലയിംസ്

1891-ൽ നടന്ന മലയാളി മെമ്മോറിയൽ പ്രക്ഷോഭണം കൊണ്ട് നേട്ടമുണ്ടായത് നായന്മാർക്കാണെങ്കിൽ 1922-ൽ നടന്ന പൗരസമിതിവാദ പ്രക്ഷോഭണംകൊണ്ട് നേട്ടമുണ്ടായത് പ്രോട്ടസ്റ്റന്റ് വിഭാഗത്തിൽപ്പെട്ട ക്രൈസ്തവർക്കായിരുന്നു. കത്തോലിക്കരെ ഒരു പ്രത്യേകസമുദായം ആയി അംഗീകരിക്കാതിരുന്നതുകൊണ്ട് കത്തോലിക്കർ പിന്നെയും പുറംതള്ളപ്പെട്ടു.

സർക്കാർ സർവ്വീസിലും നിയമനിർമ്മാണസഭകളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടിയുള്ള സമരമാണ് പിന്നീടു നടന്നത്. കത്തോലിക്കരെ ഒരു പ്രത്യേക സമുദായമായി അംഗീകരിക്കണമെന്ന് കാണിച്ച് 1924 മാർച്ച് 14-ന് തിരുവിതാംകൂർ മഹാരാജാവിന് അന്നത്തെ കത്തോലിക്ക എം.എൽ.എ.മാർ ചേർന്ന് ഒരു നിവേദനം നല്കി. പബ്ലിക് സർവ്വീസിലുള്ള സമുദായത്തിന്റെ ശോച്യമായ അവസ്ഥയെ തുറന്നുകാണിച്ചുകൊണ്ട് 1924 ഒക്ടോബർ രണ്ടാംതീയതി റീജന്റ് മഹാ

www.malankaralibrary.com

റാണിക്ക് ഒരു നിവേദനം സമർപ്പിച്ചു. ഈ രണ്ടുമെമ്മോറിയലുകളും അവയെ സാധൂകരിക്കുന്ന അനേകം അനുബന്ധങ്ങളും ചേർത്ത് കാത്തലിക്ക ക്ലെയിംസ് എന്ന പേരിൽ ഒരു പുസ്തകം പ്രകാശനം ചെയ്തു.

ഈ പുസ്തകപ്രകാശനത്തോടെയാണ് തിരുവിതാംകൂറിൽ കത്തോലിക്കർ അനുഭവിക്കുന്ന അവഗണനകളുടെ ചരിത്രം ലോകം അറിയുന്നത്. രാജ്യത്തിലെ സമുന്നത നീതിന്യായാസനമായ ഹൈക്കോടതിയിൽ ഒരു കത്തോലിക്കനെ ജഡ്ജിയായി നിയമിക്കണമെന്ന് കാണിച്ച് 1926 മാർച്ച് 7-ാം തീയതി നിവേദനം സമർപ്പിച്ചു. സർക്കാർ സർവ്വീസിൽ വിവിധവകുപ്പുകളിൽ വിവിധ സമുദായങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രാതിനിധ്യ സ്വഭാവം കാണിക്കുന്ന വളരെയേറെ പട്ടികകൾ സഹിതം 1927 മാർച്ചിൽ റീജന്റ് മഹാറാണിക്കു മറ്റൊരു നിവേദനം സമർപ്പിച്ചു.

## കാത്തലിക്ക് ഗ്രീവൻസസ്

1931-ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് കാത്തലിക് ഗ്രീവൻസസ് എന്ന പേരിൽ ഒരു നിവേദനം മഹാരാജാവിന് സമർപ്പിച്ചു. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ (22 ഡിപ്പാർട്ടുമെന്റിൽ) ഓരോ സമുദായത്തിനും ലഭിച്ച ജോലി വെളിപ്പെടുത്തിക്കൊണ്ട് സമർപ്പിച്ച മെമ്മോറാണ്ടം ഡമ്മി 1/8-ൽ 132 പേജ് ഉണ്ടായിരുന്നു. ഈ മെമ്മോറാണ്ടങ്ങൾ എല്ലാം തയ്യാറാക്കിയത് ശ്രീ. എം.എം. വർക്കിയായിരുന്നു.

## നിവർത്തനപ്രക്ഷോഭണം

തിരുവിതാംകൂർ നിയമസഭയിൽ 1920 തുടങ്ങി 1931 വരെ നടന്ന നാലു തിരഞ്ഞെടുപ്പിൽ ഓരോ സമുദായത്തിനും ലഭിച്ച പ്രാതിനിധ്യം എടുത്തു കാണിച്ചുകൊണ്ട് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാ സമുദായങ്ങൾക്കും ലഭിക്കണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസ്സ് 1932-ൽ ഒരു നിവേദനം സർക്കാരിനു സമർപ്പിച്ചു. തിരുവിതാംകൂറിൽ 8 ലക്ഷം ജനസംഖ്യയുള്ള നായന്മാർക്കും സവർണ്ണഹിന്ദുക്കൾക്കുംകൂടി 1922-ലെ തിരഞ്ഞെടുപ്പിൽ 16 സീറ്റ് ലഭിച്ചപ്പോൾ അതിന്റെ ഇരട്ടി ജനസംഖ്യയുള്ള (16.04 ലക്ഷം) ക്രൈസ്തവർക്ക് 7 സീറ്റും 8.69 ലക്ഷം ജനസംഖ്യയുള്ള ഈഴവർക്കും 3.53 ലക്ഷം ജനസംഖ്യയുള്ള മുസ്ലീംങ്ങൾക്കു പൂജ്യം സീറ്റുമാണ് ലഭിച്ചത്. 1925-1928-1931 എന്നീ വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിലെയും ചിത്രം ഇതായിരുന്നു. അന്നത്തെ നിയോജകമണ്ഡല വിഭജനവും വോട്ടവകാശരീതിയും നായന്മാർക്കും സവർണ്ണഹിന്ദുക്കൾക്കും മാത്രം പ്രവേശനം ലഭിക്കുന്ന രീതിയിലായിരുന്നു.

ഈ കാലഘട്ടത്തിലെ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം നിവേദനത്തിൽ എടുത്തു കാണിച്ചിരുന്നു. 16.04 ലക്ഷമുള്ള ക്രിസ്ത്യാനികൾക്ക്

www.malankaralibrary.com

4042 ഉദ്യോഗസ്ഥന്മാർ സർവ്വീസിൽ ഉണ്ടായിരുന്നപ്പോൾ 8 ലക്ഷമുള്ള നായന്മാരിൽ നിന്നും 13435 പേർ സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നു. 4.79 ലക്ഷമുള്ള സവർണ്ണ ഹിന്ദുക്കളിൽ നിന്നും 5257 പേരും സർവ്വീസിൽ ഉണ്ടായിരുന്നു. 8.69 ലക്ഷമുള്ള ഈഴവരിൽ നിന്നും 913 പേരും 3.53 ലക്ഷ മുള്ള മുസ്ലീംങ്ങളിൽ നിന്നും വെറും 613 പേരും 9.17 ലക്ഷമുണ്ടായിരുന്ന അധഃകൃതരിൽ നിന്നും 422 പേരും മാത്രമാണ് സർക്കാർ സർവ്വീസിൽ ഉണ്ടാ യിരുന്നത്.

കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ച ഈ നിവേദനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. അന്നുവരെ നായർ നായരുടെ കാര്യവും ഈഴ വർ ഈഴവരുടെ കാര്യവും മുസ്ലീംങ്ങൾ അവരുടെ കാര്യവും മാത്രം ഉൾപ്പെടുത്തി നിവേദനം സമർപ്പിക്കുന്ന കാലഘട്ടമായിരുന്നു അത്. ആ സന്ദർഭത്തിലാണ് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നിയമനിർമ്മാ ണസഭകളിലും സർക്കാർ സർവ്വീസിലും എല്ലാ ജാതിക്കാർക്കും ലഭിക്ക ണമെന്ന് കാണിച്ച് നിവേദനം സമർപ്പിച്ചത്. അഖിലേന്ത്യാതലത്തിൽ പ്രശസ്തിയാർജ്ജിച്ച ഒരു നിവേദനമായിരുന്നു അത്. 1933-ൽ ഈഴവമുസ്ലീം സമുദായങ്ങൾ ചേർന്ന് രൂപീകരിച്ച സംയുക്തരാഷ്ട്രീയ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ഈ പ്രക്ഷോഭണം നിവർത്തനപ്രക്ഷോഭണം എന്ന പേരിലാണ് അറിയപ്പെട്ടത്. 1936-ൽ നിവർത്തനപ്രക്ഷോഭണം വിജയിച്ചു. എൻ.വി. ജോസഫ്, എം.എം. വർക്കി, എ.സി. കുര്യാക്കോസ്, ടി.എം. വർഗ്ഗീസ്, സി. കേശവൻ തുടങ്ങിയവരായിരുന്നു നിവർത്തനപ്രക്ഷോഭണ ത്തിന് നേതൃത്വം നല്കിയത്. കൊച്ചിയിൽ നടന്ന ജനകീയപ്രക്ഷോഭണ ങ്ങൾക്ക് മത്തായി മാഞ്ഞൂരാൻ, ചെറിയാൻ മാഞ്ഞൂരാൻ, സി.എ. ഔസേഫ്, സി.ആർ. ഇയ്യുണ്ണി തുടങ്ങിയവർ നേതൃത്വം നല്കി.

## ഉത്തരവാദഭരണപ്രക്ഷോഭണം

നിവർത്തനപ്രക്ഷോഭണത്തെ തുടർന്ന് ഒരു ഉത്തരവാദഭരണ പ്രക്ഷോ ഭണത്തിലേക്ക് നീങ്ങണമെന്ന് ഐ.സി. ചാക്കോ, ബാരിസ്റ്റർ ജോർജ്ജ് ജോസഫ് തുടങ്ങിയവർ അഭിപ്രായപ്പെട്ടു. നിവർത്തന പ്രക്ഷോഭണാനന്തരം തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണപ്രക്ഷോഭണം സ്റ്റേറ്റ് കോൺഗ്രസ്സ് എന്ന സംഘടനയാണ് നയിച്ചത്. 1938-ൽ ആണ് സ്റ്റേറ്റ്കോൺഗ്രസ്സ് രൂപം കൊള്ളുന്നത്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രഥമസമ്മേളനത്തിൽ വച്ച് അംഗീ കരിച്ച അഞ്ചംഗകമ്മിറ്റിയിൽ ടി.എം. വർഗീസും ആനിമസ്ക്രീനും അംഗ ങ്ങളായിരുന്നു. രണ്ടാമത് കൂടിയ യോഗത്തിൽ ടി.എം. വർഗീസും എ.ജെ.ജോണും പങ്കെടുത്തു. മൂന്നാമത് ചേർന്ന സമ്മേളനത്തിൽ വച്ച് തിരഞ്ഞെടുത്ത ഒൻപതംഗകമ്മിറ്റിയിൽ അഞ്ചുപേരും ക്രൈസ്തവരായി രുന്നു. ഇതിൽ നിന്നും സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണം നയിച്ചത് പ്രധാന

www.malankaralibrary.com

മായും ക്രൈസ്തവരായിരുന്നു എന്ന് മനസ്സിലാക്കാം.

അതേസമയം സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർത്തത് നായർ സർവ്വീസ് സൊസൈറ്റിയും എസ്.എൻ.ഡി.പി.യും ആയിരുന്നു. ഏതാനും നായന്മാരും ഈഴവരും സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണത്തിൽ പങ്കെടുത്തിരുന്നുവെങ്കിലും അവരും നാളുകൾക്കുശേഷം ദിവാൻ സർ സി.പി.യുടെ പുറകെ കുറെ ആനുകൂല്യങ്ങളും വാങ്ങി നടക്കുകയുണ്ടായി. ഉത്തരവാദഭരണപ്രക്ഷോഭണം നടന്നപ്പോൾ അത് കത്തോലിക്കരുടെ പ്രക്ഷോഭണമാണെന്നാണ് പ്രചരിപ്പിച്ചിരുന്നത്. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് പദവി രാജിവച്ചുകൊണ്ട് സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിലേക്ക് ചാടിയിറങ്ങിയ അക്കാമ്മ ചെറിയാൻ, സി.പി. വച്ചു നീട്ടിയ ഉന്നത ഉദ്യോഗങ്ങൾ എല്ലാം തിരസ്കരിച്ച് സർ സി.പി.യുടെ പീഢനങ്ങൾക്ക് ഇരയായ ആനിമസ്ക്രീൻ തുടങ്ങിയവരുടെ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കാനാവതല്ല.

സ്വാതന്ത്ര്യസമരസേനാനിയായ ശ്രീ. കുമ്പളത്തു ശങ്കരപ്പിള്ള തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "നിവർത്തനപ്രക്ഷോഭണ കാലം മുതൽ ഇവിടത്തെ ക്രിസ്തീയ സമുദായങ്ങൾ രാഷ്ട്രീയ പ്രക്ഷോഭണങ്ങൾക്കായി നിർവ്വഹിച്ച പങ്ക് മറ്റ് ഏതുസമുദായത്തെ അപേക്ഷിച്ചു നോക്കിയാലും പിന്നിലല്ലായിരുന്നു. രാഷ്ട്രീയമായ പ്രക്ഷോഭണങ്ങൾക്കും പ്രചരണങ്ങൾക്കും കൈയയച്ചു സംഭാവന ചെയ്യുന്ന കാര്യത്തിലും അവർ മുന്നോക്കമായിരുന്നു. നായർ സമുദായത്തെ ഒഴിച്ച് മറ്റു സമുദായങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുണ്ടാക്കിയ നിവർത്തനകക്ഷിയുടെ തുടക്കംമുതൽ ഒരു സമരാവേശം ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായി തുടങ്ങി. നിവർത്തനകക്ഷിയ്ക്ക് ശൈഥല്യം വന്നതോടുകൂടി അവർ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽ സജീവമായി തന്നെ രംഗത്തിറങ്ങി. നിവർത്തനകക്ഷിയുടെ നേതൃത്വസ്ഥാനകക്ഷി ക്രിസ്ത്യാനികളാകയാൽ അവർ സ്റ്റേറ്റ് കോൺഗ്രസ്സ് വന്നപ്പോൾ കോൺഗ്രസ് സംഘടന ഒരു ക്രിസ്തീയ സംഘടനയാണെന്ന് എതിരാളികൾ പറയാൻ തുടങ്ങി. സർ സി.പി. രാമസ്വാമി അയ്യരും, എൻ.എസ്.എസ്. നേതൃത്വവും സ്ഥാപിതതാല്പര്യക്കാരായ ആളുകളും ആയിരുന്നു അത്."

മുൻമന്ത്രിയും കമ്മ്യൂണിസ്റ്റുകാരനുമായ ശ്രീ.എം.എൻ.ഗോവിന്ദൻ നായർ തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "എൻ.എസ്.എസ്. നേതൃത്വം സമുദായത്തെ സർ സി.പി.യ്ക്ക് വിൽക്കുന്നതിനും ഉത്തരവാദഭരണത്തെ എതിർക്കുന്നതിനും കച്ചകെട്ടി രംഗത്തിറങ്ങിക്കഴിഞ്ഞിരുന്നു. ഉത്തരവാദഭരണത്തിന് എൻ.എസ്.എസ്. കൊടുത്ത വ്യാഖ്യാനം രാജാവിന് പകരം ക്രിസ്ത്യാനികളുടെ ഭരണം എന്നതായിരുന്നു. ഒരുകാലത്ത് പ്രഭുക്കന്മാരായി സാമൂഹികമേധാവിത്വം വഹിച്ച് കഴിഞ്ഞവരും പിൽക്കാലത്ത്

www.malankaralibrary.com

ക്രിസ്ത്യാനികളുടെ സാമ്പത്തിക മേൽക്കോയ്മയ്ക്കും സാമൂഹികമേധാവിത്വത്തിനും വഴങ്ങിക്കഴിയുവാൻ നിർബന്ധിതരായിട്ടുള്ളവരുമായ നായന്മാരുടെ ഇടയിൽ ക്രിസ്ത്യൻ വിദ്വേഷത്തിന്റെ പേരിൽ എൻ.എസ്.എസ്. നേതൃത്വത്തിന് ഏതു രാഷ്ട്രീയവും വിൽക്കുന്നതിന് കഴിയുമായിരുന്നു. എൻ.എസ്.എസിന്റെയും പുതുപ്പള്ളിയുടെയും സേവനങ്ങളിൽ സന്തുഷ്ടരായ സർ സി.പി. അവരെ അനുഗ്രഹിക്കുന്നതിന് അമാന്തിച്ചില്ല. ശ്രീ. പുതുപ്പള്ളിയെ ഹൈക്കോടതി ജഡ്ജിയായി നിയമിച്ചു.

## സി.പി.യുടെ പ്രതികാരനടപടികൾ

ഉത്തരവാദഭരണ പ്രക്ഷോഭണത്തിന് നേതൃത്വം നല്കിയത് ക്രൈസ്തവരായിരുന്നു. അതുകൊണ്ട് ക്രൈസ്തവരോടുള്ള വിരോധം കൊണ്ട് അവരുടെ സ്കൂളുകൾ ഏറ്റെടുക്കുവാൻ സർ സി.പി. ശ്രമിച്ചു. ആ ശ്രമത്തെ സർവ്വശക്തിയും ഉപയോഗിച്ച് ക്രൈസ്തവർ എതിർത്തു. നായർ സർവ്വീസ് സൊസൈറ്റിയും എസ്.എൻ.ഡി.പി.യും സി.പി.യോടൊത്തു നിന്നു. അവരുടെ സ്കൂളുകൾ സർക്കാരിന് വിട്ട് കൊടുത്തു. വിദ്യാഭ്യാസപ്രക്ഷോഭണത്തെ തുടർന്ന് ഇടയലേഖനമെഴുതിയ മാർ ജെയിംസ് കാളാശ്ശേരിയെ അറസ്റ്റ് ചെയ്യുവാൻ സി.പി. ഉത്തരവിട്ടു. പ്രക്ഷോഭണത്തിന് മുമ്പിൽ സി.പി. മുട്ടുമടക്കി. വിദ്യാഭ്യാസപ്രക്ഷോഭണം സ്വാതന്ത്ര്യ സമരമായി മാറി. 1947-ൽ തിരുവിതാംകൂറിൽ ഉത്തരവാദഭരണം പ്രഖ്യാപിച്ചു. അന്നുവരെ ഉത്തരവാദഭരണത്തെ എതിർത്തവർ കോൺഗ്രസിൽ വന്നുചേർന്നു. പിന്നീട് അവരുടെ കൈകളിലായി സ്റ്റേറ്റ് കോൺഗ്രസ്.

സ്വാതന്ത്ര്യസമരകാലത്ത് അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ നടന്ന വോളണ്ടിയർ മാർച്ച്, നാടാകെ നടന്ന ഭീകരമർദ്ദനങ്ങൾ ഇവയെല്ലാം ഏറ്റുവാങ്ങി മുന്നോട്ടു നീങ്ങിയ ക്രൈസ്തവർ സ്വാതന്ത്ര്യസമരത്തിൽ മുഖ്യപങ്കുവഹിച്ചു. കൊച്ചിയെ സംബന്ധിച്ചിടത്തോളം അധികം മർദ്ദനങ്ങൾ സമരസേനാനികൾക്ക് വാങ്ങേണ്ടിവന്നില്ല. എങ്കിലും സമരത്തിന് നേതൃത്വം നല്കിയ സാഹസികരിൽ ഭൂരിപക്ഷവും ക്രൈസ്തവരായിരുന്നു. ആനിബസന്റിന്റെയും മറ്റും ആഹ്വാനം ശ്രവിച്ച് അനേകം ക്രൈസ്തവർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തു.

ഭാരതത്തിലെ ക്രൈസ്തവർ സാമൂഹിക സാംസ്കാരിക രംഗത്തെപ്പോലെ ഇന്ത്യയുടെ ദേശീയ മണ്ഡലത്തിലും മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നാം എല്ലാം ഇന്ത്യാക്കാരെന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും സ്വയംഭരണചിന്താഗതിക്ക് വഴിമരുന്നിട്ടതും വിദേശമേധാവിത്വത്തിനെതിരെ ആദ്യമായി സമരകാഹളം മുഴക്കിയതും ക്രൈസ്തവർ തന്നെയാണ്. തിരുവിതാംകൂറിൽ നടന്ന ജനകീയപ്രക്ഷോഭണങ്ങളിൽ പങ്കെടുത്ത നേതാക്കളിൽ ആരും സർ സി.പി. വച്ചുനീട്ടിയ ആനുകൂല്യങ്ങൾ

www.malankaralibrary.com

നേടി സമരരംഗത്ത് നിന്നും പിന്മാറിയിട്ടില്ല. അവസാനംവരെ നിരവധി ക്ലേശങ്ങൾ സഹിച്ച് അവർ സമരരംഗത്ത് ഉറച്ചു നിന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഉത്തരവാദഭരണപ്രക്ഷോഭണത്തെ എതിർത്തവർ സ്റ്റേറ്റ് കോൺഗ്രസിലേക്ക് ഇരച്ചുകയറി. സമരപോരാളികളെ കോൺഗ്രസിൽ നിന്നും പുറംതള്ളി. കോൺഗ്രസിന്റെ നായകത്വം ഏറ്റെടുത്ത പലരും സി.പി.യുടെ ഇഷ്ടന്മാരായിരുന്നു. ഭരണം പിടിച്ചെടുക്കാനുള്ള വ്യഗ്രതയിൽ എല്ലാ മൂല്യങ്ങളും ചവിട്ടി താഴ്ത്തുവാൻ ആ അവസരവാദികൾക്ക് ഒരു മടിയും ഉണ്ടായില്ല.

## സ്വാതന്ത്ര്യാനന്തരം

1950–ൽ പനമ്പള്ളി വിദ്യാഭ്യാസപദ്ധതിയുമായി വന്നത് ന്യൂനപക്ഷങ്ങളെ-ക്രിസ്ത്യാനികളെ-തകർക്കാനായിരുന്നു. സർ സി.പി.യുടെ വിദ്യാഭ്യാസപദ്ധതിയെ അനുകൂലിച്ച എൻ.എസ്.എസും, എസ്.എൻ.ഡി.പി.യും പനമ്പിള്ളി പദ്ധതിയെയും അനുകൂലിച്ചു. അപ്പോഴും പ്രതിഷേധവുമായി മുന്നിട്ടിറങ്ങിയത് ക്രൈസ്തവരല്ലാതെ മറ്റാരുമായിരുന്നില്ല.

## വിമോചനസമരം

ജനാധിപത്യവിശ്വാസികളുടെ ഐക്യമില്ലായ്മ 1957–ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ കേരളത്തിൽ അധികാരത്തിലേറ്റി. അവർ അധികാരത്തിൽ ഏറിയതിന്റെ സന്തോഷസൂചകമായി 2052 ക്രിമിനൽ പുള്ളികളെ ജയിൽ തുറന്നുവിട്ടു. ക്രമസമാധാന നില തകർത്തു. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കീഴ് ഘടകങ്ങൾ "സെൽഭരണം" നടത്തി. ഏതുപ്രശ്നവും ലോക്കൽ കമ്മിറ്റികൾ കൈകാര്യം ചെയ്യാൻ ശ്രമിച്ചു. വിദ്യാർത്ഥിമർദ്ദനം നടന്നു. വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതി ക്രൈസ്തവസമുദായത്തിന്റെ എതിർപ്പിന് കാരണമായി. എൻ.എസ്.എസും മന്നത്തു പത്മനാഭനും മുണ്ടശ്ശേരി പദ്ധതിയെ അനുകൂലിച്ചു. മന്നം എൻ.എസ്.എസ്.ന് ഒരു എൻജിനീയറിംഗ് കോളേജ് നല്കുമെന്ന് പ്രതീക്ഷിച്ചു അത് ലഭിച്ചില്ല. എൻ.എസ്.എസ്.ന്റെ താല്പര്യത്തിന് വിരുദ്ധമായി കാർഷികബന്ധബില്ല് പാസ്സാക്കി.

ഈ രണ്ടുനടപടികളും മന്നത്തിനെ കോപാകുലനാക്കി. വിദ്യാഭ്യാസ ബില്ലിനെ ആദ്യം അനുകൂലിച്ച മന്നം അതിനെ എതിർക്കാൻ തുടങ്ങി. ക്രൈസ്തവരുമൊന്നിച്ച് സമരം നടത്തുവാൻ മുന്നോട്ടുവന്നു. ഇതിനിടയിൽ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് പാഠപുസ്തകങ്ങൾ പൂർണ്ണമായും മാറ്റി കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾ അതിൽ തിരുകിക്കയറ്റി. ഇതെല്ലാം ജനങ്ങളുടെ കഠിനമായ എതിർപ്പിന് വിധേയമാക്കി. ഈ സാഹചര്യത്തിലാണ് വിമോചനസമരം പൊട്ടിപ്പുറപ്പെട്ടത്. വിമോചനസമരത്തെ പരാജയപ്പെടുത്തുവാൻ എല്ലാ അടവുകളും കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് സ്വീകരിച്ചു.

www.malankaralibrary.com

28 മാസമാണ് അവർ ഭരിച്ചത്. അതിനിടയിൽ 7 വെടിവയ്പ്പുകൾ നടത്തി. 19 പേർ കൊല്ലപ്പെട്ടു. കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് 757 തൊഴിൽ സമരങ്ങൾ ഉണ്ടായി. 87 വ്യവസായശാലകൾ പൂട്ടിയിട്ടു. 16735 പേർ തൊഴിൽ രഹിതരായി. നാലായിരം കുടുംബങ്ങളിലായി അധിവസിക്കുന്ന 20000 പേരെ കുടിയിറക്കി. കമ്മ്യൂണിസ്റ്റുകാരുടെ ഭൂമി കയ്യേറ്റം 1000-ത്തിലധികമായി. 2052 ക്രിമിനൽ പുള്ളികളെ ജയിൽ തുറന്നുവിട്ടു. 523 കൊലപാതകങ്ങളും 3913 ഭവനഭേദനങ്ങളും നടന്നു. രാഷ്ട്രീയ പകമൂലം 912 സ്ഥലമാറ്റങ്ങൾ നടത്തി. രാഷ്ട്രീയ കൊലപാതകങ്ങൾ 196 ആയി. രാഷ്ട്രീയ വധശ്രമങ്ങളും കയ്യേറ്റങ്ങളും 133. ലാത്തിച്ചാർജ്ജ് 326 പ്രാവശ്യം നടത്തി. 149847 പേരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചു. 60000-ൽപരം സ്ത്രീകളെയും അറസ്റ്റു ചെയ്തു. സ്വന്തക്കാർക്കായി 300 രൂപക്കുമേൽ ശമ്പളമുള്ള 255 ഉദ്യോഗങ്ങൾ സൃഷ്ടിച്ചു. കമ്മ്യൂണിസ്റ്റ് സർക്കാർ നിയമിച്ച കമ്മറ്റികളിലെ മൊത്തം എണ്ണം 9000 ആയിരുന്നു. അതിൽ 7013 പേർ കമ്മ്യൂണിസ്റ്റുകാരായിരുന്നു.

ഈ ദുർഭരണത്തിനെതിരെയാണ് കേരളജനത ഐതിഹാസികമായ വിമോചനസമരം നടത്തിയത്. ആ സമരത്തിൽ പങ്കെടുത്തവരും നേതൃത്വം നല്കിയവരിൽ ചിലരും ഇന്ന് വിമോചനസമരത്തെ തള്ളിപറയുകയാണ്. തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റിനെ പിരിച്ച് വിട്ടത് ശരിയായില്ലെന്നാണ് അവരുടെ വാദം. **അന്ന് ആ ഗവണ്മെന്റിനെ പിരിച്ചുവിട്ടില്ലായിരുന്നെങ്കിൽ തുടർച്ചയായി കാൽനൂറ്റാണ്ട് കമ്മ്യൂണിസ്റ്റുകാർ ഭരിച്ച ബംഗാളിന്റെ പതനം കേരളത്തിലും സംഭവിക്കുമായിരുന്നു. ഇവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടിവരുമായിരുന്നു. തൊഴിൽ ശാലകൾ നിശ്ചലമാകുമായിരുന്നു. തൊഴിൽക്ഷാമം രൂക്ഷമാകുമായിരുന്നു. ബംഗാളിലേതുപോലെ വിദ്യാഭ്യാസം ലഭിക്കാത്ത ലക്ഷക്കണെക്കിന് യുവജനങ്ങൾ കേരളത്തിന്റെ തെരുവോരങ്ങളിൽ ക്രിമിനലുകളായി കഴിഞ്ഞുകൂടുമായിരുന്നു. ബംഗാളിൽ നിന്നു പതിനായിരങ്ങൾ കേരളത്തിലേക്ക് തൊഴിൽ തേടിവരുന്നത് നാം ഇന്നും കാണുന്നു.** ബംഗാളിൽ ഒരു തൊഴിലാളിക്ക് വെറും 60 രൂപയാണ് ഒരു ദിവസം കൂലി ലഭിക്കുന്നത്. ദാരിദ്ര്യവും ധാർമ്മികമൂല്യത്തകർച്ചയും ഇന്ന് അവിടെ കൊടികുത്തി വാഴുകയാണ്. അത് കേരളത്തിൽ സംഭവിക്കാതിരുന്നത് ബംഗാളായി കേരളം അധഃപതിക്കാനിടയാകാതെയിരുന്നത് വിമോചനസമരംമൂലം കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ മാറ്റിയതുകൊണ്ടു മാത്രമാണ്. ഈ സമരത്തിലെ ക്രൈസ്തവ പങ്കാളിത്തം ആർക്കും വിസ്മരിക്കുവാൻ സാദ്ധ്യമല്ല.

വിമോചനസമരത്തിനുശേഷം അധികാരമേറ്റെടുത്ത കോൺഗ്രസ്സ്, പി.എസ്.പി. സഖ്യഗവണ്മെന്റ് മുഖ്യമായും ശ്രദ്ധപതിച്ചത്. കർഷകദ്രോഹ നടപടികൾക്കാണ് കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ നടന്ന ഭീകരമായ കുടിയിറക്ക്-അമരാവതിയിലെ കുടിയിരുത്ത്-ചുരുളികീരിത്തോട് കുടിയിറക്ക്-കൊട്ടിയൂർ മേൽചാർത്ത് തുടങ്ങിയ ക്രൂരനടപടികൾ കേരളജനതയെ

www.malankaralibrary.com

ഞെട്ടിപ്പിക്കുകയുണ്ടായി. ഈ കർഷകദ്രോഹ നടപടികൾക്കെതിരായി ഫാ. വടക്കൻ, ബി. വെല്ലിംഗ്ടൺ, ഫാ. ചിറയത്ത് തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങളും ഈ സമരമുഖങ്ങളിൽ കമ്മ്യൂണിസ്റ്റ് നേതാവ് എ.കെ. ഗോപാലന്റെ പങ്കാളിത്തവും സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ കുടിയിറക്കുകൾക്കും മേൽച്ചാർത്തിനു മെതിരായി നടന്ന പ്രക്ഷോഭണങ്ങളിൽ ക്രൈസ്തവസമുദായം വേണ്ടത്ര ജാഗ്രത കാണിച്ചില്ല എന്നത് സങ്കടകരമായ ഒരു അദ്ധ്യായമാണ്. അമരാവതിയിലെ കുടിയിരുത്തലിന്റെ കനക ജൂബിലിവേളയിലും ക്രൈസ്തവസമുദായത്തിന്റെ കുറ്റകരമായ അനാസ്ഥയെപ്പറ്റി പുനർവിചിന്തനം നടത്താൻ തയ്യാറായിട്ടില്ലെന്നത് ഖേദകരമാണ്.

കത്തോലിക്കാപുരോഹിതന്മാർ വിവാഹം ആശീർവദിക്കുന്നതിന് ലൈസൻസ് എടുക്കണമെന്ന നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നപ്പോഴും സിമിറ്ററി പ്രശ്നം ഗുരുതരമായപ്പോഴും സമുദായതാലപര്യം സംരക്ഷിക്കുന്നതിന് അഖിലകേരള കത്തോലിക്കാ കോൺഗ്രസ് ആണ് മുന്നിൽ നിന്ന് പ്രവർത്തിച്ചത്.

1957-ലെ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതിയെ എതിർത്തവരാണ് 1972-ൽ സർവ്വകലാശാല ബില്ലുമായി രംഗത്തു വന്നത്. അതിനെതിരെ നടന്ന സമരത്തിന് ആരംഭം കുറിച്ചത് കത്തോലിക്കാ കോൺഗ്രസ്സ് ആയിരുന്നു. അവസാനനിമിഷത്തിൽ അന്ന് പ്രതിപക്ഷത്തായിരുന്ന കേരളാ കോൺഗ്രസ്സും സമരത്തിൽ പങ്കുചേർന്നു. അന്ന് ആ സമരത്തിൽ പങ്കെടുത്ത നാലുപേർ സംസ്ഥാനമന്ത്രിസഭയിൽ അംഗമായിരുന്നപ്പോഴാണ് സ്വാശ്രയ നിയമം എ.കെ. ആന്റണി കൊണ്ടുവന്നത്. കേരളാ കോൺഗ്രസ് അനകൂലമായ നിലപാടെടുത്തു. 2006-ൽ അധികാരമേറ്റെടുത്തയുടനെ സ്വാശ്രയനിയമവുമായി എം.എ. ബേബി രംഗത്തുവന്നപ്പോഴും എല്ലാ രാഷ്ട്രീയക്കാരും ആ നീക്കത്തെ പിന്തുണയ്ക്കുകയാണ് ചെയ്തത്.

## ഉപസംഹാരം

സാമൂഹ്യമുന്നേറ്റത്തിലും ഇന്ത്യൻ ദേശീയ നവോത്ഥാനത്തിന്റെ വളർച്ചയിലും ക്രൈസ്തവസമുദായം വഹിച്ച പങ്ക് ഇന്നത്തെ തലമുറയെ ബോദ്ധ്യപ്പെടുത്താനുള്ള ശ്രമത്തിൽ സമുദായം കൂടുതൽ താല്പര്യം പ്രകടിപ്പിക്കണം. സഭാചരിത്രം മാത്രമല്ല സമുദായചരിത്രവും നമ്മുടെ മതപഠനക്ലാസ്സുകളിലും സെമിനാരികളിലും പഠനവിധേയമാക്കണം.

എല്ലാപുരോഗമന പ്രസ്ഥാനങ്ങൾക്കും ക്രൈസ്തവർ എതിരായിരുന്നുവെന്ന പ്രചരണം വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്.

കേരളത്തിൽ വിശിഷ്യ തിരുവിതാംകൂറിൽ നടന്ന ജനകീയ പ്രക്ഷോഭങ്ങളിൽ ക്രൈസ്തവർ നല്കിയ നേതൃത്വം അവിസ്മരണീയമാണ്. എന്നാൽ

www.malankaralibrary.com

ആധുനിക ചരിത്രകാരന്മാർ ആ സത്യത്തെ മൂടിവയ്ക്കുകയാണ്. സത്യം തുറന്നുകാണിക്കുവാനും നിജസ്ഥിതി സമുദായംഗങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും ഇന്നത്തെ സമുദായനേതൃത്വവും സഭാനേതൃത്വവും വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്ന് കാര്യം ഉത്കണ്ഠയുളവാക്കുന്നു.

(കേരളാ ക്രിസ്ത്യൻ ഫൗണ്ടേഷൻ കോട്ടയത്ത് സംഘടിപ്പിച്ച ചരിത്രസെമിനാറിൽ (2007) അവതരിപ്പിച്ച പ്രബന്ധം)

www.malankaralibrary.com

# 5. വിദ്യാഭ്യാസ സമരങ്ങൾ കേരളത്തിൽ

## രാഷ്ട്രീയപാർട്ടികളുടെയും മതസാമുദായിക സംഘടനകളുടെയും അവസരവാദപരമായ നടപടികൾ

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെമേൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തുവാനും ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കുവാനും തിരുവിതാംകൂറിലും കൊച്ചിയിലും കേരളത്തിലും മാറിമാറിവന്ന ഗവണ്മെന്റുകൾ ശ്രമിച്ചുകൊണ്ടാണിരുന്നത്. ആ നീക്കത്തിന് തുടക്കം കുറിച്ചത് മദ്രാസ് സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന തൃശൂർ രൂപതയുടെ വടക്കുപടിഞ്ഞാറൻ മേഖലകളിൽ 1933-ൽ ഏർപ്പെടുത്തിയ ചാമ്പ്യൻസ്കീം എന്ന വിദ്യാഭ്യാസ പരിഷ്കാരമായിരുന്നു. അതിനെതിരെ സമരം നയിച്ചത് തൃശൂർ രൂപതയുടെ നേതൃത്വത്തിൽ അവിടുത്തെ കത്തോലിക്കരായിരുന്നു. അദ്ധ്യാപകനിയമനം, സ്ഥലംമാറ്റം, സ്കൂളുകളിലെ മതപഠനം തുടങ്ങിയ കാര്യങ്ങളായിരുന്നു കത്തോലിക്കരെ പ്രക്ഷോഭണത്തിലേക്ക് നയിച്ചത്. ആ പ്രക്ഷോഭണം കത്തോലിക്കർ ഒറ്റക്കു നടത്തിയ പ്രക്ഷോഭണമായിരുന്നു. ആ സമരം നയിച്ചത് ഫാ. മാത്യു ചെറുനിലം ആയിരുന്നു.

തിരുവിതാംകൂറിൽ സർ സി.പി. രാമസ്വാമി അയ്യർ കൊണ്ടുവന്ന പ്രൈമറി വിദ്യാലയ ദേശസാൽക്കരണ പദ്ധതിയായിരുന്നു കടുത്ത പ്രക്ഷോഭണത്തിന് വഴി തെളിച്ചത്. ആ പ്രക്ഷോഭണം നയിച്ചത് ക്രൈസ്തവരായിരുന്നു. പ്രത്യേകിച്ച് കത്തോലിക്കർ. ആ പ്രക്ഷോഭണത്തെ ഇവിടുത്തെ നായർ ഈഴവ സമുദായങ്ങളും അവരുടെ സമുദായ സംഘടനകളായ എൻ.എസ്.എസ്.ഉം, എസ്.എൻ.ഡി.പി.യും എതിർത്തു. കത്തോലിക്കരുടെ വിദ്യാലയങ്ങൾ ഏറ്റെടുക്കുന്നതിന് ശക്തിപകരുന്നതിനായി നായർ ഈഴവ സമുദായങ്ങൾക്കുണ്ടായിരുന്ന പ്രൈമറി വിദ്യാലയങ്ങൾ സർക്കാരിലേക്ക് എഴുതി കൊടുത്തു. അന്ന് ഉത്തരവാദഭരണത്തിന് നേതൃത്വം നല്കിയ സ്റ്റേറ്റ് കോൺഗ്രസ് സർ സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണത്തെ എതിർത്തു.

1950 പനമ്പള്ളി ഗോവിന്ദമേനോൻ കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതിയെ നായർ ഈഴവ സംഘടനകളും സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പിൻഗാമികളായി വന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തിരുവിതാംകൂർ ഘടകവും അനുകൂലിച്ചു. കത്തോലിക്കരെ ഒറ്റപ്പെടുത്തുവാനാണ് ശ്രമിച്ചത്.

പിന്നീട് ഐക്യകേരള പിറവിക്കുശേഷം വന്ന ഗവണ്മെന്റിന്റെ ഭരണ

www.malankaralibrary.com

കാലത്ത് വിദ്യാഭ്യാസമന്ത്രി ജോസഫ് മുണ്ടശ്ശേരി ഒരു വിദ്യാഭ്യാസ ബിൽ കൊണ്ടുവന്നു. ആ ബില്ലിനെയും കത്തോലിക്കർ ഒറ്റക്കുനിന്ന് എതിർത്തു. എൻ.എസ്.എസും എസ്.എൻ.ഡി.പി.യും മുണ്ടശ്ശേരി പദ്ധതിയെ അനുകൂലിച്ചു കുറേക്കഴിഞ്ഞപ്പോൾ എൻ.എസ്.എസിന്റെ നേതാവ് മന്നത്തു പത്മനാഭൻ വിദ്യാഭ്യാസ ബില്ലിനെ എതിർത്തു. പനമ്പള്ളി പദ്ധതിയെ പിന്താങ്ങിയ എല്ലാ രാഷ്ട്രീയ കക്ഷികളും മുണ്ടശ്ശേരി പദ്ധതിയെ എതിർത്തു.

മുണ്ടശ്ശേരി പദ്ധതിയെ ആദ്യം അനുകൂലിച്ച മന്നം പിന്നീട് അതിനെ എതിർക്കുകയും വിമോചനസമരത്തിന് നേതൃത്വം നല്കുകയും ചെയ്തു. അന്ന് ആ പദ്ധതിയെ എതിർത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസും യൂത്തു കോൺഗ്രസും പി.എസ്.പി.യുമെല്ലാം 1972-ലെ സർവ്വകലാശാല ബില്ലിനെ അനുകൂലിച്ചു. കത്തോലിക്കാ കോൺഗ്രസും എൻ.എസ്.എസും സർവ്വകലാശാല ബില്ലിനെതിരായി പ്രക്ഷോഭണം ആരംഭിച്ചു. 1972-ലെ സർവ്വകലാശാല ബിൽ കോൺഗ്രസിന്റെ സൃഷ്ടിയായിരുന്നു. 1957-ലെ മുണ്ടശ്ശേരി പദ്ധതിക്കെതിരെ, ധീരസമരം ചെയ്ത ആന്റണിയും കൂട്ടരും സ്വകാര്യ വിദ്യാലയങ്ങൾക്കെതിരായി തിരിഞ്ഞു. കോൺഗ്രസിന്റെ മർക്കടമുഷ്ടിയായിരുന്നു സർവ്വകലാശാല ബില്ലിന്റെ ഉദയത്തിനു കാരണം.

സമുദായ സംഘടനകളുടെ നേതൃത്വത്തിൽ സമരം മുന്നേറിയപ്പോൾ അന്ന് പ്രതിപക്ഷത്തായിരുന്ന കേരളാ കോൺഗ്രസ് സർവ്വകലാശാല ബില്ലിനെതിരായി അണി ചേർന്നു. അന്നത്തെ അവരുടെ പ്രവർത്തി തത്വത്തിന്റെയടിസ്ഥാനത്തിലായിരുന്നുവെന്ന് ജനം ചിന്തിച്ചു. പക്ഷെ അതൊരു അവസരവാദപരമായ നയമായിരുന്നുവെന്ന് സ്വാശ്രയനിയമം വന്നപ്പോൾ മനസ്സിലാക്കുവാൻ ജനത്തിന് സാധിച്ചു.

ഈയവസരത്തിൽ സർവ്വകലാശാല ബില്ലിന്റെകാലത്തു നടന്ന സംഭവങ്ങളെപ്പറ്റിയൊന്ന് ചിന്തിക്കുന്നത് സമുചിതമായിരിക്കും.

1967-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ ഭരണകാലത്ത് ഒരു സർവ്വകലാശാല നിയമത്തിന് രൂപം കൊടുത്തിരുന്നു. ആ മന്ത്രിസഭയുടെ തകർച്ചയോടെ ആ ബില്ലും അപ്രത്യക്ഷമായി. 1970 സി. അച്യുതമേനോൻ മുഖ്യമന്ത്രിയായി ഒരു മന്ത്രിസഭ അധികാരമേറ്റു. കോൺഗ്രസ്സ് ഭരണമുന്നണിയിലെ മുഖ്യകക്ഷിയായിരുന്നു. അന്നത്തെ കെ.പി.സി.സി. സെക്രട്ടറി ശ്രീ. എ.കെ. ആന്റണിയുമായിരുന്നു. എ.കെ. ആന്റണിയുടെ പ്രത്യേക താല്പര്യപ്രകാരം 1972-ൽ ഒരു സർവ്വകലാശാല നിയമത്തിന് രൂപം കൊടുത്തു. ആ ബില്ലിന്റെ രൂപരേഖ പുറത്തുവന്നതോടെ ജോൺ കച്ചിറമറ്റം സർവ്വകലാശാല നിയമത്തിന്റെ അപകടവശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും എ.കെ.സി.സി. പ്രസിഡന്റ് അഡ്വ. ഇ.എം. ജോസഫ് സർവ്വകലാശാല നിയമത്തിന്റെ ഉള്ളടക്കങ്ങൾ വിലയിരുത്തിക്കൊണ്ടും പത്രങ്ങളിൽ ലേഖനമെഴുതി. എൻ.എസ്.എസ്. നേതൃത്വവുമായി എ.കെ.സി.സി. ബന്ധപ്പെട്ടു. ബില്ലിനെ എതിർക്കുവാൻ തയ്യാറായി എൻ.എസ്.എസും മുന്നോട്ടുവന്നു. എസ്.എൻ.

www.malankaralibrary.com

ഡി.പി. എല്ലാകാലത്തെയുംപോലെ സർക്കാരുമായി ഒത്തുനിന്നു. ഈ ബില്ലിനെപ്പറ്റി ചർച്ച ചെയ്യുന്നതിന് എറണാകുളത്ത് മാസ് ഓഡിറ്റോറിയത്തിൽ എ.കെ.സി.സി. വിളിച്ചുകൂട്ടിയ യോഗം മോൺ. വെള്ളാങ്കൽ ഉദ്ഘാടനം ചെയ്തു. ആ യോഗം സർവ്വകലാശാല നിയമത്തിനെതിരായ തീരുമാനമെടുത്തു. ഇതിനിടയിൽ കേരളസർവ്വകലാശാല വൈസ് ചാൻസ്‌ലർ ചില സന്ധിസംഭാഷണങ്ങളുമായി രംഗത്തുവന്നു. മാനേജ്മെന്റിന്റെ അവകാശങ്ങളെ മുഴുവൻ ഉന്മൂലനം ചെയ്യാൻ പര്യാപ്തമായ വിധത്തിലുള്ള വൈസ് ചാൻസലറുടെ നിർദ്ദേശങ്ങളെ കത്തോലിക്കാ കോൺഗ്രസ്സും എൻ.എസ്. എസും എതിർത്തു. ബില്ലിനെതിരായി വലിയ ഒരു ജനരോഷം രൂപം കൊള്ളുന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടു.

മാസങ്ങളുടെ തയ്യാറെടുപ്പാണ് ഈ ബില്ലു പാസ്സാക്കിയെടുക്കുവാൻ കോൺഗ്രസ്സ് നടത്തിയത്. അടിയന്തിരമായി എറണാകുളത്ത് വിളിച്ചുകൂട്ടിയ കെ.പി.സി.സി. സംസ്ഥാന സമ്മേളനം ഐക്യകണ്ഠേന ഒരു പ്രമേയം പാസ്സാക്കി. അത് സ്വകാര്യമാനേജ്മെന്റുകളോടുള്ള ഒരു യുദ്ധപ്രഖ്യാപനമായിരുന്നു. കെ.പി.സി.സി.യുടെ പ്രമേയത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു. "സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിന് പ്രധാന പങ്ക് വഹിക്കേണ്ട വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ ഏജൻസികൾ ഇനിയും തുടരാൻ അനുവദിക്കണമോയെന്ന പ്രശ്നം കോൺഗ്രസ്സിന്റെ മുമ്പിൽ സജീവമായി വന്നിരിക്കുകയാണ്. സോഷ്യലിസ്റ്റ് ക്രമത്തിലേക്ക് സമൂഹത്തെ നയിക്കാൻ വിദ്യാഭ്യാസം പൂർണ്ണമായും പൊതുമേഖലയിൽ ആയിരിക്കേണ്ടതാണ്. ന്യൂനപക്ഷങ്ങൾക്ക് നല്കിയിരിക്കുന്ന പ്രത്യേക അവകാശങ്ങൾ നിയന്ത്രിക്കുക തന്നെ വേണം."

തുടർന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വിശ്വനാഥനും സെക്രട്ടറി എ.കെ. ആന്റണിയും ആഭ്യന്തരമന്ത്രി കെ.കരുണാകരനും യൂത്ത് കോൺഗ്രസ്, കെ.എസ്.യു. നേതാക്കന്മാരും നടത്തിയ പ്രസ് കോൺഫറൻസുകളും പരസ്യപ്രസ്താവനകളും പ്രശ്നത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നവയായിരുന്നു. മാനേജ്മെന്റുകൾക്ക് എതിരായി യുദ്ധം പ്രഖ്യാപിക്കുവാനും ആധുനികവും അത്യാധുനികവുമായ എല്ലാ ആയുധങ്ങളും എടുത്തു പ്രയോഗിക്കുവാനും ഗവണ്മെന്റിന് കരുത്തു നല്കിയ നയപ്രഖ്യാപനങ്ങളെന്ന നിലയിൽ അവയിൽ ചിലത് ഉദ്ധരിക്കുകയാണ്.

കോളേജുകൾ ഏറ്റെടുക്കുവാൻ ഓർഡിനൻസ് പുറപ്പെടുവിക്കും (കെ.കെ. വിശ്വനാഥൻ, 1972 ജൂൺ 25 കോഴിക്കോട്)

ന്യൂനപക്ഷാവകാശങ്ങൾ മാത്രമല്ല മറ്റുപല അവകാശങ്ങളും മാറേണ്ടിവരും (കെ.കെ. വിശ്വനാഥൻ കണ്ണൂർ ജൂൺ 27)

അടുത്തവിദ്യാലയവർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ സ്വകാര്യ കോളേജുകളത്രെയും പിടിച്ചെടുക്കും. സ്വകാര്യ ഏജൻസികളെ തുടച്ചു മാറ്റും. (കെ.പി.സി.സി. സെക്രട്ടറി എ.കെ. ആന്റണി കോട്ടയം)

www.malankaralibrary.com

ന്യൂനപക്ഷാവകാശങ്ങൾ എടുത്തു കളയാനുള്ള കോൺഗ്രസ്സിന്റെ തീരുമാനം അചഞ്ചലമാണ്. എതിർക്കുന്നവരെ കുരുക്ഷേത്രത്തിൽ വച്ചു കണ്ടുകൊള്ളാം (എ.കെ. ആന്റണി)

ന്യൂനപക്ഷാവകാശങ്ങൾ നിയന്ത്രിക്കാൻ ഭരണഘടന ഭേദഗതി ചെയ്യും. (ആഭ്യന്തര മന്ത്രി കരുണാകരൻ).

കോളേജുകൾ നിയമനിർമ്മാണം വഴി ഏറ്റെടുക്കും (മന്ത്രി കരുണാകരൻ കൊച്ചി)

കത്തോലിക്കാ സമുദായവും നായർ സർവ്വീസ് സൊസൈറ്റിയും കേരള രാഷ്ട്രീയത്തിലെ ശക്തിദുർഗ്ഗങ്ങളാണ്. ഞങ്ങൾ അവയെ തകർത്തു തരിപ്പണമാക്കും. (കെ.കെ. വിശ്വനാഥൻ പാലക്കാട്, ജൂൺ 26)

പ്രൈവറ്റ് കോളേജുകൾ തുറപ്പിക്കാനുള്ള സമരത്തിന് പിന്നിൽ കേന്ദ്ര നേതൃത്വമുണ്ട്. അവരുടെ ആശീർവാദത്തോടുകൂടിയാണ് ഞങ്ങൾ സമരത്തിന് ഇറങ്ങിയിരിക്കുന്നത് (വയലാർ രവി ജൂലൈ 4 തൃശൂർ)

ശ്രീ. ഗോഖലെ തുടങ്ങിയ കേന്ദ്രനേതാക്കളും ഇതുപോലെയുള്ള പ്രസ്താവനകൾ പരസ്യമായി പറഞ്ഞിട്ടുണ്ട്. ഇതിനെല്ലാം പുറമെ കേരള സർവ്വകലാശാല സെനറ്റും സിൻഡിക്കേറ്റും കോളേജുകൾ ദേശസാൽക്കരിക്കണമെന്ന് പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

സ്വകാര്യകോളേജുകൾക്കെതിരായി സമരപ്രഖ്യാപനങ്ങൾ നടത്തിയത് കോൺഗ്രസ് നേതാക്കളായിരുന്നു. മറ്റു ഘടകകക്ഷി നേതാക്കളാരും ഇതുപോലുള്ള പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടില്ല. ഘടകകക്ഷികളും കോളേജുകൾ ദേശസാൽക്കരിക്കുന്നതിന് അനുകൂലികളായിരുന്നു. എന്നാൽ കോൺഗ്രസ് നേതാക്കൾ മാത്രമാണ് സമുദായ നേതാക്കൾക്കും മെത്രാന്മാർക്കും എതിരായി പ്രസ്താവന പുറപ്പെടുവിച്ചത്. ചാട്ടവാറുകൊണ്ടടിക്കണമെന്ന് കല്പിച്ചത്.

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കാനെന്ന വ്യാജേന മാനേജുമെന്റുകൾക്ക് മൂക്കുകയറിടാനാണ് സർവ്വകലാശാല നിയമം പാസ്സാക്കിയെടുത്തത്. ഈ നിയമം ഭരണഘടനാ വിരുദ്ധവും മൗലികാവകാശധ്വംസനവുമെന്ന കാരണത്താൽ അതിനെ മാനേജ്മെന്റ് കോടതിയിൽ ചോദ്യം ചെയ്തു. ആ മാനേജ്മെന്റിനെ തകർക്കാൻ ഭരണകക്ഷിക്കാർ വിദ്യാർത്ഥികളെക്കൊണ്ട് ഫീസ് ഏകീകരണം എന്ന ആശയം ഉന്നയിപ്പിക്കുകയാണ് ചെയ്തത്. പ്രൈവറ്റ് കോളേജുകളിലെ ഫീസ് നിരക്ക് കുറവ് ചെയ്ത് ഗവണ്മെന്റ് കോളേജുകളിലേതിനോട് തുല്യമാക്കുക എന്ന ഡിമാന്റ് ആണ് വിദ്യാർത്ഥികൾ മുന്നോട്ടു വച്ചത്. തങ്ങളുടെ ശമ്പളം ഗവണ്മെന്റിൽ നിന്നും നേരിട്ടു കിട്ടണമെന്ന ആവശ്യത്തിനുവേണ്ടി സമരം ചെയ്യാൻ അദ്ധ്യാപകരെയും സർക്കാർ പ്രേരിപ്പിച്ചു. ഫീസ് ഏകീകരണം, അദ്ധ്യാപകർക്ക് നേരിട്ടുള്ള ശമ്പള വിതരണം എന്നീ ആവശ്യങ്ങളുമായി

www.malankaralibrary.com

വിദ്യാർത്ഥികളും അദ്ധ്യാപകരും സമരരംഗത്തിറങ്ങി. ഗത്യന്തരമില്ലാതെ മാനേജുമെന്റ് കോളേജുകൾ അടച്ചിട്ടു.

അടച്ചിടുന്ന കോളേജുകൾ പിടിച്ചെടുക്കുമെന്ന് കെ.പി.സി.സി. സെക്രട്ടറി എ.കെ. ആന്റണി പ്രഖ്യാപിച്ചു. പിടിച്ചെടുക്കുന്ന തീയതി മാറി മാറി പ്രഖ്യാപിച്ചതല്ലാതെ കോളേജുകൾ പിടിച്ചെടുക്കുവാൻ സർക്കാരിനോ ആന്റണിക്കോ സാധിച്ചില്ല.

മുണ്ടശ്ശേരി പദ്ധതിക്കെതിരായി അന്ന് പ്രതിപക്ഷ കക്ഷികൾ വളരെ വൈകിയാണെങ്കിലും രംഗത്തുവന്നു. ഇത്തവണ പ്രതിപക്ഷത്ത് കേരളാ കോൺഗ്രസ്സ് മാത്രമാണുണ്ടായിരുന്നത്. ആദ്യംതുടങ്ങി സമരത്തെ പിന്താങ്ങാതെ കേരളാ കോൺഗ്രസ് മാറി നിൽക്കുകയാണുണ്ടായത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻ പ്രതിഷേധയോഗങ്ങൾ നടന്നു. തൃശൂർ മാർ ജോസഫ് കുണ്ടുകുളവും പാലായിൽ മാർ സെബാസ്റ്റ്യൻ വയലിലും ചങ്ങനാശ്ശേരിയിൽ മാർ ജോസഫ് പവ്വത്തിലും ഒക്കെ സമരത്തിന് ശക്തമായ നേതൃത്വം നല്കി. കളത്തിൽ വേലായുധൻ നായരുടെ നേതൃത്വത്തിൽ എൻ.എസ്.എസും സമരത്തിന്റെ മുൻപന്തിയിൽ വന്നു. ഇത്രയുമായപ്പോൾ പ്രതിപക്ഷത്തിരുന്ന കേരളാ കോൺഗ്രസ്സ് സമരത്തിൽ നിന്ന് വിട്ടു നില്ക്കുന്നത് നഷ്ടകച്ചവടമാകുമെന്ന് മനസ്സിലാക്കി സമരത്തിന്റെ മുൻപന്തിയിലേക്കു വന്നു. സമരമുഖത്തേക്ക് സമരസമതി അവരെ സ്വാഗതം ചെയ്യുകയും ചെയ്തു.

സ്വകാര്യകോളേജുകൾ പിടിച്ചടക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കുവാൻ കോൺഗ്രസ്സിന് സാധിച്ചില്ല. രാജ്യത്ത് എമ്പാടും ഷെഡുകൾ കെട്ടി കോളേജുകൾ നടത്തുമെന്നായി ആന്റണി. കോട്ടയത്ത് ഒരു ഷെഡ് കെട്ടിയതല്ലാതെ മറ്റൊരിടത്തും ഒരു ഷെഡ് കെട്ടുവാൻ ആന്റണിക്കു സാധിച്ചില്ല.

ഫീസ് നിരക്ക് ഏകീകരിക്കുകയും അദ്ധ്യാപകശമ്പളം സർക്കാർ കൊടുക്കുകയും ചെയ്യേണ്ടി വന്നാൽ സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുമെന്നുള്ള തിരിച്ചറിവ് അവസാനമാണ് സർക്കാരിന് ഉണ്ടായത്. അദ്ധ്യാപകരെ പ്രക്ഷോഭണത്തിനിറക്കിയ സർക്കാർ തന്നെ അദ്ധ്യാപകരുടെ ഡിമാന്റുകൾക്കെതിരായി പ്രവർത്തിക്കേണ്ടി വന്നു. കെ.എസ്.യു.വും കെ.എസ്.സി.യും ഫീസ് ഏകീകരണശ്രമത്തിനുവേണ്ടി നിലകൊണ്ടു.

രണ്ടുമാസം നീണ്ടുനിന്ന സമരം ഒത്തുതീർപ്പിലെത്തി. എന്താണു സംഭവിച്ചത്. കോളേജുകൾ പിടിച്ചെടുക്കുവാൻ സർക്കാരിന് സാധിച്ചില്ല. പ്രൈവറ്റ് കോളേജുകളുടെമേൽ സമ്പൂർണ്ണ നിയന്ത്രണമെന്ന ആശയവും സർക്കാരിന് ഉപേക്ഷിക്കേണ്ടി വന്നു. അദ്ധ്യാപകനിയമനത്തിന് ഒരു കമ്മറ്റിയെ വയ്ക്കുവാൻ മാനേജുമെന്റ് സമ്മതിച്ചു. ഫീസ് ഏകീകരണവും അദ്ധ്യാപകർക്ക് നേരിട്ടുള്ള ശമ്പളവിതരണവും നടപ്പിലാക്കാൻ മാനേജ്മെന്റുകൾ സമ്മതിച്ചു. ഈ രണ്ടുകാര്യങ്ങളും മൂലം സർക്കാരിന് കനത്ത

www.malankaralibrary.com

സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നു. ഈ സമരംകൊണ്ട് എ.കെ. ആന്റണിയുടെ പിടിവാശികൊണ്ട് നഷ്ടം വന്നത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായിരുന്നു. അവർക്ക് ലഭിച്ചിരുന്ന ആനുകൂല്യം സർക്കാർ നഷ്ടപ്പെടുത്തി. മെറിറ്റിനുള്ള പ്രാധാന്യം ഇല്ലാതാക്കി. സമർത്ഥരായ കുട്ടികൾക്ക് ലഭിച്ചിരുന്ന അവകാശം 50 ശതമാനമായി കുറവു ചെയ്തു. കെ.പി.സി.സി. സെക്രട്ടറി എ.കെ. ആന്റണിയുടെ പിടിവാശിമൂലം വിദ്യാഭ്യാസരംഗം തകർത്തു. ആകെ കിട്ടിയ നേട്ടമെന്ന് കൊട്ടിഘോഷിക്കാനുള്ളത് അദ്ധ്യാപകനിയമനത്തിന് ഒരു കമ്മറ്റിയെ നിയമിച്ചു എന്നുള്ളതാണ്. എങ്ങനെയെങ്കിലും തലയൂരാനുള്ള ശ്രമത്തിൽ താൻ പറഞ്ഞ വാക്കുകൾ മുഴുവൻ ആന്റണി വിഴുങ്ങേണ്ടി വന്നു.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ 30 വർഷമായി കേരളം പിന്നോക്കം പോയത് കോൺഗ്രസ്സിന്റെ നയം മൂലമായിരുന്നു. സ്വാശ്രയ കോളേജുകളോടുള്ള ആന്റണിയുടെ നയം അപകടകരമാണ്. അന്യ സംസ്ഥാനങ്ങളിലെ കോളേജുടമകളെ സഹായിക്കുന്നതിനുള്ള നീക്കമാണ്.

## സ്വാശ്രയവിദ്യാഭ്യാസ നിയമം

സ്വാശ്രയനിയമത്തെ എല്ലാ കക്ഷികളും പിന്താങ്ങി. 1972-ലെ സർവ്വകലാശാല നിയമത്തെ എതിർത്ത കേരളാ കോൺഗ്രസ് പോലും സ്വാശ്രയ നിയമത്തെ പിന്താങ്ങി. കേരളത്തിൽ 1972-ൽ നടന്ന സർവ്വകലാശാല നിയമത്തെ എതിർത്ത നാലുപേർ കേരള നിയമസഭയിൽ എം.എൽ.എ.യും മന്ത്രിയും ആയിരുന്നപ്പോഴാണ് സ്വാശ്രയനിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറായത്.

72-ലെ സർവ്വകലാശാല നിയമത്തെ എതിർത്ത ശ്രീ. കെ.എം. മാണിയും പി.ജെ ജോസഫും, സി.എഫ്. തോമസും ആർ. ബാലകൃഷ്ണ പിള്ളയും മന്ത്രിമാരായിരിക്കുമ്പോഴാണ് സ്വാശ്രയനിയമത്തിനെ അവർ പിന്താങ്ങിയത്. അവർ നടത്തിയ സമരങ്ങൾ ഒരിക്കലും ആദർശപ്രേരിതമായിരുന്നില്ല. അവസരവാദപരമായിരുന്നു. ഈ നാലുമന്ത്രിമാർ ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിച്ചിരുന്നുവെങ്കിൽ അന്ന് സ്വാശ്രയനിയമം അവതരിപ്പിക്കുവാൻ ഒരു കക്ഷിയും തയ്യാറാകുമായിരുന്നില്ല. പ്രതിപക്ഷത്താണെങ്കിൽ മാത്രമേ സ്വകാര്യ വിദ്യാലയങ്ങൾക്ക് വേണ്ടി തങ്ങൾ നിലകൊള്ളുകയുള്ളെന്നും അധികാരത്തിൽ പറ്റിക്കൂടാൻ എല്ലാ നയങ്ങളും തങ്ങൾ ഉപേക്ഷിക്കുമെന്നും സ്വാശ്രയനിയമകാലത്ത് കേരളാ കോൺഗ്രസ് പ്രഖ്യാപിക്കുകയാണ് ചെയ്തത്.

(സ്വാശ്രയനിയമത്തെ എതിർക്കാനായി കേരളാ ക്രിസ്ത്യൻ ഫൗണ്ടേഷൻ കോട്ടയത്ത് സീരിയിൽ 2008-ൽ വിളിച്ചുകൂട്ടിയ ക്രൈസ്തവ നേതൃസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം.)

www.malankaralibrary.com

# 6. രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ ക്രൈസ്തവസമൂഹം വഹിച്ച പങ്ക് നിസ്തുലം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ അഡ്വൈസറായി തിരഞ്ഞെടുക്കപ്പെട്ട പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ തിരുമേനിയെ അനുമോദിക്കുവാനും തിരുമേനിക്ക് മെത്രാഭിഷേക രജത ജൂബിലി മംഗളങ്ങൾ ആശംസിക്കുവാനുമാണ് നാമിവിടെ സമ്മേളിച്ചിരിക്കുന്നത്. കത്തോലിക്കാ കോൺഗ്രസ്സിന് ആദ്യമായിട്ടാണ് ഒരു അഡ്വൈസറെ നിയമിക്കുക. മുൻകാലങ്ങളിൽ ബിഷപ്പ്സ് ഡലഗേറ്റകളാണുണ്ടായിരുന്നത്. മോൺ ജേക്കബ് നടുവത്തുശ്ശേരി, വിൻസൻഷ്യൽ സഭാംഗമായ ഫാ. ജോർജ്ജ് മണ്ണാറ, മോൺ എൽ.ജെ. ചിറ്റൂർ, ഇന്നിവിടെ സന്നഹിതനായിരിക്കുന്ന മോൺ. മാത്യു വെള്ളാങ്കൽ എന്നിവരായിരുന്നു മുൻകാലങ്ങളിലെ ബിഷപ്പ്സ് ഡലഗേറ്റുകൾ. അവരുടെ സേവനങ്ങളെ ഈയവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

മാർ പള്ളിക്കാപറമ്പിൽ തിരുമേനിയുടെ മുൻഗാമി മാർ സെബാസ്റ്റ്യൻ വയലിൽ എ.കെ.സി.സി.യുടെ ആയുഷ്കാലാംഗമായിരുന്നു. സംഘടനയുടെ വളർച്ചയിൽ അതീവതല്പരനായിരുന്ന വയലിൽ തിരുമേനിയെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. അൽമേയ പ്രസ്ഥാനങ്ങളുടെ വളർച്ചയിൽ വളരെ തല്പരനായ-എ.കെ.സി.സി. പ്രവർത്തനങ്ങളെ കലവറയില്ലാതെ സഹായിക്കുന്ന മാർ പള്ളിക്കാപറമ്പിൽ തിരുമേനിയെ ഞങ്ങളുടെ അഡ്വൈസറായി നിയമിച്ച സീറോ-മലബാർസഭാ സിനഡിനോട് ഞങ്ങൾ പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ മെത്രാഭിഷേക രജത ജൂബിലി മംഗളങ്ങളും ആശംസിക്കുവാനും തിരുമേനിയെ അനുമോദിക്കുവാനും ഞങ്ങൾക്ക് സന്തോഷമുണ്ട്.

1882-ൽ നിധീരിക്കൽ മാണികത്തനാരുടെ ശ്രമഫലമായി രൂപംകൊണ്ട ജാതൈക്യസംഘം ഏതാനും വർഷങ്ങൾക്കുശേഷം പ്രവർത്തന രഹിതമായി 1905-ൽ മാന്നാനത്തുവച്ച് കത്തോലിക്കാ ക്രിസ്തീയ മഹാജനസഭ രൂപംകൊണ്ടു. സമുദായം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി വിലയിരുത്തി പ്രവർത്തനപരിപാടികൾ ആരംഭിച്ചു. ആ സംഘടനയെയും പ്രവർത്തനരഹിതമാക്കിയപ്പോൾ സാമൂഹ്യ സമ്മേളനങ്ങൾ നടത്തി സമകാലീന പ്രശ്നങ്ങളെപ്പറ്റി ചർച്ചകൾ നടത്തി. 1918-ൽ കത്തോലിക്കാ കോൺഗ്രസ്സ് ആരംഭിച്ചു. 80 വർഷം പൂർത്തിയായി കഴിഞ്ഞിരിക്കുന്നു സംഘടന സ്ഥാപിതമായിട്ട്.

സർക്കാർ സർവ്വീസിൽ ക്രൈസ്തവരെപ്പോലെ അവഗണിക്കപ്പെട്ട

www.malankaralibrary.com

ഇതരജനവിഭാഗങ്ങൾക്കും പ്രവേശനം ലഭിക്കാൻ തടസ്സമായിരുന്ന വ്യവസ്ഥകൾ മാറ്റിയെടുക്കുവാൻ വേണ്ടി നടന്ന പൗരസമത്വവാദ പ്രക്ഷോഭണത്തിന് നേതൃത്വം നല്കിക്കൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ്സ് സജീവമായ പ്രവർത്തനം ആരംഭിക്കുന്നത്. അതിനുശേഷം ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നിയമനിർമ്മാണസഭകളിൽ നേടിയെടുക്കുന്നതിനായി നടത്തിയ നിവർത്തന പ്രക്ഷോഭണത്തിന് നേതൃത്വം നല്കിയതും തിരുവിതാംകൂറിൽ നടന്ന ഉത്തരവാദപ്രക്ഷോഭണത്തിന് പൂർണ്ണ പിന്തുണ നല്കിയതും കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. ഉത്തരവാദ ഭരണ പ്രക്ഷോഭണത്തെ മറ്റിതര സമുദായ സംഘടനകൾ എതിർക്കുകയാണുണ്ടായത്. എ.കെ.സി.സി. മാത്രമാണ് ഉത്തരവാദഭരണ പ്രക്ഷോഭണത്തെ പൂർണ്ണമായി പിന്താങ്ങിയ സാമുദായിക സംഘടന.

സർ സി.പി. രാമസ്വാമി അയ്യർ സ്വകാര്യ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ തുടങ്ങിയപ്പോൾ അതിനെതിരായി രണ്ടരലക്ഷം പേർ ഒപ്പിട്ട ഭീമഹർജി സമർപ്പിച്ചുകൊണ്ട് എ.കെ.സി.സി. നടത്തിയ സമരം ചരിത്രത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു.

1951-ൽ പനമ്പള്ളി വിദ്യാഭ്യാസ പദ്ധതിയുമായി വന്നപ്പോഴും 1958-ൽ മുണ്ടശ്ശേരി വിദ്യാഭ്യാസ പദ്ധതിയുമായി വന്നപ്പോഴും ന്യൂനപക്ഷാവകാശ സംരക്ഷണത്തിനുവേണ്ടി പോരാടിയതും കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ താഴെയിറക്കാൻ നടത്തിയ വിമോചന സമരത്തിന് കളമൊരുക്കിയതും കത്തോലിക്കാ കോൺഗ്രസ്സാണ്. 1960-കളിൽ കേരളത്തിൽ വിമോചന സമരത്തിനുശേഷം രൂപംകൊണ്ട ഐക്യമുന്നണി ഗവണ്മെന്റ് കേരളത്തിലെ കിഴക്കൻ മലയോരങ്ങളിൽ (ഉടുമ്പൻചോല, അമരാവതി, ചുരുളി, കീരിത്തോട്) കുടിയിറക്കുകൾ നടത്തിയപ്പോഴും മണ്ണിലുള്ള കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ആദ്യം രംഗത്തിറങ്ങിയതും കത്തോലിക്കാ കോൺഗ്രസ്സാണ്. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നത്തിന്റെയും ദീപിക പത്രാധിപരായിരുന്ന കെ.എം. ജോസഫിന്റെയും നേതൃത്വത്തിൽ ആരംഭിച്ച സമരപരിപാടികളാണ് അമരാവതിയിൽ എ.കെ.ജി.യേയും ഫാ. വടക്കനെയും വരാൻ പ്രേരിപ്പിച്ചത് എന്ന് ഞങ്ങൾ അഭിമാനപൂർവ്വം സ്മരിക്കുന്നു.

1972-ലെ കോളേജ് സമരകാലത്ത് ധീരമായ നേതൃത്വം നല്കുന്നതിലും എ.കെ.സി.സി. നിർണ്ണായകമായ പങ്കുവഹിച്ചു. ഗവണ്മെന്റുമായുണ്ടാക്കിയ എഗ്രിമെന്റിൽ കത്തോലിക്കാ സമുദായത്തിനു വേണ്ടി ഒപ്പുവെച്ചത് എ.കെ.സി.സി.യുടെ അന്നത്തെ പ്രസിഡന്റ് ശ്രീ. ഇ.എം. ജോസഫ് ആയിരുന്നു.

തൈക്കൽ സിമിറ്ററി പ്രശ്നം, ഈയടുത്തകാലത്തുനടന്ന ടി.വി. പുരം സിമിറ്ററി പ്രശ്നം മുതലായവ കൈകാര്യം ചെയ്യുന്നതിലും വിവാഹം

www.malankaralibrary.com

ആശിർവ്വാദിക്കുന്ന വൈദികർ അതിനുവേണ്ടി ലൈസൻസ് എടുക്കണമെന്ന നിയമം കൊണ്ടുവന്നപ്പോഴും ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമത്തെപ്പറ്റിയുള്ള ചർച്ചകൾ വന്നപ്പോഴും ദളിത് ക്രൈസ്തവ പ്രശ്നത്തിലും കത്തോലിക്കാ സമുദായത്തിന്റെ താല്പര്യ സംരക്ഷണത്തിനുവേണ്ടി നിലകൊണ്ട് പ്രവർത്തിച്ചത് കത്തോലിക്കാ കോൺഗ്രസ്സാണ്.

1957-ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ കാലം മുതൽ ഇന്നുവരെ പാഠപുസ്തകങ്ങളിൽ വന്നിട്ടുള്ള-ക്രൈസ്തവർക്ക് അപമാനകരമായ വസ്തുതകൾ ചൂണ്ടിക്കാണിച്ച് അഭിവന്ദ്യവൈദിക മേലദ്ധ്യക്ഷന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും അതിനുവേണ്ടി നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതും കത്തോലിക്കാ കോൺഗ്രസ്സ് മാത്രമായിരുന്നുവെന്നു പറയുവാൻ ഞങ്ങൾക്കഭിമാനമുണ്ട്. കത്തോലിക്കാ കോൺഗ്രസ്സ് സ്വന്തമായി ഒരു നഴ്സറി സ്കൂൾപോലും നടത്തുന്നില്ല. കത്തോലിക്കരുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഴുവൻ കത്തോലിക്കാ കോൺഗ്രസ്സിന്റേതാണെന്ന ഉത്തമബോദ്ധ്യത്തിൽ കഴിഞ്ഞകാലമത്രയും ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശതാല്പര്യസംരക്ഷണത്തിനുംവേണ്ടിയാതൊരു സ്ഥാപിതതാല്പര്യങ്ങളും നോക്കാതെ എ.കെ.സി.സി. എന്നും പ്രവർത്തിച്ചു.

ഇന്ന് സമുദായം കടുത്ത വെല്ലുവിളികളെ നേരിടുകയാണ്. ഈ സാഹചര്യത്തിൽ ക്രൈസ്തവതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ കത്തോലിക്കാ കോൺഗ്രസ്സ് കൂടുതൽ കരുത്താർജിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവതാല്പര്യം സംരക്ഷിക്കുകയെന്നതുകൊണ്ട് ഞങ്ങൾ വിവക്ഷിക്കുന്നത് അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുക എന്നതാണ്. ഈ പോരാട്ടത്തിൽ സമസ്ത ശക്തികളെയും ശേഖരിച്ചുകൊണ്ട് സമസ്ത ശിരസ്സുകളെയും ക്രോഡീകരിച്ചുകൊണ്ട് സമസ്ത ജനാധിപത്യ ഹൃദയങ്ങളെയും തുടിപ്പിച്ചുകൊണ്ട് മുന്നേറുവാനുള്ള ശക്തി ഞങ്ങൾക്ക് ലഭിക്കുവാൻ അഭിവന്ദ്യപിതാക്കന്മാരുടെയും ജനനേതാക്കളുടെയും ബഹുജനങ്ങളുടെയും സഹായം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഈ പോരാട്ടത്തിൽ ഞങ്ങൾക്കുവേണ്ട ഉപദേശങ്ങൾ നൽകുവാൻ ഞങ്ങൾക്കുവേണ്ട നേതൃത്വം നല്കുവാൻ കഴിവും സന്നദ്ധതയും ഉള്ള മാർ പള്ളിക്കാപറമ്പിൽ തിരുമേനിയെ അഡ്വൈസറായി ലഭിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

അച്ചടക്കമുള്ള ഒരു സമൂഹത്തിനുമാത്രമേ നിലനിൽക്കുവാനും അഭിവൃദ്ധിപ്പെടുവാനും സാധിക്കുകയുള്ളു. കഴിഞ്ഞ രണ്ടായിരം വർഷമായി ഇവിടെ നിലനിന്ന-അച്ചടക്കം ഇതര സമൂഹങ്ങളെ അസൂയാലുക്കളാക്കിയിട്ടുണ്ട്. ഇവിടെ നിലനിൽക്കുന്ന അച്ചടക്കം തകർക്കാനുള്ള എല്ലാ നീക്കങ്ങളെയും തകർക്കാൻ-പരാജയപ്പെടുത്തുവാൻ എ.കെ.സി.സി.

www.malankaralibrary.com

പ്രതിജ്ഞാബദ്ധമായിരിക്കുന്നുവെന്ന് അടിവരയിട്ട് പറയുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. സഭയെ നന്നാക്കാൻവേണ്ടി സംസാരിക്കുന്നവരും സഭയെ നശിപ്പിക്കാൻവേണ്ടി പ്രവർത്തിക്കുന്നവരും ചിലപ്പോൾ പറയുന്നത് ഒന്നു തന്നെയാകാം. സഭയ്ക്കുള്ളിലെ ചെറുചെറുപ്രശ്നങ്ങൾ പെരുപ്പിച്ച് കാണിച്ചുകൊണ്ട് വിശ്വാസികളെ സഭയ്ക്കെതിരാക്കുവാനും, അവരെ സഭാധികാരികൾക്ക് വിരുദ്ധരാക്കാനും ലക്ഷ്യമാക്കിയുള്ള തന്ത്രപരമായ പ്രവർത്തനങ്ങളെ നേരിടുവാൻ പ്രത്യേക സംവിധാനത്തിനുതന്നെ രൂപംകൊടുക്കുവാൻ സമയം സമാഗതമായിരിക്കുന്നുവെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഭാരതക്രൈസ്തവരിൽ 35%വും കേരളത്തിലാണ്. ഭാരതസഭയ്ക്കു വേണ്ടി എല്ലാ നേതൃത്വവും നല്കാൻ നമുക്ക് കടമയുണ്ട്. അതുകൊണ്ട് 1956-ൽ നിയോഗി കമ്മിറ്റി റിപ്പോർട്ടിനെതിരായും 1979-ൽ ഒ.പി. ത്യാഗി ബില്ലിനെതിരായും വടക്കേ ഇന്ത്യയിൽ നടക്കുന്ന -മിഷനറിമാരുടെ നേർക്കു നടക്കുന്ന അക്രമണങ്ങൾക്കെതിരായും കഴിഞ്ഞ കാലങ്ങളിൽ എ.കെ. സി.സി. പ്രവർത്തിച്ചത്. ഇന്ത്യൻക്രൈസ്തവരുടെ ശബ്ദം പല സന്ദർഭങ്ങളിലും കത്തോലിക്കാ കോൺഗ്രസ്സിലൂടെയാണ് കേൾക്കുവാൻ സാധിച്ചത്.

ഭാരതത്തിൽ, ക്രൈസ്തവർ വെറും രണ്ടര ശതമാനം മാത്രമാണ്. ഈ രണ്ടരശതമാനം ഈ നാടിന്റെ പുരോഗതിക്കുവേണ്ടി നൽകിയിട്ടുള്ള സംഭാവനകളെപ്പറ്റി വരും തലമുറയെ നാം പഠിപ്പിക്കണം. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞകാലങ്ങളിൽ രണ്ടര ശതമാനം മാത്രം വരുന്ന ക്രൈസ്തവർ പ്രവർത്തിച്ചിട്ടുള്ളത്. ജനസംഖ്യയിൽ ന്യൂനപക്ഷമാണെങ്കിലും ഇന്ത്യയുടെ പുരോഗതിക്കുവേണ്ടി മറ്റേതൊരു സമുദായത്തേക്കാളും കഠിനമായി പ്രവർത്തിച്ച ഒരു സമൂഹമാണ് ക്രൈസ്തവസമൂഹം. വിദ്യാഭ്യാസ രംഗത്ത് ഇന്ത്യൻ സ്റ്റേറ്റുകളുടെ മുൻപന്തിയിൽ കേരളത്തെ എത്തിച്ചത് ക്രൈസ്തവരാണ്. രോഗികളെ ശുശ്രൂഷിക്കുകയെന്നത് സമൂഹത്തിന്റെ കടമയാണെന്ന ചിന്താഗതിക്ക് രൂപം നല്കിക്കൊണ്ട് ആതുരാലയങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചത് ക്രൈസ്തവരാണ്. ഇവിടെ കൃഷി വികസിപ്പിച്ചത്, കച്ചവടം പുരോഗമിപ്പിച്ചത്, വ്യവസായം ആരംഭിച്ചത്, ബാങ്കിംഗ് നടപ്പാക്കിയത് എല്ലാം ക്രൈസ്തവരാണ്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയിരുന്ന ഭാരതത്തിന്റെ സാംസ്കാരിക പുരോഗതിക്ക് വേഗത കൂട്ടിയത് ക്രൈസ്തവരാണ്. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും അവകാശ സംരക്ഷണത്തിനുവേണ്ടി ആദ്യം ശബ്ദമുയർത്തിയത് ക്രൈസ്തവരാണ്. മലയാളി മെമ്മോറിയൽ തുടങ്ങിയുള്ള പൗരാവകാശലബ്ധിക്കുവേണ്ടിയുള്ള എല്ലാ ജനകീയ പ്രക്ഷോഭണങ്ങൾക്കും നേതൃത്വം നല്കിയത് ക്രൈസ്ത

www.malankaralibrary.com

വരാണ്. ക്ഷേത്രപ്രവേശനവിളംബരത്തിന്റെയും പരോക്ഷമായ കാരണക്കാർ ക്രൈസ്തവരാണ്. വർത്തമാനപ്പത്രങ്ങൾക്കും പ്രസ്സുകൾക്കും ജന്മം നല്കിയത് ക്രൈസ്തവരാണ്. കേരള ജനതയെ ഒരു പ്രത്യേകസംസ്കാരത്തിന്റെ ഉടമാവകാശികളായി മാറ്റിയതിന് അടിത്തറപാകിയതും ക്രൈസ്തവരാണ്. ഏകദൈവ വിശ്വാസം, ത്രിമൂർത്തി സങ്കല്പം, ഭക്തിപ്രസ്ഥാനം, സ്നേഹ ദൈവചിന്താഗതി തുടങ്ങി ആദ്ധ്യാത്മിക രംഗത്തെ ഹിന്ദു സംസ്കാരത്തിന്റെ ഇന്നത്തെ സവിശേഷതയ്ക്ക് പ്രചോദനം നല്കിയത് ക്രൈസ്തവ വിശ്വാസവും ക്രൈസ്തവ മതവുമാണ്. വിധവാ വിവാഹ നിരോധനം, സതി, നരബലി തുടങ്ങിയ അനാചാരങ്ങൾ അവസാനിപ്പിക്കുന്നതിന് പ്രേരണ നല്കിയത് ക്രൈസ്തവരാണ്. കുട്ടനാടൻ കായലുകളെ ഒരുപ്പൂവും ഇരുപ്പൂവും വിളയുന്ന നിലങ്ങളാക്കി മാറ്റിയത്, മലബാറിലെ മാറാല പിടിച്ചു കിടന്ന കുഗ്രാമങ്ങളിൽ വഴിയും തോടും പോലും ഉണ്ടാക്കി കർഷക കേന്ദ്രങ്ങളാക്കി മാറ്റിയത് എല്ലാം ക്രൈസ്തവർ തന്നെ.

ഇങ്ങനെ രാഷ്ട്രപുനർ നിർമ്മാണപ്രക്രിയയിൽ മഹത്തായ സംഭാവന കളർപ്പിച്ച ക്രൈസ്തസമുദായം, ആർക്കും വേണ്ടാത്ത, ആരാലും പരിഗണിക്കപ്പെടാത്ത, യാതൊന്നിനും അവകാശമില്ലാത്ത യാതൊരു മണ്ഡലത്തിലും സ്വാധീനശക്തിയില്ലാത്ത ഒരു സമൂഹമായി മാറിയിരിക്കുകയാണ്. ഈ അവസ്ഥാവിശേഷം മാറേണ്ടിയിരിക്കുന്നു. ഈ സാഹചര്യം മാറ്റിയെടുക്കുവാനുള്ള എ.കെ.സി.സി.യുടെ യത്നത്തിൽ പങ്കുചേരുവാൻ എല്ലാ സമുദായ സ്നേഹികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

നമുക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുവാൻ സീറോ-മലബാർ സഭയുടെ സിനഡ് നമുക്കൊരു അഡ്വൈസറെ തന്നെ നല്കിയിരിക്കുന്നു. കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഇത് ഒരു പിറവിയാണ്. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയെ ഞങ്ങൾ സ്നേഹപൂർവ്വം ആദരവോടുകൂടി അനുമോദിക്കുന്നു. മെത്രാഭിഷേക രജതജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു.

(എ.കെ.സി.സി. അഡ്വൈസറായി നിയമിതനായ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയെ അനുമോദിക്കാൻ കൂടിയ യോഗത്തിൽ എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമറ്റം നടത്തിയ അദ്ധ്യക്ഷപ്രസംഗം. 20.06.1986)

www.malankaralibrary.com

# 7. ബനഡിക്ട് പാപ്പയുടെ വീക്ഷണത്തിൽ രാഷ്ട്രീയ പ്രവർത്തനം

റോമിൽ ചേർന്ന അൽമായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ 24-ാമത് സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ തിരുമേനി അൽമായർക്കു നൽകിയ സന്ദേശം ലോകത്തിൽ വ്യാപരിക്കുന്ന അൽമായർ ശ്രദ്ധാപൂർവ്വം ചെവിക്കൊള്ളേണ്ട താണ്. "സഭാപ്രബോധനങ്ങൾനുസൃതമായി രാഷ്ട്രീയകാര്യങ്ങളിൽ അൽമായർ ഇടപെടണം. സ്വാതന്ത്ര്യത്തിനും പൊതു നന്മക്കുംവേണ്ടി അൽമായർ നിലകൊള്ളണം. തങ്ങളുടെ ആശയങ്ങളും അനുഭവങ്ങളും രാഷ്ട്രീയനന്മക്കും പുരോഗതിക്കുംവേണ്ടി വിനിയോഗിക്കണം. ഉപവിപ്രവർത്തനത്തിനുള്ള ഉദാത്തമായ ഒരു മേഖലയാണ് രാഷ്ട്രീയം. രാഷ്ട്രീയ പ്രവർത്തനം ഒരു പ്രേഷിത വേലയായി കണക്കിലെടുത്ത് രാഷ്ട്രീയത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരായി നിലകൊള്ളണം. ജനാധിപത്യവ്യവസ്ഥിതിയിൽ മികച്ച നേതാക്കന്മാരെ തിരഞ്ഞെടുക്കണമെങ്കിൽ മൂല്യബോധമുള്ള ഒരു സമൂഹം ആവശ്യമാണ്. ക്രിയാത്മകമായി ചിന്തിക്കുന്ന വ്യക്തികളാണ്, ഓജസ്സുള്ള നേതാക്കളെ മുൻനിരയിൽ എത്തിക്കുന്നത്. സഭാത്മകവും സത്യസന്ധവും ആയ രാഷ്ട്രീയ ചിന്തയുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് കൂടുതൽ ഊർജ്ജിതമായി നാം നടപ്പിലാക്കേണ്ടത്." മേൽപറഞ്ഞ കാര്യങ്ങളാണ് മാർപാപ്പാ തന്റെ സന്ദേശത്തിൽ ഊന്നിപ്പറഞ്ഞത്. ഭൂമുഖത്തുള്ള എല്ലാ അൽമായരോടുമായാണ് മാർപ്പാപ്പാ സംസാരിച്ചത്.

രാഷ്ട്രീയ രംഗത്ത് ഇറങ്ങി പ്രവർത്തിക്കുന്നവർ ഓരോ രാജ്യത്തിന്റെയും സാഹചര്യങ്ങൾ കണക്കിലെടുത്തു കൊണ്ടായിരിക്കണം പ്രവർത്തിക്കേണ്ടത്. ഇന്നത്തെ ഭാരതത്തിലെ ക്രൈസ്തവർ രാഷ്ട്രീയത്തിൽ എങ്ങനെ പ്രവർത്തിക്കണമെന്നാണ് പാപ്പായുടെ സന്ദേശത്തിന്റെ വെളിച്ചത്തിൽ നാം ചിന്തിക്കേണ്ടത്. സുവിശേഷം നൽകുന്നത് സ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും സന്ദേശമാണ്. നീതിയുടെയും സത്യത്തിന്റെയും സന്ദേശമാണ്. ഇന്നിവിടെ സ്വാതന്ത്ര്യം എല്ലാ അർത്ഥത്തിലും നിഷേധിക്കപ്പെടുകയാണ്. നീതിയും സത്യവും ക്രൂശിക്കപ്പെടുകയാണ്. അഴിമതിയും സ്വജനപക്ഷപാതവും വർഗ്ഗീയ ചിന്തകളും ഈ രാജ്യത്തെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായിട്ടാണ് ഭാരതത്തിലെ ജനസംഖ്യയിൽ രണ്ടരശതമാനം മാത്രം വരുന്ന ക്രൈസ്തവർ പരിശ്രമിക്കേണ്ടത്.

www.malankaralibrary.com

മോസസ്സിന്റെ നേതൃത്വത്തിൽ ഇസ്രായേൽ ജനം ഈജിപ്തിലെ രാഷ്ട്രീയാധികാരിയായിരുന്ന ഫറവോയ്ക്കും സൈന്യത്തിനും എതിരായി നടത്തിയ ഐതീഹാസികമായ വിമോചനസമരത്തിന്റെ വിശദമായ വിവരണമാണ് പഴയനിയമത്തിൽ നാം കാണുന്നത്. മോസസ്സിന്റെ നീക്കമാണ് മാനവമോചനത്തിനായി ലോകത്ത് നടന്ന സംഘാതമായ നീക്കം. രാഷ്ട്രീയ മോചനത്തിലൂടെയേ സമഗ്രമോചനത്തിന് വഴിയൊരുക്കാനാകൂ എന്ന സത്യത്തിന്റെ യഥാർത്ഥമായ ആവിഷ്കരണമാണ് പുറപ്പാടിന്റെ പുസ്തകത്തിൽ നാം കാണുക. ഇന്നത്തെ സാഹചര്യത്തിൽ ഭാരതത്തിന്റെ സമഗ്രമോചനം സാധിക്കണമെങ്കിൽ സത്യസന്ധരായ - മൂല്യങ്ങളിൽ വിശ്വസിക്കുന്നവരായ - വ്യക്തികളുടെ രാഷ്ട്രീയ ഇടപെടൽ അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവ് ഇവിടുത്തെ ജനങ്ങൾക്കുണ്ടാകണം.

ക്രിസ്തുവിന്റെ പഠനത്തിലും ചെയ്തികളിലും ഈ മോചന പ്രക്രിയയുടെ സന്ദേശം വളരെ പ്രകടമായി കാണുവാൻ നമുക്ക് സാധിക്കും. പരസ്യജീവിതത്തിന്റെ ഉൽഘാടനപ്രസംഗത്തിൽ അവിടുന്ന് ഉദ്ധരിച്ച വാക്യം ശ്രദ്ധേയമാണ്, “കർത്താവിന്റെ ആത്മാവ് എന്നിലുണ്ട്. അവിടുന്ന് അഭിഷേചിച്ചിരിക്കുന്നു.......... ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാനും ഹൃദയവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനും ബന്ധിതരെ മോചിപ്പിക്കാനും കുരുടർക്ക് കാഴ്ചനൽകുവാനും മർദ്ദിതരെ സ്വതന്ത്ര്യരാക്കാനും .......... (അങ്ങനെ) കർത്താവിന് സ്വീകാര്യമായ വത്സരവും പ്രതികാരദിനവും പ്രഖ്യാപിക്കാനും അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.” തികച്ചും ആദ്ധ്യാത്മികമായി വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള വാക്യമാണിത്. എന്നാൽ ആഴത്തിൽ ഈ വാക്യത്തെപ്പറ്റി ചിന്തിച്ചു പഠിക്കുമ്പോൾ ഒരു ആധുനിക രാഷ്ട്രീയ പാർട്ടിയുടെ പ്രകടന പത്രിക നമുക്ക് ദർശിക്കുവാൻ സാധിക്കും. ക്രിസ്തുനാഥൻ തന്നെ പിന്നീട് പറയുകയുണ്ടായി. “സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകുക” എന്ന്. പൂർണ്ണമനുഷ്യവ്യക്തിയുടെ സമഗ്രമോചനത്തിന് ആസൂത്രിതവും സംഘടിതവും ലക്ഷ്യോന്മുഖവുമായ രാഷ്ട്രീയ പ്രക്രിയ അനുപേക്ഷണീയമാണെന്ന് അവിടുന്ന് ഉൽബോധിപ്പിക്കുകയാണ് ചെയ്തത്. ആ രാഷ്ട്രീയ പ്രക്രിയയിൽ നിന്നും മാറി നിൽക്കുവാൻ ദൈവജനത്തിന് സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ ഭാരതത്തിലെയും കേരളത്തിലെയും ക്രൈസ്തവസമൂഹം ഭാരതത്തിന്റെയും കേരളത്തിന്റെയും രാഷ്ട്രീയ മണ്ഡലത്തെ പ്രേഷിത വൃത്തിയുടെ മേഖലയാക്കി മാറ്റേണ്ടതുണ്ട്. ആ മണ്ഡലത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് മുന്നോട്ടുനീങ്ങുവാൻ ഓരോ ക്രൈസ്തവരും തയ്യാറാകണം.

മന്ത്രി സ്ഥാനത്തിനുവേണ്ടിയോ കൊടിവെച്ച കാറിൽ യാത്രചെയ്യുന്നതിനുവേണ്ടിയോ, കോർപ്പറേഷൻ ചെയർമാൻ പദത്തിനുവേണ്ടിയോ, ഗവണ്മെന്റ് കമ്മറ്റികളിൽ കയറിപ്പറ്റുന്നതിനുവേണ്ടിയോ സ്വന്തക്കാർക്ക് ജോലി

www.malankaralibrary.com

നേടി കൊടുക്കുന്നതിനുവേണ്ടിയോ സ്വത്ത് സമ്പാദിക്കുന്നതിനുവേണ്ടിയോ ആകരുത് നമ്മുടെ രാഷ്ട്രീയ പ്രവർത്തനം. അധികാരത്തിൽ കയറാൻ ശ്രമിക്കുന്നതിൽ തെറ്റില്ല. അധികാരം കയ്യാളാം. അതിന് ന്യായമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നുമാത്രം.

ദൈവജനത്തിന്റെ സമഗ്രമായ വിമോചനത്തിനുവേണ്ടിയായിരിക്കണം നമ്മുടെ രാഷ്ട്രീയ പ്രവർത്തനം. വിമോചകരില്ലാതെ വിമോചനം ഉണ്ടാവുകയില്ല. വിപ്ലവകാരികളില്ലാതെ വിപ്ലവം ഉണ്ടാവുകയില്ല. സ്നേഹധിഷ്ഠിതമായ സോഷ്യലിസം ഇവിടെയുണ്ടാകണം. സ്നേഹവും സ്വാതന്ത്ര്യവും നീതിയും ഭാഗഭാഗിത്വവും സാമ്പത്തിക സുസ്ഥിതിയും ഉള്ള ഒരു നവലോകം ഇവിടെയുണ്ടാകണം. ജനങ്ങളിൽ അൻപതുശതമാനം ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്ന ഈ രാജ്യത്ത് ലോകത്തുള്ള നിരക്ഷരിൽ പകുതിയിലധികവും വസിക്കുന്ന ഈ രാജ്യത്ത് സമഗ്രവിമോചനത്തിനായി പ്രവർത്തിക്കുവാൻ ക്രൈസ്തവർ മുന്നിട്ടിറങ്ങിയേ മതിയാകൂ. കൊളംബിയായിലെ പട്ടാളവുമായി ഏറ്റുമുട്ടി 1966-ൽ കൊല്ലപ്പെട്ട "കമിലോ ടോറസ്" എന്ന കത്തോലിക്കാ വൈദികനെപ്പോലുള്ള വൈദികർ ഭാരത്തിലുണ്ടാകണം. വിപ്ലവകാരിയല്ലാത്ത കത്തോലിക്കർ മാരകമായ പാപത്തിലാണെന്ന നവീന സുവിശേഷം കമിലോ ടോറസ് ഉയർത്തി. നിന്ദിതരെയും പാവങ്ങളെയും പീഡിതരെയും ഭാരം ചുമക്കുന്നവരെയും ഒരു പിടി രാഷ്ട്രീയനേതാക്കൾ നിയമം കൊണ്ടും ഭരണതന്ത്രം കൊണ്ടും പ്രചരണം കൊണ്ടും തന്ത്രങ്ങൾ കൊണ്ടും അടവുകൾകൊണ്ടും അടക്കിഭരിച്ച് അവരെ നിത്യ അടിമകളാക്കുന്ന ദുരന്തത്തിനെതിരെ വിമോചന കാഹളം മുഴക്കുവാൻ കമില്ലോയെപ്പോലെ ക്രൈസ്തവർ തയ്യാറാകണം. ജനങ്ങളുടെയിടയിൽ യഥാർത്ഥ രാഷ്ട്രീയ പ്രബുദ്ധത സൃഷ്ടിക്കുവാൻ ക്രൈസ്തവർക്ക് കടമയുണ്ട്.

നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നർക്ക്, എൻജിനീയർമാർക്ക്, ഡോക്ടർമാർക്ക് സാമൂഹ്യബോധം തീരെയില്ല. മന്ത്രിക്ക് കൈക്കൂലികൊടുത്ത് കൂടുതൽ കൈക്കൂലി കിട്ടുന്ന സ്ഥലത്തേക്ക് അവർ സ്ഥലം മാറ്റം വാങ്ങും. മുടക്കിയ പണം രണ്ടാഴ്ചകൊണ്ട് അവർ സമ്പാദിക്കും. രാഷ്ട്രീയക്കാർ എന്നും അധികാരത്തിൽ പിടിച്ചു നിൽക്കുവാൻ ശ്രമിക്കും. അതിനുവേണ്ടി അവസരവാദപരമായ നിലപാടുകൾ അവർ സ്വീകരിക്കും. ചുവടുമാറി ചവിട്ടും. തത്വാധിഷ്ഠിതമായ നിലപാട് അവലംബിക്കുന്നതിലല്ല എടുത്ത നിലപാടിനനുകൂലമായി തത്വം കണ്ടെത്തുന്നതിലാവും അവരുടെ ശ്രദ്ധ. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ നിശ്ശബ്ദ ഭൂരിപക്ഷം വിമോചിതരാകണമെങ്കിൽ ക്രൈസ്തവർ സമഗ്ര വിമോചനം ലക്ഷ്യമാക്കി രാഷ്ട്രീയ പ്രവർത്തനം ഒരു പ്രേഷിത പ്രവർത്തനമായി കണക്കിലെടുത്ത് പ്രവർത്തിക്കണം. (16/12/2012 കോട്ടയം)

www.malankaralibrary.com

# 8. നേതൃസമ്മേളനം എന്തിന്

കേരളകത്തോലിക്കരുടെ പൊതുസമുദായസംഘടനയാണ് അഖില കേരള കത്തോലിക്കാ കോൺഗ്രസ്. 1905-ൽ മാന്നാനത്തു ചേർന്ന സാമൂഹ്യ സമ്മേളനമാണ് കത്തോലിക്കാ കോൺഗ്രസിന് ആരംഭംകുറിച്ചതെങ്കിലും സംഘടനാരൂപത്തിൽ ഭരണഘടനയോടുകൂടി പ്രവർത്തനം ആരംഭിച്ചത് 1918-ലാണ്. കത്തോലിക്കാ മഹാജനസഭയെന്നായിരുന്നു ആദ്യത്തെ പേര്. 1930-ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്ന പേര് സ്വീകരിച്ചു.

കത്തോലിക്കാ കോൺഗ്രസിന്റെ ഭരണഘടന കേരളാ കാത്തലിക് ബിഷപ്സ് കോൺഫറൻസ് അംഗീകരിച്ചിട്ടുള്ളതാണ്. കത്തോലിക്കാ കോൺഗ്രസ് ഭരണഘടന എറണാകുളം വികാരി അപ്പസ്തോലിക്ക ആയ മാർ ലൂയീസ് പഴേപറമ്പിൽ തിരുമേനി പരിശോധിക്കുകയും അംഗീകാരം നല്കുകയും ചെയ്തു. ഭരണഘടനയിൽ സഭാഭരണസംബന്ധമായ കാര്യങ്ങളിൽ കോൺഗ്രസ് ഇടപെടുകയില്ലെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്ന വകുപ്പു കൂടി കൂട്ടിച്ചേർക്കാൻ ലൂയീസ് തിരുമേനി ആവശ്യപ്പെട്ടു. അപ്രകാരം ചേർത്ത വകുപ്പ് രണ്ടാംവത്തിക്കാൻ കൗൺസിലിനുശേഷം ഒട്ടും സ്വീകാര്യമല്ലെങ്കിലും ഇന്നും ആ വകുപ്പ് ഭരണഘടനയിൽ തുടരുന്നു.

കത്തോലിക്കാ കോൺഗ്രസ് സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപ് മുൻനിന്നു നടത്തിയ പൗരസമത്വവാദ പ്രക്ഷോഭണം, നിവർത്തനപ്രക്ഷോഭണം, 1946-ലെ വിദ്യാഭ്യാസപ്രക്ഷോഭണം മുതലായവയും ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ വഹിച്ച പങ്കും കോൺഗ്രസിന്റെ ചരിത്രം മഹത്വപൂർണ്ണമാക്കിയിരിക്കുകയാണ്. തിരുവിതാംകൂറിന്റെ ചരിത്രം രൂപപ്പെടുത്തുന്നതിൽ എ.കെ.സി.സി. നയിച്ച സമരങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ശ്രീ. പനമ്പിള്ളിയുടെ വിദ്യാഭ്യാസ പദ്ധതിക്കെതിരായും മുണ്ടശ്ശേരി പദ്ധതിക്കെതിരായും പുതിയ സമരനിര പടുത്തുയർത്തിയ കത്തോലിക്കാ കോൺഗ്രസ് 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിനെ താഴെയിറക്കാൻ നടത്തിയ വിമോചനസമരത്തിന്റെ പശ്ചാത്തലം ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്. അറുപതുകളുടെ ആരംഭം കേരളത്തിലെ കിഴക്കൻ മലയോരങ്ങളിലും മലബാറിലെ സ്വകാര്യവനപ്രദേശങ്ങളിലും അധിവസിക്കുന്ന ഇരുപത്തഞ്ച് ലക്ഷത്തോളം വരുന്ന കർഷകരുടെ മണ്ണിലുള്ള അവകാശം സംരക്ഷിക്കുവാൻ ധീരമായി രംഗത്തിറങ്ങുകയും ഒരു ബഹുജന മുന്നേറ്റത്തിന് നേതൃത്വം നല്കുകയും ചെയ്തത് കോൺഗ്രസാണ്.

www.malankaralibrary.com

ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം, ക്രിസ്ത്യൻ വിവാഹ നിയമം, ദേവാലയങ്ങളും സിമറ്ററികളും സ്ഥാപിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ-തുടങ്ങി സമുദായം നേരിട്ട ഓരോ പ്രശ്നങ്ങൾ രൂപം കൊണ്ടപ്പോൾ സമുചിതമായ നടപടികൾ കോൺഗ്രസ് സ്വീകരിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ (1957-ലെ) ഭരണകാലത്ത് പാഠ്യപുസ്തകങ്ങളിലെ ഗുരുതരമായ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എ.കെ.സി.സി. പ്രസിദ്ധീകരിച്ച പുസ്തകങ്ങളും കോൺഗ്രസ് ഓരോ പ്രശ്നത്തെയും മുൻകരുതലോടെയാണ് കൈകാര്യം ചെയ്യുന്നതെന്നുള്ളതിന് തെളിവാണ്. എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഗ്രീഷ്മകാല വിദ്യാലയങ്ങൾ പോലുള്ള സംരംഭങ്ങൾ നല്ല നേതൃനിരയെ വളർത്തിയെടുക്കുവാൻ സഹായിച്ചിട്ടുണ്ട്.

സഭയും സമുദായവും രാഷ്ട്രവും പ്രതിസന്ധികളെ നേരിട്ട സന്ദർഭങ്ങളിലെല്ലാം എ.കെ.സി.സി. സമുദായാംഗങ്ങളുടെ മുഴുവൻ വികാരങ്ങളും മനസ്സിലാക്കുന്നതിനായി സമുദായ നേതാക്കളുടെ യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. നിവർത്തനപ്രക്ഷോഭണ കാലത്തും, വിദ്യാഭ്യാസ പ്രക്ഷോഭണ കാലത്തും 1957-ലെ കമ്മ്യൂണിസ്റ്റു ഭരണകാലത്തും ഇപ്രകാരം വിളിച്ചുകൂട്ടിയ സമ്മേളനങ്ങൾ നിർണായകങ്ങളായിരുന്നു. 1961-ലും 62-ലും കുടിയിറക്കുപ്രശ്നങ്ങൾ രൂക്ഷമായപ്പോൾ വിളിച്ചുകൂട്ടിയ നേതൃസമ്മേളനങ്ങൾ കേരള രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾ വരുത്തുവാൻ ഇട നൽകിയിട്ടുണ്ട്. ഓരോ പ്രതിസന്ധിഘട്ടങ്ങളിലും സമുദായത്തിലെ സാമൂഹ്യ പ്രവർത്തകരുടെയും ചിന്തകന്മാരുടെയും നേതൃസമ്മേളനങ്ങൾ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷമാണ് കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. തന്മൂലം സമുദായത്തിന് സുധീരമായ നേതൃത്വം നൽകുവാൻ എന്നും കോൺഗ്രസിനു സാധിച്ചിട്ടുണ്ട്.

ഇന്ന് എല്ലാ മണ്ഡലങ്ങളിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മതമേഖലയിലും വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. 68 വർഷങ്ങൾക്കു മുൻപ് സഭാഭരണസംബന്ധമായ കാര്യങ്ങളിൽ ഇടപെടരുതെന്ന് കോൺഗ്രസിന്റെ ഭരണഘടനയിൽ എഴുതിച്ചേർക്കാൻ മെത്രാന്മാർ നിർബന്ധിച്ചെങ്കിൽ ഇന്ന് സഭാഭരണസംബന്ധമായ കാര്യങ്ങളിൽ അൽമായർ പങ്കെടുക്കണമെന്നു മാത്രമല്ല അതവരുടെ അവകാശവും കടമയുമാണെന്നും ഉത്തരവാദിത്വം ഏറ്റെടുത്തു പ്രവർത്തിക്കുവാൻ തയ്യാറാകണമെന്നും റോമിൽ സമ്മേളിച്ച രണ്ടായിരത്തിലധികം മെത്രാന്മാർ രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലൂടെ അൽമായരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ മാറ്റത്തിന്റെ വെല്ലുവിളികളെ എങ്ങനെ ഫലപ്രദമായി സ്വീകരിക്കാം എന്നതിനെപ്പറ്റി സമഗ്രമായി ചർച്ച ചെയ്യുന്നതിനാണ് ഈ നേതൃസമ്മേളനം ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നത്. അൽമായർ

www.malankaralibrary.com

ദൈവജനമാണെന്നും സഭയിൽ സമുന്നതമായ സ്ഥാനം അവർക്കുണ്ടെന്നും പ്രഖ്യാപനം നടന്നുകഴിഞ്ഞിട്ട് രണ്ടു ദശകങ്ങൾക്കുശേഷമാണ് നാമിവിടെ സമ്മേളിക്കുക.

കേരളസഭയ്ക്ക് മഹത്തായ ഒരു പാരമ്പര്യമുണ്ട്. സഭയെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും തീരുമാനം എടുത്തിരുന്നത് അൽമായ ഭൂരിപക്ഷമുള്ള യോഗങ്ങളായിരുന്നു. 16-ാം നൂറ്റാണ്ടോടുകൂടിയാണ് ഈ പാരമ്പര്യം നഷ്ടമായത്. രണ്ടാംവത്തിക്കാൻ കൗൺസിൽ അൽമായർക്ക് സഭാസംബന്ധമായ കാര്യങ്ങളിൽ തുല്യ പരിഗണന നല്കണമെന്നു പ്രഖ്യാപിച്ചപ്പോൾ 16-ാം നൂറ്റാണ്ടുവരെ കേരളസഭയിൽ നിലനിന്ന പാരമ്പര്യം ലോകമെമ്പാടും പ്രാവർത്തികമാക്കണമെന്നാണ് ഉൽബോധിപ്പിച്ചത്. മഹത്തായ ആ കേരള പാരമ്പര്യത്തെക്കുറിച്ചുതന്നെ ഇന്ന് കേരളസഭയിലെ അംഗങ്ങൾ പൂർണ്ണബോധവാന്മാരല്ല. വത്തിക്കാൻ കൗൺസിൽ സഭയിൽ അൽമായർക്കുള്ള സ്ഥാനത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതും എന്താണെന്ന് സാധാരണക്കാർക്ക് നിശ്ചയമില്ല.

അതേസമയം സഭയിൽ അവഗണിക്കപ്പെടുന്നുവെന്നൊരു തോന്നൽ. അൽമായർക്ക്-വിശിഷ്യയുവജനങ്ങൾക്ക് അനുഭവപ്പെട്ടു. അൽമായരുടെ പങ്കാളിത്തത്തെപ്പറ്റിയുള്ള അവരുടെ അഭിപ്രായങ്ങൾ ചെവിക്കൊള്ളുവാൻ തയ്യാറില്ലതാനും. അതുകൊണ്ട് അവർ ഇന്നത്തെ സമൂഹത്തെ വെറുപ്പോടെ വീക്ഷിക്കുകയും ചെയ്യുന്നു. ഇത് ഒറ്റപ്പെട്ട ഒരു സംഭവമല്ല. പ്രതിഷേധവും അപസ്വരവും ഒന്നിനൊന്ന് ശക്തിപ്പെട്ടുവരികയാണ്.

കേരളത്തിൽ സഭയെ സംബന്ധിക്കുന്ന എല്ലാ തീരുമാനങ്ങളും മെത്രാന്മാർ ഒറ്റയ്ക്കോ അവരുടെ കൗൺസിലുകൾവഴിയോ ആണ് എടുത്തുകൊണ്ടിരിക്കുന്നത്. സഭയ്ക്കുള്ളിൽ നേതൃത്വം പങ്കുവക്കാനുള്ള യാതൊരു ശ്രമവും കാണുന്നില്ല. വത്തിക്കാൻ കൗൺസിലിന്റെ തിരുസഭ എന്ന പ്രമാണരേഖയിലെ നാലാംഅദ്ധ്യായത്തിൽ അൽമായരുടെ പദവിയെയും ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും അവർക്കുള്ള പങ്കാളിത്തത്തെയുംകുറിച്ച് പരാമർശിക്കുന്നുണ്ട്. 37-ാം വകുപ്പ് മുഴുവൻ തന്നെ അൽമായർക്ക് അവരുടെ ഇടയന്മാരോട് സംവാദനത്തിനുള്ള അവകാശത്തെയും ബാധ്യതകളെയുംകുറിച്ചാണ് പ്രതിപാദിക്കുന്നത്.

കൗൺസിൽ തീരുമാനങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെപ്പറ്റി ആഗോളസഭയിൽ പല ചർച്ചകളും നടന്നു. ആ രീതിയിലുള്ള വിപുലമായ ചർച്ചകൾ കേരളത്തിലും ഭാരതത്തിലും നടന്നു. വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സഭയുടെ ഇന്നുവരെയുള്ള പുരോഗതി വിലയിരുത്തുക, കുറ്റങ്ങളും കുറവുകളും ചികഞ്ഞു പരിശോധിക്കുക, ഭാരതസഭയുടെ പ്രതിരൂപം കഴുകി വൃത്തിയാക്കുക എന്നിവ അടിയന്തിരമായി നിർവ്വഹിക്കുവാൻ ഭാരതസഭയും മുന്നോട്ടുവന്നു. ഈ

www.malankaralibrary.com

ലക്ഷ്യപ്രാപ്തിക്കായി ഇന്നത്തെ ഇന്ത്യയിലെ സഭ എന്ന വിഷയത്തെ ആസ്പദമാക്കി അഖിലേന്ത്യാടിസ്ഥാനത്തിൽ 1969-ൽ ബാംഗ്ലൂർവച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു. അതിനു പ്രാരംഭമായി 1968 ഡിസംബറിൽ കേരള റീജണൽ സെമിനാറും സംഘടിപ്പിച്ചു. കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ 13 വിഷയങ്ങളെപ്പറ്റി സുദീർഘമായി ചർച്ചചെയ്തു. അഭിമാനത്തിന് നല്കുന്ന പല പുതിയ നിർദ്ദേശങ്ങളും സമർപ്പിച്ചു. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സഭ സന്നദ്ധമാകുമെന്നുതന്നെ അവർ പ്രതീക്ഷിച്ചു. സെമിനാർ സംഘടിപ്പിക്കുവാൻ വൈദിക മേലദ്ധ്യക്ഷന്മാർ കാണിച്ച ശുഷ്കാന്തി സെമിനാർ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ സഹായകരമാകുമെന്ന് സെമിനാർ അംഗങ്ങൾ പ്രതീക്ഷിച്ചു. എന്നതുതന്നെയല്ല സെമിനാർ തീരുമാനങ്ങൾ പരിഗണിക്കുമെന്ന് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി അസന്നിഗ്ധമായി സമാപനസമ്മേളനത്തിൽ പ്രസ്താവിക്കുകയും ചെയ്തു. സെമിനാറിനുശേഷം പുറപ്പെടുവിച്ച സെമിനാർ ഡൈജസ്റ്റിൽ ഇപ്രകാരം പത്രാധിപസമിതി എഴുതിയിരുന്നു. 'അനേകം നാളുകളായി അടച്ചുകെട്ടിയിരുന്ന കേരളസഭയിലെ നിരവധി ജാലകങ്ങളും വാതിലുകളും വഴികളും ഇനി തുറക്കപ്പെടുവാൻ പോവുകയാണ്. സഭക്കുള്ളിലും പുറത്തും ഉയർന്നുവരുന്ന പൊതുജനാഭിപ്രായത്തിന്റെയും വിമർശനങ്ങളുടെയും സ്വരങ്ങളെ അവഗണിക്കുവാൻ സഭാധികാരികൾക്ക് ഇനിയും കഴിയുമെന്ന് തോന്നുന്നില്ല. അൽമായരും അധികാരികളും തമ്മിലുള്ള ബന്ധം മുൻകാലങ്ങളിലേതുപോലെ കല്പനകളിലും അനുശാസനങ്ങളിലും ഇടയലേഖനങ്ങളിലും മാത്രം അധിഷ്ഠിതവും ഔദ്യോഗികവും മാത്രമായി തുടരുക ഇനിയും സാദ്ധ്യമല്ല.' കൗൺസിൽ പ്രമാണരേഖകളും അവ നടപ്പാക്കുന്നതിന് റീജണൽ-നാഷണൽ സെമിനാറുകൾ എടുത്ത തീരുമാനങ്ങളും സഭാസ്നേഹികളെ ആഹ്ലാദചിത്തരാക്കി. അവ നടപ്പാകുമ്പോൾ സഭയുടെ പ്രതിച്ഛായ മെച്ചമാകുമെന്നവർ വിശ്വസിച്ചു.

1984-ൽ മംഗലാപുരത്തുചേർന്ന അഖിലേന്ത്യാ അൽമായ കൺവൻഷന്റെ തീരുമാനങ്ങളും ശുപാർശകളും നടപ്പിലാക്കുന്ന കാര്യത്തിലും യാതൊരുവിധ നീക്കവും ഉണ്ടായിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമായ ഒരു സംഗതിയാണ്.

1985-ൽ മെത്രാന്മാരുടെ ഒരു അസാധാരണ സിനഡ് റോമിൽ ചേരുകയുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ എന്തു മാത്രം പ്രാവർത്തികമാക്കിയെന്നതിനെപ്പറ്റി വിലയിരുത്തുവാനാണ് അസാധാരണ സിനഡ് കൂടിയത്. അസാധാരണ സിനഡിനുമുമ്പായി ഈ വിഷയത്തെപ്പറ്റി ഇടവക-രൂപത-റീജനൽ-നാഷണൽ ലവലിൽ ചർച്ചകൾ നടത്തി റിപ്പോർട്ടു തയ്യാറാക്കണമെന്നായിരുന്നു നിർദ്ദേശം. ആ രീതിയിലുള്ള

www.malankaralibrary.com

ചർച്ചകൾ നടത്തി ഒരു റിപ്പോർട്ടുപോലും സമർപ്പിക്കുവാൻ കേരളസഭ തയ്യാറായില്ലായെന്നത് എത്രയോ ദുഃഖകരമാണ്. കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ കേരളസഭ കാണിക്കുന്ന അനാസ്ഥയ്ക്ക് ഒരു ഉത്തമ തെളിവാണിത് എന്ന് പറയേണ്ടിവന്നതിൽ വേദനയുണ്ട്.

1987-ൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയം 'സഭയിലും ലോകത്തിലും അൽമായരുടെ വിളിയും ദൗത്യവും-രണ്ടാം വത്തിക്കാൻ കൗൺസിലിന് ഇരുപത് വർഷങ്ങൾക്കു ശേഷം' എന്നുള്ളതാണല്ലോ. സിനഡിന് മുൻപായി നടക്കുന്ന ഈ നേതൃസമ്മേളനം ഇതേ വിഷയത്തെപ്പറ്റി തന്നെ ആഴമായി ചിന്തിച്ച് സിനഡിന്റെ മുൻപിൽ ഒരു റിപ്പോർട്ടു സമർപ്പിക്കുന്നത് നന്നായിരിക്കും. ചിരപുരാതനങ്ങളായ കേരള സഭാപാരമ്പര്യങ്ങളെ പ്രത്യേകിച്ച് ഘടനാപരമായ ദർശനങ്ങളെ കാലഘട്ടത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് പുനർജീവിപ്പിക്കുവാൻ ഈ സമ്മേളനത്തിന് സാധിക്കുമെന്നാണ് ഞങ്ങളുടെ ഉത്തമബോധ്യം.

ആരെയും പഴിക്കാതെ, വികാരങ്ങൾക്കടിമപ്പെടാതെ യാഥാർത്ഥ്യബോധത്തോടെ പ്രശ്നങ്ങളെ സമീപിക്കുവാനുള്ള വിവേകം നമുക്ക് ലഭിക്കുന്നതിന് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം. നേതൃസമ്മേളനത്തിൽ പങ്കെടുക്കുന്നതിന് എത്തിച്ചേർന്ന എല്ലാവർക്കും കോൺഗ്രസ്സിന്റെ നാമത്തിൽ ഹാർദ്ദവമായി സ്വാഗതം ആശംസിച്ചുകൊള്ളുന്നു.

(1986 ജൂൺ 20-ന് വടവാതൂർ ആരംഭിച്ച നേതൃസമ്മേളനത്തിൽ എ.കെ.സി.സി. ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം നടത്തിയ സ്വാഗതപ്രസംഗം.)

www.malankaralibrary.com

# 9. 2000- മാനവ സമഗ്രവിമോചന വർഷം

യേശുവിന്റെ ജനനത്തിന് രണ്ടായിരമാണ്ട് മഹാജൂബിലി വർഷമായി ലോകജനത മുഴുവൻ ആഘോഷിക്കുകയാണ്. ഈ വർഷം അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് മാനവ സമഗ്രവിമോചന വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണല്ലോ. മാനവസമഗ്ര വിമോചന വർഷത്തിന്റെ ലക്ഷ്യങ്ങളും അത് വിഭാവന ചെയ്യുന്ന വസ്തുതകളും നിങ്ങളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി ക്രൈസ്തവസമുദായം അനുഷ്ഠിച്ചിട്ടുള്ള സേവനം വിലപ്പെട്ടതാണ്. അതിന്റെ ചുവടുപിടിച്ചാണ് കത്തോലിക്കാ കോൺഗ്രസ് ഇവിടെ ജനകീയ പ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നല്കിയത്. നമ്മുടെ സമൂഹത്തിൽ മാറ്റങ്ങൾ അനുദിനം നടന്നുകൊണ്ടിരിക്കുന്നു. ആ മാറ്റങ്ങളെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ട് അടിച്ചമർത്തലിന് വിധേയരാകുന്നവരുടെയും ദരിദ്രരുടെയും പീഡിതരുടെയും ദുരിതങ്ങൾ ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അവരുടെ എണ്ണവും വർദ്ധിക്കുന്നു. പീഡിതരുടെ കരച്ചിൽ കേട്ട ദൈവം അവരുടെ പീഡനത്തിനും കഷ്ടതകൾക്കും അറുതി വരുത്തുക എന്ന ലക്ഷ്യംവച്ചുകൊണ്ടുകൂടിയാണ് മോസ്സസ്സിനെപ്പോലെതന്നെ രാജാക്കന്മാരെയും പ്രവാചകന്മാരെയും നിയമിക്കുക. ദൈവത്തിന്റെ രക്ഷാകര-വിമോചന ദൗത്യങ്ങളുടെ പൂർത്തീകരണത്തിനായി ഇവരെല്ലാം ദൈവത്തിന്റെ കയ്യിൽ ഉപകരണങ്ങളാക്കപ്പെടുന്നതായാണ് നാം കാണുക.

2000-ാമാണ്ട് മാനവസമഗ്ര വിമോചന വർഷമായി ആചരിക്കാൻ ദൈവം കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരെ പ്രവാചകന്മാരായി നിയമിച്ചിരിക്കുന്നുവെന്ന് നമുക്ക് വിശ്വസിക്കാം. സത്യത്തിലും നീതിയിലും അടിത്തറ പാകിയ, സ്നേഹവും സാഹോദര്യവും തഴച്ചു വളരുന്ന ഒരു സമൂഹത്തിന്റെ രൂപീകരണത്തിനുവേണ്ടിയാണ് പ്രവാചകർവഴി ദൈവം ആഹ്വാനം ചെയ്യുന്നത്. ആ പുതിയ സമൂഹത്തിന് രൂപം കൊടുക്കുവാൻ ദൈവം കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരെ പ്രവാചകന്മാരായി തിരഞ്ഞെടുത്തിരിക്കുകയാണെന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം. ദൈവീക പദ്ധതിയനുസരിച്ചുള്ള സമൂഹരൂപീകരണത്തിൽ ദൈവജനം പരാജയപ്പെട്ട സന്ദർഭങ്ങളിലൊക്കെ പ്രവാചകർ ഇടപെട്ട് സമൂഹ പുനർനിർമ്മാണത്തിനുവേണ്ടി ശ്രമിക്കുകയുണ്ടായി. ന്യായത്തെ കീഴ്മേൽ മറിക്കുകയും നീതിയെ നിലത്തെറിയുകയും ചെയ്തിരുന്ന ജനതയെ (ആമോസ് 5:7) പ്രവാചകർ-ദൈവത്തിന്റെ അധികാരസ്ഥാനത്തിൽ-നീതി പുനഃസ്ഥാപിച്ച്

www.malankaralibrary.com

ദൈവത്തിന് പ്രീതികരമായ സമൂഹം രൂപപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്.

ആ പ്രവാചകദൗത്യം കത്തോലിക്കാ കോൺഗ്രസ്സ് ഏറ്റെടുക്കുന്നു. സമൂഹത്തിൽ നടമാടുന്ന എല്ലാ തിന്മകൾക്കും എതിരെ-അടിച്ചമർത്തലുകൾക്കും നീതിനിഷേധിക്കലിനുമെതിരെ-ദാരിദ്ര്യത്തിനും രോഗത്തിനുമെതിരെ ഒരു പോരാട്ടം ഞങ്ങൾ മുന്നിൽ കാണുന്നു. മാനവ സമഗ്ര വിമോചനം ലക്ഷ്യമാക്കി ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരുടെ പങ്കാളിത്തത്തോടെ ഈ മഹാജൂബിലി വർഷത്തിൽ ഞങ്ങൾ പ്രവർത്തിക്കും. ഈ വലിയ വിമോചനപ്രക്രിയയിൽ പങ്കുചേരാൻ എല്ലാ മനുഷ്യസ്നേഹികളെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

സമൂഹത്തിലെ അക്രമത്തിനും അനീതിക്കും മൂല്യശോഷണത്തിനും മനുഷ്യാവകാശ നിഷേധത്തിനുമെതിരായി ശബ്ദമുയർത്തിയ-സമഗ്രവിമോചകനായ വിപ്ലവകാരിയുടെ ജന്മദിനത്തിന്റെ മഹാജൂബിലി വർഷമായ 2000-ാമാണ്ട് മാനവ സമഗ്ര വിമോചനവർഷമായി കത്തോലിക്കാ കോൺഗ്രസ്സ് ആചരിക്കുവാൻ തീരുമാനിച്ചു. 'കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവൻ എന്നെ അയച്ചിരിക്കുന്നു (ലൂക്കാ 4:18, 19) എന്ന് ഏശയ്യാ പ്രവാചകന്റെ തന്നെക്കുറിച്ചുള്ള പ്രവചനം അവതരിപ്പിച്ചുകൊണ്ട് പരസ്യജീവിതം ആരംഭിച്ച യേശുവിന്റെ-ആ മഹാത്യാഗിയുടെ-മഹാജൂബിലി സകല മനുഷ്യരുടെയും നന്മയെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനപരിപാടികളോടെ ആചരിക്കുന്നതാണ്. ലോക ജനതയുടെ മുഴുവൻ പിന്തുണയോടും അനുഗ്രഹത്തോടും കൂടി ഈ ജൂബിലിയാഘോഷം സംഘടിപ്പിക്കും.

ക്രിസ്തുജയന്തി-സുവിശേഷവൽക്കരണം 2000-ഇന്ത്യയിലെ ചുരുക്കം ചിലരുടെയിടയിലെങ്കിലും ആശങ്കക്കിട നല്കിയിട്ടുണ്ടെന്നുള്ള സത്യം ഞങ്ങൾ ഗ്രഹിക്കുന്നു. ആ ആശങ്കയെ ദുരീകരിക്കുവാൻ ഞങ്ങൾ ശ്രമിക്കും. സുവിശേഷവൽക്കരണം കൊണ്ടുദ്ദേശിക്കുന്നത് ജ്ഞാനസ്നാനപ്പെടുത്തലല്ല, സുവിശേഷ മൂല്യങ്ങളുടെ പ്രസരണം മാത്രമാണ്.

മഹാജൂബിലി വർഷത്തിൽ യേശു നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ വീണ്ടും ജനിക്കണം. മനുഷ്യന്റെ സമഗ്രരക്ഷ അഥവാ പൂർണ്ണ വിമോചനമാണ് യേശു തന്റെ ജീവിതം വഴി മനുഷ്യകുലത്തിന് നേടിക്കൊടുത്തത്. മനുഷ്യന്റെ നിത്യരക്ഷയും പാരതന്ത്ര്യത്തിൽ നിന്നുള്ള മുക്തിയും യേശുവിന്റെപ്രവർത്തനങ്ങളുടെ ലക്ഷ്യമായിരുന്നു. ആ ലക്ഷ്യത്തോടെ പ്രവർത്തിക്കുവാൻ യേശുവിനെ നമ്മുടെ ഹൃദയത്തിൽ

www.malankaralibrary.com

വീണ്ടും ജനിപ്പിക്കുവാൻ നാം തയ്യാറാകണം. പഴയനിയമകാലത്തെ ആമോസ്, ജറിമിയാസ് മുതലായ പ്രവാചകന്മാരുടെ രീതിയിൽ വളരെ നിശിതമായി തങ്ങളുടെ സമകാലീന സമൂഹത്തിലുള്ള അനീതികളെ ചോദ്യം ചെയ്യാൻ ക്രിസ്തു നമ്മിൽ വീണ്ടും ജനിക്കണം.

അടിസ്ഥാന ജീവിതസൗകര്യങ്ങൾ പോലും ലഭിക്കാത്ത കോടിക്കണക്കിനാളുകൾ ഭൂമുഖത്തുണ്ട്. ഒരു നേരത്തെ ഭക്ഷണത്തിനു വകയില്ലാത്തവർ, അന്തിയുറങ്ങാൻ പാർപ്പിടമില്ലാത്തവർ, നഗ്നതമറക്കാൻ വസ്ത്രമില്ലാത്തവർ, പ്രാഥമിക ചികിത്സാ സൗകര്യങ്ങൾപോലും ലഭിക്കാത്തവർ, തൊഴിലില്ലായ്മ, യുദ്ധം, പ്രകൃതിക്ഷോഭം മുതലായവമൂലം ദുരിതമനുഭവിക്കുന്നവർ, അടിമപ്പണിക്ക് വിധേയരാകുന്നവർ, സ്ത്രീപീഡനത്തിനിരയാകുന്നവർ, ഗർഭച്ഛിദ്രത്തിന് വിധേയരാകുന്നവർ എല്ലാം നിരവധിയാണ്. സമ്പൂർണ്ണമായ സാമ്പത്തിക സ്വാതന്ത്ര്യം ഓരോരുത്തർക്കും നേടിക്കൊടുക്കുവാൻ ഈ മഹാജൂബിലി വർഷത്തിൽ നമുക്ക് സാധിക്കണം.

നീ സൂക്ഷിച്ചു വയ്ക്കുന്ന അപ്പം വിശക്കുന്നവന്റെയും വസ്ത്രം നഗ്നന്റേതും ചെരിപ്പുകൾ ചെരിപ്പ് ഇല്ലാത്തവന്റേതും കുന്നുകൂട്ടി വയ്ക്കുന്ന സമ്പത്ത് ദരിദ്രനാരായണന്റേതുമാണെന്ന വി. ബേസിലിന്റെ പ്രസ്താവന ഈ സമഗ്രവിമോചനവർഷത്തിൽ കത്തോലിക്കാ കോൺഗ്രസ് പഠനവിധേയമാക്കും. പാപത്തിൽ നിന്നും അതിന്റെ സ്വാധീനങ്ങളായ സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ അടിമത്തങ്ങളിൽ നിന്നുള്ള വിമോചനം ലക്ഷ്യമാക്കിയുള്ള കർമ്മ പരിപാടികൾക്കു രൂപം നല്കും. നീതിയിലും സത്യത്തിലും അടിത്തറയിട്ട ആദർശ സുന്ദരമായൊരു സമൂഹം ഈ കാലഘട്ടത്തിന്റെ വലിയൊരു സ്വപ്നമാണ്. ആ സ്വപ്നസാക്ഷാത്കാരത്തിനു വേണ്ടി ജൂബിലിവർഷത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തിക്കും.

കോഴ, ചതി, കാപട്യം, കരിഞ്ചന്ത, മദ്യം, മായം, കൊല, കൊള്ള, നഗ്നനൃത്തം, നീലച്ചിത്രം, സ്വവർഗ്ഗരതി മുതലായ തിന്മകളുടെ തീവ്രതവച്ചു നോക്കുമ്പോൾ ഇന്നത്തെ കേരളം ജോനാസ് പ്രവാചകന്റെ കാലത്തെ നിനവേ നഗരം പോലെയായിട്ടുണ്ട്. ഈ തിന്മകൾക്കെതിരെ പോരാടാൻ ഒരു പുതിയ പ്രവാചകൻ ഇവിടെ പിറക്കേണ്ടിയിരിക്കുന്നു. ഉന്നത പീഠങ്ങളിൽ ഉപവിഷ്ടരായവർ തങ്ങളുടെ കിരീടങ്ങളും ചെങ്കോലുകളും വലിച്ചെറിഞ്ഞ് സിംഹാസനങ്ങളിൽ നിന്ന് ഇറങ്ങുകയും സാധാരണക്കാരോടും സാധുക്കളോടും ഒത്ത് ചാക്കുവസ്ത്രം ധരിക്കുകയും ചാരം പൂശുകയും പിഴയിടീക്കുകയും പ്രലപിക്കുകയും ചെയ്യാൻ സമയമായിരിക്കുന്നു. ഇതിന് ജനങ്ങളെ സന്നദ്ധരാക്കുവാനാണ് 2000-ാമാണ്ട് എ.കെ.സി.സി. മാനവസമഗ്രവിമോചന വർഷമായി ആചരിക്കുന്നത്.

മനുഷ്യ വിമോചനത്തെക്കുറിച്ച് പ്രത്യാശയും പരിഗണനയും പുലർത്തുന്ന സിനഡ് പിതാക്കന്മാരുടെ ലോകത്തിലെ നീതി എന്ന പ്രമാണ

www.malankaralibrary.com

രേഖയിലെ താഴെ കാണുന്ന ഭാഗമാണ് ഇങ്ങനെയൊരു വർഷാചരണത്തിന് ഞങ്ങളെ പ്രേരിപ്പിച്ചത്. "അനീതിപൂർവ്വമായ സംവിധാനങ്ങളിൽ മർദ്ദിതരും അടിച്ചമർത്തപ്പെടുന്നവരുമായ മനുഷ്യരുടെ കേഴലുകളും, നീതിയെ സംബന്ധിച്ച ദൈവനിയമങ്ങൾ ലംഘിക്കുന്ന തിന്മ നിറഞ്ഞ ലോകത്തിന്റെ രോദനവും ഞങ്ങൾ ശ്രവിക്കുന്നു. അതു ഞങ്ങളുടെ കാതുകളിൽ അലയടിക്കുമ്പോൾ ദുഃഖിക്കുന്നവർക്ക് സന്തോഷവും മർദ്ദിതർക്കു വിമോചനവും ദരിദ്രർക്ക് സുവിശേഷവും നല്കിക്കൊണ്ട് ലോകത്തിന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യാനുള്ള സഭയുടെ നൂതന ദൈവവിളിയേക്കുറിച്ച് ഞങ്ങൾ ബോധവാന്മാരാകുന്നു. ആ ബോധ്യം ഞങ്ങൾ ആവർത്തിച്ച് ഉദ്ഘോഷിക്കുകയും ചെയ്യുന്നു" മനുഷ്യന്റെ വ്യക്തിപരമായ പാപത്തിൽ നിന്നും അതിന്റെ സാമൂഹിക സ്വാധീനങ്ങളിൽ നിന്നും മാനവരാശിയെ വിമോചിപ്പിക്കുവാൻ ലക്ഷ്യംവച്ചുകൊണ്ടു നടത്തുന്ന "മാനവ സമഗ്ര വിമോചന വർഷാചരണം" വിജയിപ്പിക്കുവാൻ എല്ലാ മനുഷ്യസ്നേഹികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

(എ.കെ.സി.സി. വർക്കിംഗ് കമ്മിറ്റിയോഗത്തിൽ പ്രസിഡന്റ് ജോൺ കച്ചിറമറ്റം (07.12.1999) നടത്തിയ പ്രസംഗം)

www.malankaralibrary.com

# 10. 1999 ജൂലൈ 17-ാം തീയതി കോട്ടയത്തുചേർന്ന വിശാല കത്തോലിക്കാ നേതൃസമ്മേളനത്തിലെ അദ്ധ്യക്ഷ പ്രസംഗം

സഭയും രാഷ്ട്രവും ഇന്നഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ വിശാലകത്തോലിക്കാ നേതൃസമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നിരിക്കുന്ന ഏവരെയും ഈ സമ്മേളനത്തിലേക്ക് കേരളാ കാത്തലിക് ഫെഡറേഷന്റെ പേരിൽ സ്വാഗതം ചെയ്യുവാൻ എനിക്കതിയായ സന്തോഷമുണ്ട്.

ഏതാനും മാസങ്ങൾക്കുമുൻപ് ഭാരതത്തിന്റെ അതിർത്തി ഭേദിച്ച് ഭാരതമണ്ണിലേക്ക് നുഴഞ്ഞുകയറിയ പാക്കിസ്ഥാൻകാരെ നമ്മുടെ മണ്ണിൽ നിന്നും ആട്ടിയോടിച്ച് നാം വിജയപതാക ഉയർത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ നമ്മുടെ ഈ അതിർത്തി സംരക്ഷണപോരാട്ടത്തിൽ ഏർപ്പെട്ട് വീരമൃത്യു വരിച്ചവരും പരിക്കുകളേറ്റ് കഴിയുന്നവരും നിരവധിയാണ്. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി ജീവൻ വെടിഞ്ഞ ധീരരായ ജവാന്മാരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ഈയവസരത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. മുറിവേറ്റു കഴിയുന്ന നമ്മുടെ ജവാന്മാർ എത്രയും വേഗം സുഖം പ്രാപിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു.

ഇന്ന് നമ്മുടെ സമുദായം നേരിടുന്ന അതിപ്രധാനമായ ഏതാനും പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് ഈ വിശാല കത്തോലിക്കാ നേതൃസമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് സമുദായം നേരിടുന്ന വെല്ലുവിളികൾ, മതസ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശങ്ങളും, രാഷ്ട്രീയരംഗത്ത് സമുദായം നേരിടുന്ന അവഗണന, ക്രൈസ്തവൈക്യം, എക്യുമിനിസം, സർവ്വമതസൗഹാർദ്ദം, കർഷകർ നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയ സമകാലീനപ്രശ്നങ്ങളാണ് ഈ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടുക.

കേരളസഭ നൂറ്റാണ്ടുകളായി വിദ്യാഭ്യാസം, ആതുരസേവനം, പ്രസിദ്ധീകരണം തുടങ്ങിയ രംഗങ്ങളിൽ ആത്മത്യാഗപരമായി നടത്തിയിട്ടുള്ള സേവനങ്ങളെ ഈയവസരത്തിൽ അഭിമാനപൂർവ്വം സ്മരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സംഭാവനകൾ നല്കിയ ഒരു സമുദായമാണ് ക്രൈസ്തവ സമുദായം. ആതുരസേവനം ഇന്നും തുടർന്നുകൊണ്ടിരിക്കു

www.malankaralibrary.com

കയാണ്. വിദ്യാഭ്യാസരംഗത്ത് സമുദായസ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും നശിപ്പിക്കത്തക്ക വിധത്തിൽ, സർക്കാർ കാലാകാലങ്ങളിൽ ആസൂത്രണം ചെയ്യുന്ന നയപരിപാടികൾ, നമ്മുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയാണ്. സർക്കാർ വിദ്യാഭ്യാസരംഗത്ത് യാതൊരു ശ്രദ്ധയും ചെലുത്താതിരുന്ന ഒരു കാലഘട്ടത്തിൽ പിടിയരി പിരിച്ചും പൊന്നരുളിക്കയും പൊൻകുരിശും വിറ്റും വിദ്യാലയങ്ങൾ സ്ഥാപിച്ച ക്രൈസ്തവസമുദായം, വിദ്യാഭ്യാസം നിഷേധിച്ചിരുന്ന അവർണ്ണർക്ക് വിദ്യാഭ്യാസം നല്കി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കുകയുണ്ടായി. ഈ മഹത് സേവനങ്ങളെ വിസ്മരിക്കുന്ന നയമാണ് സർക്കാർ ഇന്ന് സ്വീകരിച്ചിരിക്കുന്നത്. മെച്ചപ്പെട്ട പഠനസൗകര്യങ്ങളും ഉപകരണങ്ങളും ഉള്ള ക്രൈസ്തവ വിദ്യാലയങ്ങളിൽ പ്ലസ്ടു അനുവദിക്കാതെ യാതൊരു സൗകര്യങ്ങളുമില്ലാത്ത സർക്കാർ സ്കൂളുകളിൽ പ്ലസ്ടു അനുവദിച്ചത് നീതീകരിക്കാവതല്ല. സാങ്കേതിക വിദ്യാലയങ്ങൾ അനുവദിക്കുന്നത് മേലിൽ സഹകരണ മേഖലയിൽ മാത്രം ആയിരിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നിർഭാഗ്യകരമാണ്. സഹകരണമേഖലകളിൽ രാഷ്ട്രീയാതിപ്രസരം നടമാടുമ്പോൾ ഇങ്ങനെയൊരു നിലപാട് സർക്കാർ സ്വീകരിച്ചത് സാങ്കേതിക വിദ്യാലയങ്ങളെ രാഷ്ട്രീയവൽക്കരിക്കുന്നതിനാണെന്ന വസ്തുത ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങളെ തരംതാഴ്ത്തിക്കാണിക്കുവാൻ ബോധപൂർവ്വം ചിലർ ശ്രമിക്കുന്നുണ്ട്. പല രാഷ്ട്രീയപ്രവർത്തകരും ആ നീക്കത്തിൽ വലിയ പങ്കു വഹിക്കുന്നു. അങ്ങനെയുള്ള രാഷ്ട്രീയപ്രവർത്തകരോടും അവർക്ക് പിന്തുണ നല്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളോടും 'നിവർത്തനം' അനുഷ്ഠിക്കുവാൻ കത്തോലിക്കാ സമുദായം നിർബന്ധിതരായിത്തീരുമെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നു.

കാലാകാലങ്ങളിൽ സർക്കാർ ഇറക്കുന്ന ഉത്തരവുകൾ മാനേജുമെന്റുകളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം വരത്തക്കവിധത്തിൽ വ്യാഖ്യാനിക്കുന്ന ഉദ്യോഗസ്ഥന്മാരും ഇന്നുണ്ട്. ഇവരെല്ലാം സ്വകാര്യ വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ ആരായുകയാണ്. ഈ നടപടികളെ അപലപിച്ചേ മതിയാകൂ.

കേരളത്തിൽ നിന്നും നൂറുകണക്കിന് വിദ്യാർത്ഥികളാണ് അന്യസംസ്ഥാനങ്ങളിൽപോയി മെഡിസിനും എൻജിനീയറിംഗിനും പഠിക്കുന്നത്. ലക്ഷക്കണക്കിന് രൂപ ക്യാപിറ്റേഷൻ ഫീസായി അവർ നല്കുന്നു. യാത്രകൂലിയിനത്തിലും ബോർഡിംഗ് ഫീസിനത്തിലും എത്രകോടിരൂപയാണ് അവർ ചിലവിടേണ്ടിവരുന്നത്. കേരളത്തിന് പ്രതിവർഷം 900കോടിരൂപയുടെ നഷ്ടം വരുന്നുവെന്നാണ് കണക്ക്.

www.malankaralibrary.com

കേരളത്തിൽ സ്വകാര്യമേഖലയിൽ സ്വാശ്രയകോളേജുകൾ അനുവദിക്കുകയാണെങ്കിൽ പ്രതിവർഷം കേരളീയർ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി മുടക്കുന്ന 900-ൽ പരം കോടി രൂപ കേരളത്തിൽ നിക്ഷേപിക്കുവാൻ സാധിക്കും. തന്മൂലം കേരളത്തിനുണ്ടാകുന്ന വികസനം വർണ്ണനാതീതമായിരിക്കും. നയപരമായ തീരുമാനം കേരള സർക്കാരും കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകരും സ്വീകരിക്കാത്തപക്ഷം ഒരു കാലത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസരംഗത്ത് ഏറ്റം മുൻപന്തിയിൽ നിന്ന കേരളം വളരെ പിന്നോക്കം പോകുകതന്നെ ചെയ്യും സംശയമില്ല.

വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖല-വിശിഷ്യ കത്തോലിക്ക സമുദായം നേരിടുന്ന ഗുരുതരമായ വെല്ലുവിളികളെ വളരെ ഗൗരവപൂർവ്വം വീക്ഷിക്കുകയാണ്. ഈ വെല്ലുവിളികളെ നേരിടുന്നതിന് സമുദായം ഒറ്റക്കെട്ടായി അണിനിരക്കണമെന്ന് സമുദായ സ്നേഹികളെ സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു.

മതസ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശങ്ങളും ഇന്ന് ഹനിക്കപ്പെടുകയാണ്. ഏതുമതത്തിലും വിശ്വസിക്കുവാനും ഏതുമതം പ്രചരിപ്പിക്കുവാനും നമുക്ക് അവകാശമുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ ഒരിക്കലും ഭാരതത്തിൽ അവഗണിക്കപ്പെടരുതെന്ന് ഭരണഘടനാവിധാതാക്കൾ ആഗ്രഹിച്ചതിന്റെ ഫലമായിട്ടാണ് ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടനയിൽ എഴുതിച്ചേർത്തത്. എന്നാൽ ഭരണഘടനയുടെ അന്തഃസത്തയെ തകർത്തുകൊണ്ട് ചില മതമൗലികവാദികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. മിഷനറിമാർ വധിക്കപ്പെടുന്നു. ആരാധനാലയങ്ങൾ തകർക്കപ്പെടുന്നു. ബീഹാറിലും മറ്റും അവർണ്ണർ-ആദിവാസികൾ കൂട്ടക്കൊല ചെയ്യപ്പെടുന്നു. ഈ സ്ഥിതിവിശേഷം ഇന്ത്യക്ക് അപമാനകരമാണ്. ഭാരതത്തിന്റെ മഹത്തായ സാംസ്കാരിക പൈതൃകമാണ് ഇവിടെ തകർക്കപ്പെടുക.

യേശുക്രിസ്തുവിന്റെ രണ്ടായിരം ജന്മദിനത്തിന്, മഹാജൂബിലിക്ക്, നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ടായിരാമാണ്ടിൽ ഭാരതീയരെ മുഴുവൻ ക്രിസ്ത്യാനികളാക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് ഒരു പ്രചരണം ഇന്ന് നടക്കുന്നുണ്ട്. അതു ശരിയല്ല. എന്താണ് ക്രൈസ്തവരുടെ സുവിശേഷവൽക്കരണം? അടിച്ചമർത്തപ്പെട്ടവർക്ക് മോചനവും ബന്ധിതർക്ക് സ്വീകാര്യമായ വത്സരവും നല്കുകയെന്നതുമാത്രമാണ് നമ്മുടെ ലക്ഷ്യം. എല്ലാ ചൂഷണത്തിൽ നിന്നും അടിമത്വത്തിൽനിന്നും സകലജനത്തെയും മോചിപ്പിക്കുകയെന്നതാണ് ക്രൈസ്തവലക്ഷ്യം. അത് നമ്മുടെ സഹോദരസമുദായങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ നാം ശ്രമിക്കണം.

അതേസമയം ഇന്നു നടക്കുന്ന ന്യൂനപക്ഷധ്വംസനങ്ങളെയും മതപീഡനങ്ങളെയും ഫലപ്രദമായി നേരിടാൻ സ്നേഹത്തിലും സാഹോദ

www.malankaralibrary.com

ര്യത്തിലും അധിഷ്ഠിതമായി ഒരു സമീപനം വളർത്തിക്കൊണ്ടുവരുന്നതിന് നാം ശ്രമിക്കുകയും വേണം.

രാഷ്ട്രീയരംഗത്ത് കത്തോലിക്കാ സമുദായം ഇന്നു നേരിടുന്ന അവഗണന അങ്ങേയറ്റം പ്രതിഷേധാർഹവും അക്ഷന്ത്യവുമാണ്. സർക്കാർ സർവ്വീസിലെ നിയമനങ്ങൾ സർക്കാർ തിരഞ്ഞെടുക്കുന്ന വിവിധ കമ്മിറ്റികളിലെ പ്രാതിനിദ്ധ്യം, വിവിധ കോർപ്പറേഷനുകളിൽ ലഭിക്കുന്ന പ്രാതിനിദ്ധ്യം, മറ്റു നിർണ്ണായകമായ സ്ഥാനങ്ങൾ മുതലായവയിലെ ഈ പരിത്യക്താവസ്ഥ വളരെ പ്രകടമായിരിക്കുന്നു. രാജ്യത്തിന്റെ ഭാവി, വികസനം, പുരോഗതി, വളർച്ച മുതലായവയ്ക്കെല്ലാം ആവശ്യമായ നിയമനിർമ്മാണങ്ങളും തീരുമാനങ്ങളും നയപരിപാടികളും നടപടികളുമെടുക്കുന്നത്, പാർലമെന്റ്, അസംബ്ലി നിയമനിർമ്മാണസമിതികളാണ്. പാർലമെന്റിലേക്കും അസംബ്ലികളിലേക്കും നടക്കുന്ന തിരഞ്ഞെടുപ്പുകളിലേക്കുള്ള സ്ഥാനാർത്ഥി നിർണ്ണയത്തിലും പ്രമുഖ ജനാധിപത്യപാർട്ടികൾ ഈ പ്രധാനജനവിഭാഗത്തെ പിന്തള്ളുകയാണ്. ഈ അവഗണന ഇനിയും സഹിക്കാൻ വയ്യാത്ത ഒരു ഘട്ടത്തിലെത്തിയിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുവാൻ നിർബ്ബന്ധിതരായിത്തീർന്നിരിക്കുന്നു. മുൻകാലങ്ങളിൽ അനുവർത്തിച്ചിരുന്ന രീതിയിൽ നിന്നും വ്യത്യസ്ഥമായും മറ്റു സമുദായവിഭാഗങ്ങളോട് പ്രദർശിപ്പിക്കുന്ന മനോഭാവത്തിൽ നിന്നും വിഭിന്നമായും, അടുത്തകാലങ്ങളിൽ ഒരു അവഗണനാമനോഭാവം സ്വീകരിക്കുവാൻ ഇടയായതെന്തു കൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

സമുദായം പൂർണ്ണമായ ഐക്യത്തോടും കെട്ടുറപ്പോടും ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങേണ്ടതിന്റെ ആവശ്യകതയെ ഇത് ഒരിക്കൽക്കൂടി വ്യക്തമാക്കുന്നു. രാഷ്ട്രീയരംഗത്തെ ഈ അവഗണന അവസാനിപ്പിക്കണമെന്നും സമുദായത്തിന്റെ വികാരവിചാരങ്ങളെ അർഹിക്കുന്ന ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നും ബന്ധപ്പെട്ട കക്ഷികളോടും രാഷ്ട്രീയ നേതൃത്വത്തോടും അഭ്യർത്ഥിക്കുന്നു. അതിന് തയ്യാറാകാത്തപക്ഷം ധീരമായ ചില കാൽവയ്പ്പുകൾ നടത്താൻ സമുദായം നിർബന്ധിതരായിത്തീരും.

നമ്മുടെ രാജ്യം ഒരു കാർഷികരാജ്യമാണ്. ഇവിടുത്തെ ജനസംഖ്യയിൽ 85 ശതമാനവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. നാണ്യവിളകളുടെ വിലയിടിവും നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവും ഇവിടുത്തെ കർഷകരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. കഴിഞ്ഞ കുറെ നാളുകളായി തുടർന്നുവരുന്ന റബറിന്റെ വിലയിടിവ് 13 ലക്ഷത്തോളം വരുന്ന ഇടത്തരം കർഷക കുടുംബങ്ങളെ പട്ടിണിയിലേക്ക് തള്ളിയിട്ടിരിക്കുന്നു. കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ അറിഞ്ഞഭാവം പോലും സർക്കാർ കാണിക്കുന്നില്ല. കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള ഒരു കാർഷിക

www.malankaralibrary.com

നയത്തിന് രൂപം കൊടുക്കുകതന്നെ വേണം.

കേരളത്തിലെ കടലോരങ്ങളിൽ അധിവസിക്കുന്ന ലക്ഷക്കണക്കായ ജനങ്ങൾ ദുരിതപൂർണ്ണമായ ജീവിതമാണ് നയിക്കുന്നത്. പട്ടിണിയും രോഗവും അവരെ വലയം ചെയ്തിരിക്കുന്നു. തീരദേശപ്രദേശത്തെ ജനങ്ങളെപ്പറ്റി പഠിക്കുവാനോ അവരുടെ പ്രശ്നപരിഹാരത്തിനായി പദ്ധതികൾ തയ്യാറാക്കുവാനോ സർക്കാരിന് ഒരു പദ്ധതിയുള്ളതായി അറിവില്ല. സർക്കാരിന്റെ ഈ നിസ്സംഗതാ മനോഭാവം മാറ്റിയേ മതിയാവൂ.

ക്രൈസ്തവ ഐക്യം സാക്ഷാൽക്കരിക്കപ്പെടുവാൻ നാം ആത്മാർത്ഥമായി ശ്രമിക്കണം. ക്രിസ്തുവിന്റെ സഭ ഒന്നേയുള്ളു. അത് ഒന്നായിരിക്കണമെന്നാണ് ക്രിസ്തു അഭിലഷിക്കുന്നത്. ഐക്യമില്ലാത്ത ക്രൈസ്തവ സമുദായത്തിന് ഒരർത്ഥവുമില്ല. ക്രിസ്തുവിന് സാക്ഷ്യം വഹിക്കുകയാണ് സഭയുടെ ദൗത്യം. ക്രിസ്തുവിന്റെ കൂദാശയായ സഭ ഐക്യത്തിന്റെ കൂദാശയായിരിക്കണം. പക്ഷേ ഐക്യത്തിനുപകരം ഭിന്നതയാണുള്ളത്. സഭ ഇന്ന് വിഭിന്ന ഭാഗങ്ങളായി തീർന്നിരിക്കുന്നു. ക്രിസ്ത്യാനികൾ തമ്മിലുള്ള സമ്പർക്കത്തെയും ഒന്നാകാനുള്ള അഭിവാഞ്ഛയേയും ആണ് ഇന്ന് എക്യുമിനിക്കൽ പ്രസ്ഥാനംകൊണ്ട് ഉദ്ദേശിക്കുന്നത്. അനൈക്യം ക്രിസ്തുവിന്റെ ഇഷ്ടത്തിന് വിരുദ്ധമാണ്. ലോകത്തിന് തന്നെ അത് വിലങ്ങുതടിയായിരിക്കും. എല്ലാവരോടും സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തെ അതു തകർക്കുന്നു. സഭകൾ തമ്മിലുള്ള ഐക്യം സുദൃഢമാകേണ്ടതുണ്ട്. സംഭാഷണം, സഹകരണം, ഉൽഗ്രന്ഥനം, വ്യക്തികളും സ്ഥാപനങ്ങളും തമ്മിലുള്ള ഐക്യം എന്നിവമൂലം ക്രൈസ്തവൈക്യം സാക്ഷാത്കരിക്കുവാൻ നമുക്ക് ശ്രമിക്കാം.

ഒരു പറമ്പിൽ അമ്പലവും പള്ളിയും തൊയ്ക്കാവും നിലനിന്നിരുന്ന ഒരു പ്രദേശമായിരുന്നു കേരളം. എല്ലാ മതാനുയായികളും തമ്മിൽ പരസ്പരം സഹകരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഇന്ന് ഈ പുണ്യഭൂമിയിൽ പരസ്പര വിദ്വേഷത്തിന്റെ ശബ്ദമാണ് മുഴങ്ങിക്കേൾക്കുന്നത്. മതത്തിന്റെയും ഭാഷയുടെയും പ്രാദേശികത്തിന്റെയും പേരിൽ സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. രാഷ്ട്രീയകൊലപാതകങ്ങളും ഭവനഭേദനങ്ങളും കൊള്ളയും പിടിച്ചുപറിയും ഈ രാജ്യത്ത് നിത്യസംഭവങ്ങളായിത്തീർന്നിരിക്കുന്നു. ദുഃഖകരമായ ഈ സ്ഥിതിവിശേഷത്തിന് അറുതിവരുത്തുവാൻ സമുദായ സൗഹാർദ്ദം ഊട്ടിയുറപ്പിക്കുകയാണ് ഏക പോംവഴി. അതിനുവേണ്ടി നാം കഠിനാദ്ധ്വാനം ചെയ്യേണ്ടിയിരിക്കുന്നു.

വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും ദൈവസ്നേഹം അനുഭവവേദ്യമാക്കാനുള്ള ദൈവജനത്തിന്റെ ബാദ്ധ്യത ഇവിടെ സവിശേഷ സ്മരണ അർഹിക്കുന്നു. സത്യം, നീതി, സാഹോദര്യം എന്നീ മൂല്യങ്ങൾ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും അവഗണിക്കപ്പെടുകയും

www.malankaralibrary.com

ജനങ്ങൾ ദാരിദ്ര്യം, തൊഴിലില്ലായ്മ, അഴിമതി തുടങ്ങിയവയ്ക്ക് അടിപ്പെട്ട് ജീവിയ്ക്കുകയും ചെയ്യുമ്പോൾ ക്രൈസ്തവസമൂഹത്തിന് കേവലം കാഴ്ച ക്കാരായി നോക്കിനിൽക്കാൻ സാധിക്കുകയില്ല. ഈ കാലഘട്ടത്തിൽ പ്രത്യേ കിച്ചും സഭ ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കുകതന്നെ വേണം. ഇത് സുവിശേഷപ്രവർത്തനം തന്നെയാണ്.

ക്രിസ്തുവിന്റെ സുവിശേഷപ്രബോധനങ്ങൾക്ക് നിരക്കാത്തതായ പലതും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു. ആഡംബരത്തിനും ആഘോഷത്തിനുംവേണ്ടി ലക്ഷക്കണക്കിന് പണം ധൂർത്തടിക്കാൻ മടിയില്ലാ ത്തവർ നമ്മുടെ സമൂഹത്തിലുണ്ട്. മദ്യപാനം എന്ന സാമൂഹ്യതിന്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്ന് പണക്കാരാകാനുള്ള തത്രപ്പാടിൽ ധാർമ്മികമൂല്യങ്ങൾ അവഗണിക്കപ്പെടുന്നു. രാഷ്ട്രീയം, സർക്കാർ സർവ്വീസ് തുടങ്ങിയ മണ്ഡലങ്ങളിൽ, പൊതുപ്രവർത്തകർ, അഴിമതിരഹിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും സമൂഹത്തിൽ സുവിശേഷമൂല്യങ്ങൾക്കനു സൃതമായ പരിവർത്തനം വരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ ദൃശ്യമായ ചലനങ്ങൾ സമൂഹത്തിൽ കൈവരുത്തുവാൻ കൂട്ടായ ചിന്ത യും പ്രവർത്തനവും അനിവാര്യമാണ്. വൈദികനേതൃത്വവും, അൽമായരും ഒന്നിച്ചുകൂടി ഇന്നത്തെ സഭയും സമൂഹവും നേരിടുന്ന വെല്ലുവിളിക ളെക്കുറിച്ച് പഠിക്കുകയും തീരുമാനങ്ങൾ എടുക്കുകയും വേണം.

സമുദായം നേരിടുന്ന എല്ലാ അവഗണനകൾക്കും എതിരെ ശക്തമായ നിലപാടെടുക്കാൻ നാം നിർബന്ധിതരായി തീർന്നിരിക്കുന്നു. അതേസമയം മറ്റുസമുദായങ്ങളെ അവഗണിക്കുവാനും പാടില്ല. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ട വരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു വേണ്ടിയും എക്കാ ലത്തും ധീരമായി പ്രവർത്തിച്ചിട്ടുള്ള ക്രൈസ്തവസമൂഹം, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ കൂട്ടായി യത്നിക്കണം. ഈ രാജ്യത്ത് ശാശ്വ തമായ ശാന്തിയും സമാധാനവും നിലനിർത്താൻ, സമുദായസൗഹാർദ്ദം ഊട്ടിയുറപ്പിക്കുവാൻ സഭൈക്യം വളർത്തിയെടുക്കുവാൻ സാമൂഹ്യനീതി എല്ലാവർക്കും ലഭ്യമാക്കുവാൻ സമസ്തശക്തികളെയും ശേഖരിച്ചുകൊണ്ട് സമസ്തശിരസ്സുകളെയും ക്രോഡീകരിച്ചുകൊണ്ട് സമസ്തജനാധിപത്യ ഹൃദയങ്ങളെയും തുടപ്പിച്ചുകൊണ്ട് ആസന്നമായ പുതുസഹസ്രാബ്ദ ത്തിലേക്ക് നമുക്ക് പ്രവേശിക്കാം. അതിനായി നമുക്ക് അണിചേർന്ന് മുന്നേറാം. ഈ വിശാലകത്തോലിക്കാ നേതൃത്വസമ്മേളനം അതിനുള്ള നാന്ദികുറിക്കലായി തീരട്ടെയെന്നാശംസിക്കുന്നു.

ഈ വിശാല കത്തോലിക്കാ നേതൃസമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രത്യേകം നന്ദിപറഞ്ഞുകൊണ്ട് എന്റെ ആദ്ധ്യക്ഷപ്രസംഗം ഉപസംഹരിക്കുന്നു. (17.09.1999 കോട്ടയം ദർശനാ ഓഡിറ്റോറിയം)

www.malankaralibrary.com

# 11. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള നീക്കത്തെ പരാജയപ്പെടുത്തുക

കേരളത്തിലെ ക്രൈസ്തവസമൂഹവും ന്യൂനപക്ഷസമുദായങ്ങളും വിദ്യാഭ്യാസരംഗത്ത് ഇന്നഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യുവാൻ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ഈ വിശാലക്രൈസ്തവനേതൃസമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേർന്നിരിക്കുന്ന അഭിവന്ദ്യപിതാക്കന്മാരെയും സമുദായനേതാക്കളെയും ഈസമ്മേളനത്തിലേക്ക് കേരളാ കാത്തലിക് ഫെഡറേഷന്റെ പേരിൽ സ്വാഗതം ചെയ്യുവാൻ അതിയായ സന്തോഷമുണ്ട്.

ജൂൺ 13 ആണ് ഇന്ന്. ഈ ദിനത്തിന് ചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. 1957-ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ദുർഭരണത്തിനെതിരായി നടന്ന മഹത്തായ സമരത്തിൽ പങ്കെടുത്ത അങ്കമാലിയിലെ 7 സഹോദരങ്ങളെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വെടിവച്ചു കൊന്നതിന്റെ 49-ാം വാർഷികമാണിന്ന്. സഭയുടെയും ന്യൂനപക്ഷങ്ങളുടെയും താല്പര്യം സംരക്ഷിക്കുവാൻ തയ്യാറായ ധീരരക്തസാക്ഷികളുടെ പാവനസ്മരണയ്ക്കു ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

ഇന്ത്യയിലെ ജനസംഖ്യയിൽ ക്രൈസ്തവർ വെറും രണ്ടരശതമാനമാണെങ്കിലും ഈ ന്യൂനപക്ഷം ഇന്ത്യയുടെ പുരോഗതിക്കുവേണ്ടി മറ്റേതൊരു സമൂഹത്തേക്കാളുമേറെ പ്രയത്നിച്ചിട്ടുണ്ടന്ന് ധൈര്യമായി പറയുവാൻ സാധിക്കും. കേരളത്തിലും സ്ഥിതി ഇതുതന്നെ. വിദ്യാഭ്യാസത്തിൽ കേരളത്തെ മറ്റു സ്റ്റേറ്റുകളുടെ മുൻപന്തിയിൽ എത്തിച്ചത് ഇവിടുത്തെ കത്തോലിക്കരാണ്. ആതുരസേവനരംഗത്തും കേരളത്തിലെ കത്തോലിക്കർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. രോഗികളെ ശുശ്രൂഷിക്കുകയെന്നത് സമൂഹത്തിന്റെ കടമയാണ് എന്ന ചിന്താഗതിക്ക് രൂപം നൽകിയത് കത്തോലിക്കരാണ്. ഇവിടെ കൃഷി വികസിപ്പിച്ചത്, കച്ചവടം പുരോഗമിപ്പിച്ചത്, വ്യവസായം ആരംഭിച്ചത്, ബാങ്കിംഗ്നടപ്പാക്കിയത് എല്ലാം കത്തോലിക്കരാണ്. അന്ധവിശ്വാസങ്ങളിലും അബദ്ധാചാരങ്ങളിലും മുഴുകിനശിച്ചുകൊണ്ടിരുന്ന അവർണ്ണരുടെ അവകാശസ്ഥാപനത്തിനുവേണ്ടി പടപൊരുതിയതും, മലയാളിമെമ്മോറിയൽ നിവർത്തനപ്രക്ഷോഭണം

www.malankaralibrary.com

തുടങ്ങിയ പൗരാവകാശലബ്ധിക്കുവേണ്ടിയുള്ള എല്ലാ ജനകീയ പ്രക്ഷോഭണങ്ങൾക്കും നേതൃത്വം നൽകിയതും കത്തോലിക്കരാണ്. കത്തോലിക്കർ ഈ നാടിന്റെ പുരോഗതിക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളുടെ നീണ്ടപട്ടിക നിരത്തിവയ്ക്കുവാൻ ആഗ്രഹിക്കുന്നില്ല. കുട്ടനാടൻ കായലുകളെ ഇരുപ്പൂവും ഒരുപ്പൂവും വിളയുന്ന നിലങ്ങളാക്കി മാറ്റിയത്, മലബാറിന്റെ മാറാല പിടിച്ചുകിടന്ന കുഗ്രാമങ്ങളിൽ വഴിയും തോടും പാലവും ഉണ്ടാക്കി കർഷകകന്ദ്രങ്ങളാക്കി മാറ്റിയത്, രാജ്യത്തെമ്പാടും വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആശുപത്രികളും അനാഥമന്ദിരങ്ങളും അച്ചടിശാലകളും പടുത്തുയർത്തിയത് എല്ലാം കത്തോലിക്കരാണ്. ഈ വക സ്ഥാപനങ്ങളുടെ നിർമ്മിതിക്കുവേണ്ടി കത്തോലിക്കർ മുടക്കിയിട്ടുള്ള പണത്തിന്റെ കണക്കുനോക്കിയാൽ ആരെയും അമ്പരപ്പിക്കും. ഈ സ്ഥാപനങ്ങൾ കത്തോലിക്കർ നടത്തുന്നത് കത്തോലിക്കർക്കുവേണ്ടി മാത്രമല്ല എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പെടുക്കുകയെന്ന ലക്ഷ്യത്തിലേക്കുള്ള നീക്കത്തിൽ വലിയ ഏജൻസിയായി പ്രവർത്തിച്ചിട്ടുള്ളത് കത്തോലിക്കാസമുദായമാണ്.

ഇതിന്റെയെല്ലാം ഭാരം വഹിച്ച ഇവിടുത്തെ കത്തോലിക്കർ ഇന്ന് ആർക്കും വേണ്ടാത്ത, ആരാലും പരിഗണിക്കപ്പെടാത്ത, യാതൊന്നിനും അവകാശമില്ലാത്ത, യാതൊരു മണ്ഡലത്തിലും സ്വാധീനശക്തിയില്ലാത്ത ഒരു സമൂഹമായി മാറിയിരിക്കുകയാണ്. എല്ലാ പുരോഗതിയുടെയും കഴുത്തിന് കത്തിവയ്ക്കുന്ന മൂരാച്ചി, യാഥാസ്ഥിതികൻ, പിന്തിരിപ്പൻ, കച്ചവടക്കാരൻ എന്നെല്ലാമുള്ള അപരനാമങ്ങൾക്ക് അർഹനാണ് കത്തോലിക്കൻ എന്ന പ്രചരണം വ്യാപകമായി നടന്നുകൊണ്ടിരിക്കുന്നു.

ഇന്നത്തെ നമ്മുടെ ചർച്ചാവിഷയം വിദ്യാഭ്യാസരംഗമാണ്. വിദ്യാഭ്യാസകാര്യത്തിൽ സർക്കാർ യതൊരുവിധ താല്പര്യവും പ്രകടിപ്പിക്കാതിരുന്ന കാലഘട്ടത്തിൽ പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് മുന്നോക്കക്കാരോടൊപ്പം പിന്നോക്കക്കാരനെയും ഇരുത്തി വിദ്യ അഭ്യസിച്ചത് ഇവിടുത്തെ ക്രൈസ്തവസമൂഹമാണ്. പാവങ്ങൾക്ക് വസ്ത്രവും ഭക്ഷണവും പുസ്തകവും നൽകിയാണ് പള്ളിക്കൂടങ്ങളിലേക്ക് കൊണ്ടുവന്നത്. കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ക്രൈസ്തവരോളം പങ്ക് വഹിച്ച മറ്റൊരു സമൂഹവും ഇവിടെയില്ല. പിടിയരിപിരിച്ചും വെള്ളിക്കുരിശും പൊന്നിൻകുരിശും വിറ്റുമാണ് വിദ്യാലയങ്ങൾ സ്ഥാപിക്കാനും വികസിപ്പിക്കാനും ക്രൈസ്തവർ പണം സ്വരൂപിച്ചത്. ആദ്യകാലത്ത്, രാജകീയഭരണകാലത്ത് സ്വകാര്യ ഏജൻസികളെ പ്രോൽസാഹിപ്പിക്കുവാൻ ഗ്രാന്റ് നൽകുമായിരുന്നു. എന്നാൽ 1943 മുതൽ പ്രൈവറ്റ് മേഖലയെ വിദ്യാഭ്യാസരംഗത്തുനിന്നും ഉന്മൂലനം ചെയ്യാനുള്ള ശ്രമം നടന്നു. സർ സി. പി. തിരുവിതാംകൂറിലും ഐ. എൻ. മേനോൻ കൊച്ചിയിലും പനമ്പിള്ളി

www.malankaralibrary.com

ഗോവിന്ദമേനോൻ തിരുകൊച്ചിയിലും ജോസഫ് മുണ്ടശ്ശേരിയും ഏ. കെ. ആന്റണിയും കേരളത്തിലും സ്വകാര്യവിദ്യലയങ്ങളെയും ക്രൈസ്തവ സ്ഥാപനങ്ങളെയും ദ്രോഹിക്കാനും അവരുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കാനും ശ്രമങ്ങൾ നടത്തി. ആ ശ്രമങ്ങളെല്ലാം പരാജയപ്പെടുത്തുവാൻ ഒരു പരിധി വരെ നമുക്ക് സാധിച്ചു.

എന്നാൽ സാങ്കേതികവിദ്യാഭ്യാസരംഗത്ത് കേരളം വളരെ പിന്നോക്കം പോയി. സർക്കാരിന് സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തുവാൻ ശേഷിയില്ലായിരുന്നു. സ്വകാര്യമേഖലയിൽ സ്വാശ്രയകോളേജുകൾ അനുവദിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്തു. അങ്കമാലി ആശുപത്രിയിൽ സ്വകാര്യമേഖലയിൽ നേത്രചികിത്സാരംഗത്ത് ഉന്നതപഠനം നടത്താനുള്ള നീക്കത്തിനെതിരെ എല്ലാ രാഷ്ട്രീയ കക്ഷികളും ഒന്നിച്ചണിനിരന്നു.

മൂന്നുദശകങ്ങൾ ഇതേരീതിയിൽ കടന്നുപോയി. കേരളത്തിലെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽ പോയി കോഴകൊടുത്ത് പഠിച്ചു. ഒരു വർഷം ആയിരത്തിലധികം കോടി രൂപ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകി എന്നാണ് കണക്ക്. ഈ സാഹചര്യത്തിലാണ് സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ നടത്താൻ സർക്കാർ സമ്മതിച്ചത്. എങ്കിലും സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് മെഡിക്കൽ കോളേജുകളെ ദ്രോഹിക്കാനുള്ള നടപടികളാണ് സർക്കാർ ചെയ്തത്. എ. കെ ആന്റണിയുടെ ഗവണ്മെന്റും ഇന്നത്തെ സർക്കാരും കോടതിവിധികളെപ്പോലും ധിക്കരിക്കുകയാണ് ചെയ്തത്. സ്വാശ്രയനിയമം കൊണ്ടുവന്നത് ന്യൂനപക്ഷ ദ്രോഹം തന്നെയായിരുന്നു ഈ നിയമത്തിനെതിരെ ഉറച്ചുനിൽക്കുവാൻ രാഷ്ട്രീയപാർട്ടികൾ ഒന്നുപോലും തയ്യാറായില്ലായെന്നത് ദുഃഖകരമാണ്. രാഷ്ട്രീയത്തിനതീതമായി സമുദായതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ സമുദായാംഗങ്ങൾ തയ്യാറാകണമെന്ന് വ്യക്തമായ സൂചനയാണ് ഇതിൽ നിന്നെല്ലാം നമുക്ക് ലഭിക്കുന്നത്.

ഭരണഘടനാവിരുദ്ധമായ നിയമങ്ങൾ കൊണ്ടുവരികയും ന്യൂനപക്ഷങ്ങളെ കോടതിയിലേക്ക് വലിച്ചിഴക്കേണ്ട സാഹചര്യം ഒരുക്കുകയാണ് സർക്കാർ ചെയ്യുന്നത്. സർക്കാർ കൊണ്ടുവരുന്ന നിയമങ്ങൾ കോടതിയിൽ നിലനിൽക്കുകയില്ലെന്ന് ഉറപ്പായിട്ടും ന്യൂനപക്ഷങ്ങളെ നിരന്തരം ബുദ്ധിമുട്ടിക്കാൻ തന്നെയാണ് സർക്കാരിന്റെ പുറപ്പാട്. ഏതുകാര്യത്തിനും കോടതിയെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് ന്യൂനപക്ഷങ്ങൾക്കുള്ളത്. ജനങ്ങൾ വികസനപ്രവർത്തനങ്ങൾക്കായി സർക്കാരിലേക്ക് നൽകുന്ന നികുതിപ്പണമാണ് ന്യൂനപക്ഷങ്ങൾക്കെതിരെ സർക്കാർ കേസുകൾക്കായി ചെലവഴിക്കുന്നത്. അതേസമയം ന്യൂനപക്ഷസമുദായങ്ങൾ ജനങ്ങളിൽ നിന്നും പണം പിരിച്ച് കേസു നടത്തുന്നു. അത് ജനങ്ങളുടെ പണംകൊണ്ടു

www.malankaralibrary.com

തന്നെ സർക്കാർ അവർക്കെതിരെ കേസു നടത്തുകയും ചെയ്യുന്നു. നികുതിപ്പണം എടുത്ത് കമ്മ്യൂണിസം പ്രചരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. മൂന്നിൽരണ്ടു ഭൂരിപക്ഷ മെന്നത് എന്തും ചെയ്യാനുള്ള ലൈസൻസായി കരുതുന്നത് ഭരിക്കുന്ന ഗവൺ മെന്റിനോ ജനങ്ങൾക്കോ ഹിതകരമാവില്ലെന്ന് ഗവൺമെന്റ് തിരിച്ചറിയണം. സ്വകാര്യമാനേജുമെന്റുകളും ന്യൂനപക്ഷങ്ങളും കേസിനുവേണ്ടി മുടക്കേ ണ്ടിവന്ന മുഴുവൻ തുകയും സർക്കാർ അവർക്കു നൽകേണ്ടതാണ്. അതി നൊന്നും തയ്യാറാകാതെ വീണ്ടും വീണ്ടും ന്യൂനപക്ഷങ്ങളെ പീഡിപ്പി ക്കുകയാണ് സർക്കാർ ചെയ്യുന്നത്.

1957-ൽ അധികാരമേറ്റെടുത്തപ്പോൾ ആദ്യകമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പാഠപുസ്തകങ്ങൾ സമ്പൂർണ്ണമായി മാറ്റുകയുണ്ടായി. അവർ തയ്യാറാക്കിയ ഗ്രന്ഥങ്ങൾ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ളതായിരുന്നു. അതിനെപ്പറ്റി വിശദമായ ഒരു പഠനം നടത്തു വാൻ അഖിലകേരള കത്തോലിക്ക കോൺഗ്രസ് അന്ന് ഒരു കമ്മറ്റിയെ നിയോഗിച്ചു. മോൺ. എൽ. ജെ. ചിറ്റൂർ, എം. ഓ. ജോസഫ് നെടുങ്കുന്നം, ജെ യിംസ് കെ. സി. മണിമല, ജയിംസ് കണ്ടത്തിൽ; പ്രൊഫ. മാത്യു ഉലകംതറ എന്നിവരായിരുന്നു കമ്മറ്റിയംഗങ്ങൾ. ആ കമ്മറ്റിയുടെ റിപ്പോർട്ട് പാഠപുസ്തകങ്ങളുടെ തനിനിറമെന്ന പേരിൽ കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധികരിച്ചു. ആ പുസ്തകത്തിന്റെ പ്രസാധകുറിപ്പിൽ ഇപ്രകാരം എഴുതി യിരിക്കുന്നു. "കത്തോലിക്കാ കോൺഗ്രസ് അതിന്റെ പബ്ലിസിറ്റി ബ്യൂറോയെ പുതിയ പാഠപുസ്തകങ്ങളെപ്പറ്റി പഠനം നടത്തുവാൻ നിയോഗിച്ചിരുന്നു. പ്രസ്തുത ബ്യൂറോ സാമൂഹ്യപാഠങ്ങൾ, ഉപപാഠപുസ്തകങ്ങൾ, പദ്യപാഠാ വലികൾ, കേരള മലയാളപാഠാവലികൾ, ജനറൽ സയൻസ് എന്നീ വിഭാഗങ്ങൾ പ്രത്യേകം പരിശോധിച്ച് നിരൂപണങ്ങൾ തയ്യാറാക്കാൻ ഉപ സമിതികൾ രൂപീകരിക്കയുണ്ടായി. അവഗാഢമായ പഠനത്തിന്റെയും സമഗ്ര ചർച്ചകളുടെയും ഫലമായി പ്രസ്തുത ഉപസമിതികൾ ബ്യൂറോയ്ക്ക് സമർ പ്പിച്ച പുസ്തകവിമർശനങ്ങളുടെ സമാഹരമാണ് ഈ പാഠപുസ്തകങ്ങളുടെ തനിനിറം എന്ന പ്രസീദ്ധികരണം."

ഗവൺമെന്റിന്റെ പുതിയ പാഠ്യപുസ്തകനയം കരുതികൂട്ടിയുള്ള ഒരു അടവാണെന്നും ബാലമനസ്സുകളെ പാർട്ടിയന്ത്രത്തിന് കീഴടക്കാനുള്ള കമ്മ്യൂണിസത്തിന്റെ തന്ത്രപരമായ പ്രവണതകൾ മുഴുവനും അവയിലൂട നീളം വ്യാപരിച്ചിട്ടുണ്ടെന്നും വ്യക്തമാണ്. ആ യാഥാർത്ഥ്യങ്ങളുടെ ഉള്ളറക ളിലേക്ക് അനുവാചകർക്ക് ആഞ്ഞിറങ്ങുവാൻ ഈ നിരൂപണങ്ങൾ വേണ്ടുവോളം വെളിച്ചം വീശുന്നുണ്ട്.

പാഠപുസ്തകങ്ങൾ മാറ്റിയെഴുതുന്നതിൽ ആസൂത്രിതമായ വക്ര ബുദ്ധിയാണ് സർക്കാർ പ്രദർശിപ്പിച്ചിരിക്കുന്നത്. 2007-ൽ പ്രസിദ്ധികരിച്ച

www.malankaralibrary.com

പാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ച് 1, 3, 5, 7 ക്ലാസ്സുകളിലേക്കാണ് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നത് സകല കീഴ്വഴക്കങ്ങളെയും ലംഘിച്ചുകൊണ്ടാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. സാധാരണപാഠപുസ്തകങ്ങളുടെ കരട് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞതിനുശേഷമാണ് അവസാനരൂപം നൽകി പ്രസിദ്ധീകരിക്കുക. ഈ സർക്കാർ പാഠപുസ്തകപരിഷ്കരണം പരമരഹസ്യമായിട്ടാണ് നടത്തിയിരിക്കുന്നത്. യഥാസമയം ആരുടെയും കൈകളിൽ പുസ്തകമെത്താതിരിക്കാനും ശ്രദ്ധിച്ചിരുന്നു. സകലകീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് തയ്യാറാക്കിയ പാഠപുസ്തകങ്ങളിലൂടെ നിരീശ്വരത്വവും അധാർമ്മികതയും പ്രചരിപ്പിക്കുവാൻ ഉള്ളശ്രമങ്ങളാണ് നടത്തിയിരിക്കുന്നത്. മതവിദ്വേഷം വളർത്തുന്നതിന് സഹായകരമായ പാഠഭാഗങ്ങളും അവയിലുണ്ട്. കാലഹരണപ്പെട്ട കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുട്ടികളിൽ കുത്തിവയ്ക്കാനുള്ള തന്ത്രപരമായ നീക്കങ്ങളാണ് ഇവയിലെല്ലാം. സർക്കാരിന്റെ ഈ നീക്കത്തിൽ രക്ഷകർത്താക്കളും വിദ്യാഭ്യാസപ്രവർത്തകരും ഈശ്വരവിശ്വാസികളും ദുഃഖിതരാണ്. ഈനാട്ടിലെ ജനങ്ങളുടെ വികാരത്തെ മാനിച്ച് പുതിയതായി പ്രസിദ്ധീകരിച്ച പാഠഭാഗങ്ങൾ പിൻവലിക്കണമെന്ന് കേരള സർക്കാരിനോടും വിദ്യാഭ്യാസവകുപ്പിനോടും ഞങ്ങൾ ആവശ്യപ്പെടുന്നു. അതെ സമയം പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിലെ വിവാദാസ്പദഭാഗങ്ങളെപ്പറ്റി വിശദമായ പഠനം നടത്താനും ശരിയായ വിശദീകരണം നൽകാനും ആവശ്യമായ കൈപുസ്തകം തയ്യാറാക്കാനുള്ള നടപടികൾ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. പാഠപുസ്തകങ്ങളുടെ ഒന്നാം ഭാഗം മാത്രമാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. രണ്ടാം ഭാഗം ഒക്ടോബറിൽ പ്രസിദ്ധീകരിക്കുമെന്നാണറിയുന്നത്. പുതിയതായി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ കരട് മുൻകൂട്ടി പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേൾക്കുന്നതിന് അവസരം നൽകുകയും ചെയ്യണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാനും ഈ സന്ദർഭം വിനിയോഗിക്കുന്നു.

എല്ലാ വർഷവും അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ കുട്ടികളുടെ പ്രവേശനത്തെപ്പറ്റിയും ഫീസിനെപ്പറ്റിയും തർക്കം പുറപ്പെടുവിച്ച് ഇക്കാര്യങ്ങളിൽ ഒരു അനിശ്ചിതത്വം സൃഷ്ടിക്കുകയെന്നതാണ് സർക്കാരിന്റെ അടവ്. അയൽ സംസ്ഥാനങ്ങളിലെ അഡ്മിഷൻ പൂർത്തികരിച്ചതിനുശേഷമാണ് ഇവിടെ പ്രശ്നം പരിഹരിക്കുക. അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസലോബികളുടെ സ്വാധീനമാണ് മന്ത്രിമാരെ ഈ സമീപനത്തിന് പ്രേരിപ്പിക്കുന്നത് എന്ന് തോന്നിപ്പോകും.

ഇടതു സർക്കാർ എല്ലാ രംഗത്തും ക്രൈസ്തവസമൂഹത്തെ പീഢിപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത് അതിനൊരു

www.malankaralibrary.com

ഉദാഹരണമാണ് കന്യസ്ത്രികളെക്കുറിച്ചോ സഭയുടെ സന്യാസവ്യവസ്ഥക ളെക്കുറിച്ചോ പഠിക്കാതെ കന്യസ്ത്രികളെ സംബന്ധിച്ചുള്ള ഒരു നിയമ നിർമ്മാണം കൊണ്ടുവരണമെന്ന ശുപാർശ വനിതാകമ്മീഷൻ വഴി കൊണ്ടു വന്നിരിക്കുന്നത്. ഇത് നിർഭാഗ്യകരവും പ്രതിഷേധാർഹവുമാണ്.

മുകളിൽ സുചിപ്പിച്ചിരിക്കുന്നതുപോലെ കേരളത്തിലെ കത്തോലി ക്കാ സമൂദായം നേരിട്ടുകൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നാം സംഘടിച്ച് മുന്നേറേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് മാത്രമല്ല എല്ലാ മണ്ഡലങ്ങളിലും നമ്മെ ഒറ്റപ്പെടുത്താനുള്ള സംഘടിത നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഇത് തിരിച്ചറിഞ്ഞ് നാം സംഘടി തമായി മുന്നേറിയില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കും ഈ പ്രതിസന്ധികളെ നേരിടാൻ സമസ്തശക്തികളെയും ശേഖരിച്ചുകൊണ്ട്, സമസ്തശിരസ്സുകളെയും ക്രോഡീകരിച്ചുകൊണ്ട്, സമാനമനസ്കരായ സമസ്തജനാധിപത്യഹൃദയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് നീങ്ങാം. ഈ പോരാട്ടത്തിൽ പങ്കുചേരുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ജയ് ഹിന്ദ്, ജയ് ക്രൈസ്റ്റ്

## വിശാലകത്തോലിക്കാ നേതൃസമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

1) കേരളത്തിലെ യുവതലമുറയുടെ ചിന്താധാരകളെ നാസ്തികത യിലേക്ക് നയിക്കാനുള്ള കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഗുഢനീക്കങ്ങളെ ഈ യോഗം അത്യന്തം ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. പാഠപുസ്തകങ്ങളെയും പാഠ്യരീതികളെയും പാഠ്യേതരവിഷയങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ട് പുതിയ തന്ത്രങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഈ വർഷം പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളുടെ നക്കൽ പോലും പുറത്തുവിടാതെയും അവയെപ്പറ്റിയുള്ള ആക്ഷേപങ്ങളും അഭിപ്രാ യങ്ങളും കേൾക്കാതെയുമാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീ കരിച്ചതെന്ന വസ്തുത രക്ഷകർത്താക്കളെയും വിദ്യാഭ്യാസപ്രവർ ത്തകരെയും ഈശ്വരവിശ്വാസികളെയും അങ്ങേയറ്റം വേദനിപ്പിക്കുന്നു. പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിലെ വിവാദാസ്പദഭാഗ ങ്ങളെപ്പറ്റി വിശദമായ പഠനം നടത്താനും ശരിയായ വിശദീകരണം നല്കാനും ഫാ. ഫിലിപ്പ് നെൽപുരപ്പറമ്പിൽ കൺവീനറായും പ്രൊഫ. തോമസ് കണിയംപ്ലാവൻ, പ്രൊഫ. മാത്യു ഉലകംതറ, പ്രൊഫ സാബു ഡി. മാത്യു എന്നിവർ അംഗങ്ങളായും ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുന്നു.

2) ഈ അധ്യയനവർഷം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസ്സുകളിലെ എല്ലാ പാഠപുസ്തകങ്ങളും മാറ്റി എഴുതി പരിഷ്കരിച്ചിരിക്കുകയാണ്.

www.malankaralibrary.com

എൻ.സി.ഇ.ആർ.ടി.യുടെ ദേശീയപാഠ്യപദ്ധതി പരിഷ്കരണചട്ടക്കൂട്ട് അടിസ്ഥാനപ്പെടുത്തി പാഠപുസ്തകങ്ങളെ പരിഷ്കരിക്കാനായിരുന്നു നിർദ്ദേശം. എന്നാൽ ആ നിർദ്ദേശത്തെ അപ്പാടെ അവഗണിച്ചുകൊണ്ടും പാഠപുസ്തകപരിഷ്കരണത്തിനുമുമ്പ് സിലബസ് പരിഷ്കരിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയുമാണ് ഈ പുസ്തകങ്ങളെല്ലാം മാറ്റിയിരിക്കുന്നത്. എന്നുതന്നെയുമല്ല സാധാരണപാഠപുസ്തകങ്ങളുടെ കരട് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞതിനുശേഷം പാഠപുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയെന്ന കീഴ്‌വഴക്കം ലംഘിക്കുകയും ചെയ്തിരിക്കുന്നു. ഇത് ഇടതുപക്ഷ ഗവണ്മെന്റിന്റെ ഹിഡൻ അജണ്ടയുടെ ഭാഗം ആണ്. സ്കൂൾ തുറന്നപ്പോഴാണ് പുതിയ പുസ്തകം കാണാൻ അദ്ധ്യാപകർക്കുപോലും അവസരം ലഭിച്ചത്. പാഠപുസ്തകങ്ങൾ പുറത്തുവന്നപ്പോഴാണ് അതിലെ അപകടകരമായ വസ്തുതകൾ മനസ്സിലാക്കുന്നത്. പാഠപുസ്തകങ്ങളിലൂടെ മതവിദ്വേഷവും നിരീശരത്വവും പ്രചരിപ്പിക്കുവാനും നമ്മുടെ കുട്ടികളിൽ കാലഹരണപ്പെട്ട കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കുത്തിവയ്ക്കാനുമുള്ള തന്ത്രപരമായ നീക്കമാണ് ഇതിനു പിന്നിലുള്ളതെന്നും വ്യക്തമാണ്. മതാത്മക മൂല്യങ്ങളെയും പരമ്പരാഗത കീഴ് വഴക്കങ്ങളെയുമൊക്കെ തകിടംമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമം പാഠപുസ്തകങ്ങളിൽ പ്രകടമാണ്. അതിനാൽ പുതിയ പാഠഭാഗങ്ങൾ മുഴുവൻ പിൻവലിക്കണമെന്ന് ഈ വിശാലകത്തോലിക്കാ നേതൃസമ്മേളനം സർക്കാരിനോടാവശ്യപ്പെടുന്നു.

(3) സ്വാശ്രയനിയമം, കെ.ഇ.ആർ. പരിഷ്കരണം, ഏകജാലകം തുടങ്ങിയവയിലൂടെ സ്വകാര്യവിദ്യാഭ്യാസ ഏജൻസികളെയും ന്യൂനപക്ഷങ്ങളെയും നിരന്തരമായി സർക്കാർ പീഢിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ നീക്കങ്ങൾ ഭരണഘടനാപരമായി നിലനിൽക്കുകയില്ലെന്നറിയാമായിരുന്നിട്ടും ന്യൂനപക്ഷങ്ങളെ ബുദ്ധിമുട്ടിക്കാൻ തന്നെയാണ് ഇടതുസർക്കാരിന്റെ പുറപ്പാട്. ഏതുകാര്യത്തിനും കോടതിയെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണ് ന്യൂനപക്ഷങ്ങൾക്ക് ഇന്നുള്ളത്. സർക്കാരും ന്യൂനപക്ഷങ്ങളും കോടിക്കണക്കിന് രൂപയാണ് കോടതി ചെലവിനായി വിനിയോഗിച്ചിട്ടുള്ളത്. വികസനപ്രവർത്തനങ്ങൾക്കായി കേരളീയർ നല്കുന്ന നികുതിപണം എടുത്താണ് സർക്കാർ കേസുകൾ നടത്തുന്നത്. അങ്ങനെ നടത്തുന്ന കേസുകളിൽ ഒന്നുപോലും ജയിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല എന്നിട്ടും വീണ്ടും വീണ്ടും കേസിന് സർക്കാർ വഴിയൊരുക്കുകയാണ്.

അതേസമയം ന്യൂനപക്ഷസമുദായങ്ങൾ, സമുദായത്തിൽപെട്ടവരിൽ നിന്നും പണം പിരിച്ച് ആണ് കേസിന്റെ ചിലവ് നടത്തുന്നത്. അവർകൂടി നല്കുന്ന നികുതിപണം ആണ് അവർക്കെതിരെ കേസുപറയാൻ സർക്കാർ ചിലവഴിക്കുന്നത്. സർക്കാരിന്റെ മർക്കടമുഷ്ടിയും ധിക്കാരവുമാണ് ഇതിൽ

www.malankaralibrary.com

പ്രകടമായി കാണുന്നത്. ന്യായമായ കാര്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി ന്യൂനപക്ഷസമുദായങ്ങൾ ശ്രമിക്കുന്നതിനെതിരെ സർക്കാർ സ്വീകരിക്കുന്ന ധിക്കാരപരമായ മർക്കടമുഷ്ടി ഉപേക്ഷിച്ച് നാളിതുവരെയുള്ള എല്ലാ കോടതി ചെലവുകളും ന്യൂനപക്ഷസമുദായത്തിന് നല്കുവാൻ സർക്കാർ തയ്യാറാകണമെന്ന് ഈ യോഗം അഭ്യർത്ഥിക്കുന്നു.

(4) ആഗോള കത്തോലിക്ക സഭയുടെ സന്യാസവ്യവസ്ഥകളെക്കുറിച്ചോ കന്യാസ്ത്രികളുടെ സാമൂഹ്യസേവനപരമായ അർപ്പിതജീവിതത്തെക്കുറിച്ചോ ഒരു പഠനവും നടത്താതെ ക്രൈസ്തവസഭയേയും കന്യാസ്ത്രികളെയും ഒന്നടങ്കം അധിക്ഷേപിക്കുന്ന വിധത്തിലുള്ള ശുപാർശകൾ സംസ്ഥാനസർക്കാരിന് സമർപ്പിച്ച വനിതാ കമ്മീഷൻ നടപടിയെ ഈ സമ്മേളനം ശക്തിയായി അപലപിക്കുന്നു. സഭയുടെ എതിർപ്പുകൾ ഗൗനിക്കാതെയും സത്യം ഗ്രഹിക്കാൻ ശ്രമിക്കാതെയും റിപ്പോർട്ടിൽ ഉറച്ചു നിൽക്കുന്ന വനിതാ കമ്മീഷന്റെ ഉദ്ദേശശുദ്ധിയെത്തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. പ്രസ്തുത ശുപാർശകൾ പിൻവലിച്ച് വനിതാ കമ്മീഷൻ നിരുപാധികം ക്ഷമപറയണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു.

(13.06.2008-ൽ കോട്ടയത്ത് സീരിയിൽ ചേർന്ന വിശാലകത്തോലിക്കാ നേതൃസമ്മേളനത്തിൽ കേരളാ കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് ജോൺ കച്ചിറമറ്റം നടത്തിയ അദ്ധ്യക്ഷപ്രസംഗം)

www.malankaralibrary.com

# 12. അടിച്ചമർത്തപ്പെട്ടവർക്ക് മോചനം- ക്രൈസ്തവലക്ഷ്യം

സുവിശേഷവൽക്കരണത്തിന്റെ ലക്ഷ്യം ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വീകാര്യവുമായ വത്സരം പ്രഖ്യാപിക്കലുമാണ്. ആ ലക്ഷ്യത്തിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 2000 സുവിശേഷവൽക്കരണം വിപുലമായി ആഘോഷിക്കുന്നത്. വിശ്വഹിന്ദുപരിഷത്ത് പ്രസ്താവിച്ചതുപോലെ മതപരിവർത്തനമല്ല ക്രൈസ്തവരുടെ ലക്ഷ്യം. ക്രൈസ്തവർക്കുനേരെ നടക്കുന്ന അക്രമങ്ങൾ തെറ്റിദ്ധാരണയുടെ ഫലമാണ്. ഇന്ന് കോടിക്കണക്കിനാളുകൾ അടിമത്തത്തിൽ കഴിയുന്നു, ചൂഷണത്തിന് വിധേയരാകുന്നു. അവരുടെയിടയിൽ നല്ല വാർത്ത-സുവിശേഷം എത്തിക്കുക എന്നതു മാത്രമാണ് ക്രൈസ്തവധർമ്മം. മൂന്നാം സഹസ്രാബ്ദത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഭാരതത്തിലെ എല്ലാ ജനങ്ങളും ബന്ധനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും മോചിതരാകണമെന്നാണ് ക്രൈസ്തവരുടെ ആഗ്രഹം. ഈ നല്ല ലക്ഷ്യത്തോട് സഹകരിക്കുവാൻ വിശ്വഹിന്ദു പരിഷത്ത് സഹകരിക്കുകയാണ് വേണ്ടത്. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുവാൻ-അവർക്ക് വിദ്യാഭ്യാസം നല്കുവാൻ അവരെ സ്വാതന്ത്ര്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ എല്ലാ ഹിന്ദുസംഘടനകളോടും യോജിച്ച് പ്രവർത്തിക്കുവാൻ ക്രൈസ്തവർ തയ്യാറാകണം. അടിമത്തത്തിൽ നിന്നും ചൂഷണത്തിൽ നിന്നും ഭാരതത്തിലെ ജനകോടികളെ മോചിപ്പിക്കുവാനുള്ള എല്ലാ ശ്രമങ്ങൾക്കും എല്ലാ ഹൈന്ദവസംഘടനകളുടെയും സഹായം കൂട്ടായ ശ്രമം ആവശ്യമാണ്. ആ കൂട്ടായ ശ്രമത്തിലൂടെ ക്രൈസ്തവരുടെ ലക്ഷ്യം മതപരിവർത്തനം മാത്രമാണോയെന്ന് എല്ലാവർക്കും മനസ്സിലാക്കാം.

ഭാരതം ഒരു ജനാധിപത്യരാജ്യമാണ്. അതേസമയം മതേതര രാഷ്ട്രവുമാണ്. ഭാരതത്തിലെ ജനതയ്ക്ക് ഏതുമതത്തിൽ വിശ്വസിക്കുവാനും, ഏതുമതത്തിൽ ചേരുവാനും ഭാരതത്തിന്റെ ഭരണഘടനയിലൂടെ നമുക്ക് അവകാശം നല്കിയിട്ടുണ്ട്. ഇത് സത്യമാണ്.

അതിമനോഹരമായ ഈ ഭരണഘടനയ്ക്ക് രൂപം നൽകിയിട്ട് അരനൂറ്റാണ്ട് മാത്രമേ ആയിട്ടുള്ളു. ഈ ഭരണഘടനനിലവിൽ വരുന്നതിനുമുമ്പേ അനേകായിരം വർഷങ്ങൾക്കുമുമ്പെ, ഈ ഭരണഘടനയുടെ അന്ത

www.malankaralibrary.com

സത്ത ഭാരതജനത മുഴുവൻ അംഗീകരിച്ചിരുന്നുവെന്ന വസ്തുത നാമാരും വിസ്മരിക്കരുത്. ഭാരതത്തിൽ നിലവിലിരുന്ന ഒരു അലിഖിതനിയമം ഭരണഘടനാ ശില്പികൾ എഴുതിച്ചേർക്കുക മാത്രമാണ് ചെയ്തത്.

മഹത്തായ ഒരു സംസ്കാരത്തിന്റെ ഉടമകളാണ് നാം. ആ സംസ്കാരത്തിനനുസൃതമായ ഒരു ഭരണഘടനയ്ക്കാണ് നാം രൂപം നൽകിയത്. എല്ലാമതങ്ങളെയും ആദരിക്കുകയും, എല്ലാ സംസ്കാരങ്ങളെയും സ്വീകരിക്കുകയും, എല്ലാവിധ ആചാരങ്ങൾക്കും ബഹുമാനം നൽകുകയും ചെയ്തുപോന്നിട്ടുള്ളതാണ് ഭാരതീയ സംസ്ക്കാരം. ലോകമതങ്ങളിൽ പഴക്കംകൊണ്ടും, തിളക്കംകൊണ്ടും ഏറ്റവും പ്രശസ്തിയാർജ്ജിച്ച ഹൈന്ദവമതമാണ്, ഭാരതത്തിലെ ക്രൈസ്തവന്റെയും മുസൽമാന്റെയും പൈതൃകം. ഭാരതീയ സംസ്ക്കാരത്തിൽ, ആർഷഭാരതത്തിന്റെ ഹൈന്ദവ സംസ്കാരത്തിൽ, അഭിമാനം കൊള്ളുവാൻ നമുക്ക് സാധിക്കണം. ഭാരതീയ ജനതയ്ക്ക് മുഴുവൻ സാധിക്കണം. ഇത്രമാത്രം അനുഭവസമ്പത്തും, താത്വീകമായ ചിന്താഗതികളും സാന്മാർഗ്ഗീകോപദേശങ്ങളും ലോകത്തിന് നൽകിയ മറ്റൊരു പുരാതനമതം ലോകത്തിലെവിടെയെങ്കിലുമുണ്ടോ? ലോകത്തിലെ എല്ലാ നല്ല ആശയങ്ങളെയും ഉൾക്കൊള്ളാൻ, സ്വാംശീകരിക്കാൻ കഴിഞ്ഞിട്ടുള്ളതാണ് ഹൈന്ദവമതം. ഹൈന്ദവമതത്തെ കൂടുതൽ മനശാസ്ത്രപരമായി വളർത്തിയെടുക്കാൻ കഴിഞ്ഞ ബുദ്ധമതവും, ജൈനമതവും ഭാരതത്തിന്റെ സ്വന്തമാണ്. ലോകമതങ്ങളുടെ കൂടെ തലഉയർത്തിപ്പിടിച്ചു നിൽക്കുന്ന ഈ മതങ്ങളുടെ മടിത്തട്ടിലേക്കാണ് ക്രിസ്തുവിന്റെ ആദർശങ്ങളുമായി തോമാശ്ലീഹാ കടന്നുവന്നത്.

ഒരു കാര്യം ഇവിടത്തെ ക്രൈസ്തവർ മനസ്സിലാക്കണം. നമ്മുടെ പൂർവ്വികർ ക്രിസ്തുവിനെ സ്വീകരിച്ചത് ഹൈന്ദവപൈതൃകത്തെ ധിക്കരിച്ചുകൊണ്ടല്ല. അതിന് കൂടുതൽ അർത്ഥവ്യാപ്തി നൽകിക്കൊണ്ടാണ്. ഒരു നല്ല ക്രൈസ്തവന് ഹൈന്ദവസംസ്കാരത്തെ തള്ളിപ്പറയാൻ സാധിക്കുകയില്ല. ഒരു നല്ല ഹൈന്ദവൻ എല്ലാ മതങ്ങളേയും ആദരിക്കുന്നവനാണ്. സർവ്വമതങ്ങളോടും മൈത്രിയിൽ കഴിയുന്നവനാണ്. നന്മയെ അംഗീകരിച്ചാശ്ലേഷിക്കുവാനും തിന്മയ്ക്കെതിരെ പോരാടുവാനും മതം നമ്മെ ശക്തരാക്കുന്നു. വേദപുസ്തകവും ഭഗവത്ഗീതയും നൽകുന്ന സന്ദേശം തിന്മയ്ക്കെതിരെ പോരാടി നന്മയെ വിജയിപ്പിക്കണമെന്നാണ്.

യുദ്ധത്തിനിറങ്ങാൻ മടിച്ചുനിന്ന അർജ്ജുനനോട് യുദ്ധത്തിനിറങ്ങി തിന്മയുടെ പ്രവാചകന്മാരെയും യോദ്ധാക്കളെയും നശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശ്രീകൃഷ്ണൻ ഉൽബോധനം നൽകുന്ന ഭാഗം ആരെയും ഹൃദയപരിവർത്തനത്തിന് പ്രേരിപ്പിക്കും.

ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും വർണ്ണത്തിന്റെയും വൈവിദ്ധ്യം തിങ്ങിനിറഞ്ഞ, വിവിധ സംസ്കാരങ്ങളുടെയും ആചാരങ്ങളു

www.malankaralibrary.com

ടെയും കലവറയായ ഭാരതത്തിന്റെ പുണ്യഭൂമിയിൽ മതസൗഹാർദ്ദം കഴിഞ്ഞ കാലങ്ങളിൽ വളർന്ന് പന്തലിച്ചിരുന്നു. എന്നാൽ ഇന്ന് ഈ പുണ്യഭൂമിയിൽ പലയിടത്തും മതസൗഹാർദ്ദങ്ങൾ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു. ക്രൈസ്തവരുടെ ദേവാലയങ്ങളും വിദ്യാലയങ്ങളും ആക്രമിക്കപ്പെടുന്നു. 1998-ൽ തന്നെ ക്രൈസ്തവർക്കെതിരെ 96 സ്ഥലത്ത് അക്രമങ്ങൾ നടന്നിരിക്കുന്നു. വൈദികരും കന്യാസ്ത്രീകളും വധിക്കപ്പെടുന്നു. ദേവാലയങ്ങളും ക്രൈസ്തവ സ്ഥാപനങ്ങളും അഗ്നിക്കിരയാകുന്നു. ഈ അക്രമങ്ങൾക്ക് പിന്നിൽ ഹിന്ദുവർഗ്ഗീയവാദികൾ ആണെന്ന പ്രചരണം നടത്തുന്നു.

ഒരിക്കലും ഒരു ഹന്ദുവിന് വർഗ്ഗീയവാദിയാകാൻ സാധിക്കുകയില്ല. അവൻ വർഗ്ഗീയവാദിയും കൊള്ളക്കാരനുമായി മാറുന്നുവെങ്കിൽ അതിന്റെ അർത്ഥം അവൻ ഹിന്ദുവല്ലാതായിത്തീരുന്നുവെന്നു മാത്രമാണ്. ഒരിക്കലും ഒരു ഹിന്ദുവിന് ഒരു ഭാരതീയന് ഏതുമതത്തിൽപ്പെട്ടവനേയും വിദ്വേഷത്തോടെ കാണുവാൻ സാധിക്കുകയില്ല എന്നതാണ് സത്യം. ഏതെങ്കിലും ഒരു ഭാരതീയൻ മതവിദ്വേഷിയായി മാറുന്നുവെങ്കിൽ അതിന് ഉത്തരവാദി നാം തന്നെയാണ്. നമ്മുടെ വിദ്യാലയങ്ങളും ഒരു പരിധിവരെ അതിന് ഉത്തരവാദികളാണ്. നമ്മുടെ യുവതലമുറയെ ഭാരതീയസംസ്കാരത്തെപ്പറ്റിയും അതിന്റെ ചരിത്രത്തെപ്പറ്റിയും ഭാരതീയദർശനത്തെപ്പറ്റിയും ശരിക്കു പഠിപ്പിച്ചിരുന്നുവെങ്കിൽ, നമ്മുടെ മഹത്തായ സംസ്കാരത്തെയും പൈതൃകത്തെയും നശിപ്പിക്കുന്ന പ്രവർത്തികളിൽ ഒരു ഭാരതീയനും ഏർപ്പെടുകയില്ലായിരുന്നു.

നമ്മുടെ വേദങ്ങളും ഉപനിഷത്തുകളും ലോകത്തിന് നൽകിയ സന്ദേശം ഭാരതജനതയ്ക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുന്നതിൽ നാം പരാജയപ്പെട്ടതിന്റെ ഫലമാണ് ഭാരതത്തിൽ കാണുന്ന വിദ്വേഷപൂർണ്ണമായ പ്രവർത്തനങ്ങൾ. ഈ യഥാർത്ഥ്യം നാം അംഗീകരിക്കണം.

ക്രിസ്ത്യാനികൾ വാളും, വടിയും ഭീഷണിയും പണവും ഉപയോഗിച്ച് ഹിന്ദുക്കളെ മതം മാറ്റുന്നുവെന്നാണ് പ്രചരണം. ആ പ്രചരണം യഥാർത്ഥത്തിൽ ഹിന്ദുസഹോദരങ്ങൾ അല്ല നടത്തുന്നത്. ചില നിക്ഷിപ്ത താല്പര്യക്കാർ തങ്ങളുടെ താല്പര്യസംരക്ഷണത്തിന് വേണ്ടി വർഗ്ഗീയത ഇളക്കിവിട്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്.

ക്രിസ്തു സന്ദേശം ഈ മണ്ണിൽ എത്തുന്നതിന് മുമ്പ് മനുസ്മൃതിയുടെ കാലംമുതൽ ഇവിടെ മതപരിവർത്തനം നടന്നിരുന്നു. മനുസ്മൃതിയുടെ കാലം മുതൽ ഇവിടെ അടിമകളാക്കപ്പെട്ട അധകൃതജനവിഭാഗങ്ങൾ രക്ഷാമാർഗ്ഗം നേടി അന്യമതങ്ങളെ അഭയം പ്രാപിക്കുകയാണുണ്ടായത്. ഈ മതപരിവർത്തനത്തിന് ചുരുങ്ങിയത് 2500 വർഷത്തെ പഴക്കമുണ്ട്. ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ, "അടിമകളെ അപ്പാടെ സ്വീകരിക്കാൻ ബുദ്ധമതം മടികാണിച്ചപ്പോൾ ജൈനമതം അടിമകളെ രണ്ടും

www.malankaralibrary.com

കയ്യും നീട്ടി സ്വീകരിച്ചു. ജൈനമതത്തിന് വടക്കേ ഇന്ത്യയിൽ ബുദ്ധമതത്തോളം രാജകീയാംഗീകാരം ലഭിക്കാതെ പോയതിന്റെ കാരണം ഇതുകൂടിയായിരുന്നു. അടിമത്വം ഉപേക്ഷിച്ച താണവർഗ്ഗക്കാർക്ക് ബുദ്ധമതവും പിന്നീട് അഭയസ്ഥാനമായി. അതിനെന്ത്? ബുദ്ധമതത്തെ ഇന്ത്യയിൽ നിന്നു തന്നെ യാഥാസ്ഥിതികർ കെട്ടുകെട്ടിക്കുകയും ക്രിസ്തുമതത്തിലേക്കും ഇസ്ലാംമതത്തിലേക്കും അധഃകൃതരും അടിമകളും ഓടിപ്പോയതും രക്ഷാമാർഗ്ഗം തേടിയായിരുന്നു. ആരാണിതിന് കാരണക്കാർ? പൊതുനിരത്തിലൂടെ നടക്കാനും പൊതുജലാശയങ്ങളിൽനിന്ന് വെള്ളം കോരിക്കുടിക്കുവാനും വിലക്കപ്പെട്ടവർ, മറ്റുള്ളവർക്ക് ഒപ്പമിരുന്ന് ഭക്ഷിക്കാനും കളിക്കാനും എഴുത്ത് പഠിക്കാനും അവകാശമില്ലാത്തവർ, മുഖ്യഭാഷയിൽ സംസാരിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട അവർ പിന്നെ എന്തുചെയ്യണമായിരുന്നു? മുഖ്യധാരാജീവിതത്തിൽ നിന്ന്പാടെ അവഗണിക്കപ്പെട്ട അശരണരായ ഈ അടിമപ്പുഴുക്കൾ പിൽക്കാലത്ത് ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും ആശ്വാസം കണ്ടെത്തിയത് അവരുടെ കുറ്റമാണോ? ഈ ഹീനജീവികളെ മനുഷ്യരായി പരിഗണിച്ചവർ കുറ്റവാളികളെന്നോ? ആരാണ് യഥാർത്ഥ കുറ്റവാളികളെന്ന് തിരിച്ചറിയാൻ ചരിത്രത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുകയേ വേണ്ടൂ."

ഈ രാജ്യത്ത് സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതും എന്താണെന്ന് രാമചന്ദ്രന്റെ വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ഇവിടെ ക്രൈസ്തവർ ഭീഷണിപ്പെടുത്തിയോ, പണം കൊടുത്തോ ആരെയെങ്കിലും എന്നെങ്കിലും മതം മാറ്റിയിട്ടുണ്ടോയെന്ന് നിഷ്പക്ഷമായ ഒരന്വേഷണം നടത്തുകയാണ് വേണ്ടത്.

രണ്ടായിരാമാണ്ടിൽ ഭാരതത്തെ സുവിശേഷവൽക്കരിക്കാൻ ക്രൈസ്തവർ തയ്യാറെടുക്കുന്നുവെന്നാണ് സംഘപരിവാറും മറ്റും ആരോപിക്കുന്നത്. എന്താണ് ക്രൈസ്തവരുടെ സുവിശേഷവൽക്കരണം? അടിച്ചമർത്തപ്പെട്ടവർക്ക് മോചനവും, ബന്ധിതർക്ക് സ്വീകാര്യമായ വൽസരവും നൽകുകയെന്നതാണ്. ഇവിടെ അടിച്ചമർത്തപ്പെട്ട സകലമനുഷ്യർക്കും നീതി ലഭിക്കുമ്പോൾ ക്രൈസ്തവദൗത്യം പൂർത്തീകരിക്കപ്പെടും. രണ്ടായിരാമാണ്ടാകുമ്പോഴേക്കും ഭാരതത്തെ ക്രൈസ്തവമാക്കുവാനല്ല ക്രൈസ്തവർ ശ്രമിക്കുന്നത്. പിന്നെയോ, സകലഭാരതീയരും സ്വാതന്ത്ര്യത്തിന്റെ മധുരഫലങ്ങൾ അനുഭവിക്കുവാൻ യോഗ്യരായി തീർക്കുകയെന്നതുമാത്രമാണ് ലക്ഷ്യം.

(യേശുക്രിസ്തുവിന്റെ രണ്ടായിരം ജന്മദിനത്തോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് എറണാകുളത്ത് വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ (11.10.1999) ജോൺ കച്ചിറമറ്റം അവതരിപ്പിച്ച പ്രബന്ധം)

www.malankaralibrary.com

# 13. തമിഴ്നാട് ഗവണ്മെന്റിന്റെ മതപരിവർത്തന നിരോധന നിയമം

വ്യക്തികളുടെ മൗലികാവകാശത്തെ ധ്വംസിക്കുന്നതും മനുഷ്യാവകാശത്തെ നിഷേധിക്കുന്നതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതുമായ ഒരു നിയമനിർമ്മാണം തമിഴ്നാട് ഗവണ്മെന്റ് പാസ്സാക്കിയിരിക്കുന്നു. മതപരിവർത്തന നിരോധനനിയമം എന്നാണ് ആ നിയമത്തിന്റെ പേര്. ഒരു ഓർഡിനൻസായിട്ടാണ് നിയമം പുറപ്പെടുവിച്ചത്. ബലം പ്രയോഗിച്ച് മതപരിവർത്തനം നടത്തുന്നതിനെ തടയാനുള്ള വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിൽ ഉള്ളപ്പോൾ ധൃതിപിടിച്ചു ഒരു ഓർഡിനൻസ് തമിഴ്നാട് ഗവണ്മെന്റ് പുറപ്പെടുവിച്ചത് ദുരുപദിഷ്ഠമാണ്. ഏതുമതപരിവർത്തനത്തെയും നിർബന്ധിത മതപരിവർത്തനമായി ദുർവ്യാഖ്യാനം ചെയ്യാൻ സഹായിക്കുന്ന വ്യവസ്ഥകൾ അടങ്ങിയ പുതിയ നിയമം ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതാണ്. തമിഴ്നാട്ടിലെ ക്രൈസ്തവ പിന്നോക്ക ന്യൂനപക്ഷ ദളിത് വിഭാഗങ്ങൾ നടത്തുന്ന സമരത്തിന് കേരള കത്തോലിക്കാ കോൺഗ്രസ് സമ്പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുന്നു.

തമിഴ്നാട്ടിലെ ക്രൈസ്തവ ന്യൂനപക്ഷ പിന്നോക്ക ദളിത് വിഭാഗങ്ങളുടെ വികാരവിചാരങ്ങൾ മനസ്സിലാക്കുന്നതിന് കത്തോലിക്കാ കോൺഗ്രസ്സ് ഒരു പ്രതിനിധി സംഘത്തെ മദ്രാസിലേക്കയച്ചു. ആ സംഘത്തിൽ എന്നെകൂടാതെ എ.ഐ.സി.യു. ട്രഷറർ അഡ്വ. ജോസ് പി. ജോർജ്ജ്, സീറോ-മലബാർ കാത്തലിക് കോൺഗ്രസ് ജനറൽ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ, എ.ഐ.സി.യു സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. വി.എ. വർഗീസ് എന്നിവർ ഉണ്ടായിരുന്നു.

പ്രതിനിധിസംഘം തമിഴ്നാട് സന്ദർശിക്കുകയും അവിടെ നടന്നുകൊണ്ടിരിക്കുന്ന സമരത്തിൽ പങ്കെടുക്കുകയും വിവിധ പ്രതിഷേധയോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. മദ്രാസ് ആർച്ച് ബിഷപ്പ് ഹൗസിൽവച്ച് ബിഷപ്പ് ലോറൻസ് പയസ്, ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ നേതാക്കളായ ഡോ. ആരോഗ്യസ്വാമി, എഫ്.എ. നാഥൻ, അരുൾ രാജ്, എം. ജ്ഞാനപ്രകാശ്, പോണ്ടിച്ചേരി ആർച്ച് ബിഷപ്പ് ഡോ. മൈക്കിൾ അഗസ്റ്റിൻ, വെല്ലൂർ രൂപതാ ബിഷപ്പ് ഡോ. ചിന്നപ്പ, സി.എസ്.ഐ. ബിഷപ്പ് ഡോ. ദേവസഹായം, പെന്റകോസ്റ്റൽ ബിഷപ്പ് ദയാനാഥ് എന്നിവരുമായി കേരള കത്തോലിക്കാ പ്രതിനിധിസംഘം ചർച്ച ചെയ്തു. അനന്തരം തമിഴ്നാട് മുഖ്യമന്ത്രി

www.malankaralibrary.com

ജയലളിതയ്ക്ക് പ്രതിനിധിസംഘം ഒരു നിവേദനം സമർപ്പിച്ചു.

തമിഴ്നാട്ടിലെ സ്ഥിതിവിശേഷം വിശദീകരിക്കുന്നതിനും കേരള കത്തോലിക്കരെ തമിഴ്നാട് വിശേഷങ്ങൾ അറിയിക്കുന്നതിനുംവേണ്ടിയാണ് ഈ നേതൃസമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്നത്. ഈ സമ്മേളനം ഉൽഘാടനം ചെയ്യാൻ ഇവിടെ എത്തിചേർന്നിരിക്കുന്ന തിരുവല്ലാ രൂപതയുടെ സഹായമെത്രാൻ തോമസ് മാർ കൂറിലോസ് തിരുമേനിയെയും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നിരിക്കുന്ന പ്രതിനിധികളെയും സ്നേഹപൂർവ്വം ഈ സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു കൊള്ളുന്നു.

ഈ സന്ദർഭത്തിൽ മുൻകാലത്തെ ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥിതിയെപ്പറ്റി ഒന്ന് ഓർമ്മിക്കാം. വിവിധ ജനവിഭാഗങ്ങൾ ഒന്നിച്ചധിവസിച്ചിരുന്ന ഒരു നാടായിരുന്നു ഭാരതം. നിർഭാഗ്യവശാൽ ഭാരതത്തിലെ ജനങ്ങളെ സവർണ്ണരും അവർണ്ണരുമായി വേർതിരിക്കുന്ന ഒരു സ്ഥിതി വിശേഷം ഇവിടെ രൂപംകൊണ്ടു. അറുപതുശതമാനത്തിലധികം വരുന്ന അവർണ്ണരെ-അധഃസ്ഥിതരെ - മുഴുവൻ തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരുമായി മാറ്റി നിർത്തുവാൻ സവർണ്ണർക്കു സാധിച്ചു. അന്നു സമൂഹത്തിൽ നിലനിന്നിരുന്ന ഏറ്റം വലിയ സാമൂഹ്യതിന്മയായിരുന്നു അയിത്താചരണം. താണജാതിക്കാർക്ക് പൊതുനിരത്തുകളിൽകൂടി നടക്കുവാനോ ക്ഷേത്രങ്ങളിൽ കയറി ആരാധന നടത്തുവാനോ വസ്ത്രം, ആഭരണം മുതലായവ ധരിക്കുവാനോ അവകാശം ഉണ്ടായിരുന്നില്ല. കൃഷിഭൂമിയും വീട്ടുപകരണങ്ങളും വളർത്തുമൃഗങ്ങളുംപോലെ വിൽക്കുവാനും വിൽക്കപ്പെടുവാനുമുള്ള വസ്തുവായിട്ടാണ് അവർണ്ണരെ കണക്കാക്കിയിരുന്നത്. സവർണ്ണകുലജാതരായിരുന്നതുകൊണ്ടുമാത്രം വിധികർത്താക്കളായിത്തീർന്നവരുടെ അവ്യവസ്ഥാപിതവും അലിഖിതവുമായ വിധിന്യായങ്ങളുടെ മുമ്പിൽ സത്യവും നീതിയും മരിച്ചു വീഴുന്ന സംഭവങ്ങൾ അനവധിയായിരുന്നു. അമർത്തിപ്പിടിച്ച വികാരങ്ങളും വീർപ്പുമുട്ടിക്കുന്ന സ്വാതന്ത്ര്യവാഞ്ഛയും അനന്തമായി അവശേഷിക്കുന്ന ഭയവും സാധാരണ ജനങ്ങളുടെ സ്ഥായിഭാവമായി മാറി. വലിയ ജന്മികൾ കൃഷിപ്പണിക്കുവേണ്ടി അവർണ്ണരെ അടിമകളാക്കി വച്ചുകൊണ്ടിരുന്നു. ഇതിനെതിരെ ശബ്ദിക്കാൻപോലും അവർണ്ണർ ധൈര്യപ്പെട്ടില്ല. ഇതൊക്കെ തങ്ങൾ അനുഭവിക്കാൻ കടപ്പെട്ടവരാണെന്ന ധാരണയിൽ അവർ കഴിഞ്ഞുകൂടി.

ബ്രാഹ്മണാധിപത്യം അടിച്ചേൽപ്പിച്ച ഈ വ്യവസ്ഥിതി രാജസ്ഥാനത്തിന്റെ പിന്തുണയോടുകൂടി സമൂഹത്തിൽ പടർന്നുപിടിച്ചു. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യഘടകമായിരുന്നതിനാൽ അയിത്താചരണത്തിനെതിരായ ഏതു നീക്കവും ഹിന്ദുമതത്തിനെതിരായ നീക്കമായി കണക്കാക്കപ്പെട്ടിരുന്നു.

www.malankaralibrary.com

ക്രൈസ്തവമിഷനറിമാർ ഭാരതത്തിലെത്തി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തനമാരംഭിച്ചതോടെ അന്നത്തെ സാമൂഹികവ്യവസ്ഥിതിക്ക് ഒരു മാറ്റം വന്നു. അയിത്തവിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി വസ്ത്രവും ഭക്ഷണവും പുസ്തകവും നൽകി അവരെ വിദ്യ അഭ്യസിപ്പിച്ചു. വിദ്യാഭ്യാസം ലഭിച്ച അധഃസ്ഥിതർ ഇന്ന് നിലവിലിരുന്ന സാമൂഹിക വ്യവസ്ഥിതിയെ വെല്ലുവിളിച്ചു. അയിത്തജാതിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ആനയിക്കപ്പെട്ടു. ഈ മാറ്റം ഉൾക്കൊള്ളാൻ തയ്യാറാകാതെ രാജസ്ഥാനത്തിന്റെ പിന്താങ്ങോടെ അവർണ്ണരെ അടിച്ചമർത്തുവാൻ വീണ്ടും ശ്രമിച്ചു. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യഘടമായിരുന്നതിനാൽ അയിത്തം നിലനിൽക്കാത്ത ഏതെങ്കിലും ഒരു മതവിഭാഗത്തിൽ ചേരുന്നതിന് അവർ ആഗ്രഹിച്ചു. തൽഫലമായിട്ടാണ് ബുദ്ധമതത്തിലേക്കും ക്രിസ്തുമതത്തിലേക്കും ഇസ്ലാംമതത്തിലേക്കും കൂട്ടമതപരിവർത്തനത്തിന് തയ്യാറായത്. അത് നിർബന്ധത്തിന്റെയോ പ്രേരണയുടെയോ ഫലമായിരുന്നില്ല. ഞങ്ങൾക്ക് നീതിയും സ്വാതന്ത്ര്യവും ലഭിക്കുന്ന ഒരു സമൂഹമായി ഒത്തുചേർന്ന് പ്രവർത്തിക്കുവാനുള്ള ഉൽക്കടമായ അഭിലാഷം മാത്രമായിരുന്നു.

ഇതേത്തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ-നാട്ടുരാജ്യങ്ങളിൽ-മതപരിവർത്തന നിരോധനനിയമത്തിന് രൂപംകൊടുക്കുന്നതിനും ഭരണാധികാരികളെ പ്രേരിപ്പിക്കുവാൻ സവർണ്ണർക്കു സാധിച്ചു. ഒരു പരിധിവരെ അതു വിജയിച്ചു. 1947-ൽ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചു. തുടർന്നു രൂപം കൊടുത്ത ഇന്ത്യൻഭരണഘടനയിൽ ഏതുമതവും പ്രചരിപ്പിക്കുന്നതിനും ഏതു മതത്തിൽച്ചേർന്ന് പ്രവർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എഴുതിച്ചേർത്തു. ഈ സ്വാതന്ത്ര്യത്തെ ഹനിക്കാൻ പലരും ശ്രമിച്ചെങ്കിലും അതു വിജയിച്ചില്ല. ജവഹർലാൽ നെഹ്റുവും പിന്നീട് അധികാരമേറ്റെടുത്ത പല പ്രധാനമന്ത്രിമാരും സ്വീകരിച്ച ശക്തമായ മതനിരപേക്ഷ നിലപാട് ആ ശ്രമങ്ങളെ പരാജയപ്പെടുത്തി.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയുടെ ആഭ്യന്തരമന്ത്രിയായിരുന്ന ഡോ. കൈലാസ് നാഥ് കഡ്ജു പാർലമെന്റിൽ ചെയ്ത പ്രസ്താവനകൾ ന്യൂനപക്ഷസമുദായങ്ങളെ വേദനിപ്പിച്ചു. 1955-ൽ മദ്ധ്യപ്രദേശ് ഗവണ്മെന്റ് നിയോഗിച്ച നിയോഗിക്കമ്മേറ്റിയുടെ റിപ്പോർട്ടും മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതായിരുന്നു. തുടർന്ന് ഒറീസ്സയിലും മദ്ധ്യപ്രദേശിലും മതസ്വാതന്ത്ര്യ നിയമം എന്ന ഓമനപ്പേരിൽ കൊണ്ടുവന്ന നിയമങ്ങൾ മതപരിവർത്തനത്തെ നിരോധിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു. ശ്രീ. മൊറാർജി ദേശായിയുടെ ഭരണകാലത്ത് ഒ.പി. ത്യാഗി അവതരിപ്പിച്ച മതസ്വാതന്ത്ര്യ ബില്ലിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭങ്ങളെ തുടർന്ന് ആ ബിൽ പിൻവലിക്കുകയുണ്ടായി. തുടർന്ന് അരുണാചലിലും മതപ്രചാരണ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള നിയമനിർമ്മാണം കൊണ്ടുവന്നു.

www.malankaralibrary.com

ബി.ജെ.പി. കേന്ദ്രഭരണം ഏറ്റെടുത്തതിനുശേഷം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവമിഷനറിമാർ പീഡിപ്പിക്കപ്പെടുകയും ക്രൂരമായവിധം വധിക്കപ്പെടുകയും ചെയ്തു. ഇന്ത്യയൊട്ടാകെ മതപരിവർത്തന നിരോധനനിയമം കൊണ്ടുവരണമെന്ന് സംഘപരിവാർ അടക്കമുള്ള ഹിന്ദുസംഘടനകൾ ആവശ്യപ്പെട്ടു. ഈ സന്ദർഭത്തിലാണ് തമിഴ്നാട്ടിൽ ജയലളിത ഗവണ്മെന്റ് മതപരിവർത്തന നിരോധനനിയമം ഒരു ഓർഡിനൻസായി പുറപ്പെടുവിച്ചത്. പ്രത്യേകമായൊരു അടിയന്തിരസാഹചര്യവുമില്ലാതെ നിയമസഭ സമ്മേളിക്കാൻ ഏതാനുംദിവസം മാത്രമുള്ളപ്പോൾ ഇങ്ങനെയൊരു നിയമം ഓർഡിനൻസായി കൊണ്ടുവരേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. തുടർന്നുണ്ടായ പ്രക്ഷോഭങ്ങളെ അവഗണിച്ചുകൊണ്ട് തമിഴ്നാട് നിയമസഭ ഒരു ബില്ലായി ഇത് പാസ്സാക്കുകയും ചെയ്തു. ഏതു മതപരിവർത്തനത്തെയും നിർബന്ധിത മതപരിവർത്തനമായി ദുർവ്യാഖ്യാനം ചെയ്യാൻ സഹായിക്കുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകൾ.

ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ മതപരിവർത്തനനിരോധന നിയമം കൊണ്ടുവന്നപ്പോൾ അതിനെതിരെ ശക്തമായി പ്രതികരിച്ചത് കേരള കത്തോലിക്കരായിരുന്നു. അതിന് നേതൃത്വം നല്കിയത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സുമായിരുന്നു. നിയോഗി കമ്മിറ്റി റിപ്പോർട്ട് വിവിധ ഭാഷകളിലേക്കു വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച് അതിനെതിരെ ബഹുജനരോഷം ആളിക്കത്തിക്കുന്നതിൽ എ.കെ.സി.സി. നിർണ്ണായകമായ പങ്കുവഹിച്ചു. തമിഴ്നാട് ഗവണ്മെന്റിന്റെ മതപരിവർത്തനനിരോധന നിയമത്തിനെതിരെയും ശക്തമായ പരിപാടികളാണ് എ.കെ.സി.സി. ആവിഷ്കരിച്ചത്.

തമിഴ് നാടിന്റെ ഈ നീക്കം അപകടകരമാണ്. മതസ്വാതന്ത്ര്യം ഇവിടെ തകർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ നീക്കത്തിനെതിരെ കേരള ക്രൈസ്തവർ ഒറ്റക്കെട്ടായി ശബ്ദമുയർത്തണം.

ഇന്ത്യയൊട്ടുക്ക് മതപരിവർത്തന നിരോധന നിയമം പാസ്സാക്കണമെന്നാണ് ബി.ജി.പി. അദ്ധ്യക്ഷൻ പ്രസ്താവിച്ചിരിക്കുന്നത്. കൂടുതൽ പ്രശ്നങ്ങളിലേക്ക് നമ്മുടെ നാട് മുന്നോട്ടു നീങ്ങുമെന്നാണ് നാം ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. അതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടത് കേരളത്തിലെ ക്രൈസ്തവസമൂഹമാണ്. അതിന് സമൂഹത്തെ സജ്ജമാക്കുവാൻ എ.കെ.സി.സി. ആവിഷ്കരിക്കുന്ന കർമ്മപരിപാടികളോട് ഏവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(എ.കെ.സി.സി. പ്രതിനിധി സംഘം തമിഴ്നാട് സന്ദർശിച്ചതിനുശേഷം കേരളത്തിലെത്തി വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി വിളിച്ചു ചേർത്ത നേതൃസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം. 20.12.2002 തെള്ളകം ചൈതന്യാ പാസ്റ്ററൽ സെന്റർ)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



ജോൺ കച്ചിറമറ്റം

# എന്റെ കലഹവും സംവാദവും

## രണ്ടാം ഭാഗം

കത്തോലിക്കാ കോൺഗ്രസ്, കേരളകാത്തലിക് ഫെഡറേഷൻ, ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ തുടങ്ങിയ സംഘടനകളുടെ ഭാരവാഹിയായിരുന്നപ്പോൾ ഞാൻ കേരളത്തിലും കേരളത്തിനുപുറത്തും ഇന്ത്യക്കുവെളിയിലും നടത്തിയ ഏതാനും പ്രസംഗങ്ങളാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സമുദായാംഗങ്ങളെ സഭയുടെ ചരിത്രം മാത്രമല്ല സമുദായത്തിന്റെ ചരിത്രം കൂടി പഠിപ്പിക്കണമെന്നുള്ള ലക്ഷ്യത്തോടെയാണ് ഈ പ്രസംഗങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്.

സഭാചരിത്രത്തിൽ ധാരാളം പണ്ഡിതന്മാർ നമ്മുടെ സഭയിൽ ഉണ്ട്. എന്നാൽ കഴിഞ്ഞകാലങ്ങളിലെ സമുദായചരിത്രത്തെപ്പറ്റി അവർക്ക് യാതൊരു നിശ്ചയവുമില്ല. കഴിഞ്ഞകാലത്തെ സമുദായചരിത്രം വരുന്ന തലമുറയെ പഠിപ്പിക്കുന്നതിനുള്ള യാതൊരു ശ്രമവും ഇന്നു നടക്കുന്നില്ല. ഇത് ഏറെ ദുഃഖകരമാണ്.

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം

Design : Joseph Francis Pala 9447137342

www.malankaralibrary.com